വാല്യം – 8 ലക്കം – 3

# ക്ഷാത്രസ്പന്ദനം

ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക

ജൂലൈ 2022 1197 കർക്കിടകം



## "പ്രഭാതത്തിൽ അസ്തമിച്ച സൂര്യൻ"

Capturing the special moments of your special day.





# We Capture Beautiful Memories

Wedding Photography
Youtube Live
Highlights Video
Helicam Coverage
Traditional Video
LED Wall
Function Photography
Live Print
Candid Photography
Upanayanam

*We serve all over Kerala*








**Ramvarma Wedding Studio**
Nadakkal kovilakam,Vrindavanpalace No:1
Elamkunnapuzha,Eranakulam
PH:9388035580,9447870789
varmasstudio123@gmail.com
https://www.facebook.com/ramvarmaphotgraphy/

Kshatraspandanam
News Magazine of Kshatriya Kshema Sabha
July 2022
M.E.1197 Karkkidakam
Volume 8 Issue 3

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ വാർത്താപത്രിക
ജൂലൈ 2022
കൊ.വ.1197 കർക്കിടകം
വാല്യം 8 ലക്കം 3



"ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ"
(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)

# വിഷയവിവരം


| | |
|---|---|
| **REACT** | 4 |
| **പത്രാധിപക്കുറിപ്പ്** | 7 |
| **കത്തുകൾ** | 8 |
| **പ്രസിഡന്റിന്റെ കത്ത്** | 9 |
| **കേന്ദ്രസഭാ വാർത്തകൾ** | 10 |
| **നിയോഗം പൂർത്തിയാക്കി....**<br>ഡോ. എഴുമറ്റൂർ രാജരാജവർമ്മ | 14 |
| **പരമ്പര: ക്ഷത്രിയക്ഷേമസഭയുടെ തുടക്കവും വളർച്ചയും; മുൻകാല സാരഥികൾ (2) – പ്രൊഫ. രാജൻ തമ്പാൻ യൂണിറ്റുകൾ (2) കരപ്പുറം സഭ സപ്തതിയുടെ നിറവിൽ** | 18 |
| **അദ്ധ്യാപക ജീവിതത്തിലെ അനുഭവങ്ങൾ...**<br>ഗായത്രീവർമ്മ | 24 |
| **ശ്രീകൃഷ്ണ കർണ്ണാമൃതത്തിലൂടെ**<br>ചന്ദ്രാവലി തമ്പുരാൻ | 27 |
| **മോക്ഷം**<br>കെ.സി. രാമവർമ്മ രാജ | 31 |
| **പറിച്ചു നടലിന്റെ 77 വർഷങ്ങൾ**<br>പി.കെ. മോഹനവർമ്മ | 33 |
| **ഒരു മാലക്കഥ**<br>പി.വി. ആർ. തിരുമുൽപ്പാട് | 35 |
| **ചിരുതൈക്കുട്ടിയും പന്ത്രണ്ട് അമ്മായിമാരും**<br>ധനഞ്ജയവർമ്മ | 36 |
| **Poothanamoksham**<br>ഡോ. കുമുദാബായി | 38 |
| **കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം**<br>വേലൂർ പരമേശ്വരൻ നമ്പൂതിരി | 40 |
| **മഹാറാണി സേതു പാർവതിബായി സ്മാരക സ്കോളർഷിപ്പ് – അറിയിപ്പ്** | 42 |
| **സപ്തപദി – 12**<br>താരാശങ്കർ ബന്ദ്യോപാധ്യായ (വിവ. കെ. സി.എം. രാജ) | 47 |
| **കൗതുക കഥകൾ**<br>ഡോ. ആർ.പി. രാജ | 50 |
| **National Flag and National Anthem**<br>E. Ramavarma Raja | 51 |
| **ശ്രീ ആദികേശവ സ്തുതി**<br>തങ്കൻ തിരുവട്ടാർ | 52 |
| **അമ്മാറയ്ക്കൽ നമിക്കുമ്പോൾ**<br>മോഹൻദാസ് വാഴുന്നവർ | 52 |
| **സമയം**<br>മധുകുമാർ വർമ്മ | 53 |
| **പ്രഫുല്ല ചിന്തകൾ**<br>പ്രഫുല്ല വർമ്മ | 54 |
| **ഗാന്ധി**<br>ത്രിവിക്രമൻ | 55 |
| **ഹിമാലയ ക്ഷേത്രങ്ങൾ**<br>കെ. ഹരികൃഷ്ണവർമ്മ | 56 |
| **സൗഹൃദത്തിന്റെ സംഗീതം**<br>ഹൈമവതി വർമ്മ | 59 |
| **ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി...**<br>കുട്ടി അനിയൻ രാജ | 62 |
| **IKIGAI**<br>P.K. Reghu Varma | 63 |
| **പി. കേരളവർമ്മ രാജ**<br>ആത്മജവർമ്മ തമ്പുരാൻ | 66 |
| **പുസ്തകജാലകം**<br>റിവ്യൂവർ: എസ്. ആർ.ഡി. പ്രസാദ് | 69 |
| **ബാലവേദി/വളരുന്ന പ്രതിഭകൾ** | 73 |
| **യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** | 75 |
| **വൈവാഹികം** | 86 |


*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർമാർ :* കെ.എൽ. ശ്രീകൃഷ്ണദാസ്, പി.ജി. ശശികുമാർ വർമ്മ
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്
*പത്രാധിപസമിതി: റ്റി. എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ് ഒഫിഷ്യോ അംഗങ്ങൾ* : പ്രസിഡന്റ്/ ജനറൽ സെക്രട്ടറി/ ട്രഷറർ *ക്ഷത്രിയക്ഷേമസഭ*

**മുഖചിത്രം: സ്വജന പൗരോഹിത്യ ശില്പി എഴുമറ്റൂർ ഉദയവർമ്മ തമ്പുരാൻ**

ഇതിൽവരുന്ന വാർത്തകൾ/അഭിപ്രായങ്ങൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. – ചീഫ് എഡിറ്റർ

## റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

2008 ൽ രജിസ്റ്റർ ചെയ്തു പ്രവർത്തനങ്ങൾ ആരംഭിച്ചു. ബാലാരിഷ്ടതയൊക്കെ കഴിഞ്ഞ് അടി വച്ചടിവച്ച് പ്രവർത്തനങ്ങൾ മുമ്പോട്ടുതന്നെ പോകുന്നു. പോയ വർഷത്തെതുപോലെ തന്നെ ഈ വർഷവും നമുക്കു നല്ല പ്രവർത്തനം കാഴ്ച വയ്ക്കാൻ പറ്റുന്നുണ്ട്. ഇതിന് നമ്മുടെ ബന്ധുക്കളേയും മറ്റ് അഭ്യുദയകാംക്ഷികളെയും നന്ദിയോടെ ഓർക്കുന്നു, കടപ്പെട്ടിരിക്കുന്നു.

നമ്മുടെ ഗൃഹത്തിൽ എന്തെങ്കിലും സന്തോഷം ദൈവം കനിഞ്ഞു നല്കുമ്പോൾ REACT നേയും മറക്കാതിരിക്കുക. പാവങ്ങൾക്കു കൈത്താങ്ങിന് ഒരു തുക ഉപയോഗിക്കുമ്പോൾ ദേവപ്രീതിക്ക് അർപ്പിക്കുന്ന ഒരു വഴിപാടുപോലെ തന്നെ കരുതിയാൽ മതി. പാവപ്പെട്ടവരുടെ കൂടെയാണ് ദൈവം എന്നാണല്ലോ ടാഗോർ നമ്മെ പഠിപ്പിച്ചിട്ടുള്ളത്.

ചെറിയ സംഭാവനകളിലൂടെ REACT നെ ശക്തിപ്പെടുത്തുക.

2022 ഏപ്രിൽ മുതൽ ജൂൺ വരെ REACT നു ലഭിച്ച സംഭാവനകളുടെ വിശദവിവരം താവെ ചേർക്കുന്നു.

| Name | Amount ₹ |
|---|---|
| A Well Wisher | 5,00,000 |
| Krishna Prasad, Kozhikode | 1,03,744 |
| Ambootti Thamburan, Palakkad | 50,000 |
| Valsala Varma K, Kozhikode | 50,000 |
| Prakash K K, Ernakulam | 25,000 |
| Dr. L. Prasanna Kumari, Thiruvananthapuram | 25,000 |
| Brig. RRVN Varma, Mavelikkara | 20,000 |
| Pramod Krishna Varma, Bengaluru | 10,000 |
| Sujith Varma, Chennai | 10,000 |
| Sanjay Varma, Chennai | 10,000 |
| P. Krishna Varma, Chalakudy | 10,000 |
| Sreevidya.K., Iritty | 10,000 |
| Suria Varma Thampuran, Ezhumattoor | 10,000 |
| Lija Balram, Thiruvananthapuram | 10,000 |
| Meenakshy Varma R.B., Ennakkad Kottaram | 10,000 |
| Kishorkumar Rajavarma, Pandalam Palace | 5,555 |
| Suresan Raja K, Aurangabad | 5,001 |
| Sreekumar, Bengaluru | 5,001 |
| Jayakumara Varma P.K., Thiruvalla | 5,000 |
| Dr. Yamini Varma C.K., Chazhoor Kovilakam | 5,000 |
| K.G. Radhakrishnan, Thiruvananthapuram | 5,000 |
| P.R. Varma, Thiruvalla | 5,000 |
| Chandrika Thampuran, Tripunithura | 5,000 |
| Renuka R, Bangalore | 5,000 |
| Dr. P. Narayanan Nair, Thiruvananthapuram | 5,000 |
| A Well Wisher | 4,000 |
| Vrinda Varma P.B. , Thiruvananthapuram | 4,000 |
| Suria Kumar M K , Thiruvalla | 3,000 |
| Kutti Anujan Raja P.K., Palakkad | 3,000 |
| V.T. Narayanan Nayanar, Kannur | 1,500 |
| Ravi varma Raja E.K., Ennakkad Kottaram | 1,000 |
| M.S. Sasi, Thiruvananthapuram | 500 |
| **Total - (Aprit to July, 2022)** | **9,21,301** |

(Rupees Nine Lakhs Twenty One Thousand Three Hundred and One only)

❖കഴിഞ്ഞ 3 മാസത്തിൽ 621,990 രൂപ (Rupees Six Lakhs Twenty One Thousand Nine Hundred and Ninety only) വിതരണം ചെയ്യുവാൻ സാധിച്ചു.❖

എല്ലാവർക്കും REACT ന്റെ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

A/c No: 40052210014950

IFS Code CNRB 0014005 Canara Bank,

Fort Branch, Thiruvananthapuram - 695023

**അറിയിപ്പ്**

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**(This is required as per the amendment to Income Tax Act, 1961 with effect from 01.04.2021)**

*(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് പേജ് 6,12,13 കാണുക)*



# റിയാക്ടിന്...... സ്നേഹപൂർവ്വം



REACT രൂപീകരിക്കാൻ മുൻകൈയെടുത്തവരിൽ പ്രധാനിയും ക്ഷത്രിയക്ഷേമസഭയുടെ പ്രവർത്തനങ്ങൾക്ക് അഖില കേരളാടിസ്ഥാനത്തിൽ ഊർജ്ജം പകർന്ന് നൽകിയ സഭയുടെ എല്ലാമെല്ലാമായിരുന്ന 'കുട്ടൻചേട്ടൻ' എന്ന എം. രവിവർമ്മരാജയുടെ സ്മരണാർത്ഥം സഹധർമ്മിണി വത്സല രവിവർമ്മ റിയാക്ടിലേയ്ക്ക് ആദ്യ ഗഡുവായ 10,000/- രൂപയുടെ ചെക്ക് ട്രഷറർ കെ. എൻ. രാമവർമ്മയ്ക്ക് നൽകുന്നു.



പൂഞ്ഞാർ കോയിക്കൽ കുടുംബാംഗവും റിയാക്ടിന്റെ സ്ഥാപകരിൽ ഒരാളുമായ പരേതനായ പി. ജി.ഗോദവർമ്മ രാജയുടെ പത്നി പ്രൊഫ. വൃന്ദാദേവി തമ്പുരാൻ റിയാക്ടിലേക്ക് സംഭാവനയായി 20,000/ രൂപയുടെ ചെക്ക് മധുകുമാർ വർമ്മയ്ക്ക് നൽകുന്നു



സൂര്യവർമ്മ തമ്പുരാൻ കിളിയങ്കാവ് കോയിക്കൽ എഴുമറ്റൂർ, റിയാക്ടിലേക്ക് നൽകുന്ന സംഭാവനയായ 10,000 രൂപ സംസ്ഥാന ട്രഷററും തിരുവല്ല ക്ഷത്രിയ ക്ഷേമസഭാ സെക്രട്ടറിയുമായ സൂര്യകുമാർ സ്വീകരിക്കുന്നു. സൂര്യ വർമ്മയുടെ ബന്ധുക്കൾ സമീപം.



പത്രാധിപക്കുറിപ്പ്



# സ്വതന്ത്ര ഭാരതത്തിന്റെ എഴുപത്തഞ്ചു വർഷങ്ങൾ

ഇരുന്നൂറ് കൊല്ലത്തെ 'ബ്രിട്ടീഷ് രാജ്' ന് വിരാമമിട്ടുകൊണ്ട് 1947 ആഗസ്റ്റ് പതിനഞ്ചിന് ഇൻഡ്യ സ്വതന്ത്രയായി. സ്വാതന്ത്ര്യം കിട്ടിയിട്ടും മാസങ്ങളോളം സംഘർഷത്തിന്റെ നാളുകളായിരുന്നു. ഇൻഡ്യയുടെ ഭാഗമായ കിഴക്കൻ പഞ്ചാബിൽ രക്തച്ചൊരിച്ചിൽ അരങ്ങേറി. ഗാന്ധിജിയുടെ ഇടപെടൽ മൂലം ബംഗാളിൽ രക്തച്ചൊരിച്ചിൽ ഒഴിവായി. ഹിന്ദു-മുസ്ലീം ഐക്യം എന്ന ശാന്തിമന്ത്രവുമായി മഹാത്മജി ഇൻഡ്യയെ നയിച്ചു. പക്ഷെ ഈ അഭിപ്രായത്തോടു യോജിക്കാത്ത ചിലയാളുകൾ ഗാന്ധിജിയുടെ ജീവിതത്തിനു തിരശ്ശീല വീഴ്ത്തി. ഇൻഡ്യയ്ക്കേറ്റ കനത്ത ആഘാതം.

1950 ജനുവരി 26ന് ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ നിലവിൽ വന്നു. ഇൻഡ്യ ഒരു പരമാധികാര റിപ്പബ്ലിക്കായി.

സ്വാതന്ത്ര്യം നേടുമ്പോൾ ഇൻഡ്യയിൽ 562 നാട്ടുരാജ്യങ്ങൾ ഉണ്ടായിരുന്നു. ഇവ പിന്നീട് ഇൻഡ്യൻ യൂണിയനിലെ സംസ്ഥാനങ്ങളായി. 1956ൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ ക്രമീകരിച്ചു. നിലവിൽ 28 സംസ്ഥാനങ്ങളും 8 കേന്ദ്രഭരണ പ്രദേശങ്ങളും. സ്വാതന്ത്ര്യാനന്തര ഇൻഡ്യയുടെ വികസനത്തിലേക്കുള്ള ചവിട്ടുപടികളായിരുന്നു നമ്മുടെ പഞ്ചവത്സര പദ്ധതികൾ. 1950ൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു അദ്ധ്യക്ഷനായി വന്ന ആസൂത്രണ കമ്മീഷനാണ് പഞ്ചവത്സരപദ്ധതികൾ ആസൂത്രണം ചെയ്തത്. ശാസ്ത്രത്തിന്റെ പുരോഗതിയിൽ കൂടി മാത്രമേ രാഷ്ട്രത്തിന്റെ ഉന്നമനം സാദ്ധ്യമാകൂ എന്ന ഉൾക്കാഴ്ച അദ്ദേഹത്തിനുണ്ടായിരുന്നു. ഇതിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷയ്ക്കു വേണ്ട 'ഗ്രീൻ റെവല്യൂഷൻ' ആരോഗ്യരംഗത്തെ അഭൂതപൂർവമായ വളർച്ച, പകർച്ചവ്യാധി നിർമ്മാർജ്ജനം (പോളിയോ, വസൂരി തുടങ്ങിയവ) ഊർജ്ജ പ്രതിസന്ധി ഒഴിവാക്കാൻ ജലവൈദ്യുത പദ്ധതികൾ. ഭക്രാനങ്കൽ (ഹിമാചൽ പ്രദേശ്), ഹീരാകുഡ് (ആന്ധ്ര), മേട്ടൂർ (തമിഴ്നാട്)എന്നിവ ആദ്യം പ്രവർത്തനക്ഷമമായി.


ന്യൂക്ലിയർ പവർ സ്റ്റേഷനുകൾ (കോട്ട രാജസ്ഥാൻ), നറോറ (യു.പി.), കാക്രപ്പാറ (ഗുജറാത്ത്), താരാപ്പൂർ (ബോംബെ), കല്പാക്കം, കൂടംകുളം (തമിഴ്നാട്), കൈഗ (കർണ്ണാടകം) എല്ലാം സ്വാതന്ത്ര്യത്തിനു ശേഷം നമുക്കു കൈവന്നു. Space technology യിലും വൻ കുതിപ്പ്.

പ്രതിരോധരംഗത്ത് ഓരോ ഭാരതീയനും അഭിമാനിക്കാവുന്ന മികവ്! എല്ലാം 75 വർഷങ്ങൾ കൊണ്ട് ഇൻഡ്യ കൈവരിച്ചു.

സാക്ഷരതാനിരക്ക് 1950 നുമുമ്പ് 12 ശതമാനത്തിൽ നിന്ന് 2011 ആയപ്പോഴേക്കും 74 ശതമാനമായി വർദ്ധിച്ചു. ആയുർദൈർഘ്യം ഈ കാലയളവിൽ 30 ശതമാനത്തോളം വർദ്ധിച്ചു. ഇപ്പോൾ ഇത് 70 വയസ്സിനു മുകളിലാണ്.

ഈ അവസരത്തിൽ ഇന്നത്തെ തലമുറയെ സ്വതന്ത്രഭാരതത്തിൽ ജീവിക്കാൻ വേണ്ടി ജീവത്യാഗം ചെയ്ത സ്വാതന്ത്ര്യ സമരപോരാളികളെപ്പറ്റി ഓർക്കണം. ഈ കൊച്ചു കേരളത്തിലുമുണ്ടല്ലോ അഭിമാന സ്തംഭങ്ങൾ - പഴശ്ശിരാജയും വേലുത്തമ്പി ദളവയും.

*തുടർച്ച അടുത്ത പേജിൽ*




## വായനക്കാരുടെ കത്തുകൾ




ഇപ്രാവശ്യം വളരെ വൈകിയാണ് മാസിക കൈപ്പറ്റിയത്. വളരെ ഉദ്വേഗത്തോടെ കാത്തിരുന്ന് ഒടുവിൽ മാസിക കൈപ്പറ്റിയപ്പോഴുണ്ടായ സന്തോഷത്തിന് അതിരുണ്ടായില്ല. കിട്ടിയപ്പോൾ തന്നെ ഉദ്വേഗത്തോടെ ഓരോ പേജും മറിച്ചുനോക്കി.

മുപ്പത്തേഴാം പേജിലെ ലേഖനം വലിയ ഒരു ഭക്തിസാന്ദ്രമായ അനുഭൂതി മനസ്സിലുണർത്തി. എന്തെന്നാൽ ശബരിമല ധർമ്മശാസ്താ ക്ഷേത്രത്തിലേക്ക് തിരുവാഭരണപേടകവും വഹിച്ചുകൊണ്ട് പന്തളം രാജപ്രതിനിധി മൂലംനാൾ ശങ്കർവർമ്മ നടത്തിയ പുണ്യകരമായ യാത്രയുടെ വിവരണം തന്നെ ഇതിന് മൂലഹേതു. ടി.വി.യിലൂടെ മാത്രം സാധാരണയായി കാണാറുള്ള ഈ തിരുവാഭരണയാത്ര നേരിട്ടു കണ്ട അതേ അനുഭവം. അതിൽ രാജപ്രതിനിധിയുടെ കൂടെ പങ്കെടുത്ത പുണ്യമായ ഒരു അനുഭവം കൈവന്നു.

2022ൽ നടന്ന തിരുനാവായ മാമാങ്ക ഉത്സവത്തിന്റെ ഭാഗമായ ശ്രീ പുളിക്കൽ ശങ്കരോടത്ത് കോവിലകത്തെ ആ പുണ്യ കർമ്മത്തെപ്പറ്റി ശ്രീ മാനവേന്ദ്രവർമ്മ യോഗാതിരിപ്പാടിന്റെ ലേഖനവും അവസാന പേജിലെ ആയതിന്റെ തേവാര ബിംബങ്ങൾ നിളയിൽ ആറാടുന്ന രംഗവും മാസികയിലെ സത്തും പുതുമയുള്ള അനുഭവമായി.

രാമായണമാസമാണല്ലോ ഇത്. ഈ ഘട്ടത്തിൽ കൈകേയി എന്ന പ്രധാനമായ കഥാപാത്രത്തെപ്പറ്റിയുള്ള വിവരങ്ങൾ പുതുമയാർന്ന ഒരു അനുഭവം തന്നെയായി.

ഹിമാലയ ക്ഷേത്രങ്ങളിലേക്ക് നടത്തിയ പുണ്യകരവും ദുർഘടം പിടിച്ചതുമായ തീർത്ഥയാത്രാ വിവരണങ്ങളും മറ്റു യാത്രാ വിവരണങ്ങളും കവിതകളും ലേഖനങ്ങളുമെല്ലാം ഒന്നിനോടൊന്ന് മെച്ചപ്പെട്ടു.

കൂട്ടത്തിൽ പ്രധാനമായി പറയാൻ ഒന്നു കൂടി ഉണ്ട്. കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം എന്ന വേലൂർ പരമേശ്വരൻ നമ്പൂതിരിയുടെ തുടർ ലേഖനം വളരെ പണ്ഡിതോചിതവും ജിജ്ഞാസപ്രദവുമായ ഒന്നുതന്നെയാണ്. കൊടുങ്ങല്ലൂർ കളരി പോലെ കുഞ്ഞിക്കുട്ടൻ തമ്പുരാൻ പ്രഭൃതികളുടെ മേൽ ഉദിച്ചുയർന്നുവന്ന ഈ കലയെപ്പറ്റി കൂടുതൽ അറിവുകൾ ശ്രീ നമ്പൂതിരി നമുക്കു പറഞ്ഞു തരുന്നു. ഉത്സവാനുഭവം, ശങ്കരനാഥ ജ്യോത്സ്യർ തുടങ്ങിയ ലേഖനങ്ങളും ശ്രദ്ധേയമായി.

**കുട്ടി അനിയൻ രാജ,** ചെർപ്പുളശ്ശേരി

---

*പത്രാധിപക്കുറിപ്പ്...തുടർച്ച*

സ്വാതന്ത്ര്യ സമര പോരാളികളോടുള്ള നമ്മുടെ ആദരവ് അർപ്പിക്കാനും സ്വതന്ത്ര ഇൻഡ്യ കൈവരിച്ച നേട്ടങ്ങളെപ്പറ്റി വിശകലനം ചെയ്ത് മനസ്സിലാക്കാനും ഇനി മുന്നോട്ടുള്ള യാത്രയെപ്പറ്റി ആലോചിക്കുവാനും ഈ അവസരം ഉപയോഗിക്കാം.

ഭാരതത്തിന്റെ പെരുമ ഇനിയും ഉയരട്ടെ. ഈ സമയം എല്ലാവരും ആഘോഷിക്കണം. 'ആസാദി കാ അമൃത് മഹോത്സവ്.

*"ഭാരതമെന്നു കേട്ടാൽ അഭിമാന
പൂരിതമാകണമന്തരംഗം."*

●


## ക്ഷാത്രസ്പന്ദനം
## പരസ്യ നിരക്കുകൾ

| | | |
|---|---|---|
| പുറം കവർ (കളർ) | : | ₹ 3500/- |
| കളർ പേജ് (ഫുൾ) | : | ₹ 2500/- |
| കളർ പേജ് (ഹാഫ്) | : | ₹ 1500/- |
| ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ) | : | ₹ 1250/- |
| ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്) | : | ₹ 750/- |
| വിവാഹ പരസ്യം (Matrimonial) | : | ₹ 500/- |



പ്രസിഡന്റിന്റെ കത്ത്

# നമ്മുടെ പൈതൃകം സംരക്ഷിക്കുക



ഡോ. എം. ലളിതാംബിക

കൂട്ടുകുടുംബം നിലനിന്നിരുന്ന കാലത്ത് ഐശ്വര്യത്തിന്റേയും സുഖസൗകര്യങ്ങളുടേയും കലാസാഹിത്യ പരിപോഷണത്തിന്റേയും ആത്മീയതയുടേയും ഒക്കെ കേന്ദ്രങ്ങളായിരുന്നല്ലോ കൊട്ടാരങ്ങളും കോവിലകങ്ങളും. കൂട്ടുകുടുംബങ്ങൾ ഇല്ലാതാകുകയും അണുകുടുംബങ്ങൾ സാർവത്രികമാകുകയും ചെയ്തപ്പോൾ കൊട്ടാരക്കെട്ടുകളും കോവിലകങ്ങളും പുതിയ ജീവിതരീതിയ്ക്ക് അപര്യാപ്തമായി. ഫലമോ, ഓരോ അണുകുടുംബവും വേറെ വീടുകൾ വച്ച് അവരുടെ ജോലിസ്ഥലത്തേക്ക് താമസം മാറ്റി. ഒടുവിൽ ആൾ പെരുമാറ്റമില്ലാത്ത നാലുകെട്ടുകളും നടപ്പുരകളും 'ഞക്കീലി' ന്റെ വിഹാര കേന്ദ്രങ്ങളായ തറവാടുകളും നമ്മുടെ അറിവിലുണ്ട്.

മികവുറ്റ വാസ്തുഭംഗിയുടെ പര്യായങ്ങളായ ഈ കൊട്ടാരങ്ങൾ/കോവിലകങ്ങൾ താമസക്കാരില്ലാതെ അവഗണന ഏറ്റുവാങ്ങി ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരവസ്ഥയാണിപ്പോൾ. നാം അത് കണ്ടില്ലെന്നു വയ്ക്കരുത്. ഓരോ കെട്ടിടത്തിനും ഇപ്പോൾ നൂറിൽപ്പരം അവകാശികളുണ്ടാകാം. കെട്ടിടമാണെങ്കിൽ ഭാഗം വച്ചു തിരിക്കാനും പറ്റുകയില്ല. നല്ല പ്രതിഫലം കിട്ടിയാൽ വില്ക്കുക എന്ന സ്ഥിതിയിലേക്കാണ് അവകാശികൾ നീങ്ങിക്കൊണ്ടിരിക്കുന്നത്.

ഇങ്ങനെ നശിച്ചുപോകാനുള്ളതാണോ നമ്മുടെ പൈതൃക കേന്ദ്രങ്ങൾ. ഉടമസ്ഥർ തന്നെ മുൻകൈ എടുത്താൽ ഈ കെട്ടിടങ്ങളെ ഇപ്പോഴത്തെ 'ഡിമാന്റ്' അനുസരിച്ച് 'resort' കളും മറ്റും ആക്കിക്കൂടെ? വലിയ പണച്ചിലവുള്ള ആഡംബരങ്ങൾ വേണമെന്നല്ല ഉദ്ദേശിക്കുന്നത്. സിറ്റി ലൈഫിൽ നിന്ന് ഒരു ചേഞ്ച്. തുറസ്സായ സ്ഥലം, വൃത്തിയുള്ള വാഷ്റൂമുകൾ, മരങ്ങൾ നിറഞ്ഞു നില്ക്കുന്ന കോമ്പൗണ്ട്, ശാന്തമായ അന്തരീക്ഷം, പുറത്തിറങ്ങിയിരിക്കാൻ നല്ല പൂന്തോട്ടം, അതിഥികളുടെ ഇഷ്ടമനുസരിച്ചുള്ള ആഹാരം എത്തിച്ചുകൊടുക്കാനുള്ള സൗകര്യം (വെജിറ്റേറിയൻ മാത്രമായാലും സാരമില്ല), എല്ലാത്തിനും ഉപരിയായി പൂർണ്ണ സുരക്ഷിതത്വം – മതി ഇത്രയുമുണ്ടെങ്കിൽ പുറത്തുനിന്നുള്ള ആളുകൾ ധാരാളമായി അവിടെ വന്നു താമസിക്കാനിഷ്ടപ്പെടും. 'Architecture' എന്ന വിഷയം പഠിക്കുന്നവർക്ക് ഒരു തുറന്ന പുസ്തകം!

ഇങ്ങനെയൊക്കെ എഴുതാൻ കാരണം വിഴിഞ്ഞത്തിനടുത്തുള്ള ചൊവ്വര എന്ന സ്ഥലത്തുള്ള ഒരു heritage centre ൽ ഞാൻ രണ്ടു ദിവസം താമസിയ്ക്കാനിടയായി. ഭംഗിയുള്ള സ്ഥലം. കടൽക്കര, ലൗഞ്ചിൽ കയറി അവിടെ തൂക്കിയിരുന്ന പോസ്റ്റർ വായിച്ചപ്പോൾ അതിശയം തോന്നി. ഇടപ്പള്ളി രാജാവിന്റെ ചെന്നിത്തലയിൽ ഉണ്ടായിരുന്ന കൊട്ടാരമാണ് ചൊവ്വരയിൽ കൊണ്ടുവന്നു സ്ഥാപിച്ചതത്രെ! നാലുകെട്ടും, നടുമുറ്റവും തളവുമൊക്കെ ഭംഗിയായി ക്രമീകരിച്ചിരിക്കുന്നു. ചെന്നിത്തല എന്ന സ്ഥലത്ത് ഏറെനാൾ താമസിച്ചിരുന്ന എനിക്കിത് പുതിയ ഒരറിവായിരുന്നു!

പൈതൃകമൂല്യമുള്ള കൊട്ടാരങ്ങൾ/കോവിലകങ്ങൾ സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്, ചുമതലയാണ് എന്ന് തീരുമാനമെടുത്താൽ ഇത് ഒരു അസാദ്ധ്യമായ കാര്യമല്ലെന്ന് നമുക്കു ബോദ്ധ്യമാകും. നമുക്കൊന്നു ശ്രമിച്ചുകൂടെ? വിജയം സുനിശ്ചിതം... ●

# കേന്ദ്ര സഭാ വാർത്തകൾ



## സംസ്ഥാന ജനറൽ സെക്രട്ടറിയുടെ തൂലികയിൽ നിന്ന് ......

നമുക്ക് മുൻപേ ജീവിച്ച് മൺമറഞ്ഞുപോയ മഹാരഥന്മാർ പറഞ്ഞിട്ടുള്ളത് എത്രയോ വാസ്തവമാണ് എന്നോർക്കാതെ വയ്യ. കാലചക്രം എപ്പോഴും മുൻപോട്ട് ചലിച്ചുകൊണ്ടിരിക്കും. പോയ സമയം ഒരിക്കലും തിരിച്ചുവരില്ല. ഏതൊരുവനും എപ്പോഴും ഓടിക്കൊണ്ടിരുന്നാൽ മാത്രമേ നിൽക്കുന്നിടത്തു തന്നെയെങ്കിലും നിലയുറപ്പിക്കാനാവൂ എന്നുള്ളത് സത്യമാണ്. അതെനിക്കും ശരിക്ക് മനസ്സിലാവുന്നു.

പുതിയ ഭരണസമിതി ചുമതലകൾ ഏറ്റെടുത്തിട്ട് ആറുമാസത്തോളമാകുന്നു, അർദ്ധ വാർഷികം. ഈ സമയത്തിനുള്ളിലാണ് സഭയുടെ യൂണിറ്റുകളിൽ വാർഷികപൊതുയോഗം, പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കൽ എന്നിവ നടക്കേണ്ടത്. സഭാ നേതൃത്വത്തിന് തികച്ചും സന്തോഷവും സംതൃപ്തിയുമേകുന്ന നിലയ്ക്കുതന്നെ മിക്കവാറും എല്ലാ യൂണിറ്റുകളിലും ഈ പ്രക്രിയകൾ ഭംഗിയായി നടന്നു കഴിഞ്ഞു. കോവിഡ് മഹാമാരിയുടെ പിരിമുറുക്കങ്ങൾക്ക് അയവു വന്നത് യൂണിറ്റുകളിൽ നല്ല പ്രവർത്തനങ്ങളും കാഴ്ച വെയ്ക്കുവാനായി. വിവിധ യൂണിറ്റുകളിൽ മീറ്റിംഗുകൾക്കും അല്ലാതെയുമായി കേന്ദ്ര ഭാരവാഹികൾക്ക് എത്താനായി. ആ സന്ദർഭങ്ങളിൽ യൂണിറ്റ് അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരുമായി ആശയവിനിമയം നടത്താനായി എന്നുള്ളതും ഒരു നല്ല തുടക്കമാണ്. ഇങ്ങിനെയുള്ള സന്ദർശനങ്ങളും കൂട്ടായ്മകളുമാണ് അംഗങ്ങൾ തമ്മിലുള്ള സ്നേഹബന്ധങ്ങൾ അരക്കിട്ടുറപ്പിക്കുവാനും തദ്വാരാ സഭയുടെ കെട്ടുറപ്പ് വർദ്ധിപ്പിക്കുവാനും പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കാനും വേണ്ടിയുള്ള ആദ്യപടി എന്നുള്ളതിന് സംശയമില്ല. അത് നടക്കുന്നുണ്ട്, തുടരണം.

ഈ കാലയളവിൽ കുടുംബാംഗങ്ങളുടെ കുഞ്ഞുങ്ങൾക്കായി ചെറുകഥാമത്സരം നടത്താനായി. ആഗസ്റ്റിൽ നടത്തുന്ന അക്ഷരശ്ലോക മത്സരത്തിൽ പങ്കെടുക്കാനായി നല്ല രീതിയിൽ രജിസ്ട്രേഷൻ നടന്നിട്ടുണ്ട്.

നൂറു ശതമാനം സംതൃപ്തി ലഭിക്കാത്ത ഒരു ശ്രമമാണ് ക്ഷത്രിയ സെൻസസ് വിഷയത്തിലുണ്ടായത്. അതിന്റെ ഉദ്ദേശശുദ്ധി പൂർണമായും മനസ്സിലാക്കാതെയാവാം എല്ലാ ക്ഷത്രിയ കുടുംബാംഗങ്ങളും ഗൂഗിൾ ഫോം പൂരിപ്പിച്ചു നൽകിയിട്ടില്ല. അയച്ചിട്ടില്ലാത്തവർ എത്രയും വേഗം അയയ്ക്കും എന്നാണെന്റെ ഉത്തമ വിശ്വാസം.

കൂടുതൽ ഊർജ്ജസ്വലതയോടെ ക്ഷത്രിയ ക്ഷേമ സഭാ പ്രവർത്തനങ്ങൾ എല്ലാ യൂണിറ്റുകളിലും തുടർന്നു ഉണ്ടാവും എന്ന ഉറച്ചവിശ്വാസത്തോടെ.

വിനയപൂർവം

**മധുകുമാർ വർമ്മ വി കെ**
സംസ്ഥാന ജനറൽ സെക്രട്ടറി.

### സംസ്ഥാന കമ്മറ്റി യോഗം റിപ്പോർട്ട്

തീയതി: 15 മേയ്, 2022 സമയം: ഉച്ചയ്ക്ക് 3 മണി

സ്ഥലം: ഗൂഗിൾ മീറ്റ്

പുതിയ സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തതിനുശേഷമുള്ള ആദ്യ സംസ്ഥാന കമ്മറ്റി യോഗം മെയ് 15 ന് ഉച്ചയ്ക്ക് കൃത്യം മൂന്നുമണിക്ക് ഗൂഗിൾമീറ്റായി നടന്നു. യോഗത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നായി 35 അംഗങ്ങളും വായുവിന്റെ പ്രതിനിധിയായി ഉദയവർമയും പങ്കെടുത്തു.

സംസ്ഥാന ജനറൽസെക്രട്ടറി മധുകുമാർ വർമ്മ മീറ്റിംഗ് തുടങ്ങിയതായി അറിയിച്ചു. സംസ്ഥാന ട്രഷറർ സൂര്യകുമാറിന്റെ പ്രാർത്ഥനാശ്ലോകത്തോടെ യോഗനടപടികൾ ആരംഭിച്ചു. മധുകുമാർ വർമ്മ സ്വാഗതത്തിനു മുൻപായി, ഇക്കഴിഞ്ഞ മൂന്നുമാസത്തിൽ നമ്മെ വിട്ടുപിരിഞ്ഞുപോയ എല്ലാ സമുദായ അംഗങ്ങളോടുള്ള ആദരസൂചകമായും അവരുടെ ആത്മാവിന് നിത്യശാന്തി ലഭിക്കുവാനുമായി എല്ലാവരും ഒരു നിമിഷം മൗനപ്രാർത്ഥന നടത്താൻ അഭ്യർത്ഥിച്ചു. എല്ലാവരും മൗനപ്രാർത്ഥനയിൽ പങ്കുചേർന്നു. അതിനുശേഷം മീറ്റിംഗിൽ പങ്കെടുക്കാനെത്തിയ എല്ലാവർക്കും സുസ്വാഗതം നേരുകയും ആമുഖമായി രണ്ടു വാക്ക് സംസാരിച്ചു. ഇക്കഴിഞ്ഞ മൂന്നുമാസം സഭയുടെ നേതൃത്വത്തിൽ നടത്തിയ കാര്യ

ങ്ങളെക്കുറിച്ച് ഒരു സംക്ഷിപ്ത വിവരണം നടത്തി. വിവിധ യൂണിറ്റുകൾ സന്ദർശിച്ചതും, പൊതു യോഗങ്ങളിൽ പങ്കെടുത്തതും, ഗൃഹസന്ദർശന ങ്ങൾ നടത്തിയതും, പുതിയ യൂണിറ്റുകൾ തുടങ്ങു വാനായി നടത്തുന്ന ശ്രമങ്ങളെക്കുറിച്ചും , പുതിയ അംഗങ്ങളെ ചേർക്കുന്നതിനെ സംബന്ധിച്ചും, ക്ഷത്രിയ സെൻസസിന്റെ പ്രവർത്തനത്തെക്കുറി ച്ചും, ക്ഷാത്രസ്പന്ദനത്തിന്റെ കൂടുതൽ വരിക്കാരെ ചേർക്കുന്നതും, സഭയ്ക്ക് ഒരു പ്രവർത്തനഫണ്ട് സ്വരൂപിക്കുന്നതിനെക്കുറിച്ചും സംസാരിച്ചു. ക്ഷാത്രസ്പന്ദനത്തിന് RNI (Registrar of News papers in India)യിൽ നിന്നും ലഭിച്ച കത്തിനെ ക്കുറിച്ചും അത് ശരിയാക്കാൻ വേണ്ടി ചെയ്യുന്ന നടപടികളെക്കുറിച്ചും അറിയിച്ചു. മേയ് മാസം അവസാനത്തോടു കൂടി ത്രൈമാസിക അയ യ്ക്കാൻ സാധിക്കുമെന്നും പറഞ്ഞു. സ്വയംവരം വിവാഹബ്യൂറോ ഭംഗിയായി നടക്കുന്നതായും അതിൽ ഇനിയും രജിസ്റ്റർ ചെയ്യാത്ത വിവാഹ പ്രായമായ കുട്ടികൾ ഉടൻ തന്നെ രജിസ്റ്റർ ചെയ്യണമെന്നും അഭ്യർത്ഥിച്ചു.

അടുത്തതായി സംസ്ഥാന പ്രസിഡന്റ് ഡോ. ലളിതാംബികയുടെ ഉപക്രമ പ്രസംഗം നടന്നു. എല്ലാ കമ്മറ്റിയംഗങ്ങളും അവരവരുടെ യൂണിറ്റ് പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കുന്നതിനോ ടൊപ്പം ചർച്ചയിൽ സജീവമായി പങ്കെടുക്കണ മെന്നും ആഹ്വാനം ചെയ്തു. ഉപക്രമത്തിൽ സൂചിപ്പിച്ച പ്രധാന വിഷയങ്ങൾ.

❖ ക്ഷത്രിയ കുടുംബങ്ങളിലെ പ്രായമായവർ ക്കും ഒറ്റപ്പെട്ടവർക്കും വേണ്ടിയുള്ള ഒരു വയോജന കേന്ദ്രം തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുക.

❖ ക്ഷത്രിയ കുടുംബങ്ങളിലെ ചെറുപ്പക്കാർക്കു വേണ്ടിയുള്ള നൈപുണ്യവികസന കേന്ദ്രം തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുക

❖ അംഗങ്ങൾക്ക് പങ്കെടുക്കാവുന്ന അക്ഷര ശ്ലോക മത്സരം നടത്തുക.

❖ കുട്ടികൾക്ക് വേണ്ടി ചെറുകഥാ മത്സരം നടത്തുക.

❖ക്ഷത്രിയരിലെ മൺമറഞ്ഞ മഹാരഥന്മാരുടെ ഓർമ്മ നിലനിർത്താൻ അവരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഒരു പുസ്തകം പ്രസിദ്ധീകരി ക്കുക.

ഉപക്രമത്തിനു ശേഷം മേഖലാ തലത്തിൽ മേഖലാ സെക്രട്ടറിമാരും യൂണിറ്റ് തലത്തിൽ യൂണിറ്റ് സെക്രട്ടറിമാരും പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. മേൽ സൂചിപ്പിച്ച അഞ്ചു വിഷയ ങ്ങളിലും കമ്മറ്റിയംഗങ്ങൾ സജീവമായി ചർച്ച ചെയ്തു. ചർച്ചയ്ക്കുശേഷം എടുത്ത തീരുമാന ങ്ങൾ.

❖ 2021 ലെ മഹാറാണി സേതു പാർവതിബായി സ്ക്കോളർഷിപ്പ്, അപേക്ഷ ലഭിച്ചവരിൽ നിന്നും തിരഞ്ഞെടുത്ത് എത്രയും വേഗം വിതരണം ചെയ്യുക.

❖ വയോജനകേന്ദ്രം നടത്താനുള്ള സ്ഥലം, കെട്ടിടം, സൗകര്യങ്ങൾ എന്നിവ യൂണിറ്റുകളിൽ ഉണ്ടെങ്കിൽ അതും, യൂണിറ്റംഗങ്ങളിൽ അവിടെ താമസിക്കാൻ സാദ്ധ്യത/ ആവശ്യകതയുള്ളവരു ടെ എണ്ണവും അടുത്ത മീറ്റിംഗിൽ അവതരിപ്പി ക്കുക.

❖ നൈപുണ്യ വികസനകേന്ദ്രത്തിനെക്കുറി ച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയിക്കുക.

❖ അക്ഷരശ്ലോക മത്സരം ജൂൺ മാസത്തിൽ ത്തന്നെ നടത്തുക.

❖ ചെറുകഥാ മത്സരത്തിനെക്കുറിച്ചുള്ള വിവരങ്ങൾ വാട്ട്സ് ആപ് വഴി അറിയിക്കുക.

❖ മൺമറഞ്ഞ മഹാരഥന്മാരെക്കുറിച്ചുള്ള പുസ്തക പ്രസിദ്ധീകരണം തത്വത്തിൽ അംഗീ കരിച്ചു. അതിന്റെ വരവുചിലവിനെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കുക.

❖ ക്ഷത്രിയ സെൻസസിന്റെ ഭാഗമായുള്ള ഗൂഗിൾ ഫോം വഴി ഇതുവരെ അയച്ചവരുടെ പേരുകൾ അതതു യൂണിറ്റ് സെക്രട്ടറിമാർക്ക് അയയ്ക്കുക. അതു നോക്കി അതതു യൂണിറ്റിൽ പൂരിപ്പിച്ചയയ്ക്കാത്തവരെ കൂടി എത്രയും വേഗം ഹെൽപ്ഡെസ്ക്ക് വഴി പൂരിപ്പിച്ചയയ്ക്കാനുള്ള നടപടികൾ യൂണിറ്റ് സ്വീകരിക്കുക.

റിയാക്കിന്റെ നടത്തിപ്പിനെക്കുറിച്ച്, റിയാക്ക് സെക്രട്ടറി പി.കെ രഘുവർമ്മ വളരെ ഭംഗിയായും വ്യക്തമായും വിശദീകരിച്ചു.

സംസ്ഥാന കമ്മറ്റി യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സഭയുടെ വൈസ് പ്രസിഡന്റ് ടി.എം ശ്രീകുമാർ നന്ദി രേഖപ്പെടുത്തി. കൃത്യം 5.30 ന് യോഗം അവസാനിച്ചു.

**മധുകുമാർ വർമ്മ വി.കെ**

# റിയാക്ട് ധനസഹായം



കരപ്പുറം ക്ഷത്രിയസഭാംഗമായ സുദേവ് വർമ്മക്ക് സ്വയംതൊഴിൽ സംരംഭത്തിനായി റിയാക്ടിൽ നിന്നു ധനസഹായമായി ലഭിച്ച 25,000.00 രൂപയുടെ ചെക്ക് സുദേവ് വർമ്മയുടെ മുത്തച്ഛനും കരപ്പുറം ക്ഷത്രിയസഭയുടെ എക്കാലത്തെയും മുഖവും ഊർജ്ജവുമായ ബാലരാമവർമ്മക്ക് കൈമാറുന്നു.



REACT ന്റെ ചികിത്സാ സഹായമായ 20,000/- രൂപയുടെ ചെക്ക് ശ്രീകണ്ഠാപുരം യൂണിറ്റിലെ കെ.ടി. ബാലകൃഷ്ണന് സംസ്ഥാന സമിതി അംഗം രാധാകൃഷ്ണൻ എസ്.കെ. കൈമാറുന്നു.



വെള്ളാരപ്പിള്ളി ക്ഷത്രിയസഭാംഗമായ ചൊവ്വര മഠത്തിൽ അനിൽകുമാർ വർമ്മയുടെ സഹധർമ്മിണി ഉമ വർമ്മ REACT ൽ നിന്നും ചികിത്സാ സഹായമായി ലഭിച്ച 40,000/ രൂപയുടെ ചെക്ക് യൂണിറ്റ് ട്രഷറർ കെ.ബി. രാമചന്ദ്രനിൽ നിന്ന് സ്വീകരിക്കുന്നു.



തിരുവനന്തപുരം വഴയിലയിൽ കാൻസർ ബാധിതനായി മരിച്ച സനൽകുമാറിന്റെ കുടുംബത്തിന് റിയാക്കിൽ നിന്നും 15,000 രൂപ ധനസഹായം നൽകി. സനലിന്റെ ഭാര്യാ പിതാവ് ഈറനണിഞ്ഞ മിഴികളോടെ ചെക്ക് ഏറ്റുവാങ്ങിക്കൊണ്ട് റിയാക്കിനോടുള്ള നന്ദിയും കടപ്പാടും അറിയിച്ചു. ഹൃദയസ്പർശിയായ നിമിഷങ്ങൾക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് റിയാക്കിന്റെ പിന്നണിപ്രവർത്തകരും, സാമൂഹ്യപ്രവർത്തകരും പങ്കു ചേർന്നു. കൂലിവേല ചെയ്ത് ഉപജീവനം നടത്തിയിരുന്ന സനൽ കുമാറിന്റെ കുടുംബത്തിന് സാന്ത്വനമേകാൻ റിയാക്കിന് കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്. ഇനിയും അർഹതയുള്ള കരങ്ങളിലേക്ക് സാന്ത്വന സ്പർശമേകാൻ റിയാക്കിന് കഴിയട്ടെ. ഇതോടൊപ്പം സഹകരിക്കുന്ന സുമനസ്സുകളായ സമുദായ അംഗങ്ങൾക്കും മറ്റ് സഹൃദയർക്കും റിയാക്ക് നന്ദി അറിയിക്കുന്നു.




തിരുവനന്തപുരത്ത് പഠിക്കുന്ന മത്സ്യതൊഴിലാളിയുടെ മകളായ തൃശൂർ സ്വദേശിനി അമൃതക്ക് സിവിൽ സർവ്വീസ് പഠനത്തിനുവേണ്ടി റിയാക്കിന്റെ വകയായി 15,000 രൂപയുടെ ചെക്ക് സെക്രട്ടറി രഘുവർമ്മ നൽകുന്നു.



വീട്ടു ജോലി ചെയ്ത് കുടുംബം പുലർത്തി വന്നിരുന്ന സി. വത്സലക്ക് ഹൃദയസംബന്ധമായ അസുഖം ബാധിച്ചതിനാൽ വീട്ടുചിലവിനും, ചികിത്സച്ചിലവിനും ആയി റിയാക്ക് ധന സഹായമായ 5000/- രൂപയുടെ ചെക്ക് വത്സലയുടെ ഭർത്താവിന് റിയാക്ക് ചെയർപേഴ്സൺ ഡോ. ലളിതാംബിക കൈ മാറി

കവർ സ്റ്റോറി



# നിയോഗം പൂർത്തിയാക്കി അമ്മാവൻ യാത്രയായി

ഡോ. എഴുമറ്റൂർ രാജരാജവർമ്മ

എഴുമറ്റൂർ ദേവീവിലാസം കോയിക്കലിന്റെ തെക്കെപ്പുരയിടം. ചിതയൊരുങ്ങുകയാണ്. കോണി എന്ന ശവമഞ്ചത്തിൽ, ചിതയ്ക്കരികിൽ അമ്മാവൻ ഉറങ്ങുന്നു. പ്രസന്നവദനം ശാന്തം, അമ്മാവൻ ഉറങ്ങട്ടെ.

അന്ത്യകർമ്മങ്ങൾ നടക്കുന്നു. വർമ്മാജി സംസ്കാരക്രിയാകർമ്മങ്ങൾ ദിലീപിനും മറ്റുള്ളവർക്കും പറഞ്ഞുകൊടുക്കുന്നു.

അൽപം മാറി നിന്നിരുന്ന ഞാൻ ശ്രദ്ധിച്ചു. അമ്മാവൻ തയ്യാറാക്കിയ 'അന്ത്യേഷ്ടി' എന്ന പുസ്തകം നോക്കിയാണ് വർമ്മാജി കർമ്മങ്ങൾ നിർദ്ദേശിക്കുന്നത്. അമ്മാവന്റെ മുഖത്ത് മൗനമന്ദഹാസം കൃതാർത്ഥതയുടെ തെളിച്ചം.

ആരെങ്കിലും ഇനി കാണാനുണ്ടോ, ആരുമില്ലെന്നുറപ്പാക്കി ഒരാൾ വന്ന് വെള്ളവസ്ത്രം വലിച്ചിട്ടു മുഖം മറച്ചു.

അമ്മാവനു വിട, വെളുപ്പിൽ എല്ലാ നിറങ്ങളും അലിഞ്ഞുചേരുന്നു. ആ നിശ്ശബ്ദതയിൽ ഒരു കർമ്മകാണ്ഡം അവസാനിക്കുന്നു.

വെളുപ്പിനുള്ളിലെ നിറങ്ങളിലേക്കു ഞാൻ പറന്നു. കുലമുയർത്താൻ വേണ്ടി, കുടുംബത്തിന്റെ ചരിത്രം കണ്ടെത്താൻ വേണ്ടി ബഹുദൂരം അലഞ്ഞു നടന്നു തളർന്ന കാലുകളാണ്. കുറിപ്പുകൾ അനേകം എഴുതി കുഴഞ്ഞ കൈകളാണ്. ദേശദേശാന്തരങ്ങൾ കണ്ട നേത്രങ്ങളാണ്. മഥനം ചെയ്ത മനസ്സാണ്.



*ഉദയവർമ്മയും പത്നി നിർമ്മല വർമ്മയും*

ഒടുവിൽ കണ്ടത് ഒരാഴ്ചക്കു മുമ്പ്. ശരിക്കുപറഞ്ഞാൽ 2022 ഏപ്രിൽ 15 നു രാത്രി 9 മണിക്ക്. വിഷുപ്പടയണിയുടെ എതിരേൽപ്പു വന്നപ്പോൾ ഞങ്ങൾ ഒരുമിച്ചു നിന്നാണ് അതുകണ്ടത്. അന്നും കഴിഞ്ഞ രണ്ടു ദിവസങ്ങളിലും പല തവണ കണ്ടതും കുശലം പറഞ്ഞതുമാണ്.

കാണുമ്പോൾ പതിവുള്ള ഒരു മൂളലും പാതി ചിരിയും ആദ്യം. 'അന്ത്യേഷ്ടി 'എനിക്കു തന്നിട്ട് രണ്ടു ദിവസമേ ആയുള്ളു. പ്രകാശനത്തിന് ക്ഷണിച്ചതാണ്. അന്നു വരാനുള്ള സാഹചര്യം അല്ലായിരുന്നു. കുടുംബചരിത്രവും ഡയറക്ടറിയും പരിഷ്ക്കരിച്ചു കൊണ്ടിരിക്കുന്നതിനെപ്പറ്റി അന്നും പറഞ്ഞു. എഴുമറ്റൂർ നെയ്തല്ലൂർ കോയിക്കൽ ചരിത്രവും ഡയറക്ടറിയും അനന്യസാധാരണമായ ഒരു പുസ്തകമാണ്.

അതിന്റെ ആലോചന തുടങ്ങിയതും ഞങ്ങളൊത്തിരിക്കുമ്പോൾ. അന്ന് 2002 ഫെബ്രുവരി 6, 'മറ്റേമ്മ' എന്നു ഞങ്ങൾ വിളിക്കുന്ന അമ്മൂമ്മ കൊച്ചുകുട്ടിത്തമ്പുരാട്ടിയുടെ നൂറാം പിറന്നാൾ ആഘോഷം കഴിഞ്ഞു. നെയ്തല്ലൂർ കോയിക്കലിന്റെ ഒൻപതു ശാഖകളിലൊന്നായ ചെങ്ങഴശ്ശേരിയിൽ കോയിക്കലിന്റെ വംശാവലി ആറു തലമുറയുടെ വിവരങ്ങൾ ചേർത്തു ഞാൻ തയ്യാറാക്കിയതിന്റെ പ്രകാശനം പിറന്നാളാഘോഷത്തിന്റെ ഭാഗമായി ഉണ്ടായിരുന്നു. ആ വംശാവലി അമ്മാവനെ ആകർഷിച്ചു. കുടുംബബന്ധങ്ങളിൽ നിഷ്ണാതനായ അമ്മാവൻ അതിന്റെ മേന്മയെക്കുറിച്ചും പരിമിതികളെക്കുറിച്ചും സംസാരിച്ചു. അമ്മാവൻ വിചാരിച്ചാൽ ഒൻപതു ശാഖകളുടെയും വംശാവലി തയ്യാറാക്കാൻ കഴിയും എന്നു ഞാൻ പറഞ്ഞു. ഒരു മൂളലും ചിരിയും മാത്രമായിരുന്നു മറുപടി.



*സഹോദരന്മാരായ ചന്ദ്രവർമ്മ, സൂര്യവർമ്മ, രാമവർമ്മ എന്നിവരോടൊപ്പം*

ഒരു വർഷം കഴിഞ്ഞ് അമ്മാവൻ തിരുവനന്തപുരത്തു വന്നപ്പോൾ നിറയെ കുറിപ്പുകൾ എഴുതിയ ഒരു ബുക്കു കാണിച്ചു. അമ്മാവനു മാത്രം മനസ്സിലാകുന്ന തരത്തിൽ സങ്കീർണ്ണമായിരുന്നു ഇതിലെ കുടുംബബന്ധങ്ങളുടെ വർണ്ണന. വീണ്ടും കുറേക്കാലം കഴിഞ്ഞു. ഇടയ്ക്കിടെ ജോലി നടക്കുന്നു എന്നു പറയും. ഒരു നാൾ വന്നത് പുസ്തകത്തിന്റെ പ്രൂഫുമായിട്ടാണ്. ഇതിന് അവതാരിക എഴുതണം എന്ന് അമ്മാവൻ പറഞ്ഞു.

ഒരു നിമിഷം എന്റെ ചിന്തകൾ മിന്നൽ പോലെ പാഞ്ഞു. കുടുംബത്തിൽ ജ്ഞാനവൃദ്ധരും വയോവൃദ്ധരുമായ പലരുമുണ്ടായിരിക്കെ ആ നിയോഗം എനിക്കു ലഭിച്ചത് അന്വേഷിക്കുകയായിരുന്നു ഞാൻ. 'മറ്റേമ്മ'യിൽ തന്നെയാണ് ഞാൻ ചെന്നു നിന്നത്. ഇവിടെ അല്പം ചരിത്രം പറഞ്ഞേ തീരു.

എഴുമറ്റൂർ നെയ്തല്ലൂർ കോയിക്കൽ ഒൻപതു ശാഖകളാണ്. 1. മാണിക്കത്തു കോയിക്കൽ, 2. വടക്കോയിക്കൽ, 3. കിഴക്കോയിക്കൽ, 4. വരിപ്പൻ കോട്ട് കോയിക്കൽ, 5. പുതുപ്പറമ്പു കോയിക്കൽ, 6.ചെങ്ങഴശ്ശേരിൽ കോയിക്കൽ, 7. കൈപ്പുഴ വടക്കേ കോയിക്കൽ, 8. കൈപ്പുഴ മഠം, 9. കോയിക്കപ്പറമ്പ് എന്നിങ്ങനെ. ആറാംശാഖ കൊച്ചുകുഞ്ഞിത്തമ്പുരാട്ടിയിൽ നിന്നാരംഭിക്കുന്ന ചെങ്ങഴശ്ശേരിൽ കോയിക്കൽ. കൊച്ചുകുഞ്ഞിത്തമ്പുരാട്ടിക്ക് ആറുമക്കൾ. 1.ഗൗരിത്തമ്പുരാട്ടി (മലയിൽ കോയിക്കൽ) 2. കേരള വർമ്മ (മേലേയമ്പാടിയിൽ) 3. രാഘവവർമ്മ (കിളിയൻ കാവ്), 4. കൊച്ചുകുട്ടി തമ്പുരാട്ടി (ചെങ്ങഴശ്ശേരിൽ) 5. രാമവർമ്മ (കുളപ്പുര മാളിക) 6. ദേവകിതമ്പുരാട്ടി (ദേവീവിലാസം കോയിക്കൽ)

കൊച്ചുകുട്ടിത്തമ്പുരാട്ടിക്ക് രുക്മിണിത്തമ്പുരാട്ടി എന്നും അംബികത്തമ്പുരാട്ടി എന്നും രണ്ടു പെൺമക്കൾ. (ഗോദവർമ്മ എന്ന മൂത്ത മകൻ ചെറുപ്പത്തിലെ മരിച്ചു) രുക്മിണിത്തമ്പുരാട്ടിയുടെ മൂത്തമകനാണ് ഈ ലേഖകൻ. ദേവകി തമ്പുരാട്ടിക്ക് ചന്ദ്രവർമ്മ, സൂര്യവർമ്മ, ഉദയവർമ്മ, രാമവർമ്മ എന്നിങ്ങനെ നാല് ആൺമക്കൾ. (ഇളയ മകൾ കുഞ്ഞമ്മിണി ശൈശവത്തിലേ മരിച്ചു)

ദേവകിത്തമ്പുരാട്ടിയുടേയും (1962) ഭർത്താവ് കേരളവർമ്മയുടെയും (1958) നിര്യാണം അകാലത്തിലായിരുന്നു. അതുകൊണ്ട് 'മറ്റേമ്മ' കൊച്ചുകുട്ടിത്തമ്പുരാട്ടി അനുജത്തി ദേവികത്തമ്പുരാട്ടിയുടെ കുടുംബകാര്യങ്ങൾ സ്വന്തമെന്നപോലെ നോക്കിവന്നു. ചന്ദ്രവർമ്മ, സൂര്യവർമ്മ, ഉദയവർമ്മ, രാമവർമ്മ എന്നിവർ ഞങ്ങൾക്കു സ്വന്തം അമ്മാവന്മാരായി. അവർക്ക് പേരമ്മ സ്വന്തം അമ്മ പോലെയും.

മറ്റേമ്മ നേരം വെളുക്കുന്നതിനു മുമ്പേ എഴുന്നേറ്റു കുളിച്ചു ക്ഷേത്രദർശനവും നടത്തി വന്ന് ഈറൻ മാറി തുണ്ടിയിൽ എന്ന ദേവി വിലാസത്തിലേക്കു പോകുന്നതു തുടങ്ങി, അവിടം സ്വന്തം വീടെന്നപോലെ ഞങ്ങൾ പെരുമാറുന്നതുമൊക്കെ ബാല്യകാലസ്മൃതികളുടെ ഭാഗമാണ്.

പൂർവ്വബന്ധ സ്മരണകൾ എല്ലാം ഉള്ളിലൊതുക്കി വിമർശബുദ്ധിയോടെയാണ് നെയ്തല്ലൂർ കോയിക്കൽ ചരിത്രവും ഡയറക്ടറിയും വായിച്ചത്. അന്വേഷണതൃഷ്ണയും ഗവേഷണബുദ്ധിയും വിശകലനപാടവവും സേവനൗത്സുക്യവും ക്ഷമാശീലവും നിരന്തരവും നിസ്താന്ദ്രവുമായ പരിശ്രമവും ആവശ്യമായ ഒരു കർമ്മമാണ് അമ്മാവൻ വിജയകരമായി പൂർത്തിയാക്കിയത്. ഒരു ആയുസ്സിന്റെ പുസ്തകമാണത്. അമ്മാവനെ ഓർമിക്കാൻ ഈ ഒറ്റ പുസ്തകം മതി എന്ന് മനസ്സിലായി. നെയ്തല്ലൂർ കോയിക്കലെ തലമുറകളെല്ലാം അമ്മാവനോടു കടപ്പാടുള്ളവരായിതീർന്നിരിക്കുന്നു. മുൻപു പറഞ്ഞ ഒൻപതു ശാഖകൾ മാത്രമല്ല, വെണ്ണിക്കുളം, വാലങ്കരയിലെ നെയ്തല്ലൂർ താഴത്തു കോയിക്കൽ, കീഴ്‌വായ്പൂരിലെ ഇളമിലേകോയിക്കൽ എന്നിവയുടെയും ചരിത്രവും ഡയറക്ടറിയും ഈ ഗ്രന്ഥത്തിലുണ്ട്.

ഈ പുസ്തകം തയ്യാറാക്കാൻ സഹിച്ച ക്ലേശവും നേരിട്ട അനുഭവങ്ങളുമെല്ലാം അമ്മാവൻ പങ്കുവച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള ക്ഷത്രിയ ഭവനങ്ങൾ മുഴുവൻ കണ്ടെത്തി അവിടങ്ങളിലെല്ലാം ചെന്ന് നേരിൽ വിവരങ്ങൾ ശേഖരിക്കുക എന്ന ശ്രമസാധ്യമായ രീതിയാണ് അമ്മാവൻ സ്വീകരിച്ചത്. വിവരങ്ങൾ നൽകാൻ വിസമ്മതിച്ചവരുണ്ട്. ചിത്രങ്ങൾ നൽകാത്തവരും പണം നൽകാത്തവരുമുണ്ട്. സൗജന്യമാണെങ്കിൽ വാങ്ങാമെന്നു പറഞ്ഞവരുണ്ട്. മറിച്ചുനോക്കി തിരിച്ചുകൊടുത്തവരുണ്ട്. ഒരു ചിരിയിലും മൂളലിലും എല്ലാം ഒതുക്കും. പരാതിയില്ല, പരിഭവവും. പുസ്തകക്കെട്ടുമായി ചെന്ന് നേരിൽ പുസ്തകം നൽകുന്നതിൽ അമ്മാവൻ സന്തോഷം കണ്ടെത്തി.

'അന്ത്യേഷ്ടി' എന്ന പുസ്തകത്തിന്റെ രചനയിലേക്ക് അമ്മാവൻ എത്തിയത് തികച്ചും യാദൃച്ഛികമായിട്ടാണ്. ഒരിടത്ത് ഓതിക്കോൻ വരാത്ത സാഹചര്യത്തിൽ പുസ്തകങ്ങൾ നോക്കി കർമ്മങ്ങൾ പറഞ്ഞുകൊടുക്കാൻ അമ്മാവൻ നിയുക്തനായി. ഷോഡശക്രിയകളെപ്പറ്റി കൂടുതൽ പഠിക്കാൻ ഈ നിയോഗം പ്രേരണയായി. ഇക്കാര്യത്തിൽ ഇന്നത്തെ തലമുറയ്ക്കുള്ള താത്പര്യക്കുറവും അശ്രദ്ധയും അറിവില്ലായ്മയും എല്ലാം അമ്മാവന്റെ ചിന്താവിഷയമായി. മരണാനന്തരകർമ്മങ്ങൾ പ്രതിപാദിക്കുന്ന മിക്ക പുസ്തകങ്ങളും പഠിച്ച് ക്ഷത്രിയർക്കൊരു കൈപ്പുസ്തകമായി തയ്യാറാക്കിയതാണ് 'അന്ത്യേഷ്ടി.' ഇരുപത്തഞ്ചോളം വർഷം സ്വജനപൗരോഹിത്യം നിർവഹിച്ച് മൺമറഞ്ഞ സോമവർമ്മയ്ക്കാണ് 'അന്ത്യേഷ്ടി' സമർപ്പിച്ചിരിക്കുന്നത്. പ്രൊഫ. രാമരാജവർമ്മയുടെ ഹ്രസ്വമെങ്കിലും കാര്യമാത്രപ്രസക്തമായ അവതാരികയുമുണ്ട്.

തിരുവനന്തപുരത്ത് ഇടയ്ക്കിടെ വരുമ്പോൾ അമ്മാവൻ ഞങ്ങൾക്കൊപ്പമാകും തങ്ങുക. കാലിൽ കുഴമ്പു പുരട്ടി തിരുമ്മിക്കൊണ്ടാകും, രാത്രിയിൽ വിശേഷങ്ങൾ പറയാനിരിക്കുക. ശരീരാസ്വാസ്ഥ്യങ്ങൾ വകവയ്ക്കാതെ സഞ്ചരിച്ചു കേരളത്തിനകത്തും പുറത്തുമെല്ലാം. പൂനെയിലും ഭോപ്പാലിലും മുംബൈയിലുമെല്ലാം പോയ വിശേഷങ്ങൾ പറയും.

അമ്മയുടെ പിറന്നാൾ അറിഞ്ഞുവരുമായിരുന്നു. അമ്മയുടെ അന്ത്യകർമ്മങ്ങൾക്കു നേതൃത്വം നൽകിയതും അമ്മാവൻ തന്നെ.

ഒരിക്കൽ, എനിക്കൊരു ഊമക്കത്തുവന്നു. 'എന്റെ ഗ്രാമം' എന്ന പേരിൽ മാതൃഭൂമി ദിനപത്രത്തിൽ വന്ന എന്റെ ലേഖനത്തിലെ കുറവുകൾ വിശദീകരിച്ചുകൊണ്ടായിരുന്നു ആ

കത്ത്. കൈയക്ഷരം കൊണ്ട് അത് അമ്മാവ നാണെഴുതിയത് എന്ന് എനിക്ക് മനസ്സിലായി. പക്ഷേ രണ്ടു തവണ കണ്ടിട്ടും ഞാൻ അതെ പ്പറ്റി മിണ്ടിയില്ല. മൂന്നാം തവണ അമ്മാവൻ ഇങ്ങോട്ടു പറഞ്ഞു, അതു നല്ല ലേഖനമായി രുന്നു എന്ന്. ഞാൻ അതിന്റെ പോരായ്മകൾ അമ്മാവൻ എഴുതിയിരുന്നതു പറഞ്ഞു. ഒന്നു മൂളി, പാതി ചിരിച്ചു.

ഒഡീഷയിൽ ഹൈഡ്രോ പവ്വർ കോർപ്പറേ ഷനിൽ അമ്മാവൻ ജോലിയെടുക്കുമ്പോൾ ഞാൻ കോളേജു വിദ്യാഭ്യാസം ചെയ്യുന്നു. മാസം തോറും ഇരുപതുരൂപ മണിയോർഡറും ഒരു കത്തും വരും. എൻ.ആർ.യു. വർമ്മ, ക്വാർട്ടർ നമ്പർ 8, ചിപ്ലിമ. പി.ഒ., സാമ്പൽപ്പൂർ ഡിസ്ട്രിക്ട്, ഒറീസ്സ എന്ന വിലാസം മനസ്സിൽ പതിഞ്ഞു കിടക്കുന്നു.

ഒരിക്കൽ കണ്ടപ്പോൾ പുതിയ ഒരു കാര്യ ത്തിലേർപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു. എഴു മറ്റൂർ ദേശവാഴിയും ശ്രീമൂലം പ്രജാ സഭാം ഗവും ക്ഷത്രിയസഭയുടെ ആദ്യരൂപവുമായ വാവുയോഗത്തിന്റെ സൂത്രധാരനും 'കാര്യ സ്ഥൻ തമ്പുരാൻ' എന്നു വിഖ്യാതനുമായ ഗോദവർമ്മയുടെ പേരിൽ ഒരു എൻഡോവ് മെന്റ് ഏർപ്പെടുത്താനുള്ള ശ്രമത്തിൽ ആണെ ന്നും കുറച്ചു പണം തരണമെന്നും പറഞ്ഞു. അമ്മാവൻ പറഞ്ഞ തുക കൊടുത്തു. പലരു ടെയും സഹായം ഉണ്ടായി. അമ്മാവൻ എൻ ഡോവ്മെന്റ് ഏർപ്പെടുത്തി. എല്ലാവർഷവും ഏറ്റവും മികച്ച സമുദായക്ഷേമപ്രവർത്തകന് പുരസ്കാരവും ഫലകവും പൊന്നാടയും നൽകി ആദരിക്കുന്നതിനായി സ്വരൂപിച്ച തുക തിരുവല്ല ക്ഷത്രിയക്ഷേമസഭയെ ഏൽപ്പിച്ചു. പലർക്കും ലഭിച്ചു ആ പുരസ്കാരം. അമ്മാ വനും.

വാക്കും പ്രവൃത്തിയും എല്ലാം സോദ്ദേശ്യ മായിരുന്നു. അതിന്റെ ഫലമാകണം അമ്മാവൻ കിടന്നില്ല, വിഷമിച്ചില്ല. ഏപ്രിൽ 20 ന് രാവിലെ നെഞ്ചുവേദന തോന്നി. അയൽവാസിയുമൊ ത്ത് കാറിൽ ആശുപത്രിയിലേക്ക് പോകു മ്പോൾ പേഴ്സും താക്കോലും എല്ലാം ഏൽപ്പി ച്ചു. ആശുപത്രിയിൽ എത്താനുള്ള താമസമേ ഉണ്ടായിരുന്നുള്ളു. എല്ലാം ശുഭം.

ഒരു കർമ്മകാണ്ഡം അവസാനിക്കുന്നു.

അമ്മാവന്റെ ഭൗതികദേഹം ചിത ഏറ്റു വാങ്ങി.

മാനം കറുത്തിരുണ്ടു. ഒരിടി വെട്ടി. ആലി പ്പഴം പൊഴിച്ചുകൊണ്ട് പേമാരി, കാറ്റ്.

കൂരയ്ക്ക് താഴെ ചിതയെരിയുന്നു. കർമ്മ ഫലം തലമുറകൾക്കു നൽകി, നിയോഗം പൂർത്തിയാക്കി അമ്മാവൻ യാത്രയായി. ●


## അറിയിപ്പ്

**തിരുവനന്തപുരം VNGP Trust 2022-2023 അദ്ധ്യയനവർഷത്തിൽ മോഹൻദാസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ആനാട് മോഹൻദാസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിലെ വിവിധ എഞ്ചിനീയറിംഗ് കോഴ്സുകൾ (ME, CSE , EEE, BT&BCE, ECE എന്നീ ബ്രാഞ്ചുകളിൽ) പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് +2 ക്ലാസ്സുകളിലെ ഫിസിക്സ്, മാതമാറ്റിക്സ് എന്നീ വിഷയങ്ങളിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം 50,000/ രൂപ വരെ ഫീസിനത്തിൽ ആകർഷകമായ സ്കോളർഷിപ്പ് നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു.**

**B.Tech എൻജിനീയറിംഗ് പഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ രക്ഷകർത്താക്കൾ താഴെപ്പറയുന്ന helpline നമ്പറിൽ ബന്ധപ്പെടുക:**

**9847756668/ 9946057222**


ഓർമ്മക്കുറിപ്പ്

## പരമ്പര: കേരള ക്ഷത്രിയ ക്ഷേമസഭയുടെ തുടക്കവും വളർച്ചയും

### മുൻകാല സാരഥികൾ – 2

# പ്രൊഫ. രാജൻ തമ്പാൻ

ക്ഷത്രിയക്ഷേമസഭാപ്രവർത്തനങ്ങൾ സജീവമായിക്കഴിഞ്ഞ ഇക്കാലത്ത് നന്ദിയോടെ സ്മരിക്കപ്പെടേണ്ട ഒരു നാമമാണ് ഈയടുത്തകാലത്തു നമ്മെ വിട്ടുപിരിഞ്ഞ പ്രൊഫ. രാജൻ തമ്പാന്റേത്. ക്ഷത്രിയസഭയുടെ ഭാരവാഹിത്വത്തിൽ അധികമൊന്നും അദ്ദേഹം പ്രവർത്തിച്ചിട്ടില്ല. നിർവ്വാഹക സമിതിയിൽ അംഗമെന്ന നിലയിലും തിരുവനന്തപുരം യൂണിറ്റിന്റെ അദ്ധ്യക്ഷൻ എന്ന നിലയിൽ അല്പകാലവും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ ക്ഷത്രിയ സഭയെന്ന സങ്കല്പം തന്നെ പൊതുവെ അംഗീകരിക്കപ്പെടാൻ വിഷമമായിരുന്ന ഒരു കാലഘട്ടത്തിൽ അതിന്റെ പ്രവർത്തനപരിപാടികൾ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിരുന്നയാളാണ് അദ്ദേഹം.



ഇന്നത്തെ സഭാസംഘടനയുടെ രൂപീകരണത്തിനു മുൻപ് തന്നെ തിരുവനന്തപുരത്തെ ക്ഷത്രിയ സമുദായാംഗങ്ങൾ ഒത്തുചേരാൻ ശ്രമം നടന്നിരുന്നു. എന്നാൽ ജനകീയമായ ഒരു സംഘടനയുടെ രൂപം അതിനില്ലായിരുന്നു. പാശ്ചാത്യരുടെ വരവിനുശേഷം പ്രചാരത്തിലായ ക്ലബ് എന്ന സംവിധാനത്തിന്റെ രൂപത്തിലായിരുന്നു ആദ്യകാല സമുദായ കൂട്ടുചേരൽ ശ്രമം നടന്നത്. കെ.സി.രാമവർമ്മയായിരുന്നു. അതിന്റെ തുടക്കക്കാരൻ. അവിടെനിന്ന് ഇന്നു കാണുന്ന ജനകീയ സംഘടന രൂപപ്പെടുന്നത് 1980കളിലാണ്. അതിന്റെ തുടക്കം യു. എം. മോഹന വർമ്മ, രവി വർമ്മ രാജ (കുട്ടൻ ചേട്ടൻ), രാമവർമ്മ (വിജയൻ ചേട്ടൻ) എന്നിവരായിരുന്നു. മോഹനവർമ്മയായിരുന്നു രാജൻ തമ്പാനോട് സഭാരൂപീകരണത്തെക്കുറിച്ച് ആദ്യം സൂചിപ്പിക്കുന്നത്. തുടർന്നാണ് പിൽക്കാലത്ത് സഭാപ്രസ്ഥാനങ്ങളുടെ നെടുംതൂണായി മാറിയ എം.സി. കേരളവർമ്മ സഭാ രൂപീകരണത്തിന് രാജൻ തമ്പാന്റെ സഹായം തേടുന്നത്. മോഹനവർമ്മയും മറ്റും എം. സി. കേരളവർമ്മയോട് നേതൃത്വം ഏറ്റെടുക്കാൻ നിർബന്ധിക്കുകയായിരുന്നു. സംഘടനാകാര്യങ്ങളിൽ കാര്യമായ പരിചയമൊന്നും ഇല്ലാതിരുന്ന എം. സി. കേരളവർമ്മ സമീപവാസിയും ബന്ധുവുമായ രാജൻ തമ്പാന്റെ സഹായം തേടി. എം. സി. ചേട്ടന്റെ മരണം വരെയും സഭാപരിപാടികൾ രൂപപ്പെടുത്തുമ്പോൾ രാജൻ തമ്പാനോട് അന്തിമ അഭിപ്രായം ചോദിക്കാതിരുന്നിട്ടില്ല. മാത്രവുമല്ല ഇന്നത്തെ 'ക്ഷാത്രസ്പന്ദന'ത്തിന്റെ പൂർവ്വരൂപമായ വാർത്താപത്രികയുടെ ഓരോലക്കത്തിന്റെയും കരടുരൂപം തയ്യാറാക്കിക്കഴിഞ്ഞാൽ രാജൻ തമ്പാനായിരുന്നു അതിന്റെ ആശയപരവും ഭാഷാപരവുമായ തിരുത്തലുകൾ നിർദ്ദേശിച്ചിരുന്നത്. തിരുവനന്തപുരം കേന്ദ്രീകരിച്ചുള്ള സഭാരൂപീകരണത്തിന് എത്രയോ മുൻപുതന്നെ യുക്തിസഹമായ സഭാപ്രവർത്തനം നടന്നിരുന്ന ഒരു സ്ഥലമായിരുന്നു ചേർത്തലയിലെ കരപ്പുറം. അതിനാൽ അവിടുത്തെ സഭാപ്രവർത്തകനായിരുന്ന ഉദയവർമ്മയെപ്പോലുള്ളവർ ക്ഷത്രിയ സഭാപ്രവർത്തനങ്ങളു

മായി ബന്ധപ്പെട്ട് ഉന്നയിക്കുന്ന വിഷയങ്ങളിൽ പ്രതികരിക്കുന്നതിനു മുൻപ് എം.സി.കേരളവർമ്മ പ്രൊഫ.രാജൻ തമ്പാനുമായി ആലോചിക്കുന്നത് പതിവായിരുന്നു. ആദ്യകാല സഭാപ്രവർത്തന ങ്ങൾക്കിടയ്ക്കൊരിക്കൽ കോട്ടയ്ക്കകം വർമ്മാ ട്രാവെൽസിൽ വെച്ചുകൂടിയ ഒരു യോഗത്തിൽ സാമ്പത്തികപരിമിതി കാരണം സഭ പിരിച്ചുവിടാനായി ഒരു പ്രമേയം ചെയറിൽ നിന്നുവന്നപ്പോൾ രാജൻ തമ്പാൻ ആ ശ്രമത്തെ ശക്തമായി എതിർത്തു തോൽപ്പിച്ചു. യോഗം പിരിയുന്നതിനു മുൻപ് കൂടിയിരുന്നവരിൽ നിന്നും പണമായും വാഗ്ദാനമായും ചെറുതല്ലാത്ത സംഖ്യ സ്വരൂപിച്ചുകൊണ്ട് സഭാപ്രവർത്തനത്തിന്റെ മുന്നോട്ടുള്ള യാത്ര ഉറപ്പാക്കാൻ അദ്ദേഹം ശ്രദ്ധിച്ചു.

സഭാപ്രവർത്തനങ്ങളിൽ ആശയവിനിമയത്തിന് എം.സി. കേരളവർമ്മയ്ക്ക് കാര്യമായ പിന്തുണ രാജൻ തമ്പാനിൽ നിന്നു കിട്ടിയിരുന്നു. അതിനൊരു കാരണവും കൂടിയുണ്ടായിരുന്നു. സഭാപ്രവർത്തനം സംസ്ഥാന വ്യാപകമായി വിപുലപ്പെടുത്താനായി എം.സി.കേരളവർമ്മ സ്വീകരിച്ച ഒരു മാർഗ്ഗം പണ്ട് അദ്ദേഹം മാവേലിക്കര സ്പെഷ്യൽ സ്കൂളിൽ ബോർഡിങ്ങിൽ താമസിച്ച കാലത്ത് ഒപ്പമുണ്ടായിരുന്ന കൂട്ടുകാരെ സഭാപ്രവർത്തനത്തിലേയ്ക്ക് ബന്ധപ്പെടുത്തുക എന്നതായിരുന്നു. കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള രാജകുടുംബങ്ങളിലെ അംഗങ്ങളായിരുന്നു ബോർഡിങ്ങിൽ താമസിച്ചു പഠിച്ചിരുന്നത്. ഇവരെയെല്ലാം രാജൻ തമ്പാനും നല്ലവണ്ണം അറിയാമായിരുന്നു. അതിൽ ചിലർ ബന്ധുക്കളുമായിരുന്നു. അങ്ങിനെ സഭാപ്രവർത്തനത്തിന്റെ ആശയവ്യാപനം ഗൗരവമായി നടന്നു. തിരുവനന്തപുരത്തു താമസിച്ചിരുന്ന പ്രമുഖരായ ക്ഷത്രിയരിൽ പലരും പ്രൊഫ. രാജൻ തമ്പാന്റെ ശിഷ്യരുമായിരുന്നു. അതിൽ മാവേലിക്കര പ്രഭാകരവർമ്മയും പെടുന്നു.

പ്രൊഫ. രാജൻ തമ്പാൻ ഇംഗ്ലീഷ് അധ്യാപകനായിരുന്നു. എന്നാൽ മലയാളം, സംസ്കൃതം എന്നീ ഭാഷകളിൽ നിമിഷകവനത്തിനുള്ള ഭാഷാശേഷിയും സാഹിത്യവ്യുല്പത്തിയുമുണ്ടായിരുന്നു. ഷേക്സ്പിയർ നാടകങ്ങൾ പഠിപ്പിക്കുന്നതിലെ ചാരുത അനന്യമായിരുന്നു. തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജിലെ അദ്ധ്യാപകനായിരുന്ന അദ്ദേഹത്തിന്റെ ക്ളാസുകളുടെ മനോഹാരിത കേട്ടറിഞ്ഞ് മാർ ഇവാനിയോസ് കോളേജിൽ നിന്ന് താൻ വന്ന് അദ്ദേഹത്തിന്റെ ക്ലാസിൽ ഇരുന്നിട്ടുള്ളതായി മുൻ മന്ത്രി ദിവംഗതനായ ടി.എം. ജേക്കബ് ഒരിക്കൽ പറഞ്ഞിരുന്നു. ഒരു വേദിയിൽ വെച്ച് നിമിഷനേരത്തിൽ സംസ്കൃതത്തിൽ ഒരു ശ്ലോകം രചിച്ചതുകണ്ട് കവി ജി. ശങ്കരക്കുറുപ്പ് അത്ഭുതപ്പെടുകയുണ്ടായി. ഇരുപത്തിയൊന്നു വയസ്സിൽ മഹാത്മാഗാന്ധി കോളേജിൽ ട്യൂട്ടറായി ജോലിയിൽ കയറിയ അദ്ദേഹം അന്ന് അദ്ദേഹത്തേക്കാൾ ഏറെ പ്രായമുള്ളവരെയായിരുന്നു പഠിപ്പിക്കേണ്ടിയിരുന്നത്. പലവിധ ജനകീയ സമരങ്ങളൊക്കെ കഴിഞ്ഞ് കേരള സംസ്ഥാന രൂപീകരണമൊക്കെ കഴിഞ്ഞു വിദ്യാലയങ്ങൾ സജീവമായ കാലഘട്ടമായിരുന്നു അത്. പിൽക്കാലത്ത് സംസ്ഥാന മന്ത്രിമാരും ഉന്നതോദ്യോഗസ്ഥരുമൊക്കെ ആയ നിരവധിയാൾക്കാർ അതുകാരണം ശിഷ്യഗണത്തിൽ ഉൾപ്പെട്ടു. ട്യൂട്ടറായി കയറുന്നതിനുമുമ്പ് തന്നെ തിരുവനന്തപുരത്തെ പൊതുസമൂഹം ശ്രദ്ധിച്ചിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. തിരുവനന്തപുരത്തെ ശക്തമായ യുവജനസംഘടനയായിരുന്ന തിരുവനന്തപുരം വെൽഫെയർ അസോസിയേഷൻ ഭാരവാഹിയെന്ന നിലയിൽ ശക്തമായ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഇതുകണ്ട് ആ സംഘടനയെ രാഷ്ട്രീയ പാർട്ടിയായ പി. എസ്. പി യുമായി ബന്ധപ്പെടുത്താൻ സാക്ഷാൽ പട്ടം താണുപിള്ള ശ്രമിച്ചപ്പോൾ അതിനെ ഒറ്റയ്ക്ക് ചെറുത്തുകൊണ്ട് സംഘടന പിരിച്ചുവിടാൻ രാജൻ തമ്പാൻ ധൈര്യപ്പെട്ടു. പ്രീ യൂണിവേഴ്സിറ്റിക്കു പഠിക്കുമ്പോൾ വിദ്യാർത്ഥി പ്രതിനിധിയായി പങ്കെടുത്ത കൊല്ലത്തെ രാഷ്ട്രീയ സമ്മേളനത്തിൽ വെച്ച് ആർ.എസ്.പി യുടെ കേന്ദ്രക്കമ്മിറ്റി പ്രമേയത്തെ ഒറ്റയ്ക്കെതിർത്തു പരാജയപ്പെടുത്തിയപ്പോൾ പ്രിസീഡിയം നടുങ്ങി. സമ്മേളനഹാളിൽ കൂടിയ സാധാരണ തൊഴിലാളികൾ മുഴുവൻ ആ യുവാവിനു പിൻതുണയായി കരഘോഷം മുഴക്കി. നേതൃത്വത്തിന്റെ അനുനയശ്രമങ്ങളെ അംഗീകരിക്കാതെ അവിടെവെച്ചു രാഷ്ട്രീയം ഉപേക്ഷിച്ചിറങ്ങുകയായിരുന്നു ഒരിക്കൽ സർ.സി.പി യുടെ

പോലീസിനെ ഭയക്കാതെ ഒറ്റയ്ക്ക് ആർട്സ് കോളേജ് പിക്കറ്റ് ചെയ്ത രാജൻ തമ്പാനെന്ന അനാഗതശ്മശ്രു. അന്നത്തെ സാമൂഹ്യസാഹചര്യത്തിൽ പത്താം ക്ലാസുവരെ വിദ്യാഭ്യാസം സൗജന്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ആശയം കേരളത്തിൽ തന്നെ ആദ്യമായി പ്രമേയരൂപത്തിൽ അവതരിപ്പിച്ചത് രാജൻ തമ്പാനായിരുന്നു.

എൻ.എസ്.എസ്സിന്റെ നിരവധി കോളേജുകളിൽ ജോലി ചെയ്തിട്ടുണ്ട്. തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജ്, ധനുവച്ചപുരം, കൊട്ടിയം, പന്തളം, ഒറ്റപ്പാലം, ചേർത്തല, മഞ്ചേരി, മട്ടന്നൂർ തുടങ്ങിയവ അതിലുൾപ്പെടുന്നു.

അദ്ദേഹത്തിന്റെ യുക്തിബോധവും വിശകലനപാടവവും അനന്യമായിരുന്നു. പ്രയോഗികഫലിതങ്ങൾ കുറിക്കുകൊള്ളുന്നവയും. ഒരിക്കൽ കോളേജിനു മുൻപിൽ നിറുത്താതെ പോയ ട്രാൻസ്പോർട് ബസിൽ ചാടിക്കയറിയ അദ്ദേഹത്തിനോട് കയർത്തുകൊണ്ടു കണ്ടക്ടർ പറഞ്ഞത് ബസ്സ് പോലീസ്സ്റ്റേഷനിലേയ്ക്ക് വിടുമെന്നാണ്. അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു 'പോലീസ് സ്റ്റേഷനിലോ കോടതിയിലോ കൊണ്ടുപോയ്ക്കോളു. ഈ ബസിലിരിക്കുന്ന മുഴുവൻ പേരും നിങ്ങൾക്കുവേണ്ടി വാദിച്ചാലും ഈ ഒഴിഞ്ഞുകിടക്കുന്ന അഞ്ചുസീറ്റുകൾ എനിക്കുവേണ്ടി അതിലും ശക്തിയായി വാദിക്കും' എന്നായിരുന്നു. മറ്റൊരിക്കൽ രാത്രിയിൽ യാത്ര ചെയ്യുമ്പോൾ ഉറങ്ങാൻ കഴിയാത്തവിധം ബസ്സിൽ അയ്യപ്പന്മാർ ഉച്ചത്തിൽ ശരണം വിളിക്കുന്നു. രാജൻ തമ്പാൻ ഗുരുസ്വാമിയെ വിളിച്ചു 'ദൈവം എല്ലായിടത്തും ഉണ്ടെങ്കിൽ സ്വാമി ശബരിമലയിൽ പോകേണ്ടതില്ല. ഇനി അഥവാ ശബരിമലയായിലാണുള്ളതെങ്കിൽ സ്വാമി അവിടെ ചെന്നു വിളിച്ചാൽ പോരെ'. അദ്ദേഹത്തിന്റെ യുക്തിയിൽ അമ്പരന്ന ഗുരുസ്വാമി ശരണം വിളി നിർത്താൻ തയ്യാറായി.

തിരുവനന്തപുരത്തുകാരുടെ തമ്പാൻ സാർ എന്ന പ്രൊഫ. രാജൻ തമ്പാൻ ജീവിതാവസാനം ഏറെ വർഷം കോഴിക്കോടായിരുന്നതുകൊണ്ട് ആരുമറിയാതെ മൺമറഞ്ഞുപോയി. അദ്ദേഹത്തെ നാമെങ്കിലും ഓർക്കേണ്ടതുണ്ട്.

### യൂണിറ്റുകൾ – 2

## കരപ്പുറം സഭ സപ്തതിയുടെ നിറവിൽ

സേവനത്തിന്റെയും സ്നേഹസൗഹാർദ്ദത്തിന്റെയും സപ്തതിയുടെ നിർവൃതി നുണഞ്ഞാസ്വദിക്കാൻ നോയമ്പു നോക്കി കാത്തിരിക്കുന്ന അപൂർവ്വം ക്ഷത്രിയ സഭകളിൽ ഒന്നാണ് കരപ്പുറം ക്ഷത്രിയസഭ. ചേർത്തല നഗരസഭയും ചുറ്റുവട്ടത്തുള്ള വയലാർ, കൊക്കോതമംഗലം, പള്ളിപ്പുറം ഗ്രാമപഞ്ചായത്തുകളും ചേർന്നു വികസിപ്പിച്ച് ചേർത്തല താലൂക്ക് തന്നെയാണ് അപരനാമധേയത്താൽ അറിയപ്പെട്ടിരുന്ന കരപ്പുറം. കരപ്പുറം വെറ്റിലയും കരപ്പുറം വഴുതനങ്ങയും ഒക്കെ ക്ഷത്രിയ കുടുംബങ്ങളിൽ മുൻകാല നിത്യസന്ദർശകരായിരുന്നത് മറക്കാത്ത ചരിത്രസത്യമാണ്. ഇതിന്റെ വിവിധ ഭാഗങ്ങളിൽ ഒന്നിച്ചും ഒറ്റപ്പെട്ടും താമസിച്ചിരുന്ന ക്ഷത്രിയ കുടുംബാംഗങ്ങളുടെ യാദൃച്ഛിക കൂട്ടായ്മകളാണ് കരപ്പുറം ക്ഷത്രിയസഭയിലേക്ക് നയിച്ചത്.

കോവിലകങ്ങളിലെ ഉമ്മറപ്പടികളിലും വടക്കിനിത്തളങ്ങളിലും മുറുക്കിച്ചുവപ്പിച്ച് വെടിവട്ടം നടത്തി സമയം കൊല്ലുന്ന രീതികൾ മാറി സമുദായാംഗങ്ങളിൽ തലമുറകളായി നിലനിന്നിരുന്ന അനാചാരങ്ങളും ചിന്താഗതികളും ഗഹനമായ ചർച്ചാവിഷയങ്ങളാക്കി സമയംപോക്കുന്ന കീഴ്വഴക്കങ്ങളിലേക്ക് വഴുതിവീണു. ഇതിന്റെ വെളിച്ചത്തിൽ ക്ഷത്രിയ സമുദായാംഗങ്ങളിൽ ഉദിച്ചുയർന്ന ബോധോദയം ആണ് കരപ്പുറം ക്ഷത്രിയ സഭ എന്ന സംഘടനയുടെ പ്രേരകശക്തി. സഭയുടെ പ്രവർത്തനശൈലിയെപ്പറ്റി രൂപരേഖയുണ്ടാക്കുന്നതിനും നിയമാവലി തയ്യാറാക്കുന്നതിനും വേണ്ടി 1953 സെപ്റ്റംബർ മാസം ആദ്യവാരത്തിൽ അഭ്യസ്തവിദ്യരായ തല മുതിർന്ന നേതാക്കളുടെ സാന്നിദ്ധ്യത്തിൽ ക്ഷത്രിയർ ഒത്തുകൂടി. യോഗത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും ആകാംക്ഷകളും അഭിലാഷങ്ങളും വിശദമായ ചർച്ചകൾക്ക് വിധേയമായി. ക്ഷത്രിയ കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹവും സൗഹാർദ്ദവും പരസ്പര വിശ്വാസവും വളർത്തുന്നതോടൊപ്പം കടമകളെപ്പറ്റി ബോധവാന്മാരാകേണ്ടതിന്റെ ആവശ്യകതയും പലരും ചൂണ്ടിക്കാട്ടി. യോഗാന്ത്യ


# കരപ്പുറം സഭയുടെ ആദ്യകാല സാരഥികൾ




***മാളികയിൽ കോവിലകത്ത്***
***എം.കെ. രാമവർമ്മ***
*ആദ്യത്തെ പ്രസിഡന്റ്*




***നടുവിലെ കോവിലകത്ത്***
***എൻ.ജി. രാമവർമ്മ തമ്പാൻ***
*ആദ്യത്തെ സെക്രട്ടറി*




***കാട്ടുങ്കൽ കോവിലകത്ത്***
***കെ.എൻ. ഗോദവർമ്മ തിരുമുൽപ്പാട്***



***തെക്കേടത്ത് കോവിലകത്ത്***
***റ്റി.എൻ. രാമവർമ്മ തമ്പാൻ***
*ആദ്യത്തെ യോഗത്തിന്റെ അദ്ധ്യക്ഷൻ*



***എം.ആർ. കേരളവർമ്മ***
ആദ്യത്തെ നിയമോപദേഷ്ടാവ്



***എൻ.ജി. വി. തിരുമുൽപ്പാട്***
***തെക്കെമഠത്തിൽ കോവിലകം***

ത്തിൽ മുമ്പോട്ടുള്ള പ്രവർത്തനത്തിന് എം. കെ. രാമവർമ്മ (പ്രസിഡന്റ്), എൻ. ജി. രാമവർമ്മ (സെക്രട്ടറി), കെ.എൻ.ഗോദവർമ്മ തിരുമുല്പാട്, റ്റി.എൻ.രാമവർമ്മ തമ്പാൻ, എം.ആർ.കേരളവർമ്മ, എൻ.ഗോദവർമ്മ തമ്പാൻ തുടങ്ങിയവർ ഉൾപ്പെട്ട ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തന സജ്ജമായി.

പരമാവധി ക്ഷത്രിയ കുടുംബാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടു എല്ലാ മാസവും പൊതുയോഗങ്ങൾ അമ്പലമുറ്റത്തും കോവിലകങ്ങളിലും കൂടിക്കൊണ്ടിരുന്നു. പല കുടുംബങ്ങളുടെയും സാമ്പത്തിക പരിമിതിയെപ്പറ്റിയുള്ള തിരിച്ചറിവ് ഉണ്ടായത് ഇത്തരം യോഗങ്ങളിലാണ്.


തെങ്ങുവായ്പാപദ്ധതികൾ, നിക്ഷേപ സമാഹരണം തുടങ്ങിയ ചെറുകിട സാമ്പത്തിക സംരംഭങ്ങൾ തുടങ്ങിയത് സമുദായത്തിലെ പാവപ്പെട്ട കുടുംബാംഗങ്ങൾക്ക് വളരെ ആശ്വാസകരമായ ചുവടുവെപ്പായിരുന്നു.

ലേലച്ചിട്ടി, സേവിംഗ്സ് ഡെപ്പോസിറ്റ് തുടങ്ങിയ കുറെക്കൂടി മുന്തിയ സാമ്പത്തിക സഹായ പദ്ധതികളോട് അംഗങ്ങൾ സർവ്വാത്മനാ സഹകരണ മനോഭാവം കാണിച്ചു. ഇവ സഭയുടെ പ്രവർത്തനത്തിൽ കൂടുതൽ കരുത്തും പ്രോത്സാഹനവും ലഭിക്കുന്നതിനു പര്യാപ്തമായി.

കലാകായികരംഗത്ത് പ്രതിഭ തെളിയിച്ച കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നതിൽ സഭ പ്രത്യേക പരിഗണന നൽകിയിരുന്നു. സഭയുടെ ശൈശവകാലത്തു തന്നെ കരപ്പുറത്തെ ക്ഷതിയ കൗമാരപ്രായക്കാർ ആൺ-പെൺഭേദമന്യേ സംഘടിച്ചു രൂപം കൊടുത്ത ബാലസമാജം കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിൽ ചെറുതല്ലാത്ത പങ്കു വഹിച്ചിട്ടുണ്ട്.

പ്രതിമാസ സംഗമങ്ങളും വാർഷികയോഗങ്ങളും ബാലസമാജം സ്വതന്ത്രമായി നടത്തിയിരുന്നു. പക്ഷെ എല്ലാത്തിനും മുതിർന്നവരുടെ സ്നേഹോപദേശവും മാർഗ്ഗനിർദ്ദേശങ്ങളും ഉണ്ടായിരുന്നു. സഭ യുടെ 'യൂത്ത് വിംഗ്' പോലെ ബാലസമാജത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു പോയി. കരപ്പുറം ക്ഷത്രിയ സഭയിൽ നിന്നും വളർന്നുയർന്നു വന്ന അറിയപ്പെടുന്ന കലാപ്രതിഭകൾക്ക് അനിഷേധ്യമായ കടപ്പാട് ബാലസമാജത്തോടുണ്ട്.

സുസ്ഥിരമായ ഭരണസംവിധാനം രൂപപ്പെടുത്തുന്നതിൽ മാറിമാറി വന്ന ഭരണസാരഥികൾ ബദ്ധശ്രദ്ധരായിരുന്നു. കേരളത്തിൽ അങ്ങിങ്ങു മുളച്ചുപൊന്തിയ ക്ഷത്രിയ കൂട്ടായ്മകൾക്ക് മാർഗ്ഗദർശനം നൽകുന്നതിൽ കരപ്പുറം സഭയുടെ പ്രവർത്തനശൈലിയുടെ പങ്ക് നിഷേധിക്കാനാവില്ല. തുടക്കം മുതൽ ദീർഘകാലം (പ്രസിഡന്റായിരുന്ന എം.കെ.രാമവർമ്മ തിരുമുൽപ്പാട് നേതൃനിരയിലെ കെ.എൻ. ഗോദവർമ്മ തിരുമുൽപ്പാട്, ടി. എൻ. രാമവർമ്മ തമ്പാൻ, അഡ്വ. എം.ആർ.കേരളവർമ്മ ആദ്യകാല സെക്രട്ടറി എൻ. ജി. രാമവർമ്മ തമ്പാൻ തുടങ്ങിയ പൂർവ്വസൂരികൾ നൽകിയ നിസ്തുലമായ ബൗദ്ധിക പാടവം സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. സുദീർഘമായ കാലയളവിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ച എൻ. ബാലരാമവർമ്മ 1961 മുതൽ തന്റെ ജീവിതത്തിന്റെ സിംഹഭാഗവും സഭാപ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിരുന്നു. കണക്കുകൾ കൃത്യമായി സൂക്ഷിക്കുക, സഹായധനം അർഹിക്കുന്നവർക്കു നൽകുക, യോഗങ്ങൾ സമയാസമയങ്ങളിൽ നടത്തുക തുടങ്ങിയ സഭാപ്രവർത്തനങ്ങൾ സംഘടനയുടെ കെട്ടുറപ്പ് വർദ്ധിപ്പിക്കുന്നതിനുതകി. ത്യാഗസന്നദ്ധരായ നേതൃത്വവും അംഗങ്ങളുടെ ധാർമ്മിക പിന്തുണയും ആത്മവിശ്വാസവും സഭയുടെ രജതജൂബിലി 1978 മെയ് മാസത്തിൽ ആഘോഷിക്കുന്നതിനു കളമൊരുക്കി.


എൻ. ബാലരാമവർമ്മ

ഇരുപത്തഞ്ചു വർഷത്തെ ഭരണപരിചയവും പ്രവർത്തനമികവും അർപ്പണബോധവും സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിന്റെ ബുദ്ധിമുട്ട് ലഘൂകരിച്ചു. കൂടെക്കൂടെയുള്ള കമ്മിറ്റികളും ത്രൈമാസിക യോഗങ്ങളും വാർഷിക പരിപാടികളും അംഗങ്ങളിൽ സംഘടനാബോധവും പരസ്പര സ്നേഹവും ഊട്ടി ഉറപ്പിക്കുന്നതിനു സഹായിച്ചു. പഠനത്തിൽ മിടുക്ക് കാണിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക, കലാപ്രതിഭകളെ വാർത്തെടുക്കുക, പാവപ്പെട്ട കുടുംബങ്ങൾക്ക് സാമ്പത്തികസഹായം നൽകുക ഒക്കെ സഭയുടെ കർമ്മപരിപാടികളിൽ പെട്ടിരുന്നു. ഭരണസമിതി സ്വീകരിക്കേണ്ട നയങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങളും സംവാദങ്ങളും പൊട്ടിത്തെറികളും ഉണ്ടായിരുന്നെങ്കിലും അഭിപ്രായസമന്വയത്തിലെത്താൻ വൈകിയിരുന്നില്ല. ഏറെക്കാലം വിഘടിച്ചുനിന്നവരുടെ സഹകരണവും സേവനവും മുതൽകൂട്ടാവുമെന്ന ധാരണ ശക്തമായ ഒരൈക്യവേദിയൊരുക്കുന്നതിനു വഴിതെളിച്ചു. പിന്നീട് ശാന്തമായ നീരൊഴുക്കു പോലെ സഭാപ്രവർത്തനങ്ങൾ മുമ്പോട്ടുപോയി.

നീണ്ട കാലയളവിൽ എൻ.ജി.വി തിരുമുൽപ്പാട് സഭാദ്ധ്യക്ഷനായി സേവനമനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശവും ഉപദേശവും സ്വീകരിച്ചുകൊണ്ട് സഭയുടെ സുവർണ്ണ ജൂബിലി രവീന്ദ്രവർമ്മ, എം. ആർ. വേണുഗോപാൽ (സെക്രട്ടറി) കെ.എൽ മോഹനവർമ്മ (ജനറൽ കൺവീനർ), കെ.എൻ.എസ് വർമ്മ പ്രോഗ്രാം കൺവീനർ) എന്നിവരുടെ നേതൃത്വത്തിൽ ഗംഭീരമായി ആഘോഷിച്ചു. ദിവസങ്ങളോളം നീണ്ടുനിന്ന തയ്യാറെടുപ്പുകൾക്കു ശേഷം പടിഞ്ഞാറെ കാട്ടുങ്കൽ കോവിലകത്ത് കെട്ടി ഉയർത്തിയ വർണ്ണാലംകൃത സഭാ മണ്ഡലമായിരുന്നു ആഘോഷവേദി. പൊതു സമ്മേളനം, ചർച്ചകൾ, കലാപരിപാടികൾ, സ്വാദിഷ്ടമായ ഭക്ഷണം, സോവനീർ പ്രസിദ്ധീകരണം എല്ലാം ആഘോഷത്തിന്റെ മറക്കാനാവാത്ത മുഖമുദ്രകളായി എന്നെന്നും ഓർമ്മയിൽ പച്ചപിടിച്ചു നിൽക്കുന്നു.

രജത, സുവർണ്ണ ജൂബിലികൾ ആഘോഷിച്ച, കേരളത്തിലെ ഏക ക്ഷത്രിയ സംഘടന കരപ്പുറം സഭയാണെങ്കിലും 60-ാം വയസ്സിലേക്ക് കടക്കുവാൻ മണിക്കൂറുകൾ മാത്രം ബാക്കി നിൽക്കെ

സ്വന്തമായ ഒരാസ്ഥാനം വിദൂര മരീചികയായി നിലകൊണ്ടു. പക്ഷെ അംഗങ്ങളുടെ കറകളഞ്ഞ സഹകരണവും ഭാരവാഹികളുടെ അതുല്യ പരിശ്രമവും കൊണ്ട് പ്രതീക്ഷിച്ചതിലും വേഗ ത്തിൽ വേട്ടയ്ക്കൊരു മകൻ കോവിലിന്റെ തിരുമുറ്റത്തു തന്നെ ദാഹിച്ചു മോഹിച്ചിരുന്ന സഭാ മന്ദിരവും ഓഫീസും അനുബന്ധസൗകര്യങ്ങളും ഉള്ള സ്ഥാപനം യാഥാർത്ഥ്യമായി. സഭക്ക് അഭി മാനിക്കാവുന്ന ഏറ്റവും പുണ്യ മുഹൂർത്തങ്ങളിൽ ഒന്നു തന്നെയായിരുന്നു സൗധത്തിന്റെ ഉദ്ഘാടനം. ഇതിനുവേണ്ടി അക്ഷീണം പ്രവർത്തിച്ച കൺ സ്ട്രക്ഷൻ കമ്മിറ്റി കൺവീനർ എം.ആർ. വേണു ഗോപാൽ, കെ.ഹരികൃഷ്ണവർമ്മ, പി.കെ.രവീന്ദ്ര വർമ്മ, എൻ.ഉദയവർമ്മ തുടങ്ങിയവരോട് സഭ എന്നെന്നും കടപ്പെട്ടവരാണ്.

സഭയുടെ ത്രൈമാസ സായാഹ്നങ്ങൾ, മീറ്റിംഗു കൾ, കമ്മിറ്റികൾ തുടങ്ങിയ ഔദ്യോഗിക പരിപാടി കൾ മുറപോലെ നടന്നുകൊണ്ടിരുന്നു. വളരെ ആകസ്മികമായിട്ടാണു സഭയിലെ മുതിർന്ന അംഗം കെ. എൻ.സുരേന്ദ്രനാഥവർമ്മ സംസ്ഥാന ക്ഷത്രിയ ക്ഷേമ സഭയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്. പലവട്ടം മുടങ്ങിക്കിട ന്നിരുന്ന സംസ്ഥാനതല ക്ഷത്രിയ കൺവെൻഷൻ ചേർത്തലയിൽ വച്ചു നടത്തുന്നതിനു തീരുമാന മുണ്ടായപ്പോൾ അതു വിജയകരമായി നടപ്പാ ക്കുന്നതിനു കരപ്പുറം ക്ഷത്രിയ സഭാഭാരവാഹി കളും സംസ്ഥാന നേതൃത്വവും യോജിച്ച് ഒരേ മനസ്സോടെ തയ്യാറെടുപ്പുകൾ തുടങ്ങി. കേരള ത്തിലെ എല്ലാ ക്ഷത്രിയ സഭകളുടെയും അക മഴിഞ്ഞ പ്രോത്സാഹനവും സാന്നിദ്ധ്യവും കൊണ്ട് സംപുഷ്ടമായ കൺവെൻഷൻ 2015 മെയ് 15, 16 തീയതികളിൽ ചേർത്തലയിൽ വച്ചു നടന്നു. ഒരു ചരിത്രസംഭവമായി വാഴ്ത്തപ്പെട്ട കൺവെൻഷൻ സഭാംഗങ്ങളിൽ ഉണ്ടാക്കിയ ഉണർവും ഉത്സാഹ വും പിൻകാല പ്രവർത്തനങ്ങൾക്ക് പ്രോത്സാഹ നം നൽകി. കൺവെൻഷന്റെ വിജയസമാപ്തിക്കു പിന്നിൽ പ്രവർത്തിച്ച കരപ്പുറം സഭാംഗങ്ങളുടെ നിസ്സീമമായ സഹകരണവും ത്യാഗവും എക്കാല വും സ്മരിക്കപ്പെടേണ്ടതാണ്.

*ശേഷം 39ൽ*

# യൂണിറ്റ് ഭാരവാഹികൾ

## കോട്ടയം



**യു. അജിത്ത് വർമ്മ**
*പ്രസിഡന്റ്*


**ആത്മജവർമ്മ തമ്പുരാൻ**
*സെക്രട്ടറി*


**ടി. എൻ. വിനോദ് വർമ്മ**
*ട്രഷറർ*

## വൈക്കം


**ഹരിനന്ദന വർമ്മ**
*പ്രസിഡന്റ്*


**പ്രേമചന്ദ്രവർമ്മ**
*സെക്രട്ടറി*

# അദ്ധ്യാപക ജീവിതത്തിലെ അനുഭവങ്ങൾ അനുഭൂതികൾ



**ഗായത്രീ വർമ്മ,** തൃപ്പൂണിത്തുറ

**ലഫ്റ്റനന്റ് സുരേഷ്**

അന്ന് പതിനൊന്ന് - D യിൽ ഒരു എക്സ്ട്രാ വർക്ക് തന്നു. ലിഷർ പിരീഡിൽ കുറെ ജോലികൾ ചെയ്തു തീർക്കാൻ ആലോചിച്ചുവച്ചിരുന്നു. ഒക്കെ സ്വാഹാ! XI D വല്ലാത്തൊരു ക്ലാസാണ്. ആ വാനര സൈന്യങ്ങളെ അടക്കിയിരുത്തുന്ന കാര്യം പ്രയാസമാണ്. പ്ലേഗ്രൗണ്ടിൽ വിട്ടാൽ അതിലും വിഷമം ലഞ്ച് ബ്രേക്കിനു തൊട്ടുമുമ്പുള്ള പിരീഡാണ്. ആദ്യമേ അന്വേഷിച്ചു "എന്താണിപ്പോൾ സബ്ജക്റ്റ്" മോണിറ്റർ മൈക്കിൽ അനൗൺസ് ചെയ്യുന്നതുപോലെ പ്രഖ്യാപിച്ചു. "പൊളിറ്റിക്കൽ സയൻസ് - ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ, പ്രിയാമ്പിൾ" "ഈശ്വരാ ഒരു പിടിയുമില്ലാത്ത കോടാലി. ഞാൻ മനസ്സിലോർത്തു. എന്നാലും കുറച്ച് സെന്റിമെന്റ്സ് അടിച്ച് പിള്ളേരെ പിടിച്ചിരുത്താം."

ഞാൻ പറഞ്ഞു "ദാ നോക്കൂ ഇനി കഷ്ടിച്ച് കുറച്ചു മാസങ്ങൾ കൂടിയേയുള്ളു നിങ്ങൾക്കിങ്ങനെ ഒന്നിച്ചിരിക്കാൻ കിട്ടുന്നത്. കഴിഞ്ഞ 12 വർഷമായി കളിച്ചും ചിരിച്ചും ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞിരുന്നവരാണ് നിങ്ങൾ. തമ്മിൽ തല്ലിയും ചീത്ത പറഞ്ഞും ആഹാരവും ഐസ്ക്രീമും പങ്കിട്ട് ഒരു വീടുപോലെ കഴിഞ്ഞു നിങ്ങൾ. കരഞ്ഞും കരയിപ്പിച്ചും ചിരിപ്പിച്ചും അത്രമേൽ നിങ്ങൾ ഇഴുകിചേർന്നു കഴിഞ്ഞു. പക്ഷേ ദാ പിരിഞ്ഞു പോകാറായി. ഒരുപക്ഷേ ജീവിതത്തിന്റെ വഴിത്താരയിൽ ഇനി ഒരിക്കലും നിങ്ങൾ കണ്ടുമുട്ടിയില്ലെന്നും വരാം. ഇതൊക്കെയാണ് പച്ചയായ യഥാർത്ഥ ജീവിതം. ഇതുവരെ നിങ്ങളെ കൈപിടിച്ചു നടത്താൻ ഞങ്ങളും പേരന്റ്സും ഉണ്ടായിരുന്നു. ഇനി നിങ്ങൾ ഒറ്റക്ക് തുഴഞ്ഞ് മുമ്പോട്ടുപോയേ പറ്റൂ. ഇവിടെ നിന്നു ഞങ്ങൾ കൊളുത്തിതന്ന മൺചിരാതുകൾ നിങ്ങളുടെ വഴികാട്ടിയാകട്ടെ എപ്പോഴും. ഞാനിതൊക്കെ ഇപ്പോൾ പറഞ്ഞത് എന്തിനാണെന്നറിയാമോ? നിങ്ങളിൽ ഒരുപാടു നല്ല ഗുണങ്ങളുണ്ട്. അതുപോലെ ദോഷങ്ങളും. അടുത്ത കൂട്ടുകാർക്ക് മാത്രമേ അതു തിരിച്ചറിയാൻ പറ്റൂ. ആ ദോഷങ്ങൾ ഏതാണെന്നു തിരിച്ചറിഞ്ഞാൽ ഒരുപക്ഷേ നിങ്ങൾക്ക് അതു മാറ്റാൻ പറ്റിയേക്കും. അല്പമൊന്നു ശ്രമിച്ചാൽ അതായത് അത് തിരുത്തണമെങ്കിൽ തിരിച്ചറിഞ്ഞേ പറ്റൂ. അതിനായി ഞാൻ നിങ്ങൾക്കൊരു വഴി പറഞ്ഞു തരാൻ പോകുന്നു.

ഈ ക്ലാസിൽ മുപ്പതു പേരുണ്ടല്ലോ. ഓരോ കുട്ടിയെക്കുറിച്ചും നിങ്ങളുടെ മനസ്സിൽ ആദ്യം വരുന്ന അഭിപ്രായം എഴുതണം. ഒട്ടും ആലോചിക്കരുത്. ആലോചിച്ചാൽ ആ ഭാവം മാറും. അതുകൊണ്ടാണ് ആദ്യം വരുന്ന ഭാവം എന്നു പറഞ്ഞത്. രണ്ടോ മൂന്നോ വാചകമേ ആകാവൂ. എഴുതുന്ന പേപ്പറിൽ നിങ്ങളുടെ പേരോ നമ്പറോ പാടില്ല. ഓരോ കുട്ടിയുടെയും പേരെഴുതുക. മനസ്സിൽ വരുന്ന ഭാവം എഴുതുക. പിന്നീട് തമ്മിൽ തമ്മിൽ അതേപ്പറ്റി ചർച്ച ചെയ്യാനും പാടില്ല. ഉദാഹരണത്തിനായ് - ജോർജ്ജ് മാത്യു - "എല്ലാവരോടും സ്നേഹവും ദയയുമുണ്ട്. പക്ഷേ മുൻകോപം വളരെ കൂടുതലാണ്. അത് കുറച്ചാലെ ജീവിതം വിജയിക്കൂ" മതി ഇത്രമാത്രം എഴുതിയാൽ മതി. അവൻ ആ മുൻകോപം കൺട്രോൾ ചെയ്തോളും. അങ്ങനെ ഓരോരുത്തരേം പറ്റി എഴുതൂ. ഒന്നു കാണട്ടെ. ആരോ വിളിച്ചു പറഞ്ഞു "ടീച്ചർ പേപ്പർ ഇല്ല." പേന ഉണ്ടല്ലോ അല്ലേ. ഞാൻ മോണിട്ടറെ വിട്ട് ഓഫീസ് റൂമിൽ നിന്നും പേപ്പർ എടുപ്പിച്ചു. "ഒരു വശത്തു മാത്രമേ എഴുതാവൂ പേപ്പർ നല്ല ക്വാളിറ്റി അല്ല."

പ്രിൻസിപ്പൽ വരാന്തയിലൂടെ കടന്നുപോയി XI- D യിലെ പിൻഡ്രോപ് നിശബ്ദത കണ്ടിട്ടാവും അവർ എന്നെ നോക്കിയൊന്നു പുഞ്ചിരിച്ചു. കുട്ടികളോട് അങ്ങനൊക്കെ പറഞ്ഞെങ്കിലും പിന്നെ എന്താ ചെയ്യേണ്ടതെന്ന് എനിയ്ക്കൊരു രൂപവും തെളിഞ്ഞില്ല. ഓ, ആലോചിക്കാം എന്താ ചെയ്യേണ്ടതെന്ന്. മണിയടിച്ചു. അല്പസ്വല്പം സമയം കൂടിയെടുത്ത് കുട്ടികൾ ജോലി പൂർത്തിയാക്കി പേപ്പർ തിരികെ തന്നു. രണ്ട് ഫുൾ പേജ് വീതം എഴുതി അവർ. പേപ്പർ ശേഖരിച്ച് ഞാനും ക്ലാസ് വിട്ടു. ആരോടും ഇതിനെപ്പറ്റി ഒന്നും പറഞ്ഞില്ല. കുട്ടികളോടും ചർച്ച ചെയ്യരുതെന്ന് നിർദ്ദേശിച്ചിരുന്നു.

അന്നും പതിവുപോലെ അത്താഴമേശയിൽ ഓരോരുത്തരും അന്നത്തെ വിശേഷങ്ങൾ വിളമ്പി. ഞാനും അന്നു നടത്തിയ സമയം കൊല്ലൽ പരിപാടി വിശദമാക്കി. ''ഇനി ആ പേപ്പർ എന്തു ചെയ്യാനാ അമ്മേടെ പ്ലാൻ'' മകൻ ആരാഞ്ഞു. "ഒന്നും ആലോചിച്ചില്ല എന്താ ചെയ്യാൻ പറ്റുക" ഞാൻ അന്വേഷിച്ചു. ഒരു മിനിട്ടു നേരത്തെ നിശ്ശബ്ദതക്കുശേഷം മകൾ പറഞ്ഞു "ഒരു കാര്യം ചെയ്താൽ നന്നായിരിക്കും. കുട്ടികൾ അവരുടെ പ്ലസും മൈനസും അറിയട്ടെ എന്നാലല്ലേ അവർക്കു തിരുത്താൻ പറ്റൂ.'' അതെങ്ങനെ അവരെ അറിയിക്കും. ഒരേ പേപ്പറിലല്ലേ മറ്റുള്ളവരുടെ കുറ്റവും കുറവും എഴുതിയിരിക്കുന്നത്. എല്ലാവരും അതൊക്കെ അറിയുന്നതു ശരിയല്ല'' - മകന്റെ കമന്റ്. ഉടനടി മകളുടെ മറുപടിയും വന്നു. എല്ലാവരെയും എല്ലാം കാണിക്കണ്ട. ഓരോ കുട്ടിയെയും പറ്റി മുപ്പതു പേരും പറഞ്ഞിരിക്കുന്നത് വെട്ടിയെടുത്ത് പിൻ ചെയ്ത് ആ കുട്ടിക്കു കൊടുക്കണം. അപ്പോൾ അവൻ മാത്രമല്ലേ അതു വായിക്കൂ. അമ്മ കുറച്ചു ബുദ്ധിമുട്ടണം എന്നാലും റിസൾട്ട് നന്നായിരിക്കും. കൈയ്യടിച്ച് പാസ്സാക്കി അത്. അച്ഛൻ പറഞ്ഞു തീരെ മോശമായ കമന്റുണ്ടെങ്കിൽ അതു കൊടുക്കണ്ട. ആരെയും ഹർട്ട് ചെയ്യരുത്. വെളുക്കാൻ തേച്ചത് പാണ്ടാകരുത്."

ഞാൻ മെനക്കെട്ടിരുന്ന് എല്ലാവരെപ്പറ്റിയുമുള്ള കമന്റുകൾ വെട്ടിയെടുത്ത് പിൻ ചെയ്തു വച്ചു. പേപ്പറിന്റെ ഒരു വശം മാത്രം എഴുതിയത് എത്ര നന്നായി. എനിയ്ക്കെല്ലാം സാധാരണ കുറ്റങ്ങളും കുറവുകളുമായെ തോന്നിയുള്ളു. പക്ഷേ കുട്ടികൾ എങ്ങനെ ഉൾക്കൊള്ളുമോ എന്തോ ഏതായാലും ഓരോരുത്തർക്കുമത് തിരിച്ചു കൊടുത്തു.

പല കാര്യങ്ങളിൽ ഒന്നായി ഇതും മറന്നു. സമയം ആർക്കുവേണ്ടിയും കാത്തുനില്ക്കാതെ പ്രചണ്ഡമായ വേഗത്തിൽ മുന്നോട്ടുപോയി. മായയുടെയും മാറ്റങ്ങളുടെയും കാലചക്രത്തിൽ എല്ലാം മാറിമറിഞ്ഞുകൊണ്ടിരുന്നു. ഒരു ദിവസം രാവിലെ പത്രം തുറന്നു നോക്കിയപ്പോൾ വലിയ തലവാചകത്തിൽ കണ്ണുകൾ ഉടക്കി "അതിർത്തിയിൽ നുഴഞ്ഞുകയറ്റക്കാരുമായുണ്ടായ സംഘട്ടനത്തിൽ ലെഫ്റ്റനന്റ് സുരേഷ് മേനോൻ വീരചരമം പ്രാപിച്ചു. മണിക്കൂറുകളോളം നീണ്ടുനിന്ന പോരാട്ടത്തിൽ 6 പേരെ തടവുകാരായി പിടിച്ചു. ലെഫ്. സുരേഷ് മേനോന്റെ നാട് കേരളത്തിലെ കണ്ണൂർ ജില്ലയിലാണ് എന്നത് നമുക്കഭിമാനിക്കത്തക്കതാണ്. അദ്ദേഹത്തിന് കണ്ണീർ പൂക്കളോടെ ആദരാഞ്ജലി." ഞാൻ ആ വാർത്ത മുഴുവനും വായിച്ചു. പാവം ജവാൻ. ജോലിത്തിരക്കിൽ ആ പത്രവാർത്ത അന്നേ മറന്നുപോയി.

ഏതാണ്ട് രണ്ടു മാസം കഴിഞ്ഞു കാണും. ഒരു ഉച്ചസമയത്ത് ക്ലാസ് എടുത്തുകൊണ്ടിരിക്കുമ്പോൾ പ്യൂൺ വന്നു പറഞ്ഞു "ടീച്ചറിനെ പ്രിൻസിപ്പൽ വിളിക്കുന്നു." കുട്ടികൾക്ക് വർക്ക് കൊടുത്തിട്ട് ഞാൻ വേഗം പ്രിൻസിയുടെ മുറിയിൽ ചെന്നു. അവിടെ മദ്ധ്യവയസ്ക്കരായ ഒരു സ്ത്രീയും പുരുഷനും ഇരിക്കുന്നുണ്ട്. എന്നെ കണ്ടയുടനെ പ്രിൻസിപ്പൽ എന്നോടു ചോദിച്ചു. "ടീച്ചറിന് ഇവരെ മനസ്സിലായോ?" ഞാൻ പതറിയ നോട്ടത്തോടെ ഒന്നു പുഞ്ചിരിച്ചു. മേഡം തുടർന്നു "ഈയിടെ ഒരു പത്രവാർത്ത വന്നിരുന്നില്ലേ- അതിർത്തിയിലെ സംഘട്ടനത്തിനിടയിൽ ലഫ്റ്റനന്റ് സുരേഷ് മേനോൻ വീരമൃത്യു വരിച്ച വാർത്ത.'' ''യേസ് മേഡം ഞാനതു വിസ്തരിച്ചു വായിച്ചു. പാവം സുരേഷ് മേനോൻ!" ആ സുരേഷ് മേനോന്റെ പേരന്റ്സ് ആണിവർ. സുരേഷ് നമ്മുടെ സ്റ്റുഡന്റായിരുന്നു. "98 ബാച്ച് ആർട്ട്സിലെ സ്റ്റുഡന്റ്." "യേസ് മേഡം ഞാനോർക്കുന്നുണ്ട്. XI.D യിലെ, വെളുത്ത് ചുരുണ്ട മുടിയുള്ള - പൊക്കമുള്ള സുരേഷ്. ഒതുങ്ങിയ കുട്ടിയായിരുന്നു."

അമ്മ വേഗം എണീറ്റ് എന്റെ കൈകൾ കൂട്ടിപ്പിടിച്ചു. കണ്ണുകൾ മഴ പോലെ വർഷിച്ചുകൊണ്ടിരുന്നു. ഗദ്ഗദം മൂലം ഒരക്ഷരം പോലും മിണ്ടാനാവാതെ ആ ചുണ്ടുകൾ വിറച്ചുകൊണ്ടിരുന്നു. ഞാനവരെ ചേർത്തുപിടിച്ചു. 'മകൻ നഷ്ടപ്പെട്ട ഒരമ്മ – ഞാനെന്തു പറഞ്ഞു സമാധാനിപ്പിക്കാനാണ്. അച്ഛൻ തന്റെ വികാരങ്ങളെ നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു "ശരിയാണ് ടീച്ചർ. അവനൊരു നാണംകുണുങ്ങി പാവം കുട്ടിയായിരുന്നു. പ്രായമായിട്ടും ഇരുട്ടിനെ പേടിക്കുന്നൊരാൺകുട്ടി. ടീച്ചറാണ് അവനെ ഒരു ചുണക്കുട്ടിയാക്കി മാറ്റിയെടുത്തുതന്നത്. രാജ്യത്തിനുപകരിച്ച ഒരു ഉത്തമ പൗരനാക്കി ടീച്ചറവനെ മാറ്റി. ഞാൻ അമ്പരന്ന് അവരെ നോക്കി. അച്ഛൻ തുടർന്നു "ടീച്ചർ ഞാൻ ആർമിയിലെ ഒരു സാധാരണ ജവാനായിരുന്നു. ലാൻസ് നായ്ക്ക് ഗോപാലമേനോൻ. ഒരുപാട് ഓഫീസർമാരെ സല്യൂട്ട് ചെയ്യുന്ന ഒരു സാധാരണ ജവാൻ മാത്രം. എങ്കിലും എനിയ്ക്കൊരാഗ്രഹമുണ്ടായിരുന്നു. എന്റെ മകൻ ഒരു വലിയ ആർമി ഓഫീസറാകണമെന്ന്. എല്ലാ വരും അവനെ സല്യൂട്ട് ചെയ്യണമെന്നും. ഞാൻ അവധിക്കു വരുമ്പോഴൊക്കെ അവനോടിതു പറയുമായിരുന്നു. പക്ഷേ അവനതിൽ തീരെ താല്പര്യം കാണിച്ചിരുന്നില്ല. പിന്നെ ഞാനെന്തു ചെയ്യും? പിന്നൊരിക്കൽ ഞാൻ അവധിക്കു വന്നപ്പോൾ സുരേഷിൽ ഒരു വലിയ മാറ്റം കണ്ടു. അവൻ എന്നോട് ആർമിയെ പറ്റിയും മറ്റു നാടുകളിലെ ജീവിതരീതിയെപ്പറ്റിയും ഒക്കെ താല്പര്യപൂർവ്വം അന്വേഷിച്ചു. ഞാൻ അതിശയിച്ചുപോയി. അവന് എങ്ങനെയീ മാറ്റം വന്നു. അമ്മയുമായി സംസാരിച്ചപ്പോൾ അവർ പറഞ്ഞു. "ടീച്ചറും കൂട്ടുകാരും ഒക്കെ പറഞ്ഞതുകൊണ്ട് അവൻ സ്വയം ശ്രമിക്കുകയാണ് ആത്മവിശ്വാസം വളർത്താനും പേടി മാറ്റാനും. എന്തായാലും നന്നായി. എന്റെ സ്വപ്നങ്ങൾ പൂവണിഞ്ഞെങ്കിൽ. ഞാനാശിച്ചുപോയി. ഒരു നിമിഷത്തെ നിശ്ശബ്ദത.

അമ്മ പെട്ടെന്ന് അവരുടെ ബാഗ് തുറന്ന് ഒരു പേഴ്സ് എടുത്തു. ഇത് അവന്റെ പേഴ്സ് ആണ്. ഇന്നലെ അവന്റെ സാധനങ്ങൾ ആർമി വീട്ടിൽ എത്തിച്ചു. അക്കൂട്ടത്തിൽ ഇതുമുണ്ടായിരുന്നു. വിറക്കുന്ന കൈകൾ കൊണ്ട് അവർ അതു തുറന്ന് ഒരു കടലാസ് ചുരുൾ വലിച്ചെടുത്തു "ടീച്ചറിന് ഈ പേപ്പർ ഓർമ്മയുണ്ടോ? ഒരു ദിവസം ടീച്ചർ ക്ലാസിൽ വച്ച് ഓരോ കുട്ടിയെയും പറ്റി മറ്റുള്ളവരുടെ അഭിപ്രായം എഴുതിച്ച് അവർക്കു കൊടുത്തില്ലേ സുരേഷിനെപ്പറ്റി എല്ലാവരും ഒരേ അഭിപ്രായമാണ് എഴുതിയത്. "കുറച്ചു കൂടി മനസ്സിന് ധൈര്യവും തന്റേടവും സ്വയം ഉണ്ടാക്കണം. ചഞ്ചലത പാടില്ല എങ്കിൽ ജീവിതത്തിന്റെ ഉയരങ്ങൾ തീർച്ചയായും കീഴടക്കും." അന്നു മുതൽ അവൻ സ്വയം മനസ്സിനെ ഉറപ്പിക്കാൻ തുടങ്ങി. ഒരിക്കൽ എന്തോ പറഞ്ഞപ്പോഴാണ് അവൻ ഈ കാര്യങ്ങൾ ഒക്കെ എന്നോടു പറഞ്ഞ് ഈ പേപ്പർ കാണിച്ചത്. അന്നു മുതൽ അവൻ സന്തത സഹചാരിയെപ്പോലെ എപ്പോഴും ഈ പേപ്പർച്ചുരുൾ പേഴ്സിൽ കൊണ്ടുനടക്കുമായിരുന്നു, ഒരു ആത്മധൈര്യത്തിനെന്നപോലെ.

ഞാൻ വിറക്കുന്ന കൈകളോടെ ആ പേപ്പർ ചുരുൾ കൈയ്യിലെടുത്തു. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകിയത് ഞാൻ പോലുമറിഞ്ഞില്ല. മനസ്സ് മറ നീക്കി ആറേഴുകൊല്ലം പുറകിലേക്കു പോയി. XI D ക്ലാസും വാനരസേനകളും സുരേഷും ഒക്കെ ചലച്ചിത്രത്തിലെന്നപോലെ എന്റെ മുമ്പിൽ എത്തി. എന്റെ ഒരു ചെറിയ പ്രവൃത്തി. കുട്ടികളെ എത്ര മാത്രം സ്വാധീനിച്ചിരിക്കുന്നു. ഹൃദയം കൊണ്ട് ഞാൻ ഒരു നിമിഷം ഈശ്വരസന്നിധിയിലെത്തി. പ്രണാമം അർപ്പിച്ചു. നന്ദി ദൈവമേ നന്ദി.

അമ്മ കണ്ണു തുടച്ച് സംയമനം വീണ്ടെടുത്തു കൊണ്ട് പറഞ്ഞു "ടീച്ചറേ അവൻ പോയെങ്കിലും വിഷമമില്ല. ഒരു നല്ല കാര്യം ചെയ്ത് നാലാൾ അറിഞ്ഞാണല്ലോ എന്റെ മോൻ പോയത്. നാടും നാട്ടാരും എന്റെ കുഞ്ഞിനെ എന്നും ഓർമ്മിക്കും. ഇതുപോലെ കുട്ടികളെ നല്ലവരായി വാർത്തെടുക്കാൻ ഇനിയും ടീച്ചറിനു സാധിക്കട്ടെ. നന്ദിയുണ്ട് ടീച്ചറേ ഞങ്ങൾ പോകട്ടെ."

ഞാനും പ്രിൻസിപ്പലും മുഖത്തോടു മുഖം നോക്കിയിരുന്നുപോയി. അവരുടെ നിറഞ്ഞ കണ്ണുകളായിരുന്നു എനിക്കുള്ള അഭിനന്ദനം.

ഈശ്വരന്റെ കയ്യൊപ്പുള്ള വെറും ഉപകരണങ്ങൾ മാത്രമാണ് നമ്മൾ എന്ന് ഒരിക്കൽകൂടി വിധി എന്നെ മനസ്സിലാക്കിത്തന്നു. ●

# ശ്രീകൃഷ്ണ കർണ്ണാമൃതത്തിലൂടെ

ചന്ദ്രാവലി തമ്പുരാൻ
തിരുവനന്തപുരം, മൊ: 9947791649



ഭക്തിരസപ്രധാനമായ സ്തോത്രങ്ങളിൽ ഏറ്റവും മുൻനിരയിൽത്തന്നെ വർത്തിക്കുന്നു ശ്രീകൃഷ്ണകർണ്ണാമൃതം. അതിലെ ശ്ലോകങ്ങൾ കർണ്ണങ്ങൾക്കു മാത്രമല്ല, മനസ്സിന്നും ബുദ്ധിയ്ക്കു മെല്ലാം അമൃതരസം പകർന്നുതരുന്നവയാണ്. അതിന്റെ രചയിതാവ് വില്വമംഗലം സ്വാമിയാരാണെന്നാണ് പരക്കെ വിശ്വസിക്കപ്പെടുന്നതെങ്കിലും അത് സംശയാസ്പദമാണ്. കൃതിയിൽ താൻ ശിവദ്വിജനാണെന്ന് (ദ്വിതീയ സർഗ്ഗം, ശ്ലോകം 24) സൂചനയുണ്ട്. ലീലാശുകനാൽ വിരചിതമെന്ന് പ്രഥമ സർഗ്ഗത്തിലെ അവസാനത്തെ ശ്ലോകം (110) വ്യക്തമാക്കുന്നു. ആരായാലും കേരളീയനായിരിക്കണമെന്നാണ് ബഹുജനമതം. ശ്രീകൃഷ്ണന്റെ ഭൂഷണങ്ങളിൽ പുലിനഖമോതിരം (തൃതീയ സ്കന്ധം 101) ഉൾപ്പെടുത്തിയിരിക്കുന്നു, മുകുന്ദാഷ്ടകത്തിലെ 'കരാരവിന്ദേന... " എന്ന ശ്ലോകം ഇതിൽ ഉള്ളതും അത്തരം ഒരു സംഭാവ്യതയിലേക്ക് വിരൽ ചൂണ്ടുന്നു.

മൂന്നു സർഗ്ഗങ്ങളിലായി 110, 109, 105 എന്നീ ക്രമത്തിൽ 324 ശ്ലോകങ്ങളാണ് ഇതിലുള്ളത്. ശ്രീകൃഷ്ണന്റെ രൂപലാവണ്യവും ഹൃദ്യമായ വികൃതിയും ചേഷ്ടകളും ആണ് അവയിൽ കാണുക. നവജാത ശിശു മുതൽ മുതിർന്ന ദശ വരെയുള്ള ചിത്രങ്ങൾ കാണാമെങ്കിലും അവ വയസ്സനുസരിച്ച് ക്രമീകരിക്കപ്പെട്ടിട്ടില്ല. സാഹിത്യ സംപുഷ്ടമെന്നതിനു പുറമെ നർമ്മരസം, ഹാസ്യം, ശൃംഗാരം, തത്ത്വചിന്ത തുടങ്ങിയ വിവിധ 'രസ'ങ്ങൾ അവയിൽ കാണാം. ഒരു പ്രത്യേക കഥാതന്തുവിനെയോ വിഷയത്തെയോ കേന്ദ്രീകരിച്ചിട്ടല്ല രചന. ശ്ലോകങ്ങൾ പരസ്പരം ബന്ധപ്പെട്ടവയല്ല, വ്യത്യസ്ത വൃത്തങ്ങളിലാണു താനും. ഒരു വിധത്തിലുള്ള അടുക്കും ചിട്ടയും അനുവർത്തിയ്ക്കാത്ത അത്യധികം സുന്ദരങ്ങളായ ശ്ലോകങ്ങൾ. പദങ്ങളുടെ ഭംഗിയാണല്ലോ സാഹിത്യസൃഷ്ടിയുടെ മേന്മയുടെ ഒരു അളവുകോൽ. അതു കൊണ്ടായിരിക്കാം ആരംഭത്തിൽത്തന്നെ അത്തരം ഒരു പ്രാർത്ഥന കാണാം.

*കമനീയകിശോരമുഗ്ധ മൂർത്തേഃ*
*കളവേണു ക്വണിതാദൃ താനനേന്ദോഃ*
*മമ വാചി വിജൃംഭതാം മുരാരേ-*
*ർമ്മധുരിമ്ണഃ കണികാപി കാപി കാപി* (പ്രഃ7)

(മുരാരിയുടെ കൈശോര രൂപ ഭംഗിയുടേയും വേണുനാദത്തിന്റേയും കണികയെങ്കിലും എന്റെ വാക്കിൽ പ്രകാശിക്കേണമേ)

നവജാത ശിശുവായ വസുദേവസൂനുവിനെ വർണ്ണിക്കുന്നു -

*അത്യന്ത ബാലമതസീകുസുമ പ്രകാശം*
*ദിഗ്വാസസം കനകഭൂഷണഭൂഷിതാംഗം*
*വിസ്രസ്തകേശമരുണാധരമായതാക്ഷം*
*കൃഷ്ണം നമാമി മനസാ വസുദേവസൂനും (ദ്വി 19)*

ചിന്നിച്ചിതറിയ മുടി, പട്ടുകോണകം പോലും ഉടുത്തിട്ടില്ലാത്ത കായാമ്പൂ നിറമാർന്ന തുടുത്ത ചുണ്ടുകളുള്ള താമരക്കണ്ണനായ വസുദേവ പുത്രനെ മനസ്സുകൊണ്ട് നമിക്കുന്നു.

ബാല്യത്തിലെ ഒരു ചിത്രം. കുഞ്ഞുങ്ങൾ കൈവിരൽ കുടിക്കുക സാധാരണം. എന്നാൽ കാൽവിരൽ കുടിക്കുന്ന ആലിലക്കണ്ണനെയാണ് ലീലാശുകൻ വർണ്ണിക്കുന്നത്.

*കരാരവിന്ദേന പാദാരവിന്ദം*
*മുഖാരവിന്ദേ വിനിവേശയന്തം*
*വടസ്യ പത്രസ്യ പുടേ ശയാനം*
*ബാലം മുകുന്ദം മനസാ സ്മരാമി* (ദ്വി:57)

മുകുന്ദാഷ്ടകത്തിലെ ശ്ലോകം ഇവിടേയും കാണുന്നത് കൗതൂഹലപ്രദമായിരിക്കുന്നു. അല്പം കൂടി മുതിർന്ന ഉണ്ണി! ഗോപി തൊടുവിച്ച് വേഷഭൂഷണങ്ങളണിയിച്ച്, ചന്ദനം ചാർത്തിയ യശോദമ്മ ഉണ്ണിയെ അലങ്കരിക്കുന്ന സുപ്രസിദ്ധ മായ ശ്ലോകം.

*കസ്തൂരീതിലകം ലലാടഫലകേ വക്ഷഃസ്ഥലേ*
*കൗസ്തുഭം*
*നാസാഗ്രേ നവമൗക്തികം കരതലേ*
*വേണും കരേ കങ്കണം*
*സർവ്വാംഗേ ഹരിചന്ദനം ച കലയൻ*
*കണ്ഠേ ച മുക്താവലിം*
*ഗോപസ്ത്രീ പരിവേഷ്ടിതോ വിജയതേ*
*ഗോപാലചൂഡാമണിഃ* (ദ്വി. 108)

കൂട്ടുകാരോടൊത്ത് പശുക്കളെ മേച്ചുനടന്ന് വൈകുന്നേരം അതാതു ഗൃഹങ്ങളിൽ അവയെ കെട്ടിയിടുവാൻ നടക്കുന്ന പൊടിപടലങ്ങൾ പറ്റിയ ഇടയച്ചെക്കനെ ലീലാശുകൻ നമിക്കുകയാണ് -

*ഗോധൂളി ധൂസരിത കോമള ഗോപവേഷം*
*ഗോപാല ബാലക ശതൈരനുഗമ്യമാനം*
*സായന്തനേ പ്രതിഗൃഹം പശുബന്ധനാർത്ഥം*
*ഗച്ഛത മച്യുതശിശും പ്രണതോസ്മി നിത്യം*

(ദ്വിത: 44)

രാസലീലയിലെ നന്ദകിശോരനെ വർണ്ണിക്കുന്ന സുപ്രസിദ്ധ ശ്ലോകം. ഗോപികളും കൃഷ്ണന്മാരും ഇടകലർന്നു നിന്ന് കൃഷ്ണൻ മുരളിയൂതുന്ന രാസ നൃത്തരംഗം!

*അംഗനാമം ഗനാമന്തരാ മാധവൊ*
*മാധവം മാധവഞ്ചാന്തരേണാംഗനാ*
*ഇത്ഥമാകല്പിതേ മണ്ഡലേ മദ്ധ്യശ*
*സ്സംജഗൗ വേണുനാ ദേവകീ നന്ദനഃ* (ദ്വി.35)

ശ്രീകൃഷ്ണന്റെ ബാല്യ-കൗമാര-കൈശോര ദശയിലെ രൂപലാവണ്യം വർണ്ണിക്കുന്ന നിരവധി ശ്ലോകങ്ങളുണ്ട്. കൂട്ടത്തിൽ കണ്ണന്റെ വികൃതി കളും കുസൃതിയും വിവരിക്കുന്ന നർമ്മരസം നിറഞ്ഞവയും ഉണ്ട്.

ഒരു ഗോപിയുടെ വീട്ടിൽ കയറിച്ചെന്ന് വെണ്ണ ക്കുടത്തിൽ കയ്യിടുന്നതു കണ്ട ഗോപി: ''നീ ആരാണ്?''

കണ്ണൻ: ഞാൻ ബലഭദ്രന്റെ അനുജൻ! (എന്നോട് കളിക്കേണ്ട എന്ന ധ്വനിയോ?)

ഗോപി: എന്തിനിവിടെ വന്നു!

കണ്ണൻ: അയ്യോ ഇതെന്റെ വീടാണെന്നു വിചാ രിച്ചു.

ഗോപി: വെണ്ണക്കുടത്തിൽ കയ്യിട്ടിരിക്കുന്നതെ ന്തിനാണ്?

കണ്ണൻ: അമ്മേ! ഞങ്ങളുടെ വീട്ടിലെ പൈക്കു ട്ടിയെ ഇന്നലെ മുതൽ കാണാനില്ല. അത് ഇതിൽ ഉണ്ടോ എന്ന് തപ്പിനോക്കുകയാണ്.

എത്ര ഹൃദ്യമായ ഒരു രംഗമാണ് ശ്ലോക രൂപ ത്തിൽ ചിത്രീകരിച്ചിരിക്കുന്നത് (ദ്വി. 81)

മറ്റൊരു നർമ്മരസം നിറഞ്ഞ രംഗം. പാൽ കുടി ക്കാൻ വേണമെന്ന ആവശ്യവുമായി കണ്ണൻ യശോദയെ സമീപിച്ചപ്പോൾ രാത്രിയാകട്ടെ എന്ന് അമ്മ പറഞ്ഞു. എപ്പോളാണ് രാത്രി? കണ്ണനു സംശയം. "ഇരുട്ടാകുമ്പോൾ." യശോദാമ്മ വിശ ദീകരിച്ചു. കണ്ണു രണ്ടും ഇറുക്കി അടച്ച് കണ്ണൻ പറയുന്നു. "അമ്മേ ഇരുട്ടായി പാൽ തരൂ" (ദ്വി.59)

*രാമോനാമ ബഭൂവ "ഹും തദബലാ*
*സീതേതി "ഹും" തൗ പിതു-*
*ർവ്വാചാ പഞ്ചവടീവനേ വിഹരതഃ*
*താമാഹരദ്രാവണഃ*
*നിദ്രാർത്ഥം ജനനീ കഥാമിനി ഹരേഃ*
*ഹുംകാരതഃ ശൃണ്വത-*
*സ്സൗചിത്രേ! ക്വദനുർദ്ധനുരിതി*
*വ്യഗ്രാ ഗിരഃ പാന്തുവ:*

ഉറങ്ങാൻ സമയം യശോദാമ്മ ഉണ്ണിക്കൃ ഷ്ണനെ രാമായണം കഥ കേൾപ്പിക്കുകയാണ്. "ഹും" എന്ന് മൂളിക്കേട്ടിരുന്ന കണ്ണൻ, രാവണൻ സീതയെ അപഹരിച്ചു എന്ന കഥാഭാഗം വന്ന പ്പോൾ, "ലക്ഷ്മണാ എന്റെ വില്ലെവിടെ" എന്ന് ചൊടിച്ചുകൊണ്ടു ചോദിക്കുന്ന ചിത്രം ലീലാശു കൻ വരച്ചിരിക്കുന്നു.

ഏഴു സമുദ്രങ്ങളിലെ ജലം വരാഹമൂർത്തി യുടെ ഒരു രോമം നനയ്ക്കുവാൻ പര്യാപ്തമായി ല്ലാ, എന്നാൽ ഉണ്ണിക്കൃഷ്ണനെ കുളിപ്പിക്കുവാൻ യശോദാമ്മയുടെ രണ്ടു കൈക്കുടന്ന വെള്ളം തന്നെ ധാരാളം! കൃഷ്ണാവതാരത്തിലെ ഭക്ത വശ്യത (ദ്വി: 27)

ശ്രീകൃഷ്ണന്റെ മഹത്ത്വം വ്യംഗ്യമായി വർണ്ണിക്കപ്പെടുന്നത് കവിയുടെ ഭാവനാസമ്പന്നത വ്യക്തമാക്കുന്നു.

"ഹേ വഴിയാത്രക്കാരാ, ഭാഗീരഥി നദിയുടെ തീരത്തു കൂടെ പോകരുതേ! അവിടെ നീലനിറത്തിലുള്ള ഒരു ധൂർത്തൻ നില്ക്കുന്നുണ്ട്. അരക്കെട്ടിൽ കൈ ഊന്നി നില്ക്കുന്ന ആ ദിഗംബരൻ വഴിപോക്കരുടെ മനോധനം മുഴുവൻ തട്ടിപ്പറിക്കുന്നു. ജാഗ്രത! (ദ്വി. 34)

ചിന്തിക്കുംതോറും ആസ്വാദ്യത വർദ്ധിക്കുന്ന ഒരു ശ്ലോകം.

പാൽക്കടലിൽ കിടക്കുന്നവൻ, പശുപാലകൻ, ഗോബാലകൻ എന്ന നിലയിൽ ധാരാളം പാൽ കിട്ടുമെന്നു കരുതി ഉപാസന ചെയ്ത എനിക്ക് പാൽ കിട്ടിയില്ലെന്നു മാത്രമല്ല, അമ്മയുടെ മുലപ്പാൽ വീണ്ടും കുടിക്കാനുള്ള സന്ദർഭം പോലും നഷ്ടമായി. (പുനർജന്മമില്ലാ, മോക്ഷപ്രാപ്തി) (തൃ. 95) നിഗൂഢാർത്ഥത്തിലെ ആസ്വാദ്യത.

ശൃംഗാര രസം നിറഞ്ഞ വർണ്ണനകളും ചേഷ്ടകളും നിരവധിയുണ്ട്. പ്രേമഭാജനമായ ചിന്താമണിയുടെ സാമീപ്യമായിരിക്കാം കാമാവേശം സ്ഫുരിക്കുന്ന ചിത്രങ്ങൾ സുലഭമാകുവാൻ കാരണം. പൂതനയെ കൊന്ന അധരങ്ങളേയും യമളാർജ്ജുനന്മാരെ വീഴ്ത്തിയ ആലിംഗനത്തേയും ഹിരണ്യകശിപുവിനെ വധിച്ച നഖാഗ്രത്തേയും രഹസ്യ സല്ലാപത്തിന്നിടയിൽ ലക്ഷ്മീദേവി കളിയാക്കുന്നുപോലും. (ദ്വി. 70)

ഇത്തരം കാമോദ്ദീപകങ്ങളായ ശ്ലോകങ്ങൾ വിരളമല്ല.

കർമ്മ – ജ്ഞാന യോഗങ്ങളേക്കാൾ ഭക്തിയിലായിരുന്നു ലീലാശുകന് താല്പര്യം എന്ന് വ്യക്തം.

*സന്ധ്യാവന്ദന! ഭദ്രമസ്തു ഭവതേ ഭോ സ്നാന! തുഭ്യം നമോ*
*ഭോ ദേവാഃ പിതരശ്ച തർപ്പണ വിധൗ*
*നാഹം ക്ഷമഃ ക്ഷമ്യതാം*
*യത്രക്വാപി നിഷിദ്യ യാദവ കുലോത്തംസസ്യ കംസദ്വിഷഃ*
*സ്മാരം സ്മാരമഘം ഹരാമി തദലം*
*മന്യേ കിമ ന്യേന മേ* (ദ്വി. 106)

സന്ധ്യാവന്ദനം, വിധിവത്സ്നാനം, പിതൃതർപ്പണം തുടങ്ങിയ കർമ്മങ്ങൾക്കു മംഗളം! പക്ഷേ ഞാൻ കംസാരിയായ യാദവശ്രേഷ്ഠനെ സ്മരിച്ച് എന്റെ സർവ്വപാപങ്ങളിൽ നിന്നും മുക്തി നേടട്ടെ. ശ്രീകൃഷ്ണോപാസന – ഭക്തിയ്ക്കാണ് കർമ്മാനുഷ്ഠാനത്തേക്കാൾ താല്പര്യമെന്നു സാരം.

തത്ത്വചിന്താ പ്രധാനമായ ശ്ലോകങ്ങളും ഇതിൽ കാണാം.

*ത്വയി പ്രസന്നേ മമ കിം ഗുണേന*
*ത്വയ്യ പ്രസന്നേ മമ കിം ഗുണേന*
*രക്തേ വിരക്തേ ച വരേ വധൂനാം*
*നിരർത്ഥതഃ കുങ്കുമപത്രഭംഗഃ* (ദ്വി 99)

അവിടുന്ന് സന്തോഷിച്ചാൽ മറ്റെന്തു വേണം? അതില്ലെങ്കിൽ മറ്റെന്തുണ്ടായിട്ടും എന്തു ഗുണം? പ്രിയന് അനുരാഗമുണ്ടെങ്കിൽ വധു അണിഞ്ഞൊരുങ്ങിയില്ലെങ്കിലും സാരമില്ലാ; ഇല്ലെങ്കിലോ അലങ്കരിക്കുന്നത് വ്യർത്ഥം എന്ന തത്ത്വം!!

കവിതയുടെ കാതലാണല്ലോ പ്രാസം. കൃതിയിലങ്ങോളമിങ്ങോളം പ്രാസഭംഗിയുള്ള നിരവധി ശ്ലോകങ്ങൾ കാണാം. പദങ്ങൾ കൊണ്ട് പന്താടുന്നവ ഒരെണ്ണം ഉദാഹരിക്കാം.

*കിങ്കിണികിണികിണിരഭസൈ–*
*രങ്കണ ഭുവി രിംഖണൈസ്സദാടന്തം*
*കുങ്കുണു കുണു പദയുഗളം*
*കങ്കണകരഭൂഷണം ഹരിം വന്ദേ!* (ദ്വി. 75)

കിങ്കിണിയുടേയും കങ്കണങ്ങളുടേയും കാൽച്ചിലമ്പുകളുടേയും ശബ്ദത്തോടെ അങ്കണത്തിൽ സദാ ഓടിക്കളിയ്ക്കുന്ന ഉണ്ണിക്കൃഷ്ണനെ വന്ദിക്കുന്നു. പാണ്ഡിത്യത്തിന്റേയും കവിത്ത്വത്തിന്റേയും പരകാഷ്ഠയുടെ ഒരു ചിത്രം.

ശ്രീകൃഷ്ണ കർണ്ണാമൃതത്തിലെ 324 ശ്ലോകങ്ങളും വേറെ വേറെ ആസ്വദിക്കപ്പെടേണ്ടവയാണ്. ഏതൊരു കൃതിയും ഒരു വിഷയത്തെയോ ബന്ധപ്പെട്ട വസ്തുതകളെയോ ഉൾക്കൊള്ളുന്നതായിട്ടാണ് സാധാരണ കാണുക. ഇവിടെ വ്യത്യസ്തമായ, വൈവിദ്ധ്യമുള്ള വിവിധ ശ്ലോകങ്ങളാണ്. അപ്രകാരമാകുവാൻ ഇതിന്റെ രചനയുടെ പശ്ചാത്തലം അവലോകനം ചെയ്യുന്നത് യുക്തമായിരിക്കും.

കാലവർഷക്കാലത്തെ ഒരു കാളരാത്രി. കൂലം കുത്തിയൊഴുകുന്ന പുഴയുടെ തീരത്ത് ഒരു

യുവാവ് അക്ഷമനായി നില്ക്കുന്നു. അക്കരെയുള്ള പ്രിയതമയുടെ ഗൃഹത്തിലെത്തുവാനുള്ള ത്വര. നദിയിലെ ഒഴുക്കു കാരണം കടത്തുകാരൻ തോണിയിറക്കിയിട്ടില്ല. നീന്താനറിയാമെങ്കിലും ഈ വെള്ളപ്പാച്ചിലിൽ അതിന്ന് ധൈര്യം പോരാ. ഇതി കർത്തവ്യതാമൂഢനായി നില്ക്കുമ്പോൾ, അതുവഴി ഒഴുകിവന്ന ഒരു പൊങ്ങുതടിയിൽപ്പിടിച്ച് അക്കരെയെത്തി. തടി അവിടെ ഇട്ടു; തിരിച്ചുവരുമ്പോൾ ആവശ്യം വന്നെങ്കിലോ!

വീണ്ടും ദുർഘടം! വീടിന്റെ പടിവാതിൽ പൂട്ടിയിരിക്കുന്നു. എന്തു ചെയ്യണമെന്നറിയാതെ നിൽക്കുമ്പോൾ അടുത്തുള്ള മരത്തിൽ നിന്നും ഒരു കാട്ടുവള്ളി തൂങ്ങിക്കിടക്കുന്നു! അതിൽപ്പിടിച്ച് മുറ്റത്തെത്തി.

ഗൃഹത്തിൽ അകത്ത് വെളിച്ചമില്ല, ആളനക്കവുമില്ലാ, മെല്ലെ കതകിൽ മുട്ടി വിളിച്ചു: "ചിന്തൂ, ചിന്തൂ, ചിന്താമണി"

''ആരാണ് ഈ പാതിരായ്ക്ക്?'' അകത്തുനിന്നും ചോദ്യം. തന്റെ ശബ്ദം അവൾ തിരിച്ചറിയാത്തതിൽ യുവാവിന് അല്പം കുണ്ഠിതം തോന്നായ്കയില്ലാ.

'നിന്റെ കിളിക്കൂട്ടുകാരൻ" പരിഭ്രമത്തിനിടയിൽ കളിക്കൂട്ടുകാരന് അക്ഷരഭ്രംശം!

ചിന്താമണി വാതിൽ തുറന്നു. "ഓ കിളിക്കൂട്ടുകാരൻ! ലീലാശുകൻ"! പണ്ഡിതയായ അവളുടെ വ്യാഖ്യാനം.


ഗൃഹത്തിന്നകത്തു പ്രവേശിച്ച് യുവാവ് ഉപചാരങ്ങൾ സ്വീകരിച്ച് സമാധാനമായിട്ടുറങ്ങി. പിറ്റേ ദിവസം പ്രഭാതത്തിൽ അയാൾ അവളോട് തന്റെ 'പരാക്രമ'ത്തെപ്പറ്റിപ്പറഞ്ഞപ്പോൾ ചിന്താമണിക്ക് പൊങ്ങുതടി കാണുവാൻ ആഗ്രഹം. രണ്ടുപേരും കടവിൽച്ചെന്നു നോക്കിയപ്പോൾ അതൊരു മൃതമനുഷ്യശരീരം! തൂങ്ങിപ്പിടിച്ചു കയറിയതാകട്ടെ ഒരു പെരുമ്പാമ്പും! ഗൃഹത്തിന്നകത്തു കയറിയപ്പോൾ, ചിന്താമണി താൻ പൂജിക്കുന്ന കൃഷ്ണവിഗ്രഹത്തെ ചൂണ്ടിപ്പറഞ്ഞു: "കഷ്ടം! എന്നെ പ്രാപിക്കുവാനുള്ള അവിടുത്തെ വാഞ്ഛ ഈ ശ്രീകൃഷ്ണനോടായിരുന്നെങ്കിൽ!" പകുതി യുവാവിനോടും പകുതി ആത്മഗതമായും ആത്മാർത്ഥതയോടെ പറഞ്ഞ വാക്കുകൾ യുവാവ് പൂർണ്ണമായും ഉൾക്കൊണ്ടു; മനസ്സ് ശ്രീകൃഷ്ണോപാസനയിലേക്ക് തിരിഞ്ഞു. കൃഷ്ണഭക്തയായ ചിന്താമണിയുടെ സാമീപ്യം അത് പരിപോഷിപ്പിച്ചു. നിരന്തരമായ ശ്രീകൃഷ്ണസ്മരണ യുവാവിന്റെ ഹൃദയത്തിൽ നിന്നും ഭക്തിനിർഭരങ്ങളായ ശ്ലോകങ്ങളായി പുറത്തേയ്ക്കൊഴുകി. ഓരോ ശ്ലോകവും ശ്രീകൃഷ്ണ വിഗ്രഹത്തെ ചൊല്ലി കേൾപ്പിക്കും, അവിടുന്ന് തല കുലുക്കിയാൽ സ്വീകരിക്കും; ചിന്താമണി അത് കുറിച്ചിടും. അങ്ങനെ 'ശ്രീകൃഷ്ണകർണ്ണാമൃത'മെന്ന ഭക്തിരസായനം സഹൃദയലോകത്തിന്ന് ലഭ്യമായി.

കൃതി ആരംഭിക്കുന്നത് ചിന്താമണി എന്ന പദത്തോടെയാണെന്നത് ആ കടപ്പാട് വ്യക്തമാക്കുന്നു. ലീലാശുകൻ എന്ന പേര് സ്വീകരിച്ചിരിക്കുന്നതും. ഇപ്രകാരം രൂപം കൊണ്ടതിനാലായിരിക്കണം വ്യത്യസ്തത നിറഞ്ഞ തരത്തിലുള്ള ഈ ശ്ലോകമാല കോർക്കപ്പെടുവാൻ കാരണം, മറ്റൊരിടത്തും നാം കാണാത്തവിധം.


ഓരോ ശ്ലോകവും അതീവ ഹൃദ്യമാണ്, മാധുര്യമേറിയതാണ്. ചിലവ ഇവിടെ ചിന്തിക്കപ്പെട്ടു എന്നു മാത്രം. ശ്രീകൃഷ്ണൻ ഈ സമർപ്പണവും തലകുലുക്കി സ്വീകരിക്കുമെന്ന വിശ്വാസത്തിൽ–

*ശ്രീകൃഷ്ണാർപ്പണമസ്തു*

## നിയമസഭാ മാധ്യമ പുരസ്ക്കാരത്തിന് അർഹനായി



മലയാള ഭാഷയുടെയും സംസ്ക്കാരത്തിന്റെയും പരിപോഷണത്തിന് ശക്തി പകരുന്നമാധ്യമ സൃഷ്ടികൾക്കായി നിയമസഭ ഏർപ്പെടുത്തിയ ഈ വർഷത്തെ ആർ. ശങ്കരനാരായണൻ തമ്പി മാധ്യമപുരസ്കാരം ദേശാഭിമാനി തിരുവനന്തപുരം ബ്യൂറോയിലെ പ്രത്യേക ലേഖകൻ **ദിനേശ് വർമ്മ**യ്ക്ക് ലഭിച്ചു.



# മോക്ഷം

**കെ.സി. രാമവർമ്മ രാജ, വലിയരാജ,** നീലേശ്വരം

*കൗമാര ആചരേത് പ്രാജ്ഞോ ധർമാൻ*
*ഭാഗവതം നിഹ*
*ദുർല്ലഭം മാനുഷം ജന്മ തദപ്യധ്രുവ മർത്ഥദം*
*യഥാഹി പുരുഷസ്യേഹ വിഷ്ണോഃ പാദോപ സർപ്പണം*
*യദ്ദേഷ സർവ്വഭൂതാനാംപ്രിയ ആത്മേശ്വരഃ സുഹൃത്."*

ഭാഗവതം (സ്കന്ധം 7 അദ്ധ്യായം 7 ശ്ലോകം 1,2)

സാരം: മനുഷ്യജന്മം വളരെ ദുർല്ലഭമാണ്. നശ്വരമായ ശരീരത്തെ പരമപുരുഷാർത്ഥമായ മോക്ഷപ്രാപ്തിക്കായി ഉപയോഗിക്കണം. കുട്ടിക്കളി വിട്ട്, ഭാഗവതധർമ്മത്തെ അനുഷ്ഠിക്കണം. സദാ വിഷ്ണുവിനെ ആശ്രയിക്കുക. ആ വിഷ്ണു തന്നെയാണ്, സർവ്വഭൂതങ്ങളുടെയും ഈശ്വരനും മിത്രവും ആത്മാവുമായിരിക്കുന്നത്. (ഇത്തരത്തിൽ, പ്രഹ്ളാദൻ, സഹപാഠികളെ പറഞ്ഞ് മനസ്സിലാക്കി.)

മോക്ഷമെന്നാൽ മായ നീക്കലാണ്. വേറൊരു വിധത്തിൽ പറഞ്ഞാൽ, മോഹക്ഷയമാണ് മോക്ഷം. ദേഹമോഹങ്ങൾ, ഇല്ലാതാകണം. ആത്മാവ്, സൂക്ഷ്മ ശരീരബന്ധത്തിൽ നിന്ന്, വേർപെടുന്നതാണ് മുക്തി അഥവാ മോക്ഷം. മനസ്സിന്റെ പിടിയിൽനിന്ന് ബുദ്ധിയുടെ പിടിയിലേക്ക് പോകുന്നതാണ് മോക്ഷം.

*"യോ വൈ വാങ്ങ് മനസി സമ്യഗ സംയച്ഛൻ ധിയാ യതിഃ*
*തസ്യവ്രതം തപോ ദാനം സ്രവത്യാമഘടാം ബുവത്."*

– ഭാഗവതം (സ്ക്ക 11 അ. 16 ശ്ലോ. 43)

സാരം:-

ബുദ്ധി കൊണ്ട് നിയന്ത്രിക്കണം. അല്ലാത്ത പക്ഷം പച്ചക്കലത്തിൽ വെള്ളം ചോർന്ന് പോകുന്നതുപോലെയാണ്, അവർ ചെയ്യുന്ന സർവ്വ വ്രതങ്ങളും തപസ്സും ദാനവുമെല്ലാം.

യോഗ നിമിത്തം, മനസ്സ് ശാന്തമാകുകയും ബുദ്ധി സ്വതന്ത്ര (Free) മാകുകയും ചെയ്യുന്നു. അങ്ങിനെ ബുദ്ധി, ആത്മാവോട് ലയിച്ച് ആത്മാനന്ദം ലഭിക്കുന്നു. സകല ദുഃഖനിവൃത്തിയും നേടിയ അവസ്ഥയാണ് യോഗം (മോക്ഷം) ഗീത (Ch6-23)

*"ഒരു നിശ്ചയമില്ലയൊന്നിനും*
*വരുമോരോ ദശ വന്നപോലെ പോം*
*വിരയുന്നു മനുഷ്യനേതിനോ*
*തിരിയാ ലോകരഹസ്യമാർക്കുമേ."*

ചിന്താവിഷ്ടയായ സീത

ഈ ലോകത്തിൽ മനുഷ്യരുടെ കൈയിൽ ഒന്നുമില്ല. ഈ നാടകത്തിന്റെ മാർഗ്ഗദർശി (director) ഭഗവാനാണ്. നമ്മൾ വെറും നടന്മാരാണ്. പൂർണ്ണമായി ഈശ്വരനെ ശരണം പ്രാപിക്കുക. എന്നാൽ ഈശ്വരൻ നമ്മളുടെ താൽപര്യങ്ങൾ കാത്ത് രക്ഷിക്കും. എഴുത്തച്ഛന്റെ ഭാഷയിൽ:

*"യാതൊന്നു കാണ്മതതു നാരായണ പ്രതിമ*
*യാതൊന്നു കേൾപ്പതതു നാരായണ ശ്രുതികൾ*
*യാതൊന്നു ചെയ്വതതു നാരായണാർച്ചനകൾ*
*യാതൊന്നതൊക്കെ ഹരി നാരായണായ നമഃ"*

"നമുക്ക് നാമെ പണിവതു നാകം നരകവുമതുപോലെ" എന്ന് കവി പാടിയതനുസരിച്ച്, നമ്മുടെ ദുഃഖങ്ങൾക്കെല്ലാം കാരണം നാം തന്നെയാണ്. ഭഗവദ്ഗീതയിലും ഇത് ഉറപ്പിച്ച് പറയുന്നു.

*"ഉദ്ധരേദാത്മനാത്മാനം*
*നാത്മാനമവസാദയേത്*
*ആത്മൈവ ഹ്യാത്മനോ ബന്ധു-*
*രാത്മൈവരിപുരാത്മനഃ"*

– ഗീത (Ch 6 ശ്ലോ 5)

സാരം: (താൻ തന്നെ, ഉയർത്തുകയും താഴ്ത്താരിക്കുകയും വേണം. തന്റെ ശത്രുവും മിത്രവും താൻ തന്നെ.)

ദുഃഖമോചനമാണ് മോക്ഷം. അത് ഈ ലോകത്തിൽ വച്ചുതന്നെ നേടേണ്ടതാണ്. അല്ലാതെ

സ്വർഗ്ഗത്തിൽ പോയി, മോക്ഷം വാങ്ങണം എന്നൊന്നുമില്ല. കർമ്മത്തോടുംകൂടി ബ്രഹ്മ ജ്ഞാനം കൂട്ടിച്ചേർത്ത് സമനില സമ്പാദിക്കുന്നതാണ് ധർമ്മം. മനസ്സിന്റെ സമനില തന്നെയാണ് മോക്ഷം. അത് സാധിക്കുവാൻ ബാഹ്യവസ്തുക്കൾ കൊണ്ട് സാധ്യമല്ല. അദ്വൈത സത്യം അറിഞ്ഞാൽ മാത്രമാണ് അത് സാധിക്കുക. അദ്വൈത സത്യം അറിഞ്ഞ ആൾക്ക് സുഖദുഃഖ ദ്വന്ദങ്ങൾ ഇല്ല. അങ്ങിനെ സമനില അനുഭവിക്കുന്ന ആൾക്ക് മോക്ഷമായി. മനുഷ്യൻ അവനവന്റെ മനസ്സ്, ജാതി, മതം എല്ലാറ്റിനും അടിമയാണ്. ഈ അടിമത്തത്തെ കുടഞ്ഞ് കളഞ്ഞ് അദ്വൈതസത്യം ഉറപ്പിക്കണം, അപ്പോഴാണ് മോക്ഷപ്രാപ്തി. മൂന്ന് ഗുണങ്ങളും (സത്വം, രജസ്സ്, തമസ്സ്) ബന്ധനമാണ്. ഈ ബന്ധനത്തിന്റെ കെട്ടഴിക്കലാണ് മോക്ഷം. കാര്യമായ, സ്ഥിരസമാധാനം വേണമെങ്കിൽ നാം ഗുണാതീതരാകണം.

ഒരു കഥ പറഞ്ഞ് കേട്ടിട്ടുണ്ട്. ഒരു രാജാവിന് എന്നും ദുഃഖം. തന്റെ ദുഃഖമോചനത്തിനായി രാജാവ് തന്റെ ഉപദേശകന്മാരെ വരുത്തി. അപ്പോൾ ഒരു ഉപദേശകൻ പറഞ്ഞത് ഇപ്രകാരമാണ്. ഏറ്റവും വലിയ സന്തുഷ്ടന്റെ കുപ്പായം വാങ്ങി, രാജാവ് ഇടുകയാണെങ്കിൽ, ദുഃഖം മാറിക്കിട്ടുമെന്നാണ്. രാജാവ് ഉടന തന്നെ അങ്ങിനെയുള്ള ഒരു കുപ്പായം കൊണ്ടുവരുവാൻ തന്റെ ഭൃത്യന്മാരെ അയച്ചു. അതിൽ ഒരു ഭൃത്യൻ സന്തോഷമായി പാടി നടക്കുന്ന ഒരാളെ കണ്ടുകിട്ടാൻ ഇട വന്നു. അയാളോട് കാര്യം പറഞ്ഞ് മനസ്സിലാക്കി, കുപ്പായം ചോദിച്ചപ്പോൾ, മറുപടി പറഞ്ഞത്, അയാൾക്ക് മാറ്റി ഇടാൻ വേറെ കുപ്പായം ഇല്ല എന്നാണ്.

*"ദ്വാവേവ ചിന്തയാ മുക്തൗ പരമാനന്ദ ആപ്ലു തൗ യോ വിമുഗ്ദ്ധോ ജഡോ ബാലോ യോഗുണേഭ്യഃ പരംഗതഃ*

(ഭാഗവതം - സ്ക 11 - അ 9 - ശ്ലോ 4)

സാരം: രണ്ട് പേർക്ക് പരമാനന്ദം കിട്ടും. (1) കുട്ടികൾ (2) ഗുണാതീതനായി ഭഗവാനെ ശരണം പ്രാപിച്ച വിവേകികൾ.

ഇതിൽ നിന്നെല്ലാം മനസ്സിലാക്കുന്നത്, സന്തോഷം മനസ്സിന്റെ ലയമാണ്. എത്ര ദാരിദ്ര്യം ഉണ്ടെങ്കിലും മനസ്സിൽ സന്തോഷവും സംതൃപ്തിയും ഉണ്ടെങ്കിൽ ജീവിതം സന്തോഷകരമായിരിക്കും. മനസ്സ് എന്നാൽ വിചാരധാരയാണ്. (Flow of thoughts) അതിനാൽ, നാം എപ്പോഴും സന്തോഷ ജനകമായ നല്ല വിചാരങ്ങൾക്ക് മാത്രമെ, മനസ്സിൽ ഇടം കൊടുക്കാൻ പാടുള്ളൂ. 'ഞാൻ' 'എന്റേത്' എന്നീ വിചാരങ്ങൾ ചുരുക്കി, രാഗദ്വേഷങ്ങളും, ഭേദചിന്തകളും കാമ-ക്രോധ-ലോഭങ്ങളും മനസ്സിൽ കടത്താതെ, ആവശ്യങ്ങളും (Needs) ആഗ്രഹങ്ങളും (greeds) കഴിയുന്നതും ചുരുക്കി അന്തര ശീതളത നിലനിർത്തി, ജീവിതത്തെ ധന്യമാക്കാൻ ഓരോ വ്യക്തിയും പരിശ്രമിക്കേണ്ടതാണ്. അതിനായി ഭഗവാൻ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

*ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ*

## രാജാരവിവർമ്മയുടെ ജന്മദിനാഘോഷം



ലോകോത്തര ചിത്രകാരൻ രാജാരവിവർമ്മയുടെ 174-ാം ജന്മദിനാഘോഷം പതിവുപോലെ ഏപ്രിൽ 29ന് കിളിമാനൂർ പാലസ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ രാവിലെ പത്തരമണിക്ക് കിളിമാനൂർ രവിവർമ്മ ചിത്രശാലയിൽ വച്ച് നടന്നു. തിരുവിതാംകൂർ രാജകുടുംബാംഗം പ്രിൻസസ്സ് അശ്വതി തിരുനാൾ തമ്പുരാട്ടി ഭദ്രദീപം തെളിയിച്ചതോടെ ജന്മദിനാഘോഷപരിപാടികൾ ആരംഭിച്ചു. 174 ദീപങ്ങൾ ചിത്രശാലയിൽ സ്മരണാഞ്ജലിയായി തെളിയിച്ചു. കൊട്ടാരം കുടുംബാംഗങ്ങൾ, സ്ഥലം എം.എൽ.എ., കേരള ലളിതകലാ അക്കാദമി ഭാരവാഹികൾ, സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയ പ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവരെല്ലാവരും പങ്കെടുത്തു. പുഷ്പാർച്ചനയും അനുസ്മരണവും തിരുവനന്തപുരം ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിലെ വാസ്തു വിഭാഗം വിദ്യാർത്ഥികളുടെ ശില്പശാലയും ഉണ്ടായിരുന്നു.

# പറിച്ചുനടലിന്റെ 77 വർഷങ്ങൾ

**പി.കെ. മോഹനവർമ്മ**, പിലാത്തറ



തികച്ചും വ്യത്യസ്തമായ ഒരു മണ്ണിലേക്കാണ് ആ പറിച്ചുനടൽ നടന്നത്. വേരുറയ്ക്കാൻ ഏറെ പ്രയാസപ്പെട്ടു. പക്ഷേ സ്നേഹത്തിന്റെ ഊഷ്മളതയിൽ തളിർത്ത്, വളർന്ന് പന്തലിക്കുക തന്നെ ചെയ്തു.

ഇത് കഥയല്ല, കടുത്ത ജീവിത യാഥാർത്ഥ്യങ്ങളാണ്. 1120 മകം 21 നായിരുന്നു പത്മിനി തമ്പുരാട്ടിയും കൃഷ്ണൻ നമ്പൂതിരിയുമായുള്ള വിവാഹം. തിരുവല്ല എഴുമറ്റൂരിലെ പുതുപ്പറമ്പ് കോവിലകത്ത് നിന്നും പറിച്ചെടുത്ത് കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമത്തിലെ കാരക്കാട്ടില്ലത്ത് കൊണ്ടുവന്ന് നട്ടു. വൃക്ഷങ്ങൾ സഞ്ചരിക്കാറില്ലല്ലോ. പക്ഷേ പിന്നീട് അപൂർവ്വമായി എഴുമറ്റൂരിലേക്ക് വന്നുപോയിട്ടുണ്ട് - അപരിചിതത്വത്തിന്റെ മൂടൽ മറകൾ മായ്ക്കാനെന്നോണം മാത്രം.

ഭാഷ, ജീവിതസാഹചര്യങ്ങൾ, ഭക്ഷണരീതികൾ, മറ്റ് അനുഷ്ഠാനശൈലികൾ എന്നിവയിൽ എന്തൊരന്തരമാണ് ആ കാലഘട്ടത്തിൽ ഈ നാടുകൾ തമ്മിൽ നിലനിന്നിരുന്നത്!

അവ തരണം ചെയ്ത് ജീവിതം കെട്ടിപ്പടുക്കൽ അത്ര എളുപ്പമായിരുന്നില്ല, ആ 13 കാരി പെൺകൊടിക്ക്. പ്രത്യേകിച്ച് തുടരെത്തുടരെയുള്ള പ്രസവങ്ങളും, വലിയ കാർഷിക ബ്രാഹ്മണ തറവാട്ടിലെ ജോലിഭാരവും ഏല്പിക്കുന്ന മാനസിക സമ്മർദ്ദങ്ങൾക്കും നടുവിൽ.

മണിക്കൂറുകളോളം നീളുന്ന ബസ് യാത്രയും ട്രെയിൻ യാത്രയും ചേർന്നാലേ എഴുമറ്റൂരിൽ നിന്ന് മലബാറിന്റെ മണ്ണിലെത്തൂ. പഴയങ്ങാടി റെയിൽവേ സ്റ്റേഷനിലിറങ്ങിയാൽ അഞ്ചു കി.മി മാടായി പാറ വഴി നടത്തം. കൂർത്ത പാറമുള്ളുകൾ ചെരുപ്പില്ലാത്ത പാദങ്ങളെ കുത്തി നോവിക്കും. അക്കാലത്തെ 'ശുദ്ധി' കാരണം വഴിയിൽ നിന്നൊന്നും ഒരു തുള്ളി ദാഹജലം പോലും കഴിക്കാറില്ല. കടുത്ത വിശപ്പ്, ദാഹം, ലഗേജിന്റെ ഭാരം ഇവ സഹിച്ച് പാറമുള്ളിലൂടെയുള്ള കഠിനയാത്ര അനുഭവത്തിന്റെ തീക്ഷ്ണമായ അദ്ധ്യായങ്ങൾ രചിക്കുകയായിരുന്നു.

ഇനി തൊട്ടടുത്ത ഏഴിമല റെയിൽവേ സ്റ്റേഷനിലിറങ്ങിയാൽ $3^1/2$ കി. മീ. നടന്നാൽ ഇല്ലത്തെത്താം. പക്ഷേ വഴിയിലെ ചുട്ടുപഴുത്ത വെളുത്ത പൂഴിയിൽ കാലുകൾ പതറിപ്പോകും.

ദീർഘയാത്രയുടെ അവസാനം നേരെ ഇല്ലത്തേക്ക് പ്രവേശനമില്ല. കുളത്തിൽ മുങ്ങിക്കുളിച്ച് ശുദ്ധമായ ശേഷം മാത്രം. ഭക്ഷണം ഉടനെ കിട്ടുമെന്ന് പ്രതീക്ഷിക്കരുത്. ഇല്ലത്ത് അരി അപ്പോഴപ്പോൾ കുത്തിയെടുക്കാറാണ് പതിവ്. ജോലിക്കാരികൾ ഓടിവന്ന് പത്തായത്തിലെ നെല്ലെടുത്ത് 'ഒ'ലക്കൂട്ടിൽ കൊണ്ടുപോയി കുത്തി, പേറ്റി, വൃത്തിയാക്കി തരുന്ന നാടൻ കുത്തരിയുമായി അടുക്കളയിലേക്ക്... പറമ്പിലുണ്ടാവുന്ന താള്, വാഴക്കൂമ്പ്, കാമ്പ്, വെള്ളരിക്ക, മാങ്ങ, ചക്കക്കുരു, ഒക്കെയായി ഒരു പുളിങ്കറി, നാളികേരമരച്ച് ചമ്മന്തിയും പിന്നെ ഉപ്പിലിട്ടത് സ്ഥിരമായി കാണും.

ഭാഷയിലെ അന്തരം മൂലം ജോലിക്കാരുമായുള്ള ഇടപെടലുകൾ ആദ്യമൊക്കെ തീരെ പ്രയാസമായിരുന്നു. മുഖഭാവം നോക്കി അവർ സഹായത്തിനെത്തും. തനി വടക്കൻ, പയ്യന്നൂർ ഭാഷ ഒട്ടും മനസ്സിലാകാതെ മാസങ്ങളോളം ഊമയെപ്പോലെ ജീവിക്കേണ്ടി വന്നു.

"ഇത് മലയാളം തന്നെയോ?" എന്ന് തോന്നിയിരുന്ന നാളുകൾ.

നാലുകെട്ടിനകത്ത് കർശനമായിരുന്നു 'ശുദ്ധം.'

അവിടെ എല്ലാവരെയും നിയന്ത്രിക്കുന്ന ഇല്ലത്തമ്മയുടെ ഭരണനൈപുണ്യം! ഏക്കർ കണക്കിനുള്ള ഭൂസ്വത്ത്, കൃഷി, വിപുലമായ ബന്ധുനിര, ഇതൊക്കെ ഉണ്ടാക്കുന്ന വിശ്രമമില്ലാത്ത ജീവിതത്തിനിടയിൽ പ്രസവങ്ങളും കുട്ടികളെ വളർത്തലും കൂട്ടുകുടുംബത്തിന്റെ ഇമ്പയിൽ സ്നേഹത്തിന്റെ നോവറിയാതെ കടന്നുപോയി.

പിന്നെ, അഞ്ച് മക്കളേയും കൂട്ടി പുതുതായി പണിത മഠത്തിലേക്ക് താമസം മാറ്റി. പ്രായമായ അച്ഛനുമമ്മയും ഒപ്പമുണ്ടെന്ന ആശ്വാസം. ആ ആശ്വാസതുരുത്തിൽ പൊടുന്നനെ ഒരു ഇടിമിന്നൽ പോലെ വലിയ ആഘാതവുമായി കുട്ടികളുടെ അച്ഛൻ കടുത്ത രോഗാവസ്ഥയിലാവുന്നു. ദീർഘമായ ചികിത്സ... ജോലി നഷ്ടപ്പെടുമെന്ന ഭീഷണി.. കുട്ടികളെ പോറ്റാൻപോലും വരുമാനമില്ലാത്ത അവസ്ഥ. താളം തെറ്റിയ ജീവിതരംഗങ്ങൾ.... ഒപ്പം ഭൂപരിഷ്ക്കരണ നിയമം മൂലം പാട്ടവും വാരവും കിട്ടാതെയുമായി. ഭൂസ്വത്തുക്കൾ നഷ്ടമാവുകയും ചെയ്തു.

ഭഗവതിയുടെ കടാക്ഷം... അദ്ദേഹത്തിന് സുഖമാവുന്നു... തിരികെ ജോലിയിലേക്ക്... പിന്നെയും മൂന്ന് ആൺകുട്ടികൾ കൂടി.

അങ്ങനെ എട്ടു കുട്ടികളും കുറേ പശുക്കൾ, ആടുകൾ, തെങ്ങിൻ നഴ്സറി, തിരക്കും ബദ്ധപ്പാടുമായി ജീവിതം മുന്നോട്ടു പോയിക്കൊണ്ടിരുന്നു. മൂത്ത മകന് ജോലി കിട്ടുന്നു, മൂത്ത രണ്ടു കുട്ടികളുടെ വിവാഹം... അദ്ദേഹത്തിന്റെ റിട്ടയർമെന്റ്.

പിന്നെ, അദ്ദേഹം വീണ്ടും അസുഖബാധിതനാകുന്നു. നീണ്ട 17 വർഷക്കാലം. വീട്ടിനുള്ളിൽ ഒതുങ്ങുന്നു. ജീവിതത്തിലെ വിഷാദ നാളുകൾ.... ഒടുവിൽ കഠിനാദ്ധ്വാനത്തിനു പര്യായമായ, പ്രഗത്ഭ അധ്യാപകനും മികച്ച കർഷകനുമായ ആ പുണ്യാത്മാവ്, എന്നെ മക്കളുടെ കൈകളിലേല്പിച്ച് വിട പറഞ്ഞു. ശിഷ്ടജീവിതത്തിൽ തേങ്ങലുകൾ സമ്മാനിച്ചുകൊണ്ടേയിരുന്നു ആ മധുരസ്മരണകൾ. കഷ്ടപ്പാടുകളിൽ കരുത്തും തുണയുമായിരുന്നു ആ സ്നേഹധനൻ. കുട്ടികളുടെ വിദ്യാഭ്യാസം... രണ്ട് പെൺകുട്ടികളുടെ വിവാഹം... ഒടുവിൽ എല്ലാവർക്കും ജോലി, വിവാഹം, വീട്.. ജീവിതം ഒന്ന് സ്വസ്ഥമാകുമ്പോഴേക്കും പിന്നെയും പിടിവിടാത്ത നൊമ്പരങ്ങളുടെ ജൈത്രയാത്രയിൽ നഷ്ടമായത് പ്രിയപ്പെട്ട മൂന്ന് മക്കളെ... മൂത്ത മകൻ, മകൾ, ആറാമത്തെ മകനും.

പേരക്കുട്ടികളുടെ സ്നേഹലാളനകൾ പ്രകാശിതമാക്കിയ ജീവിതസായാഹ്നം! വല്ലപ്പോഴും എഴുമറ്റൂരിൽ നിന്നെത്തുന്ന സ്വന്തക്കാരുടെ വിരുന്നുകൾ ഓർമ്മയിലെ സുവർണ്ണരേഖകളായിരുന്നു.

വിപുലമായ ഒരു ക്ഷത്രിയ കുടുംബത്തിന് വടക്കേ മലബാറിൽ വേരുകളുറപ്പിച്ച് 02.02.22 ന് നിത്യതയുടെ നിദ്രയിലേക്ക് മറയുമ്പോഴും പത്മിനി തമ്പുരാട്ടിയുടെ മുഖത്ത് പോരാട്ടത്തിന്റെ, സഹനത്തിന്റെ, സ്നേഹത്തിന്റെ ദാനത്തിന്റെ ക്ഷാത്രവീര്യം പ്രകാശിച്ചുകൊണ്ടേയിരുന്നു. ●

മണലൂർ തുള്ളൽ കളരി, മികച്ച ഓട്ടൻ തുള്ളൽ കലാകാരന് എല്ലാവർഷവും നൽകി വരുന്ന മലബാർ രാമൻനായർ സ്മാരക പുരസ്ക്കാരം ലഭിച്ചത് പ്രശസ്ത ഓട്ടൻതുള്ളൽ കലാകാരനായ സുരേഷ് വർമ്മ (അമ്പലപ്പുഴ ക്ഷത്രിയസഭാ യൂണിറ്റംഗം) യ്ക്കാണ്. തൃശ്ശൂർ കാഞ്ഞാണിയിലുള്ള മണലൂർ തുള്ളൽ കളരിയിൽ വച്ച് നടന്ന ചടങ്ങിൽ പ്രശസ്ത സിനിമാ സംവിധായകൻ സത്യൻ അന്തിക്കാട് പുരസ്ക്കാരം നൽകി ആദരിച്ചു. സുരേഷ് വർമ്മയ്ക്ക് എല്ലാവിധ അനുമോദനങ്ങളും നേരുന്നു.




*മലബാർ രാമൻ നായർ സ്മാരക ഓട്ടൻതുള്ളൽ പുരസ്കാര ജേതാവായ അമ്പലപ്പുഴ സുരേഷ്‌വർമ്മയെ അനുമോദിക്കാനായി പ്രസിദ്ധ സിനിമാ സംവിധായകൻ സത്യൻ അന്തിക്കാട് എത്തിയപ്പോൾ.*

# ഒരു മാലക്കഥ



പി.വി.ആർ. തിരുമുൽപ്പാട്, കുറ്റിലഞ്ഞി

അമ്പലത്തിലെ തിടപ്പിള്ളിക്കടുത്തിരുന്ന് മാല കെട്ടിക്കൊണ്ടിരുന്ന വലിയ വാരസ്യാരുടെ അരികിലേക്ക് ചൊറുചൊറുക്കുള്ള ഒരു പെൺകുട്ടി ചെന്ന് ഒറ്റ ചോദ്യം.

"മുത്തശ്ശി എന്നെ മാലകെട്ടാൻ കൂട്ടാമോ?" വലിയ വാരസ്യാർ അത്ഭുതപ്പെട്ടു. കുളിച്ച് വാലിട്ട് കണ്ണെഴുതി മഞ്ഞ പ്രസാദക്കുറി തൊട്ട് കെട്ടു പാവാടയും ചുറ്റിനിൽക്കുന്ന കുഞ്ഞ് മഹാലക്ഷ്മി രൂപം'!

ചോദ്യം കേട്ട് വാരസ്യാർ ഒന്ന് "ഹരേ മുകുന്ദാ" യെന്ന് പറഞ്ഞ് ഒരു മുല്ലമൊട്ട് കുട്ടിക്ക് നീട്ടി. ഇവിടെ ഇരിക്കു. മുത്തശ്ശി പഠിപ്പിക്കാം. ഇവിടെ അടുത്തു വരു. കുട്ടിയുടെ പേരെന്താ, എവിടെ ത്തെയാണെന്ന് സ്നേഹത്തോടെ ചോദിച്ചു. ഞാൻ മിനി. പള്ളിപ്പുറം വീട്ടിലെ ജാനകിയുടെ എളേ മോള്. മടിയില്ലാത്ത മറുപടി. വാരസ്യാർക്ക് സന്തോഷമായി. വാരസ്യാർ ഉത്തരം പറഞ്ഞു. "ശരി പഠിപ്പിക്കാം. പൂവും വള്ളിയും കൊണ്ടു വരണം. എന്നും വരണം. നാളെയെങ്കിലും അമ്മ യേയും കൂട്ടിവരണം. തിരുമേനിക്ക് ഒരു ദക്ഷിണ ഒരു നമസ്കാരം. അതിനു ശേഷം ഈ ഭഗവതിയെ യോർത്ത് ഒരു കീർത്തനം. പിന്നെ തുടങ്ങാം." എല്ലാം ശ്രദ്ധിച്ച് കേട്ട മിനി ഒന്നും മിണ്ടിയില്ല. മുത്തശ്ശിയെന്ന് വിളിച്ച് മിനി മൌനമായി. പൂവില്ല, വള്ളിയില്ല. അമ്മ ബോധമില്ലാതെ കിടപ്പായിട്ട് ഒരു കൊല്ലമായി, അച്ഛൻ പറഞ്ഞിട്ടാണ് ഞാൻ വന്നത്. മാല കെട്ടി കൊടുത്താൽ എന്തെങ്കിലും കിട്ടു മെന്നച്ഛൻ പറഞ്ഞു. വാരസ്യാർ മിനിയുടെ കവിളിൽ ഒന്നു തലോടി, ഒന്നും വേണ്ട മോള് വന്നാൽ മതി ഞാൻ പഠിപ്പിക്കാം. ചിരിച്ചു കൊണ്ട് നിന്ന മിനിക്ക് ഏതോ ഒരു ഭക്ത വെള്ള നിവേദ്യത്തിന്റേയും പാൽപായസത്തിന്റേയും ഒരു രസീത് നീട്ടി. മടിച്ച് നിന്ന മിനിയോട് വാങ്ങിക്കൊള്ളാൻ വാരസ്യാർ ആംഗ്യം കാട്ടി. ഉച്ചപ്പൂജ കഴിഞ്ഞപ്പോൾ ധാരാളം നിവേദ്യച്ചോറും പാൽപ്പായസവും കിട്ടി. വാരസ്യാർ പ്രസാദം കൊടുത്തു എന്നിട്ട് അമ്മയെ മുഖം കഴുകിച്ച് ജലം തളിച്ച് പ്രസാദം തൊടുവിച്ച് നിവേദ്യ വസ്തുക്കൾ കഴിക്കുമെങ്കിൽ കൊടുക്കാൻ വാരസ്യാർ പറഞ്ഞു.

പിറ്റേന്ന് സന്തോഷത്തോടെ മിനി വന്ന് തൊഴു തതിന് ശേഷം വാരസ്യാരുടെ അരികിൽ വന്ന് നമസ്കരിച്ചു. അന്നു തുടങ്ങിയ മാലകെട്ട് ഇന്നും അറുപതു വർഷം കഴിഞ്ഞിട്ടും തുടരുന്നു. എല്ലാ വരും മിനിപ്പേര് മറന്നു. എന്നെ മാല വല്യമ്മ എന്ന പേര് ഓർത്ത് വിളിക്കുന്നു. എനിക്കിന്ന് ദുഃഖ ങ്ങളില്ല. യാതനകളില്ല. സദാ സമയവും ശ്രീകോവി ലിലെ ഭഗവതിയും മുത്തശ്ശി വാരസ്യാരും മാത്രം മനസ്സിൽ. ●




## ശ്രീ അനന്തപുരി അന്യോന്യം

**പത്മതീർത്ഥക്കരയ്ക്കു വടക്കുവശം, കോട്ടയ്ക്കകം, തിരുവനന്തപുരം**

ബ്രാഹ്മണ - ക്ഷത്രിയ വംശജരുടെ സീമന്തം, അന്നപ്രാശം, ചൗളം, ഉപനയനം, സമാവർത്തനം, സപിണ്ഡി, ആണ്ടുശ്രാദ്ധം എന്നീ ചടങ്ങുകൾ വിധി യാംവണ്ണം നടത്തുന്നതിനുള്ള പുണ്യസ്ഥലം



**ബന്ധപ്പെടുക: ജി. രാമവർമ്മ ( സെക്രട്ടറി) : 9447744915**

ഒരു മുത്തശ്ശിക്കഥ

# ചിരുതൈക്കുട്ടിയും പന്ത്രണ്ട് അമ്മായിമാരും..

**ധനഞ്ജയവർമ്മ,** പിലാത്തറ



**പ**ഴയ തറവാട്ടിൽ പണ്ട് നടന്ന കഥയാണിത്. പഴയതാണെങ്കിലും അതിന് പുതിയ വീട് എന്നാണ് പേര്. അവിടെയാണ് പത്തു വയസ്സുള്ള ചിരുതൈക്കുട്ടിയും അവളുടെ പന്ത്രണ്ട് അമ്മായിമാരും താമസിച്ചിരുന്നത്. അവർക്ക് കണക്കറ്റ സ്വത്ത് ഉണ്ടായിരുന്നു. അതിനെല്ലാം അവകാശി നമ്മുടെ ചിരുതൈകുട്ടി മാത്രം! ചിരുതൈക്കുട്ടിയുടെ കുഞ്ഞു പ്രായത്തിൽത്തന്നെ അവളുടെ അമ്മ മരിച്ചുപോയി. അതുകൊണ്ട് അമ്മാവന്മാരുടെ സംരക്ഷണത്തിലാണ് അവൾ വളർന്നത്.

അവളെ ഏറ്റവുമധികം സ്നേഹിച്ചിരുന്നത് ചിരുകണ്ടൻ എന്ന ഇളയ അമ്മാവനായിരുന്നു. എല്ലാ അമ്മാവൻമാരും ഓരോരോ ജോലിക്കായി ഗ്രാമം വിട്ടു. പിന്നീട് അമ്മായിമാരുടെ കീഴിലാണ് അവൾ ജീവിച്ചത്. അങ്ങനെ കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അടുത്ത പടി എന്ത് വേണമെന്ന് അമ്മായിമാർ ആലോചിച്ചു. ഈ സ്വത്തിന് മുഴുവൻ അവകാശിയായ ചിതുതൈക്കുട്ടിയെ എങ്ങനെയെങ്കിലും വക വരുത്തണം. അപ്പോൾ സ്വത്ത് മുഴുവൻ നമ്മുടെ കൈയിൽ വരും. അതുകൊണ്ട് നമുക്ക് ഇവിടെ സുഖമായി ജീവിക്കാം. പന്ത്രണ്ട് അമ്മാവന്മാർക്ക് പന്ത്രണ്ട് മുറി! പരമസുഖം. ങാ... നമുക്കൊരു കാര്യം ചെയ്യാം. ഇവളെ രാത്രി കാട്ടിൽ എവിടെയെങ്കിലും കൊണ്ടുവിടാം. വല്ല നരിയോ, ചെന്നായോ കടിച്ച് കീറി തിന്നട്ടെ. അപ്പോൾ എന്തായാലും നമുക്ക് നല്ലതേ വരൂ.

അങ്ങനെ ചിരുതൈക്കുട്ടിയെ ശരിപ്പെടുത്താനുള്ള ഉദ്ദേശത്തോടെ പന്ത്രണ്ട് അമ്മായിമാരും കൂടി ഒരു ദിവസം തകര (തവര) പറിക്കാനെന്നും പറഞ്ഞ് ചിരുതൈക്കുട്ടിയേയും കൂട്ടി കാട്ടിലേക്ക് പുറപ്പെട്ടു. തകര പറിച്ച് പറിച്ച് നേരം സന്ധ്യയായി. ചിരുതൈക്കുട്ടി അറിയാതെ കാട്ടിൽ ഉറങ്ങിപ്പോയി. ഇതുകണ്ട് അമ്മായിമാർക്ക് സന്തോഷമായി. അങ്ങനെ അവളെ കാട്ടിൽ തനിച്ചുപേക്ഷിച്ച് എല്ലാവരും നാട്ടിലേക്ക് മടങ്ങിപ്പോയി. നേരം ഇരുട്ടിയപ്പോൾ കാട്ടിൽ നിന്ന് മുരണ്ടുകൊണ്ട് ഒരു വലിയ നരി കുട്ടിയുടെ അടുത്ത് വന്നുനിന്നു. അവൾ ഞെട്ടിയുണർന്നു. അമ്മായിമാരേന്ന് നിലവിളിച്ചു. പാവം, അവളുടെ നിലവിളി ആര് കേൾക്കാൻ.... അവൾ ധൈര്യം സംഭരിച്ച് നരിയോട് പറഞ്ഞു. "നരിയമ്മാവാ, നരിയമ്മാവാ, എന്നെ കൊല്ലരുത്, എന്നെ കൊല്ലരുത്. ഞാനൊരു പാവമാണ്. എന്നെ കൊല്ലാതെ വീട്ടിലെത്തിച്ചാൽ ഞാൻ ഒരു വലിയ പശുവിനെ തിന്നാൻ തരാം. കുട്ടി സത്യം ചെയ്തു. നരിക്ക് വിശ്വാസമായി. നരി അവളെ പുറത്ത് കയറ്റി സാവധാനം വീട്ടിലേക്ക് നടത്തം ആരംഭിച്ചു. ഭയം കൊണ്ടും നരിയുടെ രോമം മേലുരസിയും അവൾ അവശയായി. അങ്ങനെ ഒരുവിധം വീട്ടിലെത്തി എന്നു പറഞ്ഞാൽ മതി. സമയം ഏറെ രാത്രിയായില്ലെ, അതുകൊണ്ട് എല്ലാവരും നല്ല ഉറക്കത്തിലായിരുന്നു. ചിരുതൈക്കുട്ടി ഒന്നാമത്തെ അമ്മായിയുടെ വാതിലിൽ മുട്ടിവിളിച്ചു. "ഒന്നാമത്തമ്മായീ... അമ്മായീ... പുലിപ്പുറം കേറി ഞാൻ പുലിവാല് പിടിച്ചു ഞാൻ.. ഒന്ന് വാതില് തുറക്ക്വോ?" ഉത്തരം എടുത്തിട്ടപോലെ അമ്മായിയിൽ നിന്നുണ്ടായി. "ഇല്ലാ." അവൾ അടുത്ത രണ്ട് മൂന്ന് വാതിലുകൾ മുട്ടി. തുറന്നില്ല. ചിരുതൈക്ക് നല്ല പേടിയായി തുടങ്ങി. വാക്ക് പാലിച്ചില്ലെങ്കിൽ നരി അവളെ

തിന്നുമെന്നുറപ്പ്. അടുത്ത അഞ്ചാമത്തെയും ആറാമത്തെയും വാതിൽ തുറന്നില്ല. ഏഴാമത്തെ അമ്മായിയുടെ വാതിലിൽ മുട്ടി അവൾ കേണു. "ഏഴാമത്തമ്മായീ... അമ്മായീ... പുലിപ്പുറം കേറി ഞാൻ പുലിവാല് പിടിച്ചു ഞാൻ, പുലി മുതു തറയ്ക്ക്ണ്. കണ്ണുനീരെണ്ണയായ്, കാൽപ്പൊടി വാടകയായ്... ഒന്നു വേഗം വാതില് തുറക്കമ്മായീ... അല്ലെങ്കിൽ എന്നെ പുലി തിന്നും" എന്ന് കരഞ്ഞപേക്ഷിച്ചു. ഇവിടെയും ഫലം കണ്ടില്ല. ഇനിയങ്ങോട്ട് അവളുടെ ജീവിക്കാനുള്ള ആശ നശിച്ചു കൊണ്ടിരിക്കുകയാണ്. കാരണം ഇനി ഒരു വാതിൽ മാത്രമേ ബാക്കിയുള്ളു. ഏറ്റവും ഇളയമ്മായിയുടെ വാതിൽ. അതും തുറന്നില്ലെങ്കിൽ പുലി അവളെ കൊന്ന് തിന്നും എന്ന് പറയേണ്ടതില്ല. അവസാനം പ്രതീക്ഷ മുഴുവൻ തകർന്ന് തൊണ്ടയിടറിക്കൊണ്ട് അവൾ പാടി.." പന്ത്രണ്ടാമത്തമ്മായീ, അമ്മായി... പുലിപ്പുറം കേറി ഞാൻ, പുലിവാല് പിടിച്ചു ഞാൻ. പുലി മുതു തറയ്ക്ക്ണ്. കണ്ണുനീരെണ്ണയായ്, കാൽപ്പൊടി വാകയായ്...' ഇപ്പൊ തുറന്നില്ലെങ്കിൽ അമ്മായീ, ഈ ജീവൻ അപകടത്തിലാകും" എന്നു പറഞ്ഞ് പടിപ്പുറത്ത് കുഴഞ്ഞ് വീണു. അപ്പോൾ പുലി മുരണ്ടുകൊണ്ട് അവളുടെ അടുത്ത് നില്പുണ്ട്. പെട്ടെന്നതാ കതക് തുറക്കുന്ന ശബ്ദം. ചിരുതൈക്കുട്ടിക്ക് ജീവൻ കിട്ടി. ഇളയമ്മാവന്റെ ഭാര്യ കതക് തുറന്നു. അവളെ എടുത്ത് കൊണ്ട് കട്ടിലിൽ കിടത്തി. പുലിക്ക് ഒരു പശുവിനെയും പിടിച്ചുകൊടുത്തു. പുലി അതിനേയും കൊണ്ട് കാട്ടിൽ മറഞ്ഞു.

ജോലിസ്ഥലത്തു നിന്ന് അമ്മാവന്മാർ വന്നപ്പോൾ, വേദനിപ്പിക്കുന്ന ഈ വിവരങ്ങൾ അറിഞ്ഞ് അവരുടെ മനസ്സ് പിടഞ്ഞു. ഉടൻ അമ്മായിമാർക്ക് കൊടുക്കേണ്ട ശിക്ഷ അമ്മാവന്മാർ വിധിച്ചു. പെട്ടെന്ന് അത് നടപ്പാക്കുകയും ചെയ്തു. ഓരോ അമ്മായിമാരുടേയും തലയിൽ നെരിപ്പോടും തീയും വെച്ച് അവരെ നാട് കടത്തിവിട്ടു. എല്ലാവരും ഇളയ അനിയന്റെ ഭാര്യയെ (ചിരുതൈക്കുട്ടിയുടെ ഇളയമ്മായി) അവരുടെ മനസ്സിന്റെ നന്മയെ വാനോളം പുകഴ്ത്തി. അവർക്ക് പ്രത്യേക പരിഗണനയും അംഗീകാരവും നൽകി.

നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ മുത്തശ്ശിക്കഥ ഇവിടെ അവസാനിക്കുന്നു. ●

# ഡോ കെ മുത്തുലക്ഷ്മി സംസ്കൃത സർവകലാശാല പ്രോ വൈസ് ചാൻസലർ



ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ പുതിയ പ്രോവൈസ് ചാൻസലറായി ഡോ. കെ. മുത്തുലക്ഷ്മി ചുമതലയേറ്റു. സിൻഡിക്കേറ്റ് യോഗത്തിൽ വൈസ്ചാൻസലർ പ്രൊഫ. എം. വി. നാരായണൻ പ്രോ വൈസ്ചാൻസലറായി ഡോ. കെ. മുത്തുലക്ഷ്മിയെ നിർദ്ദേശിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു.

ഡോ. കെ. മുത്തുലക്ഷ്മി, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിൽ സംസ്കൃതം വേദാന്തവിഭാഗം പ്രൊഫസറും റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെൽ ഡയറക്ടറുമാണ്. 25 വർഷത്തെ സർവ്വകലാശാല അധ്യാപന പരിചയമുള്ള ഡോ. മുത്തുലക്ഷ്മി, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ഇന്ത്യൻ മെറ്റാഫിസിക്സ് ഫാക്കൽട്ടി ഡീനും സംസ്കൃതം വേദാന്തവിഭാഗം അധ്യക്ഷയുമായിരുന്നു. നിലവിൽ മധുര കാമരാജ്, ശ്രീ ശങ്കരാചാര്യ, എം. ജി., കേരള, ശ്രീ നാരായണ ഓപ്പൺ സർവ്വകലാശാലകളിൽ സംസ്കൃതം പി. ജി. ബോർഡ് ഓഫ് സ്റ്റഡീസ് അംഗമാണ്. 2008-ൽ വിവർത്തനത്തിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. നാല് പുസ്തകങ്ങളും നിരവധി ഗവേഷണ പ്രബന്ധങ്ങളും രചിച്ചിട്ടുണ്ട്. ചാലക്കുടി സ്വദേശിനി. പരേതരായ പത്മഭൂഷൺ വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാടിന്റെയും വിശാലാക്ഷി തമ്പുരാട്ടിയുടെയും മകളാണ്.

## SREEKRISHNA BALALEELA -1

# POOTHANAMOKSHAM

**Dr. Kumuda Bai,** Poonjar



Poothana, a ferocious demoness, was a member in the council of ministers of Kamsa. She was notorious for her expertise in infanticide and was deputed by Kamsa to search the whole country and kill all new borns of 10 days or less age. She freely travelled all over earth executing that job, enjoying the feast on tender meat and young blood of newborns. But she couldn't approach places where Bhagavan's Namasankeerthanas were being held. Then how could she enter Gokulam? That was because He willed it and her time for attaining sayoojyam was nearing. There is something special in the naming of this leela too : 'Poothana Moksham' and not 'Poothana Vadham' as in the other killings of demons who came one after the other to Gokulam to kill Krishna at Kamsa's bidding.

She came to Gokulam one evening in the disguise of a very attractive damsel. Her long curly black hair was beautifully coiffured and decorated with fresh jasmine garlands, wearing very fine silk clothes around her body, ornaments studded with dazzling diamonds in the ears and neck and bangles and anklets, smiling face darting her wide sparkling eyes this way and that way, walking with a sway, holding a lotus flower in her hand, through the streets of Gokulam stealing the hearts of onlookers making everyone wonder whether she is Sreedevi herself on a visit to her husband Sriyapathi.

She was led straight to Nandagopa's house sparing the other babies' homes by Bhagavan's will. She entered it uninvited and saw there a normal baby as He was hiding his aura like ashes covering a fireball. He closed his eyes immediately either because he didn't want to look at this devil going around killing innocent babies or feeling ashamed that in this incarnation too he has to start his mission with killing a woman (in Sreerama avathar he started with Thadaka vadham) or he didn't want her to see the beauty of his lotus eyes, no body knows She took the baby into her lap and started playing with him not knowing that he is Kalasarpam (Kala serpant) about to bite her. Yashoda and Rohini didn't protest as it may be against good conduct when such a gentle lady is doing it. Not wasting time Poothana started to suckle the baby with her poison smeared breast. Bhagavan caught hold of her breast like a ripe mango fruit and sucked her life force also along with the poison. Bhagavan doesn't discriminate, he will accept all good or bad unto himself.

The moment Bhagavan started to draw on her breast Poothana experienced severe pain all over her body and sweating as if she is dying and cried : "Ayyo! Stop, stop. Leave, leave!" and tried to push the baby off. Howling and thrashing her limbs on the floor with wildly rolling eyeballs, she fell back dead like a black mountain with limbs, her disguise gone in her distress. Her huge body covered a wide area of 6 'katham'(a measure of distance of one's howling heard.) smashing the trees under, but no injury to life. The village folk swooned on hearing the scary howls from her. When they came round they saw a mountainous ferocious figure with plough like canines, cave like nostrils, deep dried up well-like eyes, huge rocklike breasts, deep valley like flat middle, disarrayed blood - red locks of hair, widely limbs. Witnessing this tragic event Yeshodamma and Rohiniamma fainted. The

Gopis who saw the Yashodanandan lying kicking his limbs on the chest of the demoness hurriedly ascended the hill-like body fearlessly and took the baby down. They did all sorts of rituals for the safety of the small baby to ward off all evil influences on a scared infant like sweeping with cow's tail, washing with cow's urine smearing with govdooli (dust from cow's hooves) touching the 12 important centers with cowdung and water chanting "Let the birthless Ajan protect your feet. Animan with unimaginable greatness protect your knees, Yajnan the thighs, Achyutha the waist, Hayagreeva the abdomen, Keshava the heart, Eswara the chest, Inan the neck, Vishnu the arms, Vamana the face and Esan the head. Let Chakry protect from front, Gamgadhara from back, Madhusoodana & Ajana from sides, Urugaya from 4 corners, Upendra from above, Tharkshya from bhoomi and Haladhara from below, and Paramapurusha all around. Let Anirudha protect your intelligence, Samkharshana your ego, Vasudeva your chith, Pradhyumna mind. Let Govinda protect you while playing, Madhava on lying down, Vaikunda while travelling, Sriyapathy when sitting, Yajnabhuk while eating. Let Vishnu's Holy names scare away the dakinis, demons, kooshmandas, devils, poothana, kodara, revathi, iyeshta,matrukkal, prethas, evil spirits, unmada apasmara bad dreams and all bad influences. The Gopis were devout Vaishnavites. After the rituals they gave the baby to Yashoda to give him the breast milk. Seeing that he is sucking well with gusto, reassured about his health, they put him to sleep. Meanwhile Nandagopa and party reached home, heard about the bad incidents, saw the huge dead body of the demoness. They had to cut it to pieces to be carried away to a far place for cremation. Surprising everyone, a nice smell like agaru spread around that area when the body was burning unlike the bad smell from a normal dead body proving that all her sins were washed off purifying her by her contact with Bhagavan and her life force being drawn unto Him! ●

*കരപ്പുറം തുടർച്ച..... പേജ് 23-ൽ നിന്നും*

ഏഴു പതിറ്റാണ്ടു നീണ്ട സഭാ പ്രവർത്തനങ്ങൾക്ക് ചോരയും നീരും നൽകി മുന്നോട്ടു നയിച്ച നേതാക്കളോട് സഭ എന്നെന്നും കടപ്പെട്ടിരിക്കുന്നു. സുദീർഘമായ കാലയളവിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ച എൻ. ബാലരാമവർമ്മ സഭയുടെ അസ്ഥിവാരം ഇടുന്നതിനും ശക്തമായ ഭരണസംവിധാനം രൂപപ്പെടുത്തുന്നതിലും മുൻപന്തിയിലാണ്. വാരനാട് ക്ഷേത്രസമിതിയിൽ സ്ഥിരം പ്രതിനിധിയായിരുന്ന എൻ. ഉദയവർമ്മ മൂന്നര പതിറ്റാണ്ടോളം ക്ഷേതഭരണകാര്യങ്ങളിൽ ആധിപത്യം പുലർത്തുകയും പിന്നീട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പദവി നേടിയെടുക്കുകയും ചെയ്തു.

സാഹിത്യം, കല, വിദ്യാഭ്യാസം മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിരുന്ന സഭാംഗങ്ങൾ കരപ്പുറം സഭയെ സമ്പന്നമാക്കിയിരുന്നു. സിനിമാരംഗത്തെ അതികായനായ, മൂന്നുവട്ടം ഏറ്റവും നല്ല ഗാനരചയിതാവായി തിരഞ്ഞെടുക്കപ്പെട്ട വയലാർ രാമവർമ്മ സഭയുടെ അഭിമാനമാണ്. നോവൽ, ചെറുകഥാ രംഗത്ത് പരക്കെ അറിയപ്പെടുന്ന കെ. എൽ. മോഹനവർമ്മ, സിനിമാ-കഥകളി രംഗത്തെ ജഗന്നാഥ വർമ്മ, കവിയും സാഹിത്യകാരനും കേന്ദ്ര ഗവൺമെന്റിൽ ഉന്നത ഉദ്യോഗസ്ഥനുമായിരുന്ന കെ.എൽ. ശ്രീകൃഷ്ണദാസ്, ആതുര ശുശ്രൂഷാരംഗത്തെ ഡോ. മല്ലിനാഥൻ, കഥകളിലും കവിതകളിലും കൂടി തന്റെ സർഗ്ഗവൈഭവം തെളിയിച്ച പി.കെ. നന്ദനവർമ്മ, അദ്ദേഹത്തിന്റെ സഹധർമ്മിണി വയലിൻ വാദനവിദുഷി ലേഖാ വർമ്മ, മൃദംഗ വായനയിൽ പ്രതിഭ തെളിയിച്ച ശ്രീകുമാരവർമ്മ, ശാസ്ത്രകാരൻ ഡോ. ഹരികൃഷ്ണ വർമ്മ, ബിസിനസ്സിൽ സ്വന്തം സാമ്രാജ്യം പടുത്തുയർത്തിയ ആർ. വി.തമ്പാൻ തുടങ്ങിയവരെല്ലാം കരപ്പുറം ക്ഷത്രിയസഭയുടെ തേജോപുഞ്ജങ്ങൾ ആണ്.

പുതിയ നയങ്ങളും പുതിയ മുഖങ്ങളും സഭയുടെ പ്രൗഢിയും പ്രതാപവും കാത്തുസൂക്ഷിക്കുന്നതിൽ ഭരണരംഗത്തുണ്ടെന്നത് ആശ്വാസകരം തന്നെ.

**കെ. എൻ.എസ്. വർമ്മ** (*മുൻ സംസ്ഥാന പ്രസിഡന്റ്*)

# കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം



**വേലൂർ പരമേശ്വരൻ നമ്പൂതിരി**
കുട്ടമ്പേരൂർ, ആലപ്പുഴ. മൊ.9447978024

*സംഗീത സാഹിത്യ രസാനുഭൂത്യൈഃ*
*ശ്രോത്രദ്വയം കല്പിതവാൻ വിധാതാ*
*ഏകേന ഹീന പുനരേക കർണ്ണഃ*
*ദ്വാഭ്യാം വിഹീന ബ്ബധിരസ്സയേവ"*

സൃഷ്ടികർത്താവ് മനുഷ്യന് രണ്ടു ചെവി തന്നിട്ടുള്ളത് സംഗീതം, സാഹിത്യം എന്നിവയുടെ ആസ്വാദനത്തിനുവേണ്ടിയാണ്. ഇവയിൽ ഒന്നുമാത്രം ആസ്വദിക്കുന്നവൻ ഒറ്റച്ചെവിയനും രണ്ടും ആസ്വദിക്കാത്തവൻ ബധിരനുമാകുന്നു.

ഏത് പദ്യം കിട്ടിയാലും ഒരു നല്ല അക്ഷരശ്ലോക വിദ്വാന് അതിന്റെ അർത്ഥം മനസ്സിലാകുകയും അന്യർക്ക് വിശദീകരിച്ചു കൊടുക്കുവാനും കഴിയും. അക്ഷരശ്ലോക പടുവിന് പദ കുചേലത്വം ഉണ്ടാവുകയില്ല. പ്രത്യുത പദ കുബേരത്വത്തിന്റെ ഉടമയുമാണയാൾ. ഒരു നല്ല പ്രസംഗ വിദ്വാനുമായിരിക്കും. അയാൾ പ്രസംഗത്തിനിടയിൽ പദ്യങ്ങൾ അഥവാ ശ്ലോകങ്ങൾ ഉദ്ധരിക്കുന്നത് സദസ്യർക്ക് പ്രിയങ്കരമാകും. അവർ ആനന്ദപരവശരാകുകയും പ്രാസംഗികനെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. നമ്മുടെ ഉന്നത വാഗ്മികളെല്ലാപേരും ഒരു നല്ല കാവ്യാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടാണ് പ്രസംഗിച്ചതും സഭാവാസികളെ വശീകരിച്ചതും. തൽസ്ഥാനത്ത് ഇന്നുള്ളവർ പാണ്ഡിത്യ പ്രകടനത്തിനുവേണ്ടി ഇംഗ്ലീഷിനെ കുത്തിക്കയറ്റി പ്രസംഗം അറുബോറാക്കുന്നു. കവിതകൾ അഥവാ ശ്ലോകങ്ങൾ ചൊല്ലി പ്രസംഗിക്കണമെന്നല്ല ഇപ്പറഞ്ഞതിന്റെ ആശയം. പറഞ്ഞത് ആസ്വാദകർ ഉറപ്പിക്കുവാൻ ഒരു മഹാകവിയുടെ പിൻബലമുണ്ടെന്ന് വരുന്നത് വളരെ നല്ലതാണല്ലോ.

ഭാഷയും സാഹിത്യവും അറിയാനും യുക്തിബോധം ഉണരാനും ആത്മസുഖം വളർത്താനും ഗുണപാഠങ്ങളും ലോകതത്വങ്ങളും ഗ്രഹിക്കാനും നമ്മെ പ്രാപ്തമാക്കുന്ന ഒരു ശ്രേഷ്ഠ സാഹിത്യകേളി തന്നെയാണ് ശ്ലോകം ചൊല്ലൽ. 'സ്വാന്തസുഖ' ത്തിനുവേണ്ടിയും ശ്ലോകപഠനം സഹായിക്കുന്നു. നല്ലതുപോലെ ശ്ലോകങ്ങൾ പഠിക്കുന്ന കുട്ടികൾക്ക് നല്ല കവിതകൾ അഥവാ പദ്യങ്ങൾ എഴുതാനും സിദ്ധി കൈവരിക്കാം. കവിതാമത്സരങ്ങളിലും സമസ്യാപൂരണത്തിലും ഇവർ മിടുക്ക് കാണിക്കും. ജീവിതക്ലേശങ്ങൾ മറക്കാനും മനസ്സിന് ആനന്ദം നൽകാനും മനോവ്യാപാരങ്ങളെ ആഹ്ലാദഭരിതമാക്കാനും ശ്ലോകസമ്പത്തിനുള്ള കഴിവ് അപാരം തന്നെയാണ്.

ഈ കഴിഞ്ഞ കോവിഡ് കാലത്ത് ഏകദേശം രണ്ടു വർഷത്തോളം വീട്ടിലിരുന്ന് നരകജീവിതം നയിച്ചവർ പലരും ആശ്വാസം കണ്ടെത്തിയത് ടെലിവിഷനിലും മൊബൈൽഫോണിലും അല്ല. പുസ്തക പാരായണത്തിലും ശ്ലോകപഠനങ്ങളിൽ കൂടിയും ആയിരുന്നു. ഏതാണ്ട് സമീപവാസികളും അല്ലാത്തവരുമായ പതിനെട്ടുപേർ ഈ ലേഖകന്റെ ഗൃഹത്തിൽ വന്ന് പുസ്തകങ്ങൾ വായിക്കുകയും ശ്ലോകങ്ങൾ പഠിക്കുകയും ചെയ്തിരുന്നു എന്നു കൂടി സസന്തോഷം ഇവിടെ സൂചിപ്പിക്കട്ടെ.

ശ്ലോകപഠനസമയത്ത് അക്ഷരശുദ്ധി വരുത്തുന്നതിനും ഏറെക്കുറെ ഇവരെ സഹായിച്ചുവെന്ന് ഇവരുടെ തന്നെ പല സംഭാഷണങ്ങളിൽ കൂടി ഞാൻ ഗ്രഹിക്കുകയും ചെയ്തു. അക്ഷരം എന്നാൽ ക്ഷരം (നാശം) ഇല്ലാത്തതാണെന്നും 'അ' മുതൽ 'ക്ഷ' വരെയുള്ളതാണെന്നും പറഞ്ഞുകൊടുത്തു. മൂന്നാമത്തെ 'അക്ഷരം' 'ഇക്ക', 'ഇപ്പ' 'ഇച്ച' 'ഇട്ട' എന്നൊക്കെ പറഞ്ഞത് 'ക' 'പ' 'ച' 'ട' എന്നൊക്കെ ഇകാര ധ്വനിയില്ലാതെ പറയാനും ഇവർ പഠിച്ചുപോലും.

അതുപോലെ

"കാളയ്ക്കു കൊമ്പു നാല്
മദകരിക്കു കൊമ്പെട്ട്
മങ്കയ്ക്കു സ്തനമില്ല
കുതിരയ്ക്കു കൊമ്പ്" എന്ന പദ്യശകലത്തിലെ തെറ്റുകൾ കോമയിട്ട് ഈ പഠിതാക്കൾ ഗ്രഹിച്ചപ്പോൾ ചിരിയുടെ മാലപ്പടക്കവും പൂത്തിരിയും ഇക്കൂട്ടർ സൃഷ്ടിച്ചു വിട്ടതും ഇപ്പോൾ രസികരസം തന്നെ.

"കാളയ്ക്കു കൊമ്പ്, നാല്
മദകരിക്കു കൊമ്പെട്ട്
മങ്കയ്ക്കു സ്തനം, ഇല്ല
കുതിരയ്ക്കു കൊമ്പ്" എന്ന് പറയുമ്പോഴും 'സ്വാന്തസ്സുഖം' എന്നല്ലാതെ എന്തു പറയാൻ.

"അന്നമ്മയോടൊത്തു ശയിച്ചു കുട്ടി" എന്ന് പറഞ്ഞപ്പോൾ 'അന്നമ്മ' യോടൊത്തല്ല എന്നും അന്ന് 'അമ്മയോടൊത്ത്' എന്നാണെന്നും തിരുത്തിയപ്പോൾ അവർ ചിരിച്ചതിലും രസകരമായിത്തോന്നി. ഭാര്യ വീട്ടിൽ പോയി എന്നത് ഭാര്യ വീട്ടിൽ പോയിയെന്നും 'ആശ്രമം തകർത്തു' എന്നുള്ളത് ' ആ ശ്രമം' തകർത്തു എന്നും പറഞ്ഞു കൊടുത്തു. 'വിരിഞ്ചക്ക, മലാസന' എന്നല്ല പ്രയോഗമെന്നും 'വിരിഞ്ചക്കമലാസന' എന്ന് ചേർത്തു പറയണമെന്നും പറഞ്ഞപ്പോഴും ഇതു തന്നെയനുഭവം.

ഇങ്ങനെ അർത്ഥശുദ്ധി വരുത്തി മലയാളം എഴുതാനും പറയാനും കഴിഞ്ഞത് ഇക്കൂട്ടർക്ക് (ഇവരിൽ രണ്ടുപേർ അധ്യാപകരും മൂന്നുപേർ മലയാളം ബി.എ. ക്കാരുമാണെന്നു കൂടി ഓർക്കുക) വളരെ സഹായമായിട്ടുണ്ട്. 'അത്ര' 'പോലും' എന്ന പ്രയോഗം ഒഴിവാക്കണമെന്നു കൂടി ഞാൻ സൂചിപ്പിച്ചു. അവൻ മിടുക്കനാണത്രേ, അവൾ പണക്കാരിയാണുപോലും. ഇവിടെ അത്ര, പോലും പുച്ഛരസത്തെ സൂചിപ്പിക്കുന്നു.

ശ്ലോകരചനയിൽ അനിതരസാധാരണമായ കഴിവുകൾ കാണിക്കുന്ന പ്രാചീനസൂരികളിൽ നമ്പൂതിരിമാരും തമ്പുരാക്കന്മാരും അദ്വിതീയർ ആണല്ലോ. ഗ്രാമത്തിൽ (ചെങ്ങന്നൂർ താലൂക്കിൽപ്പെട്ട സ്ഥലം) തമ്പുരാന്റെ ശ്ലോകങ്ങൾ ശ്രദ്ധിക്കുക.

*"ആ മന്ദാര മരങ്ങളാണ് തനയൻമാരായി നാലഞ്ചു പേർ*
*പൂമാതാ മകളെന്നുമല്ല, ഭുവന ത്രാതാവു നാരായണൻ*
*ജാമാതാവുമെടോ നിനക്കു കടലേ, നീ തന്നെ രത്നാകരം*
*ശ്രീമത്വം കുറവില്ലലച്ചിലിനിയും നിന്നീലതാണത്ഭുതം!"*

എന്ന ശ്ലോകത്തിലെ ചമത്ക്കാരം പറഞ്ഞു രസിക്കാത്തയാളുകൾ കുറയും. കടലേ, ആൺമക്കളെല്ലാം കല്പവൃക്ഷങ്ങളാണ്. ഐശ്വര ദേവതയായ ലക്ഷ്മീദേവി മകളാണ്. ലോകത്തെ മുഴുവൻ സംരക്ഷിച്ചുപോരുന്ന നാരായണൻ മരുമകനുമാണ്. പോരാത്തതിന് നീ വിവിധതരം രത്നങ്ങൾക്ക് ഖനിയുമാണ്. ഇത്രമാത്രം ഐശ്വര്യം ഉണ്ടായിട്ടും നിന്റെ അലച്ചിൽ നിന്നിട്ടില്ലല്ലോ. ഇതെല്ലാമോർക്കുമ്പോൾ അത്ഭുതം തോന്നുന്നു. കടൽ = ജീവിതസാഗരം. കടലിന്റെ പക്ഷത്തിൽ അലച്ചിൽ തിരയടിക്കലാണ്. ജീവിതത്തിൽ ഒരുവനുണ്ടാകുന്ന ക്ലേശങ്ങളെയാണ് തമ്പുരാൻ സമൃദ്ധിയിലും ദുഃഖിക്കുന്നവരെക്കുറിച്ച് സൂചിപ്പിക്കുന്നത്.

ഇനി, ഗ്രാമത്തിലെ പ്രതിഷ്ഠ ഭഗവാൻ ശ്രീകൃഷ്ണനാണ്. അദ്ദേഹത്തെക്കുറിച്ചുള്ള ശ്ലോകം ഇപ്രകാരമാണ്.

*"പീലിക്കാർകൂന്തൽ കെട്ടിത്തിരുകിയതിൽ*
*മയിൽപ്പീലിയും ഫാലദേശേ*
*ചാലേ തൊട്ടുള്ള ഗോപിക്കുറിയുമഴകെഴും*
*മാലയും മാർവ്വിടത്തിൽ*
*തോളിൽ ചേർത്തു*
*ള്ളൊരോടക്കുഴലു മണികരേ*
*കാലിമേയ്ക്കുന്ന കോലും*
*കോലും ഗോപാലവേഷം കലരുമുപനിഷത്തിന്റെ*
*സത്തേ! നമസ്തേ"*

എത്ര ആസ്വാദ്യകരവും ആനന്ദദായകവുമായ ശ്ലോകങ്ങൾ! ശ്ലോക രചനയിൽ ഗ്രാമത്തിൽ ത്തമ്പുരാൻ അതീവ ശ്രേഷ്ഠനാണെന്ന് ഈ ശ്ലോകങ്ങൾ കൊണ്ട് സഹൃദയർ മനസ്സിലാക്കുമല്ലോ?

*(തുടരും)*

# സംസ്ഥാന ക്ഷത്രിയക്ഷേമസഭ

## സ്കോളർഷിപ്പുകൾ

## മഹാറാണി സേതു പാർവ്വതിബായി സ്മാരക സ്കോളർഷിപ്പ്

മെഡിസിൻ, എൻജിനീയറിംഗ്, ഡിഗ്രി, ഫൈൻ ആർട്സ് എന്നീ വിഭാഗങ്ങളിൽ 2021-ൽ പ്രവേശനം ലഭിച്ച ക്ഷത്രിയക്ഷേമസഭ യൂണിറ്റുകളിലെ അംഗങ്ങളുടെ മക്കൾക്ക് നൽകുന്ന മഹാറാണി സേതു പാർവതിബായി സ്മാരക സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

- പത്താംക്ലാസ്, പ്ലസ്ടു പരീക്ഷകളിൽ ലഭിച്ച മാർക്കുകളും രക്ഷകർത്താക്കളുടെ സാമ്പത്തികസ്ഥിതിയുമാണ് മുകളിൽ വിവരിച്ച സ്കോളർഷിപ്പിനുള്ള യോഗ്യതാമാനദണ്ഡം.

  പൂരിപ്പിച്ച അപേക്ഷകൾ 10, +2 ക്ലാസ്സുകളിൽ ലഭിച്ച മാർക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിസിൻ/എൻജിനീയറിംഗ്/ഡിഗ്രി/ഫൈൻ ആർട്സ് ക്ലാസ്സുകളിലേക്ക് പ്രവേശനം ലഭിച്ചതിന്റെ രേഖ എന്നിവ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ ക്ഷത്രിയക്ഷേമസഭയുടെ പ്രാദേശിക യൂണിറ്റുകൾ മുഖേന **2022 സെപ്റ്റംബർ 15ന്** മുമ്പ് ലഭിക്കത്തക്കവണ്ണം **സെക്രട്ടറി, ക്ഷത്രിയക്ഷേമസഭ, സുന്ദരവിലാസം കൊട്ടാരം, തിരുവനന്തപുരം-23** എന്ന വിലാസത്തിലോ **ആർ. രാമവർമ്മ, ടി.സി 53/2106, ശാന്തിനികേതൻ, കുഴിവിള ലെയിൻ, പാപ്പനംകോട്, തിരുവനന്തപുരം-695 018** എന്ന വിലാസത്തിലോ അയയ്ക്കുവാൻ താല്പര്യപ്പെടുന്നു.

- **അപേക്ഷാഫോറം സഭയുടെ വെബ്സൈറ്റിൽ www.kshathrajalakam.org നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.**

- **മതിയായ രേഖകൾ ഇല്ലാതെ അയയ്ക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിദ്യാർത്ഥിയുടെ മാതാപിതാക്കൾ ജോലി ഉള്ളവരാണെങ്കിൽ, ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വരുമാനസർട്ടിഫിക്കറ്റും സ്ഥിരവരുമാനം ഇല്ലാത്തവർ വില്ലേജ് ആഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റും നിർബന്ധമായും സമർപ്പിച്ചിരിക്കണം. അതാത് യൂണിറ്റിന്റെ പ്രസിഡന്റും സെക്രട്ടറിയും രേഖകൾ പരിശോധിച്ച് മെമ്പർഷിപ്പിന്റേയും വരുമാനത്തിന്റേയും ഉൾപ്പെടെയുള്ള കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെട്ടതായി ഉറപ്പ് നൽകി ഒപ്പിട്ട അപേക്ഷകളാണ് സമർപ്പിക്കേണ്ടത്.**

## അപേക്ഷ ലഭിക്കേണ്ട അവസാന തീയതി: 15 സെപ്റ്റംബർ 2022

# ഉപനയനം

**ചേർത്തല കാട്ടിൽ കോവിലകത്ത് തറവാട്ടിലെ രണ്ട് കുമാരന്മാരുടെ ഉപനയനം 2022 മെയ് 2 തിങ്കളാഴ്ച കാട്ടിൽ കോവിലകത്തു നാലുകെട്ടിൽ വെച്ച് ആചാരവിധി പ്രകാരം നടന്നു**



കാട്ടിൽ കോവിലകത്ത് ആദിത്യവർമ്മയുടെയും
ഗീതാവർമ്മയുടെയും പുത്രൻ
**അനിരുദ്ധ് വർമ്മ**

കാട്ടിൽ കോവിലകത്ത് ഹരികൃഷ്ണവർമ്മയുടെയും മായാ വർമ്മയുടെയും
പൗത്രനും മേലാറ്റൂർ ആയിരനാഴി കോവിലകത്തു മഹേഷ് രാജായുടെയും
അപർണ്ണാ വർമ്മയുടെയും പുത്രനുമായ **ചേതൻ മഹേഷ് വർമ്മ**

# ഷഷ്ട്യബ്ദപൂർത്തി ആശംസകൾ



2022 ഏപ്രിൽ 1
വെള്ളിയാഴ്ച
ഷഷ്ട്യബ്ദപൂർത്തി
ആഘോഷിച്ച ഞങ്ങളുടെ
പ്രിയപ്പെട്ട അമ്മ കാട്ടിൽ
കോവിലകത്തു **മായാ
ഹരികൃഷ്ണവർമ്മയ്ക്ക്**
ആശംസകളുടെയും
പ്രാർത്ഥനകളുടെയും
ഒരായിരം പനിനീർപൂക്കൾ.

**അപർണ്ണ എച്ച്.വർമ്മ & മഹേഷ് രാജാ**
**ചേതൻ മഹേഷ് വർമ്മ**

**അരവിന്ദ് എച്ച്. വർമ്മ & വർഷാ വി. വർമ്മ**

# ശ്രദ്ധാഞ്ജലി




ശ്രീപദ്മനാഭദാസ ചിത്തിരതിരുനാൾ
ബാലരാമവർമ്മ മഹാരാജാവ്
നാടുനീങ്ങിയതിന്റെ 31–ാം വാർഷികത്തിൽ
അന്ത്യവിശ്രമം കൊള്ളുന്ന 'പഞ്ചവടി'യിൽ
പുഷ്പാർച്ചന നടത്തുന്ന പൂയം തിരുനാൾ
ഗൗരി പാർവ്വതിബായിതമ്പുരാട്ടിയും അശ്വതി
തിരുനാൾ ഗൗരി ലക്ഷ്മിബായിതമ്പുരാട്ടിയും




കേംബ്രിഡ്ജ് സർവ്വകലാശാലയിൽനിന്നും Public Policy യിൽ പ്രശസ്ത വിജയത്തോടെ M Phil കരസ്ഥമാക്കിയ **അനഘ വർമ്മ (അമ്മു).** ചേർത്തല വട്ടക്കാട്ട് കോവിലകത്ത് പരേതനായ ഡോ. കെ.എൻ.മല്ലിനാഥന്റെയും ശ്രീമതി കമല ദേവിയുടെയും പൗത്രിയും കേണൽ സതീഷ് ചന്ദ്ര വർമ്മ (റിട്ട) യുടെയും ശ്രീമതി മായ വർമ്മയുടെയും മകളും ആണ്. കാനഡയിൽ കമ്പ്യൂട്ടർ എൻജിനീയറായി ജോലി നോക്കുന്ന ജിഷ്ണു ആണ് ഭർത്താവ്

# "അഭിവാദയേ..."



**വിഷ്ണുപദം പൂകിയ പന്തളം വലിയ തമ്പുരാനും**
**വലിയ തമ്പുരാട്ടിക്കും ആദരാഞ്ജലികൾ**

# വിവാഹ മംഗളാശംസകൾ







ചെന്നൈ 'സ്വാതി'യിൽ രാജേശ്വരിവർമ്മയുടെയും അജിത് വർമ്മയുടെയും
പുത്രിയും പരേതനായ എം. രവിവർമ്മരാജ (കുട്ടൻ ചേട്ടൻ) യുടെയും
വത്സല രവിവർമ്മയുടെയും പൗത്രിയുമായ **പ്രതിഭയും** തൃപ്പൂണിത്തുറ എരൂർ
'നടുവത്തു മന'യിൽ ഗീതയുടെയും എൻ.എം. ദിവാകരൻ നമ്പൂതിരിപ്പാടിന്റെയും
പുത്രൻ **രാകേഷും** തമ്മിലുള്ള വിവാഹം കൊച്ചി 'സരോവര'ത്തിൽ വച്ച്
16 ജൂൺ 2022 വ്യാഴാഴ്ച സമംഗളം നടന്നു.



# സപ്തപദി

## 12

## താരാശങ്കർ ബന്ദ്യോപാധ്യായ

**വിവർത്തനം : ഡോ. കെ.സി. എം. രാജ**

***ഹിന്ദി വിവർത്തനത്തോട് കടപ്പാട് : നേമിചന്ദ്രജയിൻ, രാജ്കമൽ പ്രസിദ്ധീകരണം***

*കഴിഞ്ഞലക്കം തുടർച്ച...*

**ജോ**ൺ ക്ലേറ്റൻ ആകെ മാറിപ്പോയിരുന്നു. കൃഷ്ണേന്ദുവിന്റെ സുഹൃത്തായ ക്ലേറ്റനല്ല അയാൾ ഇന്ന്. സംഭ്രമാത്മകമായ സ്വന്തം ജീവിത കഥ ക്ലേറ്റൻ കൃഷ്ണേന്ദുവിനു വിവരിച്ചുകൊടുത്തു. അയാൾ ഇന്നു കത്തീതീർന്ന ചാരമാണ്. ജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന കഷ്ടതകൾ അയാളെ പാടെ മാറ്റിയിരുന്നു. ആദ്യ ഭാര്യ അയാളെ ഉപേക്ഷിച്ചുപോയി. യുദ്ധക്കാലത്തു തടവുകാരനായി പിടിയ്ക്കപ്പെട്ട അയാൾ കിഴക്കൻ മേഖലയിലുള്ള തടവുകാരുടെ ക്യാമ്പിലായിരുന്നു. ആ ഒരു തടവുജീവിതത്തിന്റെ പരിക്കുകളെല്ലാം ഇന്നും ആ ശരീരത്തിൽ തെളിഞ്ഞു നില്ക്കുന്നുണ്ട്. ചെവിയുടെ സമീപത്തായി വെടിയുണ്ട തുളച്ചു കയറിയതിന്റെ അടയാളം! നെറ്റിയിൽ പ്രത്യക്ഷപ്പെടുന്ന ചുളിവുകൾ. ഔദ്ധത്യം കലർന്ന ആ ഉറച്ച ശബ്ദം ഇന്ന് സൗമ്യവും ശാന്തവുമായി ത്തീർന്നിട്ടുണ്ട്.

ക്ലേറ്റൻ വിവരണം തുടർന്നു: ''യുദ്ധത്തിൽ അവർ എന്നെ തടവുകാരനാക്കി. ഒടുവിൽ സ്വതന്ത്രനായപ്പോൾ കുറച്ചു ദിവസം കാശ്മീരിൽ പോയി താമസിക്കാമെന്നു കരുതി അവിടെ ചെന്നെത്തി. ദേഹത്തിനു അല്പമെങ്കിലും സ്വസ്ഥത ലഭിക്കട്ടെ എന്നാണ് വിചാരിച്ചത്. മനസ്സും ആകെ തളർന്നിരുന്നു. അവിടെ വെച്ചാണ് റീനയെ വീണ്ടും കണ്ടുമുട്ടുന്നത്. ഒരു കൊടുങ്കാറ്റിൽ ചിറകറ്റു വീണു പറക്കാൻ കഴിയാതെ നിരങ്ങിനീങ്ങുന്ന പക്ഷിയെ കണ്ടിട്ടുണ്ടോ കൃഷ്ണേന്ദു!"

ക്ലേറ്റൻ പെട്ടെന്നു വിഷയം മാറ്റി "ഇപ്പോൾ പഴയപോലെ കൃഷ്ണേന്ദു എന്നു വിളിക്കാൻ വിഷമം തോന്നുന്നു. നിങ്ങൾ എല്ലാ അർത്ഥത്തിലും ഒരു 'റവറന്റ്' തന്നെയാണ്. ഒരു സമ്പൂർണ്ണ പരിശുദ്ധൻ! "

''മിസ്റ്റർ ക്ലേറ്റൻ! ഈശ്വരൻ മാത്രമാണ് യഥാർത്ഥത്തിൽ പരിപൂർണ്ണമായും പരിശുദ്ധൻ!"

ക്ലേറ്റൻ വളരെ ശാന്തനായി സംസാരം തുടർന്നു: "പിന്നെ!എന്തൊക്കെയുണ്ട് വിശേഷങ്ങൾ? റീന ജീവിച്ചിരിപ്പില്ല എന്നായിരുന്നു എന്റെ ധാരണ. ആ തരത്തിലുള്ള ഒരു വിവരം കിട്ടിയപ്പോൾ ഞാൻ ഷില്ലോങ് വരെ പോയി. അവിടെയെത്തി വിവരങ്ങളെല്ലാം കേട്ടപ്പോൾ അത് റീനയായിരിക്കുമെന്നു തന്നെ ഞാൻ ഉറപ്പിച്ചു. ആരോ ഒരാൾ ഒരു സ്ത്രീയെ കൊന്ന് കൊക്കയിൽ വലിച്ചെറിഞ്ഞതായിരുന്നു." ഇതെല്ലാം കേട്ടുനിന്ന റീന നെടുതായൊന്നു നിശ്വസിച്ചശേഷം പറഞ്ഞു.

'അങ്ങിനെ കാട്ടിലും കൊക്കയിലുമായി എത്രയെത്ര ഹതഭാഗ്യകളുടെ ജീവിതം അവസാനിച്ചിട്ടുണ്ട്! കഴുകനും കുറുക്കനും ഭക്ഷണമായി എത്രയെത്ര ശവങ്ങൾ അവസാനം മണ്ണിലലിഞ്ഞു ചേർന്നിട്ടുണ്ട്! ആ ഒരു ദിവസം നിങ്ങളെ കണ്ടില്ലായിരുന്നെങ്കിൽ എനിയ്ക്കും അങ്ങിനെയൊക്കെ വന്നുചേരുമായിരുന്നു, കൃഷ്ണേന്ദു! നിങ്ങളെക്കുറിച്ചുള്ള ഓർമ്മകൾ ഒരു ദേവദൂതനെപ്പോലെ എന്നെ പിൻതുടർന്നില്ലായിരുന്നെങ്കിൽ എന്റെ ജീവിതത്തിലും അങ്ങിനെ ഒക്കെത്തന്നെ സംഭവിക്കുമായിരുന്നു. അന്ന് അവിടെനിന്നു ഓടിപ്പോന്നശേഷം ഒരിടത്തും സ്ഥിരമായി താമസിയ്ക്കാൻ ആഗ്രഹിച്ചില്ല. അവരുടെ പിടിയിൽ പെടാതെ, വലയത്തിൽ നിന്നു രക്ഷപ്പെട്ടുപോന്ന് ഒളിച്ചുകഴിയുകയായിരുന്നു. ഷില്ലോങ്ങ്, ആസ്സാം, ഛര്ഗാവ് എന്നീ സ്ഥലങ്ങളിലൊക്കെ ജനം ഭ്രാന്തു പിടിച്ചപോലെയായിരുന്നു. പഞ്ചേന്ദ്രിയങ്ങളുടെ വിശപ്പും ദാഹവും തീർക്കുന്ന ബദ്ധപ്പാടിൽ അവർ രാക്ഷസരെപ്പോലെയായിരുന്നു. അതു കാരണം ഞാൻ ആ പ്രദേശങ്ങളിലൊന്നും പോയില്ല. പകരം ഓടിപ്പോയത്

സിംലയിലേക്കാണ്. അവിടെനിന്ന് പിന്നീട് പലേ പ്രദേശങ്ങളിലും ചെന്നെത്തിപ്പെട്ടു. മദ്യമായിരുന്നു എപ്പോഴും എന്റെ കൂട്ടുകാരി. ആ നാളുകളിൽ പല രും പല പ്രലോഭനങ്ങളുമായി എന്റെ പിന്നാലെ കൂടി. നിങ്ങൾക്കറിയാമോ. എത്രയോതവണ ഞാൻ യുദ്ധഭൂമികളുടെ അതിർത്തിവരെ ചെന്നെത്തി തിരിച്ചു പോന്നിട്ടുണ്ട്. ഒടുവിൽ, കാശ്മീരിൽ ഒരു വിജനസ്ഥലത്ത് ഞാൻ മദ്യപിച്ചു ബോധമറ്റു കിട ക്കുന്നതു കണ്ട് രണ്ടുപേർ മണപ്പിച്ചു പിന്നാലെ കൂടി. സന്ധ്യയായതോടെ അവർ തിരിച്ചു പോകാ നൊരുങ്ങി. അപ്പോൾ ഒരു ശവമാണെന്നു കരുതി അവർ കാൽകൊണ്ടു  എന്നെ തട്ടിനോക്കി. ആ ഒരു രംഗം കണ്ടുകൊണ്ടാണ് ക്ലേറ്റൻ ആ വഴി വന്നത്. ക്ലേറ്റൻ അടുത്തെത്തിയപ്പോൾ എന്റെ പിന്നാലെ കൂടിയിരുന്ന രണ്ടുപേരും ഓടിപ്പോയി" ക്ലേറ്റൻ അടുത്തു ചെന്നപ്പോഴാണ് ആളെ തിരിച്ച റിഞ്ഞത്.

"റീന! ഇതു റീനയാണല്ലോ!" അയാൾ അവളെ വിളിച്ചു.

"റീന! ... റീനാ!"

അവൾ അപ്പോഴും എന്തോ മന്ത്രിച്ചുകൊണ്ടി രുന്നു. അവൾ മന്ത്രിക്കുന്നത് എന്താണെന്ന് ക്ലേറ്റൻ തിരിച്ചറിഞ്ഞു.

""It is the cause... they soul...''

ക്ലേറ്റൻ പിന്നെ സംശയിച്ചു നിന്നില്ല. അയാൾ അവളെയെടുത്ത് ചുമലിൽ കിടത്തി കൊണ്ടുപോ ന്നു.

"റീനാ My darling... റീനാ My Love... I Love you... Love .. You.''

കണ്ണുകൾ തുറന്നപ്പോൾ റീനയ്ക്കു വിശ്വസി ക്കാൻ കഴിഞ്ഞില്ല. ക്ലേറ്റൻ സ്വന്തം കഥകളെല്ലാം റീനയെ പറഞ്ഞു കേൾപ്പിച്ചശേഷം അവളോടു പറഞ്ഞു: "റീനാ, എന്റെ യൗവ്വനത്തിലെ ദുശ്ശീല ങ്ങളെല്ലാം ശോകാഗ്നിയിൽ കത്തിയെരിഞ്ഞു ചാമ്പലായി. എങ്കിലും, കലർപ്പില്ലാത്ത സത്യം എത്ര കത്തി ജ്വലിച്ചാലും അതൊരിക്കലും ചാര മായിത്തീരുകയില്ല. ജ്വലിക്കുന്ന അഗ്നിയിൽ കിട ക്കുക കാരണം പൂർവാധികം ശുദ്ധീകരിക്കപ്പെടുക യാണ് ചെയ്യുക. എനിക്കു ഒരു അപേക്ഷയേ ഉള്ളു. എന്നെ സ്വീകരിച്ചു നീ ഒന്നു പരീക്ഷിച്ചു നോക്കൂ!"

ആ സംസാരത്തിന്റെ ബാക്കിഭാഗം റീനയാണ് പൂർത്തിയാക്കിയത്.

"എനിക്കു എന്തു ചെയ്യാൻ കഴിയുമായിരുന്നു? നിങ്ങളുടെ അടുത്തേക്കു തിരിച്ചുവരുവാനുള്ള മനോധൈര്യം ആ സമയം എനിക്കുണ്ടായിരുന്നി ല്ല. ജോണി പറഞ്ഞതെല്ലാം ശരിയാണെന്ന വിശ്വാസം എനിക്കു തോന്നി. അന്നു പറഞ്ഞ തെല്ലാം സത്യമായിരുന്നുവെന്ന് ജോണിക്കു എന്നോടുണ്ടായിരുന്ന സ്നേഹം തെളിയിച്ചു. ആ സ്നേഹം കൊണ്ട് ജോണി ഇപ്പോൾ എന്നെ വരിഞ്ഞു കെട്ടിയിരിക്കയാണ്. കൃഷ്ണേന്ദു, അന്നത്തെ നിങ്ങളുടെ ആശീർവാദവും അനുഗ്ര ഹവുമാണ് ഈ രൂപത്തിൽ ജോണിയെ എനിക്കു തിരിച്ചു നല്കിയത്. നിങ്ങൾ എല്ലാ അർത്ഥത്തിലും ഒരു പരിശുദ്ധ സന്ന്യാസിശ്രേഷ്ഠനാണ്, കൃഷ് ണേന്ദു! ദൈവത്തിന്റെ ഒരു യഥാർത്ഥ പ്രതിപുരു ഷൻ!''

റീന ദീർഘമായൊന്നു നിശ്വസിച്ചശേഷം തുടർന്നു: "നിങ്ങളുടെ ഈയൊരു അവസ്ഥയാണ് ഇന്നു എന്റെ ഏറ്റവും വലിയ ദുഃഖം. നിങ്ങൾക്കു വേണ്ടി ഒരു സേവനവും ചെയ്യാൻ എനിക്കു കഴി യുന്നില്ലല്ലോ എന്ന കഠിന ദുഃഖമാണ് ഇപ്പോൾ എന്നെ ഏറ്റവും അലട്ടുന്നത്."

കൃഷ്ണസ്വാമി മുഖം താഴ്ത്തിയിരുന്നു. മുഖ മുയർത്താതെ അയാൾ പ്രതിവചിച്ചു. 'ഈ അസുഖം എനിക്കു ലഭിച്ച ഒരു പുരസ്ക്കാരമാണ്. ഇവിടെ, അസ്വസ്ഥമായ എന്റെ ജീവിതത്തിലെ ഇതുവരെയുള്ള എല്ലാ ആഗ്രഹങ്ങളും സഫലമാ യിരിക്കയാണ്, റീനാ!" അയാൾ മുഖമുയർത്തി ചിരിച്ചുകൊണ്ടു പറഞ്ഞു: ''നോക്കൂ! നമ്മുടെ ധർമ്മശാസ്ത്രപ്രകാരം രണ്ടുപേർ ഒരുമിച്ച് ഏഴു ചുവടുകൾ വെച്ചു കഴിഞ്ഞാൽ പിന്നീട് അവർ വേർപിരിയാൻ പറ്റാത്തവിധം ഇണകളായി ത്തീർന്നുവെന്നാണ്. അതുകൊണ്ടുതന്നെയാണ് വിവാഹസമയത്ത് വരനും വധുവും അഗ്നിസാക്ഷി യായി ഏഴുചുവടുകൾ ഒരുമിച്ചു നടക്കുന്നത്. ഈശ്വര സാക്ഷാത്ക്കാരത്തിനുവേണ്ടി ജീവി ക്കുന്ന ഒരു ഏകാന്തപഥികനായിത്തന്നെ ജീവിത ത്തിൽ എനിക്കു മുന്നോട്ടു നീങ്ങേണ്ടിവരും. ഒറ്റ യാനായുള്ള ജീവിതയാത്ര! ആ യാത്രയ്ക്കിടയി ലാണ് ദൈവത്തിന്റെ വിസ്മയിപ്പിക്കുന്ന അനുഗ്ര ഹമോ അല്ലെങ്കിൽ ശാപമോ എന്താണെങ്കിലും

*ശേഷം അടുത്ത പേജ് കാണുക.*

# ബാഷ്പാഞ്ജലി





പന്തളം കൊട്ടാരം വലിയ തമ്പുരാൻ പന്തളം ലക്ഷ്മിവിലാസം കൊട്ടാരത്തിൽ **രേവതി നാൾ രാമവർമ്മ രാജ** (103) ഹരിപ്പാട് അനന്തപുരത്തു കൊട്ടാരത്തിൽ അന്തരിച്ചു. കോട്ടയം കരുവേലി ഇല്ലത്ത് പരേതനായ ദേവദത്തൻ നമ്പൂതിരിയുടെയും പന്തളം കൈപ്പുഴ ലക്ഷ്മിവിലാസം കൊട്ടാരത്തിൽ പരേതയായ മംഗല തമ്പുരാട്ടിയുടെയും മകനായി 1919-ൽ ജനിച്ച അദ്ദേഹം, 2002 മെയ് 4 നാണ് പന്തളം കൊട്ടാരത്തിലെ വലിയ തമ്പുരാനായത്. പശ്ചിമ റെയിൽവേയിൽ ഉദ്യോഗസ്ഥനായിരുന്നു. ഹരിപ്പാട് അനന്തപുരത്തു കൊട്ടാരത്തിൽ പരേതയായ രുഗ്മിണി തമ്പുരാട്ടിയാണ് ഭാര്യ.ഡോ.എസ്.ആർ. വർമ്മ, ഏ.ആർ.വർമ്മ, ശശിവർമ്മ, (ചാർട്ടേഡ് അക്കൗണ്ടന്റ്), രമ തമ്പുരാട്ടി എന്നിവരാണ് മക്കൾ. സുധ തമ്പുരാൻ, ഇന്ദിര തമ്പുരാൻ, രഞ്ജന, കൃഷ്ണകുമാർ, എന്നിവരാണ് മരുമക്കൾ.

പന്തളം കൊട്ടാരം വലിയ തമ്പുരാട്ടി പന്തളം നീരാഴിക്കെട്ടുകൊട്ടാരത്തിൽ **മകം നാൾ തന്വംഗി തമ്പുരാട്ടി** (ചെറുകുട്ടി തമ്പുരാട്ടി-103) അന്തരിച്ചു. പൂഞ്ഞാർ കൊട്ടാരത്തിൽ പരേതനായ പി. ആർ. രാമവർമ്മ രാജയുടെ പത്നിയാണ്. പി. കേരള വർമ്മ (ശിവപ്രസാദ്), പി.രാമവർമ്മ (വിജയചന്ദ്രൻ), പി. രാജരാജവർമ്മ (സുധാകരൻ), പി. രാഘവ വർമ്മ (അജി), പരേതനായ പി. രവിവർമ്മ (ദിനേശ്) എന്നിവർ മക്കൾ. പരേതയായ പത്മിനി തമ്പുരാൻ, സുവർണ്ണ തമ്പുരാൻ (രണ്ടുപേരും തൃപ്പൂണിത്തുറ കോവിലകം), പരേതരായ ഭാനു തമ്പുരാട്ടി (എണ്ണക്കാട് കൊട്ടാരം), ശാരദ തമ്പുരാട്ടി (കൊടുങ്ങല്ലൂർ കോവിലകം), ഉഷാവർമ്മ (കിളിമാനൂർ കൊട്ടാരം), ഡോ. മനോരമ തമ്പാട്ടി (സാമൂതിരി കോവിലകം, കോട്ടയ്ക്കൽ) എന്നിവർ മരുമക്കൾ.


ലഭിക്കുന്നത്. ഏഴു ചുവടുകൾ ഒരുമിച്ചു വെയ്ക്കാതെ ഈ ലോകത്തിലെ ലൗകികസുഖങ്ങൾ ആസ്വദിക്കുക സാദ്ധ്യമല്ല. അതനുഭവിക്കണമെന്നുണ്ടെങ്കിൽ ഒരു പുരുഷനും സ്ത്രീയും ഏഴു ചുവടുകൾ ഒരുമിച്ചു വെച്ചു മുന്നോട്ടു പോകണം. നിങ്ങൾ രണ്ടുപേരും അങ്ങിനെ മുന്നേറുന്നവരാകയാൽ ലൗകിക സൗഖ്യങ്ങൾ നിറഞ്ഞ ഒരു ജീവിതം നിങ്ങൾക്കായി മുന്നിൽ തുറന്നു കിടപ്പുണ്ട്. ഉള്ളുനിറഞ്ഞ ചാരിതാർത്ഥ്യത്തോടെ നിങ്ങൾ ഗൃഹസ്ഥാശ്രമത്തിലേക്ക് പ്രവേശിക്കൂ! എന്റെ ഇനിയുള്ള ജീവിതയാത്രയും ഏകാകിയായിത്തന്നെയാവട്ടെ! ആ യാത്രയിലാണ്എനിക്കു സുഖവും സമാധാനവും ലഭിക്കുന്നത്.''

അവർ മൂന്നുപേരും പിന്നീടൊന്നും സംസാരിക്കാതെ അല്പനേരം കഴിച്ചുകൂട്ടി. ക്ലേറ്റനാണ് ആ നിശ്ശബ്ദത ഭഞ്ജിച്ചത്.

“എന്നാൽ, ഞങ്ങൾ ഇനി ഇറങ്ങട്ടെ! ഞാൻ ഇനി ഇംഗ്ലണ്ടിലേക്ക് പോകുന്നില്ല. ഇവിടെ ഒരു കുടുംബമായി താമസിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് ഇടയ്ക്ക് ഞങ്ങൾ വരാം.”

കൃഷ്ണസ്വാമി: “ഇവിടെ താമസിക്കാനാണോ തീരുമാനിച്ചത്. എങ്കിൽ എനിക്ക് ഒരു അപേക്ഷയുണ്ട്. റീനാ, എന്റെ വീട്ടിൽ താമസിക്കുന്ന ഝുംകി ഒരു അനാഥ സ്ത്രീയാണ്. അവളെ നിങ്ങൾ ഒരു കുടുംബാംഗമായി കൂടെ താമസിപ്പിക്കണം. ശരി! ഇതിലധികമൊന്നും എനിക്കു പറ

*ശേഷം 53ൽ*



### കൗതുക കഥകൾ

# കൊച്ചു ഹെൻഡ്രി - ഭാഗം 3

## കൊയ്ത്ത്

(നമ്മുടെ പഞ്ചതന്ത്രകഥകളിലെന്ന പോലെ,
ഫെയറി ടെയിൽസിലും പക്ഷി മൃഗാദികൾ കഥാപാത്രങ്ങളാണ്)

**ഡോ. ആർ. പി. രാജാ,** തിരുവനന്തപുരം

**ഹെ**ൻഡ്രിക്ക് മല കാണാം. നടന്നു ചെല്ലാനെ ഉള്ളു എന്നും തോന്നിയിരുന്നു. പക്ഷെ, ഇരുപത്തിയൊന്നു ദിവസം നടന്നു. എന്നിട്ടും എത്തിയില്ല. എങ്കിലും ഹെൻഡ്രി ഒട്ടും നിരാശനായില്ല. “എനിക്ക് ഒരു നൂറ് വർഷങ്ങൾ നടക്കേണ്ടി വന്നാലും ഞാൻ ഈ മല കയറിയിരിക്കും.” ഹെൻഡ്രി തന്നെത്താൻ പറഞ്ഞുകൊണ്ട് നടന്നുതുടങ്ങി.

ഈ വാക്കുകൾ പറഞ്ഞുതീരാത്ത താമസം, ഹെൻഡ്രി ഒരു കുറിയ വയസ്സനെ തന്റെ മുൻപിൽ കണ്ടു. അയാൾ ചോദിച്ചു, “കൊച്ചു പയ്യാ, നിനക്ക് ആ മലയുടെ മുകളിൽ കേറണം അല്ലേ? നിനക്ക് അവിടെ പോയിട്ട് എന്തു കാര്യം?'' അപ്പോൾ ഹെൻഡ്രി പറഞ്ഞു, “സർ, ഞാൻ എന്റെ അമ്മയെ രക്ഷിക്കാൻ വേണ്ടി ‘ജീവൻ നൽകുന്ന ചെടി’ അന്വേഷിച്ച് പോവുകയാണ്.” വയസ്സൻ മനസ്സിലായപോലെ തല ഒന്ന് കുലുക്കി. എന്നിട്ട്, അയാളുടെ കൂർത്ത താടി അയാൾ നടക്കാൻ ഉപയോഗിക്കുന്ന വടിയുടെ മുകളിലുള്ള സ്വർണ്ണപിടിയിൽ ചേർത്തു വച്ച് കുറേനേരം ഹെൻഡ്രിയെത്തന്നെ നോക്കിക്കൊണ്ടിരുന്നു. അയാൾ ഹെൻഡ്രിയോട് പറഞ്ഞു:

“നിന്റെ രൂപവും ഭാവവും കണ്ടിട്ട് നീ ഒരു സാധു കുട്ടിയാണെന്ന് തോന്നുന്നു. ഞാൻ ഈ മലയുടെ ഒരു ദേവതയാണ്. ഈ മല കയറാൻ ഞാൻ നിന്നെ സഹായിക്കാം. പക്ഷെ ഒരു കാര്യമുണ്ട്. എന്റെ വയലിലെ ഗോതമ്പ് എല്ലാം കൊയ്യാറായി. അത് കൊയ്ത് മെതിച്ച് കിട്ടുന്ന ഗോതമ്പ് പൊടിച്ച് റൊട്ടി കഷണങ്ങളാക്കി തരണം. ഞാൻ പറയുന്നത് കേട്ടാൽ, നിന്നെ മലയിലേക്ക് പോകാൻ അനുവദിക്കാം. ഭയാശങ്കകളോടെ ആണെങ്കിലും, ആ വയലിലെ ഗോതമ്പ് ഹെൻഡ്രി കൊയ്യാൻ തുടങ്ങി. അവ കൊയ്തെടുക്കാൻ ഹെൻഡ്രിക്ക് നൂറ്റിത്തൊണ്ണൂറ്റിയഞ്ച് പകലും രാത്രിയും വേണ്ടി വന്നു എന്നാണ് കേട്ടിരിക്കുന്നത്. അത് മെതിക്കാൻ അറുപത് ദിവസം. മെതിച്ചു കഴിഞ്ഞപ്പോൾ അത് പൊടിക്കുന്ന ഒരു മില്ല് പെട്ടെന്ന് അടുത്തു തന്നെ പ്രത്യക്ഷപ്പെട്ടു, എല്ലാ വീട്ടുജോലിയും അറിയാമായിരുന്നതുകൊണ്ട് ഹെൻഡ്രിക്ക് അത് ചെയ്യാൻ സാധിച്ചു. ഇത്രയുമൊക്കെ ആയപ്പോഴേക്കും, റൊട്ടികൾ, ഭംഗിയായി അടുക്കി വച്ചു. എന്നിട്ട് വയസ്സനെ വിളിച്ചു. അടുക്കിവച്ചിരുന്നതിൽ ഒന്നാമത്തേതിൽ നിന്നും അവസാനത്തേതിൽ നിന്നും ഓരോ കഷണമെടുത്ത് വയസ്സൻ സ്വാദ് നോക്കി. വയസ്സന് വളരെ സന്തോഷമായി. ഹെൻഡ്രിയുടെ കവിളിൽ തട്ടികൊണ്ട് പറഞ്ഞു, “നീ ഒരു നല്ല കുട്ടിയാണ്. നീ ചെയ്ത ജോലിക്ക് ഞാൻ ഒരു കൂലി തരുന്നുണ്ട്.'' വയസ്സൻ അയാളുടെ കോട്ടിന്റെ പോക്കറ്റിൽ നിന്നും ഒരു പൊടി കുപ്പി (മൂക്കുപ്പൊടി ഇടുവാനുള്ള ചെറിയ കുപ്പി, പാത്രം മുതലായവ) എടുത്തു. എന്നിട്ട് “നീ തിരിച്ച് വീട്ടിൽ എത്തിയാൽ ഈ പൊടികുപ്പി തുറന്നു നോക്കണം. അപ്പോൾ, നീ ഒരിക്കലും കണ്ടിട്ടില്ലാത്ത കാഴ്ചകൾ കാണും” എന്ന് പറഞ്ഞുകൊണ്ടാണ് കൊടുത്തത്.

ദേവത ഇങ്ങനെയൊക്കെ പറഞ്ഞു കൊടുത്തെങ്കിലും, ഈ പൊടികുപ്പി കൊണ്ട് വലിയ പ്രയോജനം ഉണ്ടാകുമെന്ന് ഹെൻഡ്രിക്ക് തോന്നിയില്ല. എങ്കിലും ഹെൻഡ്രിക്ക് തോന്നിയത് മര്യാദയുടെ പേരിൽ പറഞ്ഞില്ല. ഹെൻഡ്രി വയസ്സന് നന്ദി പറഞ്ഞു. വയസ്സൻ പൊട്ടി ചിരിച്ചുകൊണ്ട് അപ്രത്യക്ഷനായി.

*(തുടരും)*

# NATIONAL FLAG AND NATIONAL ANTHEM

**E. Rama Varma Raja,** Ennakkad Palace



Both are related to each other. Before India became free on August 1947, the specially constituted Constituent Assembly decided that India's flag must be acceptable to all parties and communities. Dr. S. Radhakrishnan India's first Vice President clarified the significance of the adopted flag as follows. "Saffron colour denotes renunciation or self denial. Our leaders must be indifferent to material gains and dedicate themselves to their work. White in the centre is light, the path of truth to guide our conduct. Green shows our relation to the plant life here on which all other lives depend. The 'Asoka Chakra' in the centre of the white is the wheel of the law of Dharma. Truth or Sathya, Dharma or virtue ought to be the controlling principle of those who work under this flag. Again, the wheel denotes motion. There is death in stagnation. There is life in movement. India should no more resist change, it must move and go forward. The wheel represents the dynamism of a peaceful change. It also represents 24 hours in a day.'' We hoist the flag on Indian Independence day (Aug 15) and on Republic Day (Jan 26). The Prime Minister and the President of India address the nation respectively with love and reverence after hoisting the tricoloured flag on August 15 and January 26 every year.

Ravindranatha Tagore is the composer of our National Anthem. In it there is unity in diversity in geographical and cultural sense. From North to South, East to West the anthem glorifies Indian Nation. Himalaya and Vindhya mountains, Ganges, Yamuna, Arabian Sea, Indian Ocean, Bay of Bengal, States of India find a prominent place also. Needless to say the song, the National Anthem, describes patriotism. In all National, Military and official meetings it is compulsory to sing with attention in a standing position. National Anthem begins with Jana Gana Mana, ends with Jayahay

ടാഗോർ രചിച്ച ദേശീയഗാനം

*"ജനഗണമന അധിനായക ജയഹേ*
*ഭാരത ഭാഗ്യ വിധാതാ*
*പഞ്ചാബ് സിന്ധ് ഗുജറാത്ത് മറാഠാ*
*ദ്രാവിഡ ഉത്കല ബംഗാ*
*വിന്ധ്യഹിമാചല യമുനാ ഗംഗാ*
*ഉച്ഛ്വല ജലധിതരംഗാ*
*തവശുഭനാമേ ജാഗേ*
*തവശുഭ ആശിഷ മാഗേ*
*ഗാഹേ തവ ജയ ഗാഥാ*
*ജനഗണമംഗളദായക ജയഹേ*
*ഭാരത ഭാഗ്യ വിധാതാ,*
*ജയഹേ - ജയഹേ - ജയഹേ*
*ജയ ജയ ജയ ജയഹേ*

രവീന്ദ്രനാഥ ടാഗോറിനും ഡോക്ടർ രാധാകൃഷ്ണനും അഭിനന്ദനങ്ങൾ !!

# ശ്രീ ആദികേശവ സ്തുതി

തങ്കൻ തിരുവട്ടാർ



*എഴുത്തുകാരൻ, കവി, ഗാനരചയിതാവ്, അഭിനേതാവ് എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തി. ആകാശവാണി, ദൂരദർശൻ, ഏഷ്യാനെറ്റ്, സൂര്യ ടിവി തുടങ്ങിയ ശ്രവ്യ-ദൃശ്യ മാദ്ധ്യമങ്ങളിലൂടെ വിവിധ നാടക ഗാനങ്ങൾ, ദൃക്സാക്ഷി വിവരണങ്ങൾ എന്നിവ അവതരിപ്പിച്ചിട്ടുണ്ട്. ഭക്തഗാന രചനാശ്രേഷ്ഠ വൈഭവത്തിനുള്ള ബഹുമതിയായി ശ്രീപത്മനാഭദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മയിൽ നിന്നും 'രാജമുദ്ര' യും 'പട്ടും വളയും' ലഭിച്ചിട്ടുണ്ട്. യഥാർത്ഥ നാമം - കെ.പി. കുമാരൻ നായർ. തിരുവനന്തപുരം കണ്ണമ്മൂലയിലാണ് താമസം. (മൊബൈൽ: 9446702033)*

ആദികേശവ - ആദികേശവ
ആദി കേശവ പാഹിമാം
ആദി കേശവ - ആദി കേശവ
ആദി കേശവ രക്ഷമാം (ആദി...)

നിൻ സന്നിധാനം വന്നു കണ്ടു ഞാൻ
നിന്റെ പാദം വണങ്ങി ഞാൻ,
ശീർഷഭാഗവും, വാമഹസ്തവും
യോഗമുദ്രയും കണ്ടു ഞാൻ (ആദി...)


ജന്മപാപങ്ങൾ പോക്കുവാൻ നിന്റെ
നാമകീർത്തണം പാടും ഞാൻ
നന്മ നൽകിയനുഗ്രഹിക്കേണം
ശ്രീപതേ! ധന്യ ഭൂപതേ! (ആദി...)

എന്നും കൺകളിൽ കാണും പൊൻകണി
നിന്റെ രൂപമതാകണം
നന്നു നന്നെന്നു തോന്നും കാര്യങ്ങൾ
ചെയ്യാൻ കെല്പു തന്നീടണം (ആദി...)

പാഹി പാഹി ജനാർദ്ദനാ! ഹരേ!
ദേഹി ദേഹി പുണ്യാമൃതം
നിത്യ ജീവിത പൂർണ്ണതയ്ക്കു നിൻ
തൃപ്പാദം തന്നെയാശ്രയം (ആദി...)

# 'അമ്മാറയ്ക്കൽ' നമിക്കുമ്പോൾ

**മോഹൻദാസ് വാഴുന്നവർ,** ഇരിട്ടി,
9446166624



മൂർത്തിത്രയങ്ങളും വന്നു വണങ്ങുന്ന
കാളികേ പാദം നമിക്കുന്നു ഞാൻ

ഘോരാട്ടഹാസം മുഴക്കുന്ന ഭൈരവി
കാളികേ പാദം നമിക്കുന്നു ഞാൻ

ദക്ഷന്റെ ദർപം ശമിപ്പിക്കുവാൻ ശിവ-
തൃക്കണ്ണിൽ ആവിർഭവിച്ച മൂർത്തേ

കൊട്ടിയൂരിൽ നൃത്തമാടി മറഞ്ഞൊരു
കാളിപാദം സദാ തോന്നേണമേ

അമ്മ മറഞ്ഞൊരീ യാഗഭൂവിൽ മുദാ
ദുർമദമെല്ലാം സമർപ്പിപ്പൂ ഞാൻ

കന്മഷമെല്ലാം അകറ്റുവാൻ അമ്മ തൻ
നിർമ്മലപാദം സദാ സ്മരിപ്പൂ.

*'അമ്മാറക്കൽ' - കൊട്ടിയൂരിൽ സതീദേവി യോഗമായയിൽ മറഞ്ഞ സ്ഥലമെന്ന് ഐതിഹ്യം*

## തിരുത്ത്

കഴിഞ്ഞ ലക്കത്തിൽ (വാല്യം 8 ലക്കം 2) 52-ാം പേജിൽ കൊടുത്തിരുന്ന സചിത്ര വിവാഹ വാർത്തയിൽ വരന്റെ പേര് വിഷ്ണു എന്ന് തെറ്റായി ചേർത്തിരുന്നു. യഥാർത്ഥ നാമം **ജിഷ്ണു** എന്നാണ്. ഈ തെറ്റു പറ്റിയതിൽ നിർവ്യാജം ഖേദിക്കുന്നു.

- പത്രാധിപർ

ചെറുകഥ

# സമയം

**മധുകുമാർ വർമ്മ**



പതിവു പോലെ രവി ഉമ്മറത്തുള്ള ചാരുകസേരയിൽ പത്രം വായിക്കാനായിട്ടിരുന്നു. ഏഴുമണിയായിക്കാണണം. വെളുപ്പിന് എഴുന്നേറ്റ് കുളിയും ക്ഷേത്രദർശനവും കഴിഞ്ഞാണ് പത്രം വായിക്കാൻ ഇരിക്കാറ്. ജോലിയിൽ നിന്നു വിരമിച്ചെങ്കിലും നേരത്തേയുണ്ടായിരുന്ന രീതികൾക്ക് വ്യത്യാസം വരുന്നത് രവിക്ക് ചിന്തിക്കാൻ പോലുമാവില്ല. സമയനിഷ്ഠയ്ക്ക് ഒരു മാറ്റവും വരുത്തിയിട്ടില്ല. എന്തിനേറെ, എല്ലാ ദിവസവും മുഖം വടിക്കണം എന്നതിനു പോലും. രാവിലെ ആദ്യം കാണുന്നവർപോലും ഷേവ് ചെയ്ത മുഖം കാണണം എന്നാഗ്രഹിക്കുന്നയാൾ. നിമ്മിയുടെ ഇഷ്ടവും അതുതന്നെയാണ്. പത്രം വായിച്ചു തുടങ്ങിയപ്പോൾ നിർമ്മല കാപ്പി കൊണ്ടുവന്നു. "രവിയേട്ടാ കാപ്പി."

"ശരി, ടീപ്പോയിയിൽ വച്ചോളൂ." പത്രം വായനക്കിടയിൽ കാപ്പിയും കുടിച്ചുകൊണ്ടിരുന്നു. നല്ല കാപ്പി, മനസ്സിൽ പറഞ്ഞു. മനസ്സിലേ പറയാറുള്ളല്ലോ. സാധാരണ നിമ്മിയോട് നന്നായി എന്ന് പറയാറ് പതിവില്ല. അഭിപ്രായം ഒന്നും പറഞ്ഞില്ലെങ്കിൽ അർത്ഥം നന്നായി എന്നാണ് രവിയുടെ വിശ്വാസം. ഇക്കാര്യം നിമ്മിയോട് പലവട്ടം പറഞ്ഞിട്ടുമുണ്ട്. നിമ്മി പറയും കറിയും പലഹാരങ്ങളുമൊക്കെ നന്നായാൽ ഒന്ന് നന്നായി എന്നു പറഞ്ഞുകൂടെ. രവിയേട്ടന് വായ തുറന്ന് ഒന്ന് പറഞ്ഞാൽ എന്താ കുഴപ്പം. ഓഫീസ്കാരോടും കൂട്ടുകാരോടും മാത്രമേ ചിരിക്കുന്നതും സംസാരിക്കുന്നതും ഞാൻ കണ്ടിട്ടുള്ളു.

"ഇത്രേം കാലമായില്ലേ സ്വഭാവം ഇങ്ങിനെയാണെന്ന് മനസ്സിലാക്കിക്കൂടേ. അത് പറഞ്ഞു എന്ന് വച്ച് എന്താ ഒരു പ്രത്യേക സുഖം. നന്നായില്ലെങ്കിൽ പറയാറുണ്ടല്ലോ."

കുറച്ചു കഴിഞ്ഞപ്പോൾ നിമ്മി വന്ന് ചാരുകസേരയുടെ ഇടത്തുവശത്തുള്ള പിടിയിൽ ചേർന്നിരുന്നു. "രവിയേട്ടാ ഇന്നെന്താ വേണ്ടേ ദോശയോ അതോ പൂരിയോ". രവി പേപ്പർ മടക്കി ടീപ്പോയിയിൽ വച്ചു. "കുറച്ചുനേരം ഇവിടിരിക്കൂ. രവി നിമ്മിയുടെ കൈ ചേർത്തുപിടിച്ചു. നമുക്കിന്ന് പൂരിയാക്കാം. ഞാനും സഹായിക്കാം." കൈ നെഞ്ചത്തേക്ക് ചേർത്ത് കണ്ണടച്ചപ്പോൾ മനസ് മുപ്പതു കൊല്ലം പിറകോട്ട് പറന്നുപോയി. നിമ്മിയെ പെണ്ണുകാണാൻ ചെന്ന ദിവസം പതുക്കെ, പതുക്കെ നടന്ന് മുൻപിൽ വന്ന് കൈ നീട്ടി കാപ്പി തന്നത്, അന്ന് കൈയിലാണ് കാപ്പി വാങ്ങിയത്. കാപ്പി കുടിച്ചതിനുശേഷം നന്നായി എന്നു പറയുകയും ചെയ്തു. പിന്നീടെന്നെങ്കിലും കാപ്പി കൈയ്യിൽ തന്നതായി ഓർമ്മയില്ല. കാപ്പി കുടിച്ച് നന്നായി എന്നു പറഞ്ഞതും. ഓരോന്ന് പറഞ്ഞും ചിരിച്ചും സമയമങ്ങു പോയി. അപ്പോൾ മൊബൈൽ ഫോണിൽ അലാറം അടിച്ചു. അപ്പോൾ നിമ്മി പറഞ്ഞു" "രവിയേട്ടാ എണീക്കൂ എനിക്ക് വിശക്കുന്നു." ഇന്ന് നിമ്മിയുടെ പത്താമത്തെ ശ്രാദ്ധമാണ്. പത്തുവർഷമായി നിമ്മി പോയിട്ട്. ഇവിടെ പത്തു വർഷം എന്ന് പറയുന്നത് പിതൃലോകത്ത് പത്തു ദിവസമാണത്രേ അതെ എന്ന് വിശ്വസിക്കാം. രവി പെട്ടെന്നുണർന്നു.

---

*സപ്തപദി തുടർച്ച... 49-ൽ നിന്ന്*

യാനില്ല. ജോൺ! നിങ്ങൾ ഒരു ഡോക്ടറാണ്. A Medical man! എന്നാൽ നിങ്ങൾ ഇനി പോയി വരൂ! Good Bye! റീനാ, നീയെന്താ കരയുകയാണോ? നീ കരയരുത്! ഇനി മുതൽ ജീവിതത്തിൽ നീ എപ്പോഴും ചിരിക്കണം. അങ്ങിനെ നിന്നെ കാണണമെന്നാണ് എന്റെ ആഗ്രഹം. ഇതാ ഞാൻ ഇപ്പോൾ ചിരിക്കുന്നതുപോലെ! സന്തോഷമില്ലാത്ത ജീവിതത്തിൽ പിന്നെ എന്തുണ്ടായിട്ടെന്താ? Good Bye! നിങ്ങൾക്ക് എപ്പോഴും നല്ലതു വരട്ടെ!"

കൃഷ്ണസ്വാമി കൈകൾ ഉയർത്തിപ്പിടിച്ച് അവരെ അനുഗ്രഹിച്ച് ഒരു വിഗ്രഹം പോലെ അവിടെത്തന്നെ നിന്നു! *(അവസാനിച്ചു)*



# പ്രഫുല്ല ചിന്തകൾ

**പ്രഫുല്ല വർമ്മ,** ചങ്ങനാശ്ശേരി

പ്രഫുല്ലവർമ്മയും, ലത വർമ്മയും കാനഡയിൽ നിന്നു തിരിച്ചു വന്നു. പിന്നെ. ഇൻഡ്യൻ പ്രധാനമന്ത്രിയും, പത്നിയും വിദേശയാത്ര കഴിഞ്ഞു മടങ്ങി എന്ന മട്ടിലാണല്ലോ, മാഷെ, വാർത്തയിട്ടിരിക്കുന്നത്; എന്നല്ലെ നിങ്ങൾ പറയുന്നത്? നിങ്ങളുടെ മുഖത്തെ പുച്ഛവും ഞാൻ കാണുന്നു. അതവിടെ ഇരിക്കട്ടെ.... ഇനി ദയവായി കേൾക്കൂ... കാനഡയിലുള്ള എന്റെ മകൾ ഞങ്ങൾക്ക് ടിക്കറ്റ് അയച്ചു തന്നു. ഒപ്പം മരുമകന്റെ ഒരു കുറിപ്പും. ... Ours is a short runway.. we must fly out, now.. ഈ സുന്ദര നിമിഷങ്ങൾ ഇപ്പോൾ ആസ്വദിച്ചില്ലെങ്കിൽ ദുഃഖിക്കാൻ പോലും സമയം കിട്ടില്ല... ഞങ്ങൾ പറന്നു. 5 മാസം കാനഡയിൽ മകളുടെ കുടുംബത്തോടൊപ്പം ആഘോഷിക്കാൻ പോയ ഞങ്ങൾ 35 ദിവസം കഴിഞ്ഞപ്പോൾ ഇൻഡ്യയിലെത്തി.. അദന്നെ (അതു തന്നെ).


എല്ലാ സുഖസൗകര്യങ്ങളും ഒരുക്കി, സ്നേഹിച്ച് ശ്വാസം മുട്ടിച്ച മകളുടെ വീട്ടിൽ 35 ദിവസം താമസിച്ചു കഴിഞ്ഞപ്പോൾ എന്തെ മടങ്ങിയത്? ... എന്നല്ലെ നിങ്ങളുടെ ചോദ്യം. പറയാം... അതിനു മുമ്പ് ഒരു ചോദ്യം. എന്നെങ്കിലും നിങ്ങളുടെ മുമ്പിൽ സമയം നിശ്ചലമായി നിന്നിട്ടുണ്ടൊ? അതായത് നിങ്ങൾ സുഖമായി ആഹാരം കഴിക്കുന്നു. ഇഷ്ടംപോലെ യാത്ര ചെയ്യുന്നു. സുഹൃത്തുക്കളുമായി ചേർന്ന് ആർത്തുല്ലസിക്കുന്നു. പെട്ടെന്ന് സമയം നിലയ്ക്കുന്നു. എന്നുവെച്ചാൽ ഘടികാരത്തിന്റെ സൂചികൾ 12 മണിയിൽ നിൽക്കുന്നു. അനങ്ങുന്നില്ല. ഒരു നിശ്ചലാവസ്ഥ. ഭക്ഷണം വേണ്ട. സൂര്യൻ ഉദിച്ചത് അറിയുന്നുണ്ട്. കാണുന്നില്ല? വൈകുന്നേരങ്ങളിലെ ചിരിച്ചു ചിലവഴിക്കുന്ന സുന്ദരനിമിഷങ്ങൾ നിർവ്വികാരതയോടെ മാത്രം കാണുന്നു. അല്ല... വെറും ഒരു ചിത്രമായി തോന്നുന്നു. എല്ലാം മൃതപ്രായം. എല്ലാം നിശ്ചലം. ഒരു തരം മരവിപ്പ്. എല്ലാ സുഖസൗകര്യങ്ങളുടെയും ഇടയ്ക്കാണ് ഈ നിശ്ചല നിമിഷം കടന്നുവരുന്നത്. അത് മിനിറ്റുകളിൽ നിന്ന് മണിക്കൂറുകളിലേക്കും, ദിവസങ്ങളിലേക്കും നീളുന്നു. ഒരു പ്രതിമയായി മാറുന്നു മനുഷ്യൻ. അനുഭവിച്ചിട്ടുള്ളവർക്കറിയാം അതിന്റെ തീവ്രത. ഞങ്ങൾ നയാഗ്ര വെള്ളച്ചാട്ടം കാണാൻ പോയി.. പകുതി വഴി എത്തിയപ്പോൾ പ്രിയതമ പറഞ്ഞു. അല്ല, അലറി. 'എനിക്ക് ചങ്ങനാശ്ശേരിയിൽ എത്തണം. സാധിക്കുമെങ്കിൽ ഇന്നു്. എന്റെ മനസ് മരവിച്ചിരിക്കുന്നു. ഞങ്ങൾ മടങ്ങി. ഇന്നലെ രാവിലെ ബംഗ്ളൂരിൽ എത്തി. ഞങ്ങളുടെ അടുത്ത ഒരു സുഹൃത്തിനോട് ഈ കഥ പറഞ്ഞു. വിദേശത്ത് സുഖമായി സമയം ചിലവഴിക്കാൻ പോയ ആ 65 കാരി പറഞ്ഞു.

'വയ്യ. സ്വർണ്ണ കൂട്ടിലെ താമസം എനിക്കു മടുത്തു. ഞാനും മടങ്ങുകയാണ്. മനസ് പതറുന്നു. നിശ്ചലം ആകുന്നു. അതെന്നെ ഭ്രാന്ത് പിടിപ്പിക്കുന്നു.'ഒരു 70 കാരൻ വ്യവസായി അമേരിക്കയിലെത്തി. പഞ്ചനക്ഷത്ര ഹോട്ടലിലെ സുഖ സൗകര്യങ്ങളും, കോടികളുടെ കോൺട്രാക്റ്റും ഉപേക്ഷിച്ച് അദ്ദേഹം വിമാനം കയറി. 'എന്റെ മുമ്പിൽ സമയം നിശ്ചലമായി. ഘടികാരത്തിന്റെ സൂചികൾ എന്നെ നോക്കി ഇളിക്കുന്നു. എനിക്ക് പേടിയാകുന്നു. ഒരു മുപ്പത്കാരി യൂറോപ്പിൽ പോയതാണ്. അവധി ആഘോഷിക്കാൻ. ഭർത്താവും ഒപ്പം. ആൽപ്സിലെ മഞ്ഞിന്റെ സൗന്ദര്യം മറ്റുള്ളവർ ആസ്വദിച്ചു. പെൺകുട്ടിയുടെ മനസ് പകച്ചു നിന്നു. അവളുടെ മുമ്പിൽ സമയം നിശ്ചലമായി. മനസ്സിൽ ശൂന്യത. ആൽപ്പ്സ് പർവ്വതം ഒരു നരകമായി തോന്നി. അടുത്ത ദിവസം അവർ നാട്ടിലെത്തി....

20 (+ 50) കഴിഞ്ഞ എന്റെ പ്രിയതമ ഇത്തിരി യധികം യാത്ര ചെയ്തിട്ടുണ്ട്. ഇൻഡ്യയിലും, വിദേശങ്ങളിലുമൊക്കെ .. ഒക്കെ ആസ്വദിച്ചിട്ടുമുണ്ട്. പക്ഷെ ഇത്തവണ മനസ് പാളം തെറ്റി. വായിച്ചും, പറഞ്ഞും മാത്രം മനസിലാക്കിയിട്ടുള്ള മനസ്സിന്റെ നിശ്ചലത എനിക്കിപ്പോൾ മനസ്സിലായി. അതിന്റെ ഭീകരതയും, തീവ്രതയും ഞങ്ങളെ ഭ്രാന്തുപിടിപ്പി ക്കുന്നതിന് മുമ്പ് ഞങ്ങൾ മടങ്ങി. പ്രിയപ്പെട്ട മകളോട് പല പ്രാവശ്യം മനസ്സിൽ മാപ്പ് അപേ ക്ഷിച്ചു കൊണ്ട്.... ഈ ലേഖനം എന്തിന് എഴുതി യെന്ന് അല്ലെ ചോദ്യം. എല്ലാ ഭൗതികസുഖങ്ങളും ലഭിച്ചാലും,അതിനെയൊക്കെ ആസ്വാദ്യകര മാക്കണമെങ്കിൽ മെഡിക്കൽ സയൻസിന് ഇന്നും ഉത്തരം തരാനാവാത്ത മനസെന്ന മയിൽപേടയെ നിയന്ത്രിക്കാനാവണം. അത് സാധ്യമാവണം. സാധാരണനിലയിൽ എല്ലാം നടക്കുമ്പോൾ പെട്ടെന്ന് മനസ്സിന്റെ ഘടികാരത്തിലെ സൂചികൾ നിലയ്ക്കുന്നു. ഇതൊരു സത്യമാണ്. ദുരവസ്ഥ യാണ്. ആർക്കും ഇത് ഉണ്ടാവാതിരിക്കട്ടെ.... നല്ലൊരു ത്രൈമാസം നേരുന്നു. ●



*ശബരിമല സ്കോളർഷിപ്പ് എൻഡോവ്മെന്റ് (2022) അശ്വതിലക്ഷ്മിക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക നൽകുന്നു. ജനറൽ കൺവീനർ രാജാ ശ്രീകുമാർ വർമ്മ സമീപം.*



# ഗാന്ധി

അക്ഷരമൊന്നു പഠിക്കുവാൻ വേണ്ടി ഞാൻ
പുസ്തകക്കൂട്ടമെടുത്തകാലം
മുററത്തെ മാവിൻതറയിലിരുന്നിട്ട്
സ്ളേറ്റുമെടുത്തു നടന്ന കാലം
ആ ഗുരുഭൂതർ ചൂരലുമായ് വന്നു
ആജ്ഞയും നല്കിയതോർമ്മയുണ്ട്
ചൂരൽകഷായം ലഭിക്കുമെന്നോർത്തു ഞാൻ
വേഗം പഠിച്ചതുമോർമ്മയുണ്ട്
കണ്ണീർ പൊഴിയ്ക്കാതെ
കണ്ണിൽ തങ്ങി
കണ്ണുനീർ വാർക്കാതെ നിന്ന കാലം
ഗാന്ധിജി ആരെന്നു ചൊല്ലാനായ് ചൊല്ലിയും
ഉത്തരംമുട്ടിയതോർമ്മയുണ്ട്
ഒക്ടോബർ രണ്ടിന് ഗാന്ധിജി ജനിച്ചെന്ന്
ചെറുതായൊരുത്തരം നല്കി ഞാനും
പിന്നീട് ഗാന്ധിയെത്തേടി നടന്നു ഞാൻ
പാരിതിലെങ്ങാനും കണ്ടതില്ല.

ഒരുകൊച്ചുകാലത്തെ പത്രത്തിൽ
കണ്ടു ഞാനലയുന്ന ഗാന്ധിതൻ മാനസത്തെ
കണ്ണടമാററിചുവന്നുതടിച്ചൊരാ
ഗാന്ധിയെ നോക്കി ഞാൻ ഏങ്ങലിച്ചു..... ●




**ത്രിവിക്രമൻ**
മാതമംഗലം

# ഹിമാലയ ക്ഷേത്രങ്ങൾ (4)

കെ. ഹരികൃഷ്ണവർമ്മ, ചേർത്തല ഫോ. 9447484099

ഞങ്ങളുടെ ഹിമാലയ യാത്ര അടുത്ത ഘട്ടത്തിലേക്ക്. പിറ്റേന്ന് (24/06/2017) രാവിലെ 5.45 ന് സീതാപ്പൂരിൽ നിന്നുള്ള യാത്ര ആരംഭിച്ചു. 8 മണിയോടെ രുദ്രപ്രയാഗിൽ എത്തി. അളകനന്ദയും മന്ദാകിനിയും സംഗമിക്കുന്ന ഇടമാണ് രുദ്രപ്രയാഗ്. വീണ്ടും മുന്നോട്ടു പോകുമ്പോൾ കർണ്ണപ്രയാഗും പിന്നീട് നന്ദപ്രയാഗും കണ്ടു. ഉച്ചക്ക് 2 മണിയോടെ വിഷ്ണു പ്രയാഗിൽ എത്തിച്ചേർന്നു. അവിടെവെച്ചായിരുന്നു ഉച്ച ഭക്ഷണം. ഉച്ചഭക്ഷണത്തിനു ശേഷം വീണ്ടും ബദരിനാഥിലേക്കുള്ള യാത്ര തുടർന്നു. വളരെ വീതി കുറഞ്ഞ അപകടകരമായ വഴികൾ. വലിയ വളവുകളും ഹെയർപിൻ വളവുകളും. എതിരെ വാഹനങ്ങൾ വരുന്നതു ഒരു പരീക്ഷണം തന്നെയാണ്. അവിടെ വാഹനങ്ങൾ ഓടിക്കുന്നവരെ എത്ര സ്തുതിച്ചാലും മതിയാവില്ല. പോകുന്ന വഴിയിൽ രാംബഗഡ് എന്നൊരു പ്രദേശം ഉണ്ട്. അക്ഷരാർത്ഥത്തിൽ തന്നെ പരിസ്ഥിതി ലോലപ്രദേശമാണ്. ചെറിയൊരു മഴ പെയ്താൽ പോലും വലിയ തോതിൽ മലയിടിച്ചിൽ ഉണ്ടാകുന്ന സ്ഥലം. അത്തരം പ്രത്യേക തരത്തിലുള്ള തരം പാറകളും മണ്ണുമാണവിടെ. അവിടം കടന്നു കിട്ടുന്നതുവരെ ബദരിനാഥ് യാത്രയുടെ സമയക്രമം ഒരിക്കലും മുൻകൂട്ടി തീരുമാനിക്കാൻ പറ്റാത്ത തരത്തിൽ അനിശ്ചിതമാണ്. ദൈവകൃപയാൽ ഞങ്ങൾക്ക് വിചിത്രമായ ഈ സ്ഥലം സമാധാനപരമായി കടന്നു പോകാൻ സാധിച്ചു. ആ വഴിയിൽ തന്നെ വളരെ പ്രധാനപ്പെട്ട ഒരു സിഖ് ദേവാലയവും അതോടു ചേർന്ന് മനോഹരമായ പൂങ്കാവുകളും മറ്റുമായി വലിയൊരു പ്രദേശം ഉണ്ട്. ഞങ്ങളുടെ ലക്ഷ്യം ബദരിനാഥ് ആയിരുന്നതിനാൽ ഇവിടെ അധികം സമയം ചെലവഴിച്ചില്ല.

വൈകിട്ട് ഏകദേശം 4.30 ഓടെ ഞങ്ങൾ ബദരിനാഥും കടന്ന് 5 കി.മി കൂടി ചെല്ലുമ്പോഴുള്ള മന എന്ന ഗ്രാമത്തിലെത്തി. ചമോളി ജില്ലയിലുള്ള ഈ ഗ്രാമം ഭാരതത്തിന്റെയും ടിബറ്റിന്റെയും



അതിർത്തിപ്രദേശമാണ്. ഇവിടത്തെ ഗ്രാമീണർ തോട്ടിയാസ് എന്ന പേരിൽ മോൻഗോൾ വർഗ്ഗത്തിൽപ്പെട്ടവരാണ്. ഭാരതത്തിന്റെ ഏറ്റവും അറ്റത്തുള്ള ഗ്രാമം എന്ന പ്രശസ്തി ഈ ഗ്രാമത്തിനുണ്ട്. വാഹനം നിർത്തുന്ന സ്ഥലം ഉത്തുംഗമായ മലനിരകളാൽ ചുറ്റപ്പെട്ട ഒരു പ്രദേശമാണ്. മലനിരകൾ മുഴുവൻ നമ്മുടെ സൈനികരാൽ സംരക്ഷിക്കപ്പെടുകയാണ്. മലമുകളിൽ കടുകുമണികൾ പോലെ നിശ്ചിത അകലത്തിൽ നിരനിരയായി നിലയുറപ്പിച്ച നമ്മുടെ സേനാംഗങ്ങളെ നമുക്ക് വ്യക്തമായി കാണാം. മുന്നോട്ടുള്ള പാത മുകളിലേക്കു തന്നെയാണ്. വഴിയരികിൽ മുഴുവൻ തദ്ദേശവാസികളായ സ്ത്രീകളുടെ നിർമ്മിതികൾ മാത്രമുള്ള ചെറിയ കടകളാണ്. കമ്പിളിനൂൽ കൊണ്ടും ആട്ടിൻ രോമം കൊണ്ടും നിർമ്മിച്ച പലതരം വസ്ത്രങ്ങളാണ് പ്രധാനമായും വിൽപ്പനക്കുള്ളത്. വീടുകൾ ഭൂരിഭാഗവും താഴ്ന്ന നിലവാരമാണ്. അവയുടെ മേൽക്കൂരക്ക് നമ്മുടെ ഓടിനു പകരം കരിങ്കല്ലിന്റെ ചെറിയ ചെറിയ പാളികളാണ് ഉപയോഗിച്ചിരിക്കുന്നത്. ആദ്യം കാണുന്നത് ഒരു ഗണപതി ക്ഷേത്രമാണ്. വീണ്ടും മുന്നോട്ടു

പോകുമ്പോൾ വ്യാസഗുഹയാണ്. വ്യാസഗുഹയിൽ ഭഗവാൻ വേദവ്യാസന്റെയും കൃപാചാര്യരുടെയും മറ്റും പ്രതിഷ്ഠകൾ ഉണ്ട്. ഈ ഗുഹയിൽ ധ്യാനത്തിൽ ഇരിക്കുമ്പോൾ മനസ്സിൽ അദമ്യമായ ഒരു ശാന്തതയും അഭിമാനവും അനുഭവപ്പെടും. 5323 വർഷത്തെ പഴക്കം ഈ ഗുഹക്കുണ്ടെന്നാണ് അവിടെ ആലേഖനം ചെയ്തിരിക്കുന്നത്. വ്യാസ ഗുഹയുടെ മുകളിൽ ഉള്ള പാറകൾക്കൊരു പ്രത്യേകത കൂടി ഉണ്ട്. കടലാസുകൾ അടുക്കി വെച്ചിരിക്കുന്ന രീതിയിലാണ് ഈ പാറകളുടെ നില. വേദവ്യാസൻ ഓതിക്കൊടുത്ത മഹാഭാരതം കഥ ശ്രീമഹാഗണപതി എഴുതി എടുത്ത് അടുക്കി അടുക്കി വെച്ചിരിക്കുന്നതായാണ് വിശ്വാസം. വ്യാസഗുഹയുടെ അടുത്തു തന്നെയാണ് ഇന്ത്യയുടെ ഏറ്റവും അറ്റത്തുള്ള ചായക്കട. അവിടെ നിന്നൊരു ചായയും കുടിച്ചു. വ്യാസഗുഹയുടെ അടുത്തുനിന്നും ഇടത്തോട്ടിറങ്ങി നടന്നാൽ സരസ്വതി നദിയുടെ ഉത്ഭവം കാണാം. പാറക്കെട്ടുകളുടെ ഇടയിലൂടെ മുന്നോട്ടു കുതിക്കുന്ന സരസ്വതി അതിമനോഹരമായ ഒരു കാഴ്ച തന്നെയാണ്. സരസ്വതി നദിക്കു കുറുകെ ഭീമാകാരമായ ഒരു പാറ കൊണ്ടുള്ള ഒരു പാലം ഉണ്ട്. മഹാപ്രസ്ഥാനത്തിന്റെ പ്രധാനഘട്ടം ഇവിടെയാണ്. നദി കടക്കുന്നതിനായി ദ്രൗപതിക്കു വേണ്ടി ഭീമസേനൻ ഇട്ടുകൊടുത്ത ഈ പാലം ഭീമഫൂൽ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഭീമഫൂലും കടന്നു മുന്നോട്ടു കുതിക്കുന്ന സരസ്വതി അവിടെത്തന്നെ അപ്രത്യക്ഷമാവുകയാണ്. പിന്നെ നാം കാണുന്ന നദി അളകനന്ദയാണ്.

ബദരിനാഥിലെ നദിയും അളകനന്ദ തന്നെയാണ്. സരസ്വതി നദി പിന്നീടു പ്രത്യക്ഷപ്പെടുന്നത് അലഹബാദിലെ ത്രിവേണീ സംഗമത്തിലാണ്. 2017 ഡിസംബറിലെ വാരാണസി യാത്രയിൽ ഞങ്ങൾ ത്രിവേണീസംഗമവും ദർശിച്ചിരുന്നു. ഭീമഫൂലിൽ നിന്നും ഇടതു വശത്തേക്ക് 35 കി.മി മലമുകളിലേക്കു കയറിയാൽ ധർമ്മപുത്രർ സ്വർഗ്ഗാരോഹണം ചെയ്ത സ്ഥലത്തെത്താം. രാമരാവണ യുദ്ധസമയത്തു ഹനുമാൻ മൃതസഞ്ജീവിനി അന്വേഷിച്ചു എത്തുന്ന മരുത്വാമലയും ഇവിടടുത്താണ്. സാഹസികരായ ചെറുപ്പക്കാർ ഈ സ്ഥലങ്ങൾ സന്ദർശിക്കാറുണ്ട്. അതിനുള്ള പ്രത്യേക അനുവാദങ്ങൾ കാലേകൂട്ടി വാങ്ങി ഗൈഡ് ഉൾപ്പടെയാണ് ആ ഭാഗത്തേക്കു പോകേണ്ടത്. വൈകിട്ട് 7 മണിയോടെ തിരിച്ച് ബദരിനാഥിലെത്തി. ഇവിടെ തണുപ്പ് അതിന്റെ പാരമ്യത്തിലാണ്. ഹോട്ടൽ മുറിയിലെ കുളിമുറിയുടെ വാതിൽ പൂർണമായി അടച്ചാൽ ശ്വാസം മുട്ടൽ അനുഭവപ്പെടുമെന്ന് ഹോട്ടലിൽ നിന്നും മുന്നറിയിപ്പുണ്ടായിരുന്നു. ബദരിനാഥിലെ പ്രധാന ആകർഷണം എട്ടാം നൂറ്റാണ്ടിൽ ആദിശങ്കരൻ സ്ഥാപിച്ച ബദരിനാഥ് മഹാവിഷ്ണു ക്ഷേത്രമാണ്. ആദിശങ്കരാചാര്യർ അളകനന്ദാ നദിയിൽ കണ്ടെത്തിയ സാളഗ്രാമ ശിലയിൽ തീർത്ത വിഷ്ണുവിഗ്രഹം അവിടെ നിന്ന് എടുത്ത് തപ്തകുണ്ഡിന് അരികിലുള്ള ഗുഹയിൽ പ്രതിഷ്ഠിച്ചു എന്നാണ് ഐതിഹ്യം. പതിനാറാം നൂറ്റാണ്ടിൽ ഗർഹ്വാൾ രാജാവ് ബദരിനാരായണ വിഗ്രഹത്ത ഇപ്പോഴത്തെ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. ഭാരതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു തീർത്ഥാടന കേന്ദ്രമാണ് ആദിനാഥ്. വേഗം കുളിച്ച് ക്ഷേത്രത്തിലേക്കു പുറപ്പെട്ടു. ഹിമാലയത്തിൽ 15000 അടിയോളം ഉയരത്തിൽ ഉയർന്നു നിൽക്കുന്ന ബദരിനാഥ് ക്ഷേത്രം ഭാരതീയന്റെ അഭിമാനമാണ്, കേരളീയന്റെ സ്വകാര്യ അഹങ്കാരമാണ്. സഹസ്രാബ്ദങ്ങൾക്കു മുൻപ് ശങ്കരാചാര്യർ പ്രതിഷ്ഠ നടത്തിയ ക്ഷേത്രത്തിൽ മലയാളി ബ്രാഹ്മണനാണ് ഇപ്പോഴും പ്രധാന പൂജാരിയായ റാവൽജി. യാത്രാസൗകര്യങ്ങൾ ഒട്ടുമില്ലാത്ത കാലത്ത് വന്യജീവികളുടെ വിഹാരരംഗമായ കൊടും വനത്തിലൂടെ അളകനന്ദയുടെ അരികു പറ്റി നടന്നു കയറി ബദരിനാഥിലെത്തി പ്രതിഷ്ഠ നടത്തിയ ശ്രീശങ്കരാചാര്യർക്ക് ആയിരമായിരം പ്രണാമങ്ങൾ. വർഷത്തിൽ 6 മാസം മാത്രമേ ക്ഷേത്രം തുറന്നിരിക്കുകയുള്ളു. തണുപ്പു തുടങ്ങുമ്പോൾ ക്ഷേത്രം മാത്രമല്ല എല്ലാ സ്ഥാപനങ്ങളും അടച്ചു പൂട്ടും. മഞ്ഞു മൂടിക്കിടക്കുന്ന ഈ പ്രദേശത്തു പിന്നീടു സൈനികർ മാത്രമേ ഉണ്ടാകൂ. ബദരിനാഥ് ക്ഷേത്രത്തിനു മുൻപിലും ചൂടുവെള്ളം മാത്രം വരുന്ന ഒരു ഉറവയാണ് തപ്തകുണ്ഡ്. അവിടെ നല്ല തിരക്കായതിനാൽ കുളിക്കാൻ മിനക്കെട്ടില്ല. വളരെ നന്നായി ദർശനം നടത്താൻ സാധിച്ചു. അവിടത്തെ തണുപ്പിന്റെ കാര്യം പറഞ്ഞറിയി

ക്കാൻ പറ്റാത്തതാണ്. ആ പരിപാവനമായ അന്തരീക്ഷത്തിൽ കുറെസമയം ചെലവഴിച്ചു, പലതവണ പ്രദക്ഷിണം വെച്ചു. അടുത്തൊരു കടയിൽ നിന്നും 30 പാക്കറ്റ് മധുരപലഹാരങ്ങൾ വാങ്ങി. പിറ്റേന്നു് ജൂൺ 25 ഞങ്ങളുടെ 34-ാം വിവാഹവാർഷികമായതിനാൽ സഹയാത്രികർക്കു കൊടുക്കാൻ വേണ്ടിയാണ് മധുരം വാങ്ങിയത്. പിറ്റേന്നു (25/06/2017) രാവിലെ 4 മണിക്കു എഴുന്നേറ്റു. കൊടും തണുപ്പായിരുന്നിട്ടും കുളിച്ചു. 5 മണിക്കു ക്ഷേത്രത്തിലേക്കു പുറപ്പെട്ടു. തിരക്കു കുറവായിരുന്നതിനാൽ 3 തവണ തൊഴുതു. കുറെ ചിത്രങ്ങൾ എടുത്തു. 7 മണിയോടെ തിരിച്ചു ഹോട്ടലിൽ എത്തി പ്രഭാത ഭക്ഷണത്തോടൊപ്പം എല്ലാവർക്കും മധുരം വിതരണം ചെയ്തു. വിവാഹവാർഷികം ബദരിനാഥിൽ ആഘോഷിച്ച അപൂർവ്വം ദമ്പതികളിൽ ഞങ്ങളും അംഗങ്ങളായതിന്റെ അഭിമാനത്തോടെ വീണ്ടും ക്ഷേത്രപരിസരത്തേക്കു പുറപ്പെട്ടു. ഏകദേശം 10 മണിയോടെ ഞങ്ങൾ തിരികെ യാത്ര ആരംഭിച്ചു, പിപ്പലക്കോട്ട് എന്ന സ്ഥലത്തേക്ക്. വഴിക്ക് ഗരുഡഗംഗ എന്ന ക്ഷേത്രവും അതിനോടു ചേർന്നുള്ള അരുവിയും കണ്ടാസ്വദിച്ചു. ഉച്ച കഴിഞ്ഞ് 3 മണിയോടെ പിപ്പലക്കോട്ടിൽ എത്തിച്ചേർന്നു. വൈകിട്ടു കുറെ നേരം പ്രധാന പാതയിലൂടെയും ഗ്രാമപാതകളിലൂടെയും നടന്നു. ചില ചെറിയ സ്കൂൾ കുട്ടികളുമായി സംവദിച്ചതും വളരെ രസകരമായിരുന്നു. പിറ്റേന്നു രാവിലെ 5.30 ന് ഹരിദ്വാറിലേക്കുള്ള മടക്കയാത്ര ആരംഭിച്ചു. മടക്കയാത്രയിൽ പല സ്ഥലങ്ങളിലും വാഹനം അനാവശ്യമായി നിർത്തിയതിനാൽ ഹരിദ്വാറിലെത്തിയപ്പോൾ വൈകിട്ടു 4 മണി കഴിഞ്ഞു. ഹരിദ്വാർ എന്നതിനർത്ഥം ദൈവത്തിലേക്കുള്ള വഴി എന്നാണ്. ഷിവാലിക് പർവത നിരകളിൽ ഗംഗാ നദീതീരത്തു സ്ഥിതിചെയ്യുന്ന ഈ പുണ്യനഗരം പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ്. ഏറ്റവും പ്രധാനപ്പെട്ടതും ഏറ്റവും അധികം ഭക്തന്മാർ എത്തിച്ചേരുന്നതുമായ മഹാകുംഭമേള നടക്കുന്നതും ഹരിദ്വാറിൽ ആണ്. പന്ത്രണ്ടു വർഷത്തിൽ ഒരിക്കൽ നടത്തുന്ന മഹാകുംഭമേളയിൽ ദശലക്ഷക്കണക്കിനു ഭക്തന്മാർ ആണ് വന്നെത്തുന്നത്. സക്കറിയ വളരെ മനോഹരമായി 'ബും ബും ഹരഹര ബും ബും ബോൽ' എന്ന് ഒരു പുസ്തകം പ്രകാശനം ചെയ്തിട്ടുണ്ട്. ഹരിദ്വാറിൽ നിരത്തുടനീളം വലിയ തിരക്കായിരുന്നു. ഓട്ടോയിലും നടന്നുമൊക്കെയായി വളരെ കഷ്ടപ്പെട്ടു. മൻസാ ദേവി ക്ഷേത്രത്തിലെത്തിയപ്പോൾ അവിടെ അതിലേറെ തിരക്കുണ്ട്. ക്ഷേത്രദർശനത്തിനു ശ്രമിച്ചാൽ ഹരിദ്വാറിലെ ആരതി നഷ്ടപ്പെടുമെന്നതിനാൽ ഞങ്ങൾ ക്ഷേത്രദർശനം ഒഴിവാക്കി ഗംഗാ നദീതീരത്തേക്കു തിരിച്ചു.

അവിടെയും നല്ല തിരക്കായിരുന്നു. നദിക്കു കുറുകെയുള്ള പാലത്തിലൂടെ അക്കരയിൽ എത്തി നല്ലൊരിടത്തു സ്ഥാനം പിടിച്ചു. 7.30 നുള്ള ആരതി നല്ലൊരനുഭവം ആയിരുന്നു. ആയിരക്കണക്കിനു ഭക്തന്മാർ ഒരേ സ്വരത്തിൽ പ്രാർത്ഥനകൾ ഉരുവിടുമ്പോൾ നദിക്കരയിൽ നടക്കുന്ന ദീപാരാധന വളരെ ചിട്ടയോടും ഭക്തിപൂർവ്വവും ആണ്. 8 മണിയോടെ തിരിച്ചു ഹോട്ടലിലേക്കു പോയി ഭക്ഷണം കഴിച്ചു. ഏകദേശം 10.45 ഓടെ തിരികെ ഡൽഹിയിലേക്ക്.

*(തുടരും)*

## ഡോ. യാമിനി വർമ്മ
### കുരുമുളക് ഗവേഷണകേന്ദ്രം മേധാവി



കേരള കാർഷിക സർവകലാശാലയ്ക്കു കീഴിലുള്ള പന്നിയൂർ കുരുമുളക് ഗവേഷണകേന്ദ്രത്തിന്റെ മേധാവിയായി ഡോ. സി.കെ. യാമിനി വർമ്മ ചുമതലയേറ്റു. പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രത്തിലും പടന്നക്കാട് കാർഷിക ഗവേഷണകേന്ദ്രത്തിലും അധ്യാപികയായിരുന്ന ഡോ. യാമിനി വർമ്മ മൂന്നു വർഷമായി പന്നിയൂർ കുരുമുളക് ഗവേഷണകേന്ദ്രത്തിൽ പ്രൊഫസറാണ്.

തുടർക്കഥ

# സൗഹൃദത്തിന്റെ സംഗീതം

**ഹൈമവതി വർമ്മ,** ചേർത്തല



ഇത് പവിത്രമായ ഒരു സൗഹൃദബന്ധത്തിന്റെ കഥയാണ്.

ജാതിമതഭേദമില്ലാത്ത, സാമ്പത്തിക വലിപ്പ ചെറുപ്പം അറിയാത്ത പ്രായവ്യത്യാസം അകലാത്ത ഒരു സ്നേഹബന്ധം.

തുടക്കം വർഷങ്ങൾക്കുമുമ്പ്

കൽക്കത്തയിലെ ടാഗോർ മെമ്മോറിയൽ ഹാളിൽ, ഒരു കലാപരിപാടി ആഘോഷിക്കുകയാണ്. കൊൽക്കത്ത കൈരളീ സമാജത്തിന്റെ ഏറെക്കാലത്തെ സ്വപ്നസാക്ഷാത്കാരം.

ദിവംഗതനായ വയലാർ രാമവർമ്മയുടെ അനശ്വരഗാനങ്ങൾ കോർത്തിണക്കിയ ഒരു സംഗീത സംഗമം.

സപ്തസ്വരങ്ങൾ, തേൻമഴ ചൊരിഞ്ഞ കുളിർമയോടെ സപ്തവർണ്ണങ്ങളിൽ മയൂരനൃത്തമാടി, മരിക്കാത്ത മധുരസ്മരണകളായി, ഈ മനോഹരഭൂമിയിൽ ആ ജന്മം ഇനിയും ഒരിക്കൽ കൂടി കാണാൻ കാത്തിരിക്കുന്ന മലയാളി മനസ്സിന്റെ സാന്ദ്രത ആയിരുന്നു അതിന്റെ പിന്നിൽ.

പരിപാടി ഉൽഘാടനം ചെയ്തത് സൗമിത്ര ചാറ്റർജി. ബംഗാളി സിനിമകളിൽ, പ്രത്യേകിച്ച്, സത്യജിത്റായിയുടെ വിശ്വവിഖ്യാതമായ സിനിമകളിലെ നായകവേഷങ്ങളിലൂടെ, കാണികളുടെ ആദരവും സ്നേഹവും നേടിയെടുത്ത, സൗമ്യശീലൻ, ബംഗാളിന്റെ അഭിമാനപുത്രൻ സൗമിത്ര ചാറ്റർജി.

കലാസ്വാദകരും സമൂഹത്തിലെ കടഞ്ഞെടുത്ത മഹാത്മാക്കളും (Cream of the society) നിറഞ്ഞ സാംസ്കാരിക സദസ്സ്.

ഈ സുവർണ്ണാവസരത്തിലാണ് സണ്ണി സൈമണും വെങ്കിടേഷ് ശ്രീനിവാസനും ആദ്യമായി കണ്ടുമുട്ടുന്നത്.

അടുത്തടുത്ത സീറ്റിലിരുന്ന രണ്ടുപേരും വയലാറിന്റെ കടുത്ത ആരാധകർ. തൊട്ടും തഴുകിയും തലോടിയും മനസ്സിൽ നുകരുന്ന ആസ്വാദകർ.

ഇനി എന്തു വേണം പരസ്പരം പരിചയപ്പെടാൻ. പരിപാടി അവസാനിക്കുമ്പോഴേക്കും രണ്ടു പേരുടെയും മനസ്സിൽ സുഹൃത്ബന്ധത്തിന്റെ ഒരു കൈത്തിരി തെളിഞ്ഞു എന്നുപറഞ്ഞാൽ അത്തു തപ്പെടാനില്ല.

സണ്ണി സൈമൺ മലയാറ്റൂർകാരനാണ്. പന്ത്രണ്ടു വർഷമായി കൽക്കട്ടയിൽ വന്നിട്ട്. അച്ഛൻ റബ്ബർ എസ്റ്റേറ്റും ബിസിനസും ഉള്ള മുതലാളി ആയിരുന്നു. പേരും പെരുമയുമുള്ള നാട്ടുപ്രമാണി. രാഷ്ട്രീയ പ്രവർത്തകൻ.

സൈമണ് മൂന്നു ആൺമക്കളാണ്. മൂത്തവർ രണ്ടുപേരും അച്ഛന്റെ വഴി പിന്തുടർന്ന് ബിസിനസ്സിലാണ്. ഏറ്റവും ഇളയവനായ സണ്ണി നേരെ മറിച്ചും. പഠിക്കാൻ മിടുക്കനായിരുന്നു. സ്കൂളു കഴിഞ്ഞ് തുടർന്ന് പഠിക്കാൻ എല്ലാവരും നിർബന്ധിച്ചു. പക്ഷേ അവന്റെ മനസ്സിൽ വേറെ ചിന്തകളായിരുന്നു. Short hand ഉം Typewriting ഉം പഠിച്ച് മനസ്സിൽ ഉറപ്പിച്ചതുപോലെ, അവൻ ആരോടും പറയാതെ ഒരു രാത്രിയിൽ നാടുവിട്ടു. അന്ന് അവന് പതിനാറ് വയസ്സ് തികഞ്ഞിട്ടില്ല. ജോലി അന്വേഷിച്ച് കൽക്കട്ടക്ക് ആയിരുന്നു ആ യാത്ര.

അമ്മച്ചിക്കായിരുന്നു ഏറ്റവും വലിയ സങ്കടം. രണ്ടാമത്തെ പ്രസവം കഴിഞ്ഞ് ഇനി കുട്ടികളുണ്ടാവില്ല എന്ന് കരുതിയിരുന്നപ്പോഴാണ് സണ്ണിയുടെ വരവ്. പത്ത് വർഷങ്ങൾക്കു ശേഷം.

റോസമ്മയുടെ കണ്ണിലുണ്ണിയായിരുന്നു കുഞ്ഞുമോൻ. അതിന് ഒരു പ്രത്യേക കാരണം കൂടി ഉണ്ടാ

യിരുന്നു. മൂത്ത രണ്ടുപേരും റോസമ്മയെപോലെ വെളുത്ത് സുന്ദരന്മാർ. സണ്ണി അപ്പച്ചനെ പോലെ കറുത്ത് തടിച്ച്. എല്ലാവർക്കും അവനോട് സഹ താപമായിരുന്നു. പക്ഷേ റോസമ്മ പറയും "എന്റെ കണ്ണെടുത്തു വച്ച് നോക്ക്. അപ്പോഴറിയാം എന്റെ കുഞ്ഞുമോൻ എത്ര സുന്ദരനാണെന്ന്.

സണ്ണിക്കും അന്നുമുതൽ തോന്നിത്തുടങ്ങിയ കാഴ്ചയിലെ അപകർഷതാബോധം, ജീവിതം മുഴു വനും നീണ്ടു നിന്നു എന്നത് കർത്താവിന്റെ നിയോഗം.

കൽക്കട്ടയിൽ എത്തി, താമസിയാതെ തന്നെ അവന് ജോലി കിട്ടി. ഒരു ബ്രിട്ടീഷ് എണ്ണക്കമ്പനി യിൽ. പടിപടിയായി ഉയർന്ന് പന്ത്രണ്ടുവർഷം കൊണ്ട് അവൻ കമ്പനിയുടെ ഈസ്റ്റേൺ സോണിൽ ജനറൽ മാനേജരായി മാറി. ചൌരംഗി യിലെ കമ്പനിയുടെ നോട്ടീസ് ബോർഡിൽ നമ്പർ വൺ പേര് അവന്റെ ആയിരുന്നു. സണ്ണിസൈമൺ.

വെങ്കിടേഷ് ശ്രീനിവാസൻ ജനിച്ചത് തഞ്ചാവൂ രിലാണ്. അച്ഛൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ ജോലി. ഔദ്യോഗിക ജീവിതം കൂടുതലും കേരള ത്തിലായിരുന്നു. അതുകൊണ്ട് വെങ്കി ചെറുപ്പ ത്തിൽ തന്നെ കേരളം മുഴുവൻ സഞ്ചരിച്ചു. തഞ്ചാ വൂരിന്റെ സംഗീത പാരമ്പര്യം അച്ഛനിൽ നിന്നും വെങ്കിയിലേക്ക് പടർന്നു. പക്ഷേ അത് ചലച്ചിത്ര ഗാനങ്ങളിലേക്ക് ആയി എന്നു മാത്രം, പ്രത്യേകിച്ച് വയലാറിന്റെ പാട്ടുകൾ. ആകസ്മികമായി ഒന്നു രണ്ട് പ്രാവശ്യം അദ്ദേഹത്തെ കാണാനും സംസാ രിക്കാനും പറ്റി. അതോടെ ഇഷ്ടം ആരാധനയായി മാറി.

കവിയുടെ പ്രൌഢ കാവ്യശൈലിയാണ് സണ്ണിയെ ആകർഷിച്ചതെങ്കിൽ, അദ്ദേഹത്തി ന്റെ സരള നിഷ്കപടമായ വ്യക്തിത്വം കൂടിയാണ് വെങ്കിയെ അദ്ദേഹത്തിന്റെ ആരാധകനാക്കി മാറ്റി യത്.

വെങ്കിയുടെ പഠിത്തം പാലക്കാട്ടും എറണാകു ളത്തും തിരുവനന്തപുരത്തുമൊക്കെയായി തുടർ ന്നു. പഠിച്ച് വക്കീൽ ബിരുദമെടുത്തു. അച്ഛന്റെ ആഗ്രഹം പോലെ സന്നതെടുത്ത് കോടതിയിൽ പ്രാക്ടീസ് തുടങ്ങി .

എങ്കിലും സീനിയറിന്റെ അവഗണനക ളും, നാലു മണി ചായക്കും പരിപ്പുവടയ്ക്കും വരെ അച്ഛനോട് പൈസ വാങ്ങിക്കേണ്ട ഗതികേടും കൂടി കൂട്ടിക്കുഴച്ച അമർഷത്തിൽ അവൻ നാടുവിട്ടു. അകന്ന ഒരു ബന്ധുവിന്റെ സഹായത്തോടെ അവൻ കൽക്കട്ടയിലാണ് എത്തിപ്പെട്ടത്. ഒരു ഗുജ റാത്തിസേട്ടിന്റെ ഗോൾഡ് & ഡയമണ്ട് കമ്പനി യിൽ കണക്കെഴുത്ത് ജോലിയിൽ പ്രവേശിച്ചു.

തീവണ്ടിയിൽ വച്ചു കണ്ട ഒരു ബംഗാളി ബാബുവിന്റെ വീടിന്റെ ഔട്ട്ഹൗസിൽ ഒരു ചെറിയ മുറി താമസത്തിനു കിട്ടി. ഇടയ്ക്കിടെ അദ്ദേഹം പറയും "നിന്റെ വക്കീൽ ഡിഗ്രിയൊക്കെ മാറ്റിവച്ച് shorthand ഉം type writing ഉം പഠിക്ക് വേഗം ജോലി കിട്ടും."

ഏതായാലും രണ്ടാഴ്ചയ്ക്കകം അവന് ജോലി ശരിയായി. ശമ്പളം വളരെ കുറവ്. എങ്കി ലും അവൻ പിടിച്ചു നിന്നു. തനി വെജിറ്റേറിയനായ സേട്ടിന്റെ ഭാര്യ മണിബെന്നിന് വെങ്കിയെ 'ക്ഷ' പിടിച്ചു. അവന്റെ പഴം മാങ്ങ കിച്ചടിയും കടുകു മാങ്ങയും ശർക്കരവരട്ടിയും ഉപ്പേരിയുമൊക്കെ സാഹിബ്ബിനും ഇഷ്ടപ്പെട്ടു. അവന് കിട്ടിക്കൊണ്ടി രുന്ന ശമ്പളത്തിലും ജോലിക്കയറ്റത്തിലും അതി ന്റെ നിഴൽ വീഴാൻ തുടങ്ങി.

സണ്ണിയുടെയും വെങ്കിടേശ് ശ്രീനിവാസന്റെയും പശ്ചാത്തലം മനസ്സിലാക്കിയ നമുക്ക് കഥയിലേക്ക് കടക്കാം.

അന്നത്തെ പരിചയപ്പെടലിനു ശേഷം രണ്ടുപേരും ആത്മ സുഹൃത്തുക്കളായി. ഇരുപതു വർഷത്തെ സുഹൃത് ബന്ധം. ക്രമേണ അവർ സണ്ണിച്ചായനും വെങ്കിയുമായി മാറി.

ആലിപ്പൂരിലുള്ള ഒരു luxurious villa യിലാണ് സണ്ണിയുടെ താമസം. ഭക്ഷണം പാകം ചെയ്യാൻ മലയാളിയായ പിള്ളച്ചേട്ടൻ. മോടി പിടിപ്പിച്ച വീടും കാറും ആഡംബരജീവിത സൗകര്യങ്ങളും.

വെങ്കിയുടെ ജീവിതം നേരെ മറിച്ചാണ്.

കുടുസ്സായ ഒറ്റമുറിയിൽ താമസം. സ്വയം പാചകം ചെയ്യുക. ട്രാമിലെ യാത്ര. കൂട്ടിന് ഒരു ചെറിയ ഫിലിപ്സ് റേഡിയോ.

അന്നത്തെ കണ്ടുമുട്ടലിനു ശേഷം, വെങ്കി സണ്ണിയുടെ വീട്ടിലെ നിത്യസന്ദർശകനായി എന്നു പറയാം. ഓഫീസ് വിട്ടാൽ നേരെ ആലിപ്പൂർക്കാണ് വരവ്.

പിന്നെ മണിക്കൂറുകളോളം ഒരുമിച്ച്. ചായ ക്കൊപ്പം രാഷ്ട്രീയവും ഓഫീസിലെ സംഭവ ങ്ങളും സംഗീതവും.

ഡ്രോയിംഗ് റൂമിലെ ഒരു അലമാര മുഴുവൻ കാസറ്റുകളാണ്. വയലാർ രാമവർമ്മയുടെ എല്ലാ പാട്ടുകളും ഇവിടെയുണ്ട്. കൂടാതെ ക്രിസ്തീയ ഭക്തിഗാനങ്ങളും ബൈബിളും.

ഹാളിനോട് ചേർന്ന് ഒരു ചെറിയ മുറിയുണ്ട്. വെങ്കി ഒരിക്കലേ ആ മുറി കണ്ടിട്ടുള്ളു. രണ്ടു ഷെൽഫുകൾ. അവയിൽ അടുക്കിവച്ച വിലയേറിയ മദ്യകുപ്പികൾ.

സണ്ണി ഒരു സ്ഥിരം മദ്യപാനിയൊന്നുമല്ല. ഓഫീസ് മീറ്റിംഗുകളിലും ഉന്നത സോഷ്യൽ കൂടി ക്കാഴ്ചകളിലും (get together) മാത്രം. ഔദ്യോഗിക ചർച്ചകൾക്കിടയിലും നല്ല കാര്യപരിപാടികളിലും അയാൾ ആദരണീയനായ പാശ്ചാത്യ സംസ്കാര ത്തിന്റെ പ്രതീകമായ ആതിഥേയനായി മാറും.

വെങ്കി മദ്യം കൈകൊണ്ട് തൊട്ടിട്ടില്ല. വർഷ ങ്ങളോളമുള്ള അവരുടെ സൗഹൃദസംഗമങ്ങളിൽ കുടുംബസ്നേഹത്തിന്റേയും പാരമ്പര്യ സംസ്കാ രത്തിന്റെയും പരിശുദ്ധപരിമളം നിറഞ്ഞിരുന്നു. മദ്യ ത്തിന്റെ ഒരു തുള്ളിയോ ലഹരിയോ സഭ്യതയി ല്ലാത്ത ഒരു വാക്കോ പ്രവർത്തിയോ അവരുടെ സൗഹൃദത്തിൽ കറുത്ത നിഴലായില്ല.

ബാഹ്യസൗന്ദര്യത്തിന്റെ വൈരുദ്ധ്യം പോലെ അവരുടെ വേഷവിധാനങ്ങളിലുമുണ്ട് വ്യത്യാസം. തേച്ചുമിനുക്കിയ തൂവെള്ള ഷർട്ടും പാന്റ്സുമാണ് സണ്ണിയുടെ വേഷം. ഡ്രസ്സ് & അഡ്രസ്സ് അതായി രുന്നു സണ്ണിയുടെ വിശ്വാസം. അടിമുടി വെള്ളയും വെടിപ്പും.

പക്ഷേ അലസനും സരസനും അല്പം രസി കനുമായ വെങ്കിക്ക് എല്ലാം തമാശ.

സണ്ണിയുടെ ഒരേ ഒരു സ്വഭാവദൂഷ്യം അയാ ളുടെ പുകവലിയായിരുന്നു. വെങ്കി എത്ര ശ്രമിച്ചിട്ടും അതു മാറ്റാനായില്ല. പതിനാറാം വയസ്സിൽ തുട ങ്ങിയ ഈ ദുശ്ശീലത്തിന്റെ അടിത്തറ കണ്ടുപിടി ച്ചത് വെങ്കിയാണ്.

സണ്ണിയുടെ ബാഹ്യസൗന്ദര്യത്തിന്റെ അവഗണ നയുടെ സ്വയം ക്രൂശിക്കലിന്റെ അടവുമാത്രമാ യിരുന്നു അതിന്റെ പിന്നിൽ.

ജന്മനാ കിട്ടിയ വരദാനം പോലെ, വെളുത്ത് ചടച്ച്, ഉയരത്തിൽ പൂണൂലും ചന്ദനക്കുറിയും അണിഞ്ഞ വെങ്കിയെ അയാൾ വളരെ ഇഷ്ടപ്പെട്ടു.

എന്നാൽ ഏറ്റവും അത്ഭുതം മറ്റൊന്നായിരുന്നു. കറുത്തു തടിച്ച ശരീരവും ആജാനുബാഹുമായ സണ്ണിയുടെ പനിനീർപൂപോലെ വെണ്മയേറിയ നിഷ്കളങ്ക സുന്ദരമായ മനസ്സിനെയാണ് വെങ്കി സ്നേഹിച്ചത്.

അവർ പരിചയപ്പെട്ടതിന്റെ ആറാം വർഷം. പെട്ടെന്നാണ് വെങ്കിയുടെ വിവാഹം തീരുമാനിച്ചത്. വീട്ടുകാർ ആലോചിച്ച് നടത്തിയ വിവാഹം. അച്ഛന്റെ അകന്ന ബന്ധുവിന്റെ മകൾ വൈഗ. വിവാഹത്തിന് സണ്ണിയും ഗുരുവായൂർക്ക് പോയി. ഒരു കൂടപ്പിറപ്പിന്റെ വിവാഹം പോലെ സണ്ണി അതിൽ പങ്കെടുത്തു. എല്ലാം കണ്ട് ആസ്വദിച്ചു.

കൽക്കട്ടയിൽ തിരിച്ചുവന്ന് വെങ്കി ചൗരംഗി യിൽ ഒരു ചെറിയ ഫ്ളാറ്റ് വാടകയ്ക്ക് എടുത്തു. ഏഴുനിലയുള്ള കെട്ടിടത്തിന്റെ മുകളിലത്തെ നില യിലാണ് ഫ്ളാറ്റ്. ഒരു മുറിയും ബാൽക്കണിയും ചെറിയ അടുക്കളയും കുളിമുറിയും അത്രമാത്രം.

ഈ കാലം മുതൽ വെങ്കിയുടെയും സണ്ണിയു ടേയും സന്ദർശനത്തിന് ഒരു വ്യത്യാസം വന്നു. ശനിയാഴ്ച വൈകിട്ടും മിക്കവാറും ഞായറാഴ്ച കളിലും ഒഴിവു ദിവസങ്ങളിലും അവർ വെങ്കിയുടെ ഫ്ളാറ്റിലാണ് കൂടുക.

വീട്ടിലേക്ക് ആവശ്യമായ സാധനങ്ങളെല്ലാം അവർ ഒരുമിച്ചാണ് പോയി വാങ്ങുക. കൽക്കട്ട യിലെ ഫാഷൻ സെന്ററായ ന്യൂമാർക്കറ്റിലും ചൊവ്വാഴ്ച നടക്കാറുള്ള സാധാരണക്കാരന്റെ മംഗൾ ബസാറിലും ബാലിഗഞ്ചിലെ വീടിനു ചേർന്ന ഒറ്റ മുറികളിലെ ബംഗാൾ സാരികച്ചവ ടവും.... അങ്ങിനെ പലയിടത്തും അവർ പലവട്ടം പോയി.

സണ്ണിക്ക് വൈഗ കുഞ്ഞനിയത്തി ആയിരുന്നു. മറിച്ച് അങ്ങോട്ടും ഒരു ഏട്ടന്റെ സ്ഥാനം. വൈഗ ഉണ്ടാക്കുന്ന ഓട്ടടയും ഉണ്ണിയപ്പവും ചീടയും കൊറിച്ചുകൊണ്ട് അവർ ബാൽക്കണിയിൽ ഇരിക്കും.

വീട്ടുകാര്യങ്ങളിൽ വെങ്കി വട്ടപൂജ്യം. രണ്ടു ചേച്ചിമാരുടെ കൊച്ചാങ്ങളയായി വളർന്ന അവൻ കുടുംബത്തിലെ കളിക്കുട്ടിയായിരുന്നു.

ഒരു കുടുംബജീവിതത്തിനു വേണ്ട എല്ലാ സംവിധാനങ്ങളും സണ്ണിച്ചായന്റെ വിരൽത്തുമ്പിൽ. ദിവസവും ഓരോ ലിസ്റ്റുമായിട്ടാണ് വരവ്. അടുക്കളയിൽ ഗ്യാസ് സിലിണ്ടർ, ഉപ്പു തൊട്ട് കർപ്പൂരം വരെ സ്റ്റോക്ക് ചെയ്ത് വയ്ക്കാനുള്ള അടുക്കുപാത്രങ്ങൾ, എന്തിനേറെപ്പറയുന്നു. ചെറിയ ഫ്രിഡ്ജ്, പാചകത്തിന് ഉചിതമായ പാത്രങ്ങൾ, ഡൈനിംഗ് ടേബിൾ, സെറ്റി, കർട്ടനുകൾ എല്ലാം ലിസ്റ്റിൽ ഉണ്ടാകും.

സാമ്പത്തികമായും വീട്ടിലെ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെട്ടും സഹായിച്ചും സണ്ണിച്ചായൻ ആ കുടുംബത്തിലെ ഒരംഗമായി.

രണ്ടുവർഷത്തിനുശേഷം വെങ്കിക്കും വൈഗക്കും ഒരു ആൺകുഞ്ഞ് ജനിച്ചു. സണ്ണിയാണ് നാമകരണം ചെയ്തത്. തേജസ്സ്. വിളിപ്പേര് കണ്ണൻ. ഇരുനിറം, മിടുമിടുക്കൻ, ആദ്യമാദ്യം സണ്ണിക്ക് കുഞ്ഞിനെയെടുക്കാൻ മടി. അച്ചായനെ കണ്ടാൽ കുട്ടി പേടിക്കുമോ എന്ന് അച്ഛനും അമ്മയ്ക്കും പേടി തോന്നാതിരുന്നില്ല.

പക്ഷേ എന്തു മറിമായം. സണ്ണിയെ കണ്ടാൽ കണ്ണൻ ചാടി വീഴും. ഒരു നിമിഷം അവന്റെ മടിയിൽ നിന്ന് മാറുകയില്ല. പുറത്തുപോകുമ്പോഴും അവൻ അങ്കിളിന്റെ തോളിൽ തന്നെ. കണ്ണന് ഇഷ്ടപ്പെട്ട കളിപ്പാട്ടങ്ങൾ അയാൾ വാരിക്കൂട്ടി. കുഞ്ഞിനെ മാറിൽച്ചേർത്ത് ഉറക്കി കിടത്തിയിട്ടെ സണ്ണി വീട്ടിലേക്ക് മടങ്ങുകയുള്ളു. ആശ്ചര്യത്തോടെ വെങ്കിയും വൈഗയും എന്തൊക്കെയോ ആലോചിച്ച് അത് നോക്കിനിൽക്കും. ക്രമേണ അതു പതിവായി.

*(തുടരും)*

# ചൊവ്വല്ലൂർ കൃഷ്ണൻ കുട്ടി പുണ്യസ്മരണ

**കുട്ടി അനിയൻ രാജ**, ചെർപ്പുളശ്ശേരി



ചൊവ്വുള്ളോരക്ഷര പുഷ്പങ്ങൾ കോർത്തുള്ള
കാവ്യഹാരങ്ങളനേകമായീ
ഭാവഗരിമ വിളങ്ങീ നിറഞ്ഞതായ്
ബ്ഭക്തിയോടങ്ങിനെ കോർത്തു നന്നായ്
ചൊവ്വല്ലൂരെന്നുള്ള കൃഷ്ണനാമാത്മകൻ
കൃഷ്ണനായ്ച്ചാർത്തീ മനോഹരമായ്
അക്കാവ്യ പുഷ്പങ്ങൾ ഭംഗി നിറഞ്ഞതായ്
സദ്കീർത്തിയോടെലസിച്ചിടുന്നു
ഗുരുവായൂരപ്പന്റെ തിരുമാറിലിന്നുമേ
ശോഭിച്ചു നില്ക്കുന്നൂവേണ്ടവണ്ണം
ഭക്തരായുള്ള നൽ സജ്ജന ലോകരും
കീർത്തിച്ചുപാടുന്നൂ മോദത്തോടെ
ഇക്കീർത്തി സദ് കീർത്തിയായി വിളങ്ങിടും
ചൊവ്വല്ലൂർ ഭക്തൻ ജയിക്കുന്നെന്നും ●



# ഉന്നത വിജയം നേടി

സിവിൽ സർവ്വീസ് പരീക്ഷയിൽ അഖിലേന്ത്യാ തലത്തിൽ ഉയർന്ന റാങ്ക് (189) കരസ്ഥമാക്കി **സിദ്ധാർഥ് രാംകുമാർ.** ഇന്റർനെറ്റ് വഴി വിവിധ വെബ്സൈറ്റുകളെ ആശ്രയിച്ചു സ്വയം തീരുമാനങ്ങളെടുത്താണ് തിളക്കമാർന്ന ഈ വിജയം കൈവരിച്ചത്.ആർക്കിടെക്ചറൽ ബിരുദത്തിന് അവസാന സെമസ്റ്റർ പഠിക്കുമ്പോഴാണ് സിവിൽ സർവ്വീസ് പരീക്ഷയെഴുതിയത്. ആന്ത്രോപ്പോളജി ആയിരുന്നു ഐച്ഛിക വിഷയം. കൊച്ചി ദിവാൻസ് റോഡ് ദിവാൻസ് എൻക്ലേവിൽ താമസിക്കുന്ന നിലമ്പൂർ കോവിലകത്തെ രാംകുമാറിന്റെയും (റിട്ട. പ്രിൻസിപ്പൽ) തിരുവണ്ണൂർ സാമൂതിരി കോവിലകത്തെ രതിയുടെയും മകനാണ്. ഐ. പി. എസ്. കാരനാകാനാണ് ഈ 25കാരന്റെ ആഗ്രഹം. സഹോദരൻ ആദർശ് കുമാർ കേരള ഹൈക്കോടതി അഭിഭാഷകനാണ്

# IKIGAI

## ആഹ്ലാദകരമായ ദീർഘായുസ്സിന് ഒരു ജാപ്പനീസ് രഹസ്യം

**പി.കെ. രഘുവർമ്മ,** തിരുവനന്തപുരം



രണ്ടാം ലോകമഹായുദ്ധത്തിൽ തകർന്ന് തരിപ്പണമായ ജപ്പാനെക്കുറിച്ച് നമുക്ക് വളരെയധികം കാര്യങ്ങൾ പഠിക്കാനുണ്ട്. ജപ്പാനിലെ ഒരു ദ്വീപായ OKINAWA യിലാണ് ലോകത്തിലെ തന്നെ ഏറ്റവും പ്രായം ചെന്ന മനുഷ്യർ ജീവിക്കുന്നത്. നിരപരാധികളായ വളരെയധികം മനുഷ്യർ രണ്ടാം ലോകമഹായുദ്ധത്തിൽ ഇവിടെ കൊല്ലപ്പെടുകയുണ്ടായി. എന്നാൽ മറ്റുള്ളവരോട് ശത്രുത പുലർത്തുന്നതിനു പകരം അവർ ICHARIBA – എല്ലാവരേയും സഹോദരൻമാരായി കാണുക, അവരെ നമ്മൾ മുൻപ് കണ്ടിട്ടില്ലെങ്കിലും–എന്നതാണ് അവരുടെ മനോഭാവം. 100 വയസ്സിനു മുകളിൽ ജീവിച്ചിരിക്കുന്ന ധാരാളം ആളുകൾ ഇവിടെ ഉണ്ട്. ഇവരുടെ ദീർഘായുസ്സിന്റെ രഹസ്യം തേടി ഹെക്ടർ ഗാർഡിയ, ഫ്രാൻസെറ്റ് മിറാല്ലെഡ് എന്നിവർ ആ ദ്വീപിൽ 2 വർഷത്തോളം താമസിച്ച് വസ്തുതകൾ മനസ്സിലാക്കി എഴുതിയതാണ് IKIGAI എന്ന പുസ്തകം. IKIGAI ജാപ്പനീസ് വാക്കാണ്. അതിന്റെ അർത്ഥം – (IKI എന്നാൽ ജീവിക്കുക GAI എന്നാൽ കാരണം). ഈ ദ്വീപിൽ ഉള്ളവർ മറ്റെല്ലാവരേക്കാളും ആയുർദൈർഘ്യം ഉള്ളവർ മാത്രമല്ല ക്യാൻസർ, പ്രമേഹം, ഹൃദയ സംബന്ധമായ രോഗങ്ങൾ എന്നിവ ഇവിടെ വളരെ കുറവാണ്. 100 വയസ്സു കഴിഞ്ഞാലും വടി കുത്തിപ്പിടിച്ച് അവർക്ക് നടക്കേണ്ടി വരുന്നില്ല. അവർ എപ്പോഴും കട്ടിലിലോ, ചാരുകസേരയിലോ കിടക്കാറും ഇല്ല. അവർ ഓജസ്സോടെ ജീവിക്കുന്നു, സന്തോഷത്തോടെ ജീവിക്കുന്നു. കാർ ഓടിക്കുന്നു, കൃഷിപ്പണി ചെയ്യുന്നു, പൂന്തോട്ടം പരിപാലിക്കുന്നു, കഴിയുന്നിടത്തോളം അവർ നടന്നു പോകുന്നു. ഇവരുടെ രക്തത്തിൽ Free Radicals ന്റെ അളവ് വളരെ കുറവാണ്. ഒരു ദിവസം ഇവർ 3–4 കപ്പ് ചായ കുടിക്കും. നമ്മൾ കുടിക്കുന്നതുപോലെ പാൽ ചായ അല്ല. Green Tea. ഇതിന്റെ പ്രത്യേകത Free Radicals ന്റെ അളവ് കുറക്കാൻ സഹായിക്കുന്ന ഒരു ഔഷധം കൂടിയാണ് ഈ ചായ എന്നതാണ്. മറവി രോഗം ഇവിടെ കൂടിക്കൂടി വരികയാണല്ലോ. എന്നാൽ അവരുടെ ഇടയിൽ ഇത് വളരെ കുറവാണ്. ഈ വസ്തുതകൾ ആണ് ഗ്രന്ഥകർത്താക്കൾ കണ്ടെത്തിയത്.

(ജാപ്പനീസ് വിശ്വാസപ്രകാരം ഓരോ വ്യക്തിക്കും ഓരോ IKIGAI ഉണ്ട് – ജീവിക്കാനുള്ള കാരണം.)

IKIGAI എല്ലാവർക്കും ഉണ്ട്. എങ്ങനെ ഒരാളുടെ IKIGAI കണ്ടുപിടിക്കാം? നാം നമ്മളോടുതന്നെ 4 ചോദ്യങ്ങൾ ചോദിക്കണം. ആ നാല് ചോദ്യങ്ങൾക്കും ഒരു ഉത്തരം ലഭിച്ചാൽ അതാണ് നമ്മുടെ IKIGAI. നാല് ചോദ്യങ്ങൾ ഏതൊക്കെ ആണ് എന്നു നോക്കാം.

1. എനിക്ക് എന്തിനോടാണ് കൂടുതൽ ഇഷ്ടം?

നമുക്ക് പല കാര്യങ്ങളോടും ഇഷ്ടം ഉണ്ടാകും. ഭക്ഷണം കഴിക്കാൻ ഇഷ്ടം ഉണ്ടാകും. പുസ്തകം വായിക്കാൻ ഇഷ്ടം ഉണ്ടാകും. യാത്ര ചെയ്യാൻ ഇഷ്ടം ഉണ്ടാകും, സാമൂഹ്യപ്രവർത്തനം നടത്താൻ ഇഷ്ടം ഉണ്ടാകും. ഇങ്ങനെ പല കാര്യങ്ങളോടും ഇഷ്ടം ഉണ്ടാകും. അത് കണ്ടുപിടിക്കണം. എന്നിട്ട് കടലാസ്സിൽ എഴുതണം. പല കാര്യങ്ങൾ ഉണ്ടെങ്കിലും ഏതെങ്കിലും ഒരു കാര്യത്തിൽ നമ്മൾ മിടുക്കർ ആയിരിക്കും. അതിൽ ആയിരിക്കും നമ്മൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആ കാര്യം ഏതാണ് എന്ന് കണ്ടുപിടിക്കണം.

2. ഏതിലാണ് എനിക്ക് കൂടുതൽ കഴിവുള്ളത്?

3. മറ്റുള്ളവർ എന്നെ അംഗീകരിക്കുന്നത് ഏതു കാര്യത്തിലാണ്?

4. എന്നിൽ നിന്ന് ഈ ലോകം എന്ത് ആഗ്രഹിക്കുന്നു? എന്താണ് എനിക്ക് ലോകത്തിന് നൽകാൻ കഴിയുന്നത്? ഇവ ചെയ്യുമ്പോൾ എനിക്ക് എന്താണ് കിട്ടുന്നത്?

ഈ നാലു ചോദ്യങ്ങളുടേയും ഉത്തരം ഒന്നാണെങ്കിൽ അതിനാണ് നമ്മുടെ IKIGAI എന്നു പറയുന്നത്. നമ്മൾ ഒരു കാര്യത്തിൽ വലിയ അഭിനിവേശം കണ്ടെത്തി. ബാക്കി എല്ലാ കാര്യങ്ങളും മാറ്റിവെച്ച് അല്ലെങ്കിൽ അതിനു സമയം കണ്ടെത്തുന്നു. അങ്ങനെ നോക്കുമ്പോൾ എല്ലാവർക്കും അവരവരുടെ IKIGAI ഉണ്ടാകും. IKIGAI കണ്ടുപിടിക്കാൻ പ്രായപരിധിയില്ല.

അടുത്തത് 10 Golden Rules . ആഹ്ലാദകരവും, ദീർഘായുസ്സിനും വേണ്ടിയുള്ള 10 കാര്യങ്ങൾ

**1. ഊർജ്ജസ്വലർ ആയിരിക്കുക, റിട്ടയർ ചെയ്യാതിരിക്കുക.**

നമ്മളിൽ പലരും 60 വയസ്സു കഴിഞ്ഞാൽ വീടുകളിൽ ഒതുങ്ങി കൂടുന്നവരാണ്. പ്രത്യേകിച്ച് ജോലി ഒന്നും ചെയ്യാതെ പെൻഷനും ഒക്കെ വാങ്ങി, മരുന്നുകൾ ഒക്കെ കഴിച്ച് ജീവിതം തള്ളിനീക്കുന്നു. പക്ഷെ അതല്ല വേണ്ടത് – വായിക്കാം, ചെറിയ രീതിയിലുള്ള വ്യായാമങ്ങൾ ചെയ്യാം, യാത്ര പോകാം. അങ്ങനെ എപ്പോഴും പ്രവർത്തിച്ചുകൊണ്ടേ ഇരിക്കാം. ഔദ്യോഗിക കൃത്യനിർവഹണത്തിൽ Retirement ഉണ്ട്. പക്ഷെ ആ Retirement നുശേഷമുള്ള ജീവിതം മൂല്യമുള്ള, ഉയർച്ച ഉണ്ടാക്കുന്ന, മറ്റുള്ളവർക്ക് പ്രയോജനവും ആനന്ദവും പ്രദാനം ചെയ്യുന്ന കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തണം.

**2. ഭക്ഷണം – അമിതാഹാരം പാടില്ല.**

വയർ നിറയെ ഭക്ഷണം കഴിക്കരുത്. 80% മാത്രമേ വയർ നിറക്കാവൂ.

**3. പതുക്കെ നടക്കുക**

പതുക്കെ നടന്നാൽ ഏറെ ദൂരം നടക്കാം. (ജാപ്പനീസ് പഴഞ്ചൊല്ല്). പയ്യെത്തിന്നാൽ പനയും തിന്നാം. ഏതു പ്രവർത്തി ചെയ്യുമ്പോഴും ഒരു ഒഴുക്കോടെ ചെയ്യുക – നദി ഒഴുകുന്നതുപോലെ. മഴപോലെ ആകരുത് ജീവിതം. ആമ തന്റെ സ്വതസ്സിദ്ധമായ വേഗതയിൽ ലക്ഷ്യം പൂർത്തിയാക്കി. അതിനുശേഷമേ വിശ്രമിച്ചുള്ളു. അതേപോലെ വേണം നമ്മുടെ പ്രവർത്തികളും.

**4. ഒരു കൂട്ടം നല്ല കൂട്ടുകാർ**

നല്ലൊരു സുഹൃദ് വലയം ഉണ്ടാകണം. ചെറിയ ചെറിയ സ്വപ്നങ്ങൾ, അനുഭവങ്ങൾ ഇവ പങ്കിടണം. രോഗങ്ങൾ ഉണ്ടാകാനുള്ള പ്രധാന കാരണം മനസ്സിന്റെ പിരിമുറുക്കമാണ്. കൂട്ടായ്മകളിലൂടെ ഇത് വളരെയധികം കുറയ്ക്കാൻ സാധിക്കും. 70% രോഗങ്ങളും മാനസിക പിരിമുറുക്കത്തിൽ നിന്നും ഉണ്ടാകുന്നതാണല്ലോ. അതേപോലെ നാം സ്വാർത്ഥതയിൽ നിന്നും പുറത്തു കടക്കുകയും സമൂഹത്തിന്റെ വിശാല നന്മക്കു വേണ്ടി ചിന്തിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും വേണം. ഇത് കുട്ടികളെ സംബന്ധിച്ചും പ്രധാനമാണ്. സംഘപ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാതെ വീട്ടിൽ മാത്രം ഒതുങ്ങിക്കൂടി വളർന്നാൽ അത് വ്യക്തിത്വത്തിന്റെ മുരടിപ്പിന് കാരണം ആകും.

**5. അടുത്ത ജന്മദിനത്തിനായി ആരോഗ്യത്തോടെ ഇരിക്കുക.**

ഒരുമിച്ച് കൂടുക. അടുത്ത ജന്മദിനത്തിനായി കാത്തിരിക്കുക. 30 മിനിട്ട് എങ്കിലും നടക്കുക. Junk Food ഒഴിവാക്കുക. പഴം, പച്ചക്കറി ഇവ കൂടുതൽ കഴിക്കുക, ആവശ്യത്തിന് ഉറങ്ങുക, ഉറക്കം Melatone ഹോർമോൺ ഉല്പാദനത്തെ ത്വരിതപ്പെടുത്തുന്നു. ഉറക്കം മനസ്സിന് ഉത്തേജനം നൽകും. അതുപോലെ ചെറിയ വ്യായാമങ്ങൾ, യോഗ, ധ്യാനം ഇവയും നമ്മുടെ ആരോഗ്യത്തെ പരിപാലിക്കുന്നതിന് പ്രയോജനപ്രദമാണ്.

**6. ചിരി**

വയർ കുലുക്കി ഉള്ള ചിരി നമുക്ക് ഊർജ്ജം പകരുന്നതാണ്. ഇങ്ങനെ ചിരിക്കാൻ പ്രത്യേക കാരണം ഒന്നും വേണം എന്നില്ല.

**7. പ്രകൃതിയുമായി ബന്ധപ്പെടുക**

**8. ഈ നിമിഷം ജീവിക്കുക.**

ജപ്പാൻകാർ ഉപയോഗിക്കുന്ന പദം ICHK Go - ICHI - E എന്നാണ്. ഭൂതകാലത്ത് ജീവിക്കാതിരിക്കുക, ഭാവിയെപ്പറ്റി ഓർത്ത് വേവലാതിപ്പെടാതിരിക്കുക, വർത്തമാനകാലത്ത് ജീവിക്കുക.

**9. നന്ദി ഉള്ളവർ ആയിരിക്കുക.**

നമ്മുടെ പൂർവ്വികരോടും, പ്രകൃതിയോടും കൂട്ടുകാരോടും എന്തിനോടും നന്ദി ഉള്ളവർ ആകുക. രാവിലെ എഴുന്നേൽക്കുമ്പോൾ ഞാൻ സന്തോഷവാനാണ്, ആരോഗ്യവാനാണ്, എല്ലാവരോടും നന്ദി പറയുന്നു എന്ന് മനസ്സിൽ വിചാരിക്കുക. ഇത് നമ്മുടെ സന്തോഷം വർദ്ധിപ്പിക്കും.

**10. നിങ്ങളുടെ IKIGAI പിൻതുടരുക**

IKIGAI പിൻതുടരുന്നതിലൂടെ ജീവിതത്തിൽ പുതിയ അർത്ഥതലങ്ങൾ ഉണ്ടാകും

**ഉണർന്നിരിക്കുമ്പോൾ ഉദാസീനമായി ഒട്ടൊരു നിമിഷവും കളയരുതാരും.**

## മകയിരം നാൾ രാഘവവർമ്മ രാജ
## പന്തളം വലിയ തമ്പുരാൻ



പന്തളം മംഗള വിലാസം പാലസിൽ മകയിരം നാൾ രാഘവവർമ്മ തമ്പുരാൻ പന്തളം വലിയ തമ്പുരാനായി അവരോധിതനായി. മലപ്പുറം അച്ചിപ്ര പുത്തൂർ ഇല്ലത്ത് ഇരവി നമ്പൂതിരിയുടെയും പന്തളം മംഗള വിലാസം കൊട്ടാരത്തിൽ (പടിഞ്ഞാറെ തളം) അശ്വതി തിരുനാൾ തമ്പംഗി തമ്പുരാട്ടിയുടെയും മകനായി 1932 ഫെബ്രുവരിയിൽ ജനനം. മദ്ധ്യപ്രദേശ് വിദ്യുച്ഛക്തി ബോർഡിൽ ജോലിയിൽ പ്രവേശിച്ച അദ്ദേഹം കോർബയിൽ നിന്നു വിരമിച്ചു. മാവേലിക്കര ചെറുകോൽ കൊട്ടാരത്തിൽ കൊച്ചോമന തമ്പുരാട്ടിയാണ് സഹധർമ്മിണി. മകൾ രേണുക വർമ്മ, മരുമകൻ രാജീവ് വർമ്മ (റിട്ട.ഡെപ്യൂട്ടി രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല). ഇപ്പോൾ തിരുവനന്തപുരത്ത് വിശ്രമജീവിതം നയിക്കുന്നു.

## ചോതിനാൾ വിജയലക്ഷ്മി തമ്പുരാട്ടി
## പന്തളം വലിയ തമ്പുരാട്ടി



പന്തളം കൈപ്പുഴ പുത്തൻകോയിക്കൽ കൊട്ടാരത്തിൽ ചോതിനാൾ വിജയലക്ഷ്മി തമ്പുരാട്ടി (92) പന്തളം വലിയ തമ്പുരാട്ടിയായി. വെള്ളാങ്ങല്ലൂർ കോവിലകത്ത് പരേതനായ ചതയം നാൾ രാമവർമ്മ രാജയുടെ പത്നിയാണ്. പന്തളം കൈപ്പുഴ പുത്തൻ കോയിക്കൽ (വടക്കെകൊട്ടാരം) പരേതയായ തമ്പംഗിത്തമ്പുരാട്ടിയുടെയും കിടങ്ങൂർ നെല്ലിപ്പുഴയില്ലത്ത് ഹരീശ്വരൻ നമ്പൂതിരിയുടെയും മകളാണ്. സലിം കുമാർ വർമ്മ (ഖത്തർ)യാണ് ഏക മകൻ. മരുമകൾ: ബിന്ദു വർമ്മ. ഇപ്പോൾ കൊടുങ്ങല്ലൂരെ വസതിയിൽ വിശ്രമജീവിതം നയിക്കുന്നു.

## ശ്രീകണ്ഠാപുരം യൂണിറ്റ് വാർത്ത

ക്ഷത്രിയ ക്ഷേമസഭ ശ്രീകണ്ഠാപുരം യൂണിറ്റിന്റെ വാർഷിക ജനറൽ ബോഡി യോഗം 12.06.2022 ഞായറാഴ്ച നടുവിൽ NSS ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. അപർണ്ണ പ്രദീപിന്റെ പ്രാർത്ഥനയോടെ തുടങ്ങിയ യോഗത്തിൽ യൂണിറ്റ് സെക്രട്ടറി രാധാകൃഷ്ണൻ എസ്.കെ. സ്വാഗതം പറഞ്ഞു. യൂണിറ്റ് പ്രസിഡണ്ട് കെ പി കേശവൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. കേന്ദ്രസഭ ജനറൽസെക്രട്ടറി മധുകുമാർവർമ്മ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ടി.എം. ശ്രീകുമാർ, പി.കെ.മോഹനവർമ്മ, കുഞ്ഞി മാധവൻ എന്നിവർ ആശംസകൾ നേർന്നു. മുതിർന്ന അംഗങ്ങളെ സംസ്ഥാന ജനറൽ സെക്രട്ടറി പൊന്നാടയണിയിച്ച് ആദരിച്ചു. അടുത്ത കാലത്ത് മൺമറഞ്ഞവർക്ക് അനുശോചനം രേഖപ്പെടുത്തി. തുടർന്ന് കലാപരിപാടികൾ അരങ്ങേറി. ഒ. ദാമോദരൻ മാസ്റ്റർ ചടങ്ങിൽ നന്ദി രേഖപ്പെടുത്തി.

# പി. കേരളവർമ്മരാജ

## ദീപ്തമായ ഓർമ്മകൾക്ക് 12 വയസ്സ്

## പാലിയം വിളംബരത്തിന്റെ ശില്പികളിൽ പ്രധാനി

**ആത്മജവർമ്മ തമ്പുരാൻ,** കോട്ടയം



പൂഞ്ഞാർ വലിയ രാജായും കേണൽ ജി.വി. രാജായുടെ സഹോദരനുമായിരുന്ന പി. കേരള വർമ്മ രാജായുടെ വേർപാടിനു 12 വയസ്. പാലിയം വിളംബരത്തിന്റെ സൂത്രധാരൻ എന്ന നിലയിൽ ചരിത്രത്തിൽ ഇടം നേടി. ജന്മം കൊണ്ടല്ല കർമ്മം കൊണ്ട് ബ്രാഹ്മണ്യം നേടാമെന്നായിരുന്നു അദ്ദേഹത്തിന്റെ കണ്ടെത്തൽ.

ഏതു സമുദായത്തിൽ ജനിച്ചാലും മതിയായ ജ്ഞാനം നേടിയാൽ പൂജാദികർമ്മങ്ങൾ ചെയ്യാം എന്നു പ്രഖ്യാപിച്ച പാലിയം വിളംബരത്തിന്റെ ശിൽപികളിൽ പ്രധാനിയായിരുന്നു. 2010 ജൂലായ് അഞ്ചിനായിരുന്നു വേർപാട്. 1921 ഫെബ്രുവരി 26നു പൂഞ്ഞാർ രാജകുടുംബത്തിലെ കാർത്തികതിരുനാൾ അംബത്തമ്പുരാട്ടിയുടെയും പുതുശ്ശേരി ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെയും പത്തുമക്കളിൽ ഏഴാമനായി ജനിച്ചു.



വനംവകുപ്പിൽ റേഞ്ചറായിരുന്ന കേരളവർമ്മ രാജാ തിരുവനന്തപുരത്തു നിന്ന് 1984-ൽ ഹിന്ദുമുന്നണി സ്ഥാനാർഥിയായും 1998ൽ ബിജെപി സ്ഥാനാർഥിയുമായി ലോക്സഭയിലേക്കു മത്സരിച്ചു. 1987ൽ തിരുവനന്തപുരം വെസ്റ്റിൽ നിന്നു നിയമസഭയിലേക്കും മത്സരിച്ചിട്ടുണ്ട്. ക്ഷേത്രസംരക്ഷണസമിതി സംസ്ഥാന പ്രസിഡന്റ്, ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ പ്രസിഡന്റ്, ബിജെപി ദേശീയ നിർവാഹകസമിതിയംഗം, ആചാര്യസദസ്സ് കൺവീനർ, തന്ത്രവിദ്യാപീഠം രക്ഷാധികാരി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. ഹിന്ദുസ്ഥാൻ പ്ലൈവുഡ് ഫാക്ടറിയുടെ സ്ഥാപകനായിരുന്നു.

ലളിതമായ ജീവിത ശൈലി. വിനയമാർന്ന പെരുമാറ്റം. എപ്പോഴും ചിരിക്കുന്ന മുഖം. പരിചയക്കാർക്കെല്ലാം ഓർമയിൽ എത്തുന്നത് ഈ വിശേഷണങ്ങളാകാം.

കേരള ക്ഷേത്രസംരക്ഷണ സമിതിയുടെ ആചാര്യസഭയിൽ കേരള വർമ്മ അവതരിപ്പിച്ച പ്രബന്ധമാണ് പാലിയം വിളംബരത്തിന് നാന്ദി കുറിച്ചത്. 1987 ആഗസ്റ്റ് 26 ന് ചേന്ദമംഗലം പാലിയത്ത് വെച്ചാണ് പാലിയം വിളംബരം നടക്കുന്നത്. പാലിയം വിളംബരം പ്രാവർത്തികമാക്കി കൊണ്ട് 2001 മെയ് 24 ന് തിരുവനന്തപുരത്തു വെച്ചും 2007 മാർച്ച് 29 ന് വയനാട്ടിൽ വെച്ചും സമൂഹ ഉപനയനവും പൂജാ ക്ലാസും നടത്തി. പാലിയം വിളംബരത്തിന്റെ അടിസ്ഥാനത്തിലാണ് ദേവസ്വംബോർഡിലെ അബ്രാഹ്മണ പൂജാരിമാരുടെ നിയമനത്തിന് അംഗീകാരം ലഭിച്ചത്. ആലുവ തന്ത്ര വിദ്യാപീഠം ആരംഭിക്കാൻ നേതൃത്വം നൽകി. ഹോട്ടൽ

# മുന്നാക്ക സമുദായ കോർപറേഷൻ സ്കോളർഷിപ്പുകൾക്ക് വയലാർ രാമവർമ്മയുടെ പേരു നൽകും– ചെയർമാൻ കെ.ജി. പ്രേംജിത്ത്

❖ **മുന്നാക്ക സമുദായ കോർപ്പറേഷനും മുന്നാക്ക സമുദായ കമ്മിഷനും പുനഃ സംഘടിപ്പിക്കണമെന്നു ക്ഷത്രിയ ക്ഷേമസഭ**

മുന്നാക്ക സമുദായ കോർപ്പറേഷന്റെ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾക്ക് വയലാർ രാമവർമ്മയുടെ പേരു നൽകുമെന്നു കോർപ്പറേഷൻ ചെയർമാൻ കെ. ജി. പ്രേംജിത്ത് പറഞ്ഞു. കോട്ടയം ക്ഷത്രിയക്ഷേമസഭ വാർഷികവും കുടുംബസംഗമവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോർപ്പറേഷന്റെ വിദ്യ സമുന്നതിയെന്ന പേരിൽ നൽകുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പുകൾക്കാണ് വയലാർ രാമവർമ്മയുടെ പേരു നൽകുന്നത്. പദ്ധതിപ്രകാരം ഹൈസ്കൂൾ തലം മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പുകൾ നൽകുന്നത്. സി.എ, ഐസിഡബ്ല്യുഎ, സിഎസ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്കും ഐഐടി, ഐഐഎം, എൻഐടി എന്നിവയിലും സമാനമായ ദേശീയ സ്ഥാപനങ്ങളിലും പഠിക്കുന്നവർക്കും സ്കോളർഷിപ്പുകൾ ലഭിക്കും. ഇവയിൽ സാഹിത്യവുമായി ബന്ധപ്പെട്ട സ്കോളർഷിപ്പുകൾക്കാണ്



കോട്ടയം ക്ഷത്രിയ ക്ഷേമസഭ വാർഷികവും കുടുംബ സംഗമവും തിരുനക്കര ബ്രാഹ്മണ സമൂഹ മഠം ഓഡിറ്റോറിയത്തിൽ മുന്നാക്ക സമുദായ കോർപറേഷൻ ചെയർമാൻ കെ.ജി. പ്രേംജിത്ത് ഉദ്ഘാടനം ചെയ്യുന്നു. ബി. കേരള വർമ്മ, ആത്മജ വർമ്മ തമ്പുരാൻ, ടി.എൻ. വിനോദ് വർമ്മ, വി.കെ. മധുകുമാർ വർമ്മ, കെ.പ്രേമചന്ദ്ര വർമ്മ, യു.അജിത്ത് വർമ്മ എന്നിവർ സമീപം.

വയലാറിന്റെ പേര് നൽകുന്നത്. മറ്റുള്ളവയ്ക്കും അതത് മേഖലയിലെ പ്രതിഭകളുടെ പേരു നൽകുമെന്നു പ്രേംജിത്ത് പറഞ്ഞു. ആത്മജവർമ്മ തമ്പുരാൻ അധ്യക്ഷത വഹിച്ചു. എംജി സർവകലാശാല സിൻഡിക്കേറ്റ് അംഗം ബി. കേരള വർമ്മ, സഭ സംസ്ഥാന ജനറൽ സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ, വൈക്കം യൂണിറ്റ് സെക്രട്ടറി കെ.പ്രേമചന്ദ്ര വർമ്മ, ടി.എം. രാംജി വർമ്മ എന്നിവർ പ്രസംഗിച്ചു.

വ്യാപാരരംഗത്ത് മാതൃകയായി. വിശന്നുവരുന്ന നിർധനർക്ക് സൗജന്യമായി ഭക്ഷണം നൽകിയിരുന്നു. കേരള ഹോട്ടൽ ഓണേഴ്സ് അസോസിയേഷന്റെ സ്ഥാപക പ്രസിഡന്റായിരുന്നു.

നിലയ്ക്കൽ പ്രക്ഷോഭത്തിന്റെ നേതൃനിരയിൽ പ്രവർത്തിച്ചു. നിലയ്ക്കൽ പ്രശ്ന പരിഹാരത്തിന് എം.പി.മന്മഥന്റെ നേതൃത്വത്തിൽ നടന്ന ഒത്തുതീർപ്പ് ചർച്ചകളിൽ ഹിന്ദു സംഘടനകളെ പ്രതിനിധീകരിച്ച് പങ്കെടുത്തു. അന്നു കേരള വർമ്മ രാജ മുന്നോട്ടുവെച്ച വാദമാണ് ഹിന്ദുക്കൾക്ക് അനുകൂലമായി പ്രശ്നം രമ്യതയിലെത്തിക്കാൻ സഹായകമായത്. ●

# 'യാത്രകൾ - ഒരല്പം പൈതൃക നോട്ടവും'
## പുസ്തകം പ്രകാശനം ചെയ്തു



സംസ്ഥാന ക്ഷത്രിയ ക്ഷേമസഭയുടെ മുൻ സെക്രട്ടറി സുഭാഷ്വർമ്മയുടെ 'യാത്രകൾ ഒരല്പം പൈതൃക നോട്ടവും' എന്ന സഞ്ചാര കൃതിയുടെ പ്രകാശനം ജൂലൈ 27നു തിരുവനന്ത പുരത്തു നടന്നു. കേരള സർവ്വകലാശാല കാര്യ വട്ടം ക്യാമ്പസിലെ പ്രൊഫ. ഡോ. അച്യുത് ശങ്കറിന് ഒരു കോപ്പി നൽകിക്കൊണ്ട് മലയാളം സർവ്വകലാശാലയുടെ മുൻ വൈസ് ചാൻസലർ കെ.ജയകുമാറാണ് പ്രകാശനം നിർവ്വഹിച്ചത്. യാത്രാവിവരണത്തിന്റെ പതിവുശൈലിയിൽ നിന്നു മാറി അറിവും കൗതുകവും വളർത്തുന്ന പുസ്തകമാണിതെന്നു കെ.ജയകുമാർ പറഞ്ഞു. യാത്രയിൽ പലരും ശ്രദ്ധിക്കാനിടയില്ലാത്ത നിര വധി വിവരങ്ങൾ പുസ്തകത്തിൽ ഉള്ളതായും പല കുറിപ്പുകൾക്കും ഗൗരവമായ പഠനത്തിന്റെ സ്വഭാവമുള്ളതായും അച്യുത് ശങ്കർ അഭിപ്രായ പ്പെട്ടു. പ്രദീപ് പനങ്ങാടിന്റെ നേതൃത്വത്തിൽ Centre for Art and Cultural Studies എന്ന സംഘടനയാണ് അവരുടെ 'യാത്രികം' എന്ന പരിപാടിയുടെ ഭാഗമായി ചടങ്ങു സംഘടിപ്പിച്ചത്. യാത്രാ വിവരണ ശാഖയിലെ പുതിയ വഴിത്താര യായ Heritage Travelogue എന്ന വിഭാഗത്തിൽ പ്പെടുന്ന കൃതിയാണ് ഇത്. സിംഗപ്പൂർ, കൊൽ ക്കത്ത, ബദരീനാഥ്, തഞ്ചാവൂർ, കുട്ടനാട് തുട ങ്ങിയ വ്യത്യസ്ത സ്ഥലങ്ങളിൽ നടത്തിയ പൈ തൃക യാത്രകളുടെ കുറിപ്പുകൾ പുസ്തക ത്തിലുണ്ട്. ഇതേ ഗണത്തിൽപ്പെടുന്ന കൈലാസ യാത്രാവിവരണ ഗ്രന്ഥം 'ഇരുൾ സാഗരത്തിലെ നവനീത പുഷ്പം' കഴിഞ്ഞ വർഷം സുഭാഷ് പ്രസിദ്ധീകരിച്ചിരുന്നു. സുഭാഷ് വലവൂർ എന്ന തൂലികാനാമത്തിലാണ് സുഭാഷ് പുസ്തകങ്ങൾ എഴുതുന്നത്. പുതിയ പുസ്തകത്തിന്റെ വില 320/- രൂപയാണ്. എന്നാലിപ്പോൾ 250/ രൂപ Google Pay ആയോ Internet Banking വഴിയോ അയച്ചു നൽകിയാൽ തപാലിൽ പുസ്തകം അയച്ചു നൽ കുന്നതാണെന്നറിയിച്ചിട്ടുണ്ട്. GPay No: 9446453713. അക്കൗണ്ട് നമ്പർ: 57065521958, SBI, KSEB Admin. Complex Br. (Pattom) IFSC: SBIN 0070493



പദ്മഭൂഷൺ ജസ്റ്റിസ് കെ റ്റി തോമസ് രക്ഷാധികാരിയായുള്ള ശബരിമല സ്കോളർഷിപ്പ് വിതരണയോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് കേരള ഹൈക്കോടതി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പ്രസംഗിക്കുന്നു. ജസ്റ്റിസ് കെ റ്റി തോമസ്, എബ്രഹാം ഇട്ടിച്ചെറിയ, രാജാ ശ്രീകുമാർ വർമ്മ, അപർണ ശർമ സമീപം

# പുസ്തകജാലകം






ഗ്രന്ഥാവലോകനം

## കോലത്തിരി ക്ഷേത്രങ്ങളെപ്പറ്റി

**സി.കെ. കേരളവർമ്മ**

**പ്രസാധകർ: കൈരളി ബുക്സ് കണ്ണൂർ**

**വില: 1000/–**

കേരളത്തിലെ ഓരോ അമ്പലങ്ങളെപ്പറ്റിയുമുള്ള ചെറുപുസ്തകങ്ങൾ അതതു ക്ഷേത്രപരിസരങ്ങളിൽ എമ്പാടും ലഭ്യമാണെന്നതിനു പുറമെ, മഹാക്ഷേത്രങ്ങളെക്കുറിച്ചുള്ള സമഗ്ര ഗ്രന്ഥങ്ങളും ധാരാളം ഉണ്ട്. എന്നാൽ കേരളത്തിൽ ഏറ്റവും പുരാതനമെന്നു തന്നെ പറയാവുന്ന കോലത്തിരി രാജവംശത്തിന്റെ നേരിട്ടു കീഴിലുള്ള മുപ്പത്തിയെട്ട് ക്ഷേത്രങ്ങളെപ്പറ്റിയുള്ള ഒരു ഗ്രന്ഥം ഇതുവരെയായും എഴുതപ്പെട്ടിട്ടില്ല. ആ കുറവ് നികത്തുകയാണ് ഇപ്പോൾ സി.കെ. കേരളവർമ്മ 'വടക്കേ മലബാറിലെ കോലത്തിരി ക്ഷേത്രങ്ങൾ' എന്ന് ബൃഹത്ഗ്രന്ഥത്തിന്റെ രചനവഴി ചെയ്തിരിക്കുന്നത്.

അവിശ്വസനീയമായ ഐതിഹ്യകഥകളും ഭക്തിസംവർദ്ധനത്തിനുതകുന്ന കുറെ ചരിത്രാർദ്ധസത്യവസ്തുതകളും നിറം പിടിപ്പിച്ചു നിരത്തി യുക്തിരഹിത വിഭ്രമമുളവാക്കുന്ന രീതിയാണ് പല ക്ഷേത്രകഥാനിർമ്മാതാക്കളും അവലംബിച്ചു കാണാറ്. ഇതിൽ നിന്നു വ്യത്യസ്തമായി, ലഭ്യമായ ചരിത്രവസ്തുക്കളുടെ പിൻബലത്തിൽ, നേരിട്ടുകണ്ട കാര്യങ്ങളെ അടിസ്ഥാനമാക്കി ഒരു രാജവംശത്തിന്റെ ചരിത്രം വിലയിരുത്താനും, അവിടത്തെ ക്ഷേത്രങ്ങളിലെ വൈവിദ്ധ്യമാർന്ന ചടങ്ങുകൾ സത്യസന്ധമായി രേഖപ്പെടുത്താനുമാണ് കേരളവർമ്മ മുതിർന്നിട്ടുള്ളത്. എനിക്ക് അവ വെറും തീർത്ഥയാത്രകൾ മാത്രമായിരുന്നില്ല എന്ന് ആമുഖത്തിൽ ഗ്രന്ഥകർത്താവു തന്നെ വെളിപ്പെടുത്തുന്നുണ്ട്; വിവിധ പരിസരങ്ങളിലേക്കുമുള്ള തന്റെ വിവരശേഖരണപ്രയാണങ്ങളെപ്പറ്റി. പിന്നെയോ, അതൊക്കെയും വൈവിദ്ധ്യമാർന്ന നാടൻ കലാസ്രോതസ്സുകളിലേയ്ക്കും, പൗരാണിക പാരിസ്ഥിത സംരക്ഷണ പദ്ധതികളിലേക്കും, മാമൂലുകളുടെ അപചയങ്ങളിലേക്കും അങ്ങിങ്ങായുള്ള പൂർവ്വാചാര ശ്രദ്ധകളിലേക്കും ഉള്ള ഉൾക്കാഴ്ച നൽകിയ പഠനവുമായിരുന്നു. ഇതിലേക്കൊക്കെ ഒന്നെത്തിനോക്കുകയാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്.

**കോലസ്വരൂപം:** കോലസ്വരൂപത്തിൽ ആകെ പതിനെട്ടു താവഴികളുണ്ടായിരുന്നതിൽ പള്ളിക്കോവിലകവും ഉദയമംഗലവുമൊഴികെ ബാക്കി പതിനാറും ഇല്ലാതായെന്നും പള്ളിക്കോവിലകം പിന്നീട് അഞ്ചു താവഴികളും ഉദയമംഗലം മൂന്നിലേറെയായും പിരിഞ്ഞുവെന്നും രേഖപ്പെടുത്തുന്നു. മലബാറിൽ തന്നെയുള്ള ചെറുകുന്ന് കൌണിശ്ശേരിയും, അടുത്തില തേവണംകോട്ടും മാത്രമല്ല തിരുവിതാംകൂറിലെ മാവേലിക്കര എണ്ണക്കാട്ടും കാർത്തികപ്പള്ളിയും വരെയും ഇതിൽ പെടുന്നു, കേരളത്തിൽ മറ്റു പല രാജകുടുംബങ്ങളിലേക്കും പലപ്പോഴായി ദത്തെടുക്കപ്പെട്ടിട്ടുകൂടിയുണ്ട്, കോലത്തിരി കന്യകമാർ എന്നറിയുമ്പോൾ ഒരു ജന്മാന്തര വംശപാരമ്പര്യത്തിന്റെ പാരസ്പര്യചിത്രവും വായനക്കാരനു ലഭിക്കുന്നു.

കേരള ബ്രാഹ്മണരായ നമ്പൂതിരിമാർക്കു പകരം തുളുനാട്ടിൽ നിന്നുള്ള ബ്രാഹ്മണരെ ക്ഷേത്രകാര്യങ്ങൾക്കു നേതൃത്വം വഹിക്കാ

നായി ആനയിച്ചതിന്റെ രസകരമായ ചരിത്രം ഈ ഗ്രന്ഥത്തിൽ വായിക്കാം. അയൽപക്കമായ കർണ്ണാടകവും കഴിഞ്ഞ് വിദൂരസ്ഥലമായ ബംഗാളിൽ നിന്നുപോലും ബ്രാഹ്മണരെ വരുത്തുക മാത്രമല്ല, അവർക്കു തങ്ങളുടെ കുല പരദേവതാസ്ഥാനമായ മാടായിക്കാവടക്കമുള്ള വയിലെ പൂജാക്രമങ്ങൾ ഏല്പിക്കുക കൂടിയുണ്ടായി, കോലത്തിരി രാജാക്കന്മാർ. ഇന്ന് പ്ടാരർ എന്നറിയപ്പെടുന്ന പൂജാരിമാരാണിവർ. മദ്യവും മാംസവുമുപയോഗിക്കുന്ന ശാക്തേയ പൂജാരീതികൾക്കും ഇവിടെ അംഗീകാരം ലഭിച്ചത് അങ്ങനെയാണ്.

രണ്ടു നൂറ്റാണ്ടിലേറെക്കാലമായുള്ള ചിറക്കൽ കോവിലകം വലിയ രാജാക്കന്മാരുടെ പേരും ലഘുചരിത്രവും (1799 മുതൽ) ഈ ഗ്രന്ഥത്തിലൊരിടത്ത് നൽകിയിട്ടുള്ളത് ചരിത്രപരമായി നല്ലൊരു രേഖയാണ്.

കേരളത്തിൽ ക്ഷേത്രപ്രവേശന വിളംബരം നടന്നത് തിരുവിതാംകൂറിൽ 1936 ലാണ്. ജാതി-മതഭേദമെന്യേ ക്ഷേത്രപരിസരത്ത് വഴി നടക്കാൻപോലും വിലക്കുണ്ടായിരുന്ന അക്കാലത്തും കോലസ്വരൂപ ക്ഷേത്രങ്ങളിൽ വലിയ ഒരളവിലെ നാനാജാതിക്കാർക്കും ഇസ്ലാംമതക്കാർക്കും പ്രവേശനവും അവകാശങ്ങളും ഉണ്ടായിരുന്നു എന്നത് ഒരു വസ്തുതയാണ്. അതാവും അന്നത്തെ വലിയ തമ്പുരാന് തന്റെ സമക്ഷം കെ.കേളപ്പന്റെ നേതൃത്വത്തിൽ വന്ന ഒരുസംഘത്തോട് ക്ഷേത്രപ്രവേശാവകാശ വാദം ഒരു മതത്തിന്റേതു മാത്രമാക്കി ഒതുക്കി നിർത്തരുതെന്നു ഉപദേശിക്കാൻ പ്രചോദനമായതും.

ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ് അറയ്ക്കൽ-ചിറയ്ക്കൽ ബന്ധവും അതോടനുബന്ധിച്ച മതമൈത്രിയും. എന്നാൽ കാട്ടാമ്പള്ളിക്കടുത്ത നണിയൂർ ക്ഷേത്രത്തിൽ പടിഞ്ഞാറ് അഭിമുഖമായി കുടികൊണ്ടിരുന്ന ഭഗവതി അറക്കലേക്ക് പകുതി സ്വത്ത് ദാനം ചെയ്ത രാജാവിന്റെ ചെയ്തിയിൽ അസന്തുഷ്ടയായി വടക്കോട്ടേയ്ക്ക് തിരിഞ്ഞിരുന്നു എന്ന ഐതിഹ്യം വായിക്കുമ്പോൾ വായനക്കാരന്റെ മനസ്സിൽ പരാശക്തിയുടെ പക്ഷപാതത്തിനോ രാജാവിന്റെ നീതിബോധത്തിനോ മുൻകൈ ലഭിക്കുന്നത് എന്ന സംശയം ബാക്കിയാവുന്നു.

വളപട്ടണം പള്ളിയിൽ ഖാസി നിയമനത്തിന് ഇന്നും ചിറയ്ക്കൽ വലിയ തമ്പുരാന്റെ അംഗീകാരം വാങ്ങുന്നുണ്ട്. മാടായിക്കാവിന്റെ പൂരത്തിനു വിളക്കു കത്തിക്കാൻ നെയ്യ് കൊടുത്തയക്കുന്ന സമ്പ്രദായം മാടായിപ്പള്ളിയും തുടരുന്നു. എന്നാൽ തളിപ്പറമ്പിന്നു സ്വല്പം വടക്കുള്ള തിരുവട്ടൂർ ശിവക്ഷേത്രത്തിനു അടുത്തുള്ള പള്ളി പണിയാനും അവിടെ ഇസ്ലാം മതവിശ്വാസികളെ കുടിയിരുത്താനും മുൻകൈയെടുത്തത് ക്ഷേത്ര ഊരാളന്മാരാണെന്നും പല നേർച്ചകളും നടത്തിപ്പോന്നത് ഇരുമതവിശ്വാസികളും യോജിച്ചാണെന്നും ചരിത്രമുണ്ട്. എന്നാൽ ഇന്ന് അത് നടക്കാതായിരിക്കുന്നു.

**ക്ലാസിക് കലാപ്രോത്സാഹനം:** ഈ ഗ്രന്ഥത്തിൽ കൊടുത്തിട്ടുള്ള ഉത്സവച്ചടങ്ങുകളുടെ വിവരണങ്ങളിലൂടെ കടന്നുപോവുമ്പോൾ മനസ്സിലാവുന്ന ഒരു കാര്യം ഉത്തരകേരളത്തിൽ ക്ലാസിക് കലകളെക്കാൾ പങ്കാളിത്തം കല്പിച്ചിട്ടുള്ളത് നാടൻ കലാപ്രസ്ഥാനങ്ങൾക്കാണ് എന്നത്രെ. ക്ഷേത്രത്തിനു പുറത്തുള്ള ആഘോഷങ്ങൾ എന്ന നിലയിൽ കഥകളിക്കും ശാസ്ത്രീയ നൃത്ത സംഗീതങ്ങൾക്കും പരിഗണന ലഭിക്കുന്നുണ്ടെങ്കിലും ക്ഷേത്രാചാരമെന്ന നിലയിൽ ഇതല്ല സ്ഥിതി.

കരിവെള്ളൂർ ശിവക്ഷേത്രത്തിൽ മത്തവിലാസം കൂത്ത് തുലാമാസം മുഴുവൻ നടക്കുന്ന ഒരു വഴിപാടാണ്. സത്യസോമനെന്ന ബ്രാഹ്മണൻ ചമത മരത്തിലിരുന്ന് കൊമ്പുകളറുത്തിട്ടുകൊണ്ടിരിക്കെ ആയുധം പിടിവിട്ട് താഴെയുണ്ടായിരുന്ന ഒരു ബ്രഹ്മചാരി ബാലന്റെ കഴുത്തിൽ പതിച്ച് മരിക്കാനിടയായതിന്റെ

പാപപരിഹാരാർത്ഥം പരമശിവനെ തപസ്സു ചെയ്തു. ശിവൻ ഭിക്ഷാംദേഹിയായി മദ്യം സേവിച്ച് നൃത്തം ചെയ്തു സഞ്ചരിക്കവേയായിരുന്നു ഇത്. സത്യസോമന്റെ നൃത്തവും ഭൂമിയിൽ വസിക്കുന്നവരുടെ ദു:ഖമകറ്റട്ടെ എന്ന ദേവന്റെ അനുഗ്രഹമാണത്രെ മത്തവിലാസമെന്ന കലാസൃഷ്ടിയുടെ പ്രഭവകാരണം.

മാടായിക്കാവിലാവട്ടെ ചാക്യാർ കൂത്താണ് ഒരു വഴിപാട്. ഈ ഏഴാങ്കക്കൂത്ത് കേൾക്കാനായി ശ്രീഭദ്രകാളി തന്നെ മണ്ഡപത്തിൽ എഴുന്നള്ളിയിരിക്കുമെന്നാണ് സങ്കല്പം. ഇവിടെ പിന്നീട് നടത്താൻ തുടങ്ങിയ അംഗുലീയാങ്കം കൂത്തിന്റെ ആരംഭം ചാക്യാർ ഒരു മുതലയുടെ പിടിയിൽ നിന്നും രക്ഷപ്പെട്ടതു മുതലാണെന്നും കഥയുണ്ട്. ഏതായാലും ചാക്യാർ കലകളും രൂപീകരണവുമായി ഗാഢബന്ധമുള്ള തളിപ്പറമ്പിന്റെ സാമീപ്യമുള്ള മാടായിയിലും കൂത്തിന്റെ സാന്നിദ്ധ്യമുണ്ട് എന്നത് അവഗണിക്കപ്പെടാവുന്നതല്ല.

**നാടൻകലകൾ:** ക്ഷേത്രോത്സവ വേദികൾ ഭക്തരുടെ മാത്രം സംഗമസ്ഥാനമല്ല, വിവിധ താല്പര്യക്കാരുടെ സമാഗമം പ്രതീക്ഷിക്കുന്ന രംഗഭൂമികയാണെന്നു കൂടി വിലയിരുത്തുമ്പോഴാണ് കോലത്തുനാട്ടിലെ ക്ഷേത്രപരിസരങ്ങളുടെ സാകല്യം പൂർണ്ണത കൈവരിക്കുന്നത്.

കോലസ്വരൂപത്തിന്റെ സൈനിക നിലയത്തിന്റെ ഭാഗമായിരുന്ന വാളോർ പെരുങ്കളരിയുടെ വാതിൽക്കൽ സ്ഥാപിക്കപ്പെട്ട വളപട്ടണത്തെ കളരിവാതുക്കൽ ക്ഷേത്രോത്സവത്തിന്ന് ഭഗവതിയുടെ തിരുമുടി നിവരുന്നതിനു മുമ്പ് കളരിയഭ്യാസക്കാഴ്ച വേണമെന്ന പതിവ് അതിലൊരു ചടങ്ങു മാത്രം.

പൂരോത്സവത്തിന്റെ ചടങ്ങായി കെട്ടിവരുന്ന കരടി വേഷം പുതിയതെരു മണ്ഡപത്തിൽ നിന്നം ശാലിയ സമുദായക്കാരുടേതാണ്. അവർ തന്നെ ആന, കുതിര, എന്നിവയുടെ കോലങ്ങളും കെട്ടിയെഴുന്നള്ളിച്ച് ആറാട്ടുതറക്കു മുന്നിൽ പ്രതിഷ്ഠിക്കും. ഭദ്രകാളിയുടെ കോട്ടയിലേക്കെഴുന്നള്ളിക്കുന്നതിനുമുമ്പായി പൂരക്കളി നടത്തുന്നതും ഇതേ സമുദായക്കാർ തന്നെ.

എല്ലാ വർഷവുമുള്ള പെരുങ്കളിയാട്ടം നിശ്ചയിച്ചാൽ തിരുമുടി നിർമ്മിക്കുന്നത് പല നാളത്തെ പരിശ്രമഫലമായി നാലുപുരക്കൽ ആശാരിമാരാണ്.

ഭഗവതിയുടെ തിരുവായുധങ്ങൾ നിർമ്മിക്കുന്നത് കക്കറക്കൽ തറവാട്ടുകാരായ കൊല്ലന്മാരത്രെ.

ഭഗവതിക്ക് കാടാമ്പള്ളി പുഴയിൽ നിന്നു പിടിക്കുന്ന മീനമൃത് എത്തിക്കാൻ ചുമതലപ്പെട്ടവർ വള്ളുവർ സമുദായികളും, കലശത്തട്ടുകളിലെ മദ്യം നിവേദിക്കാൻ അർഹതയുള്ളവർ തീയ്യ സമുദായത്തിൽ പെട്ട കണ്ടത്തിൽ, പനക്കട തറവാട്ടുകാരുമത്രെ.

സർവ്വാരാധ്യയായ കളരിയാൽ ഭഗവതിയുടെയും മറ്റ് ദേവതകളുടെയും തിരുമുടികൾ വെക്കുന്നത് വണ്ണാൻ സമുദായാംഗങ്ങളാണ്.

ക്ഷേത്രവാദ്യങ്ങൾ മാരാർ സമുദായക്കാർ കൈകാര്യം ചെയ്യുന്നു. ശ്രീകോവിലിൽ ബംഗാൾ ബ്രാഹ്മണരായ പിടാരർമാരും, തന്ത്രി നമ്പൂതിരിപ്പാടും കൂടിയാവുമ്പോൾ ഏകദേശം സർവ്വജാതി പങ്കാളിത്തം സംഭവിക്കുന്നു.

തെക്കുമ്പാട് കോലോത്തെ കഥയും പ്രത്യേകതകളുള്ളതാണ്. പഴയങ്ങാടിപ്പുഴ നടുവിലെ ഒരു വലിയ ദ്വീപാണ് തെക്കുമ്പാട്. ഇവിടത്തെ തായക്കാവിൽ നടക്കുന്ന ദേവക്കൂത്താവട്ടെ കൂടിയാട്ടമെന്ന സംസ്കൃത നാടകാഭിനയത്തിന്റെ പ്രാഗ്രൂപമെന്നു വിശേഷിപ്പിക്കാവുന്ന ഒരു അഭിനയ സമ്പ്രദായമാണ്. ഒരു മലയസ്ത്രീ അവതരിപ്പിക്കുന്ന ഇതിന്ന് നങ്ങ്യാർ കൂത്തുമായും മോഹിനിയാട്ടവുമായും ഉള്ള സാദൃശ്യം സൂക്ഷ്മദൃഷ്ടികൾ വിവേചിച്ചറിയും. ഇതിന്നു പ്രാരംഭമായി മലയന്മാർ നടത്തുന്ന വിന്ദൂർഭൂതമെന്ന പുറാട്ടാവട്ടെ ലിംഗാരാധനയുടെ അശ്ലീലച്ചുവ കലർന്ന പ്രാക്തനാവത

രണം തന്നെയാണ്.

**പരിസ്ഥിതി സംരക്ഷണം:** സ്ഥിതിവിവരങ്ങളുടെയും ശാസ്ത്രീയമായ കണക്കുകൂട്ടലുകളുടെയും അടിസ്ഥാനത്തിൽ പരിസ്ഥിതി സംരക്ഷണം നടത്തിതുടങ്ങിയത് ആധുനിക കാലത്താണ്. എന്നാൽ ഒരുൾവിളിയെന്ന നിലയിൽ അതനുഷ്ഠിച്ചിരുന്ന പ്രാക്തനസംസ്കൃതിയുടെ നിദർശനങ്ങളാണ് നമ്മുടെ പല ക്ഷേത്രപരിസരങ്ങളുമെന്ന് ഈ ഗ്രന്ഥത്തിലൂടെ തിരിച്ചറിയാം.

കോലസ്വരൂപത്തിന്റെ തായ്പരദേവത കുടികൊള്ളുന്ന മാടായിക്കാവു തന്നെ മുന്നൂറോളം ഏക്കർ വിസ്തീർണ്ണത്തിൽ പരന്നുകിടക്കുന്ന ഒരു പാറപ്രദേശമാണ്. ഇവിടത്തെ പുല്ലുമുതൽ പൂമ്പാറ്റകൾ വരെയുള്ള ജൈവവൈവിദ്ധ്യം ഇന്നും പ്രകൃതിസ്നേഹികളുടെ അത്ഭുതം ക്ഷണിച്ചു വരുത്തുന്നതാണ്. വടുകുന്തപ്പുഴ എന്ന പേരിലറിയപ്പെടുന്ന ഒരു നീരുറവ തടാകം ഇതിന്റെ നിറുകയിലുള്ളതും ഒരു പ്രത്യേകതയാണ്.

കളരിവാതുക്കൽ ക്ഷേത്രത്തിനു ചുറ്റും രണ്ടേക്കറോളം വിസ്തീർണ്ണമുള്ള വനമുണ്ട്. തേക്ക്, അടല, കുന്നി, കാഞ്ഞിരം, ഉന്നം തുടങ്ങിയ വൻവൃക്ഷങ്ങളും അതിൽ പടർന്നുകയറുന്ന വള്ളികളും, വൃക്ഷശിഖരങ്ങളിൽ പാർക്കുന്ന നാനാജാതി പറവകളുമൊക്കെ ഏറെക്കുറെ പ്രാക്തന വിശുദ്ധിയോടെതന്നെ സംരക്ഷിക്കപ്പെട്ടു വരുന്നുണ്ട്.

സാമൂഹ്യ പാരിസ്ഥിതിക സാംസ്കാരിക കലാമേഖലകളിൽ ഒരു പ്രദേശത്തെക്കുറിച്ചറിയേണ്ടതെല്ലാം ഈ ഗ്രന്ഥത്തിന്റെ താളുകളിൽ നിബന്ധിച്ചിരിക്കുന്നു. ഇതിലെ ഓരോ അംശത്തിന്റെയും പ്രത്യേക വിപുലപഠനത്തിനും ഭാവിതലമുറയ്ക്ക് ഈ കൃതി ഒരു വഴികാട്ടിയായിത്തീരുമെന്ന് ഗ്രന്ഥകർത്താവിന് പ്രതീക്ഷിക്കാം.

**എസ്. ആർ.ഡി. പ്രസാദ്**

# 'മധു'രം മത്തേഭന്



**പൂഞ്ഞാർ കോയിക്കൽ ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിൽ ഉത്സവത്തിന് എഴുന്നെള്ളിക്കാനായി കൊണ്ടുവന്ന കൊമ്പന് ക്ഷേത്രത്തിൽ നേദിച്ച ശർക്കര പായസമൂട്ടുന്ന സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർവർമ്മ**



# ഡോക്ടറേറ്റ് നേടി

സാമ്പത്തിക ശാസ്ത്രത്തിൽ പി.എച്ച്.ഡി. (കേരള സർവകലാശാല) നേടിയ **ആർ. അനിൽ വർമ്മ** (അസി. പ്രൊഫ. ഗുരുവായൂരപ്പൻ കോളേജ്) മാലോത്ത് കസബ ഗവ. ഹയർ സെക്കൻഡറി സ്കൂൾ റിട്ട. പ്രധാനാധ്യാപകൻ പരേതനായ പി. ജി. ബാലരാമവർമ്മയുടെയും വി.കെ. രത്നമണിയുടെയും മകനാണ്. ഭാര്യ: ഡോ. പി. ശ്രീകല

# ബാലവേദി/വളരുന്ന പ്രതിഭകൾ

## ആദർശ് കൃഷ്ണ കെ.



ഈ വർഷത്തെ എസ് എസ് എൽ സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് മാർക്കോടെ ഉന്നത വിജയം കരസ്ഥമാക്കിയ ഇരിട്ടി ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥിയായ ആദർശ് കൃഷ്ണ കെ. ഇരിട്ടി കീഴൂർ 'സൗപർണിക'യിൽ കെ.ശ്രീവിദ്യയുടെയും (HSST Iritty Higher Secondary School) എം.പി. അനിൽകുമാറിന്റെയും (Jr. Health Inspector Grade I, Taluk Hospital Iritty) മകനും ക്ഷത്രിയക്ഷേമ സഭ സംസ്ഥാന വൈസ് പ്രസിഡന്റും കരിവെള്ളൂർ യൂണിറ്റ് സെക്രട്ടറിയുമായ ടി എം ശ്രീകുമാറിന്റെ കൊച്ചുമകനും ആണ്.

## എം രുദ്രാവർമ്മ



CBSE പത്താം ക്ലാസ്സ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+(96.4%) നേടി ഉന്നത വിജയം കൈവരിച്ച എം രുദ്രാവർമ്മ. മാവേലിക്കര പ്രായിക്കര കൊട്ടാരത്തിൽ മഹേഷ് കുമാർ രാജയുടേയും രാഖി ആർ വർമ്മയുടേയും മകളാണ്. ക്ഷത്രിയക്ഷേമ സഭ എറണാകുളം യൂണിറ്റ് അംഗമാണ്.

## അഞ്ജലി. പി. വർമ്മ



മറിയപ്പള്ളി കൊട്ടാരത്തിലെ പരേതനായ പ്രകാശ്. കെ. വർമ്മയുടെയും ചൂരക്കാട്ട് കോയിക്കൽ ഇന്ദു. ആർ. വർമ്മയുടെയും മകൾ അഞ്ജലി. പി. വർമ്മയ്ക്ക് പ്ലസ് ടു പരീക്ഷയ്ക്ക് എല്ലാ വിഷയത്തിനും എ വൺ ലഭിച്ചു.

## കീർത്തന വർമ്മ



കോയമ്പത്തൂർ ഭാരതിയാർ സർവ്വകലാശാലയിൽ നിന്ന് ബി. എ. (ഇംഗ്ലീഷ് ലിറ്ററേച്ചർ) പരീക്ഷയിൽ ഒന്നാം റാങ്ക് നേടി വിജയിച്ച കീർത്തന വർമ്മ.

തൃശൂർ ക്ഷത്രിയ സഭാ യൂണിറ്റ് ജില്ലാ കമ്മിറ്റി അംഗമായ മഹേശ്വരന്റെയും ചേർത്തല കരപ്പുറം ക്ഷത്രിയ സഭാ യൂണിറ്റിലെ മോഹനവർമ്മയുടെയും കൊച്ചുമകളും സന്തോഷ് വർമ്മയുടെയും രഞ്ജിവർമ്മയുടെയും മകളുമാണ് കീർത്തന വർമ്മ

## IN MY SLEEP

**Gayathri Sreekumar**
Gr.2 (7 Years old), Dolson Public School,
Brampton, Ontario, Canada.




There is no problem anywhere
There is nothing to fear
Let me show you where all my dreams are
Come inside my sleep
So very slowly
Nothing bad
Oh, I know
Sometimes it all goes away,
Crazy things are coming! ●

## മഹാറാണി സേതുപാർവ്വതീഭായി സ്മാരക വിദ്യാഭ്യാസ സ്കോളർഷിപ്പിന് അർഹരായവർ

### ശ്രീഹരി കെ ഇ

(എഞ്ചിനിയറിംഗ് വിഭാഗം–രണ്ടാം സ്ഥാനം)

ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗങ്ങളും അധ്യാപക ദമ്പതികളുമായ എൻ എം പവിത്രചന്ദ്രന്റെയും കെ ഇ ബിന്ദുവിന്റെയും മകനും തിരുവനന്തപുരം ഗവ. എഞ്ചിനിയറിംഗ് കോളേജ് ബിടെക് (ഇൻഡസ്ട്രിയൽ എഞ്ചിനിയറിംഗ്) മൂന്നാം വർഷ വിദ്യാർത്ഥിനിയുമാണ്.



### ഗോപിക എൻ പി

(എഞ്ചിനിയറിംഗ് വിഭാഗം–രണ്ടാം സ്ഥാനം)

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗങ്ങളായ എൻ പി.രാജശ്രീ വർമ്മയുടേയും സുഭാഷ് വർമ്മയുടേയും മകളും തൃശ്ശൂർ ഗവ.എഞ്ചിനീയറിംഗ് കോളേജ് ബിടെക് (മെക്കാനിക്കൽ/പ്രൊഡക്ഷൻ) മൂന്നാം വർഷ വിദ്യാർത്ഥിനിയുമാണ്.



### മീര മാധവൻ

(ഡിഗ്രി വിഭാഗം)

ശ്രീകണ്ഠാപുരം യൂണിറ്റ് അംഗങ്ങളായ കെ മാധവൻ മാസ്റ്ററുടേയും (റിട്ടയേർഡ് പ്രധാന അധ്യാപകൻ) ശ്രീരേഖ എൻ വർമ്മയുടേയും (പള്ളം കൊട്ടാരം കോട്ടയം) മകളും ശ്രീകണ്ഠാപുരം എസ് ഇ എസ് കോളേജ് ബി എ എക്കണോമിക്സ് അവസാന വർഷ വിദ്യാർത്ഥിനിയുമാണ്.



## ശബരിമല സ്കോളർഷിപ്പിന് അർഹരായവർ

### അശ്വതി ലക്ഷ്മി വർമ്മ



തിരുവനന്തപുരം പോങ്ങുംമൂട് വൃന്ദാവനം ഹൗസിങ് കോളനിയിൽ രാമവർമ്മ തമ്പാന്റെയും (വിജയൻ, കൈപ്പാടി കോവിലകം, അമ്പലപ്പുഴ) പ്രശസ്ത സാഹിത്യകാരൻ ടി എൻ ആദിത്യ വർമ്മയുടെ മകൾ മിനിയുടെയും പുത്രിയാണ്.

### കെ ജെ രാഹുൽ



അവിട്ടത്തൂർ ശ്രീകുമാരാലയം കൊട്ടാരത്തിൽ മഠം ജയന്റെയും അമ്പലപ്പുഴ തെക്കേപ്പുറം കോവിലകം പ്രമീളയുടെയും മകനാണ്.

## കഴിഞ്ഞ ലക്കത്തിലെ പദപ്രശ്ന വിജയി

## ഗോവിന്ദ് വർമ്മ, തൃശ്ശൂർ

ക്യാപ്റ്റൻ രാംരാജ് വർമ്മയുടെയും ലക്ഷിവർമ്മയുടെയും മകനും പ്രൊഫ. എ.കെ. രാജരാജ വർമ്മയുടെ ചെറുമകനുമാണ്.

## അഭിനന്ദനങ്ങൾ!!!

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

**വിഷുക്കൈനീട്ടം**

സഭയുടെ ആഭിമുഖ്യത്തിൽ 'വിഷുക്കൈനീട്ടം' എന്ന പരിപാടി ഏപ്രിൽ 24ന് രംഗവിലാസം കൊട്ടാരം ഹാളിൽ വച്ച് വിപുലമായി നടത്തി. ചടങ്ങിൽ സഭാ പ്രസിഡന്റ് ഡോ. അജയകുമാർ വർമ്മ അദ്ധ്യക്ഷത വഹിച്ചു. മുതിർന്ന അംഗങ്ങളായ ഡോ. ആർ.പി. രാജ, ടി.എൻ. ആദിത്യവർമ്മ, ഡോ. എഴുമറ്റൂർ രാജരാജവർമ്മ എന്നിവരെ ആദരിച്ചു. കെ.എൽ. ശ്രീകൃഷ്ണദാസ്, കേന്ദ്രസഭാ പ്രസിഡന്റ് ഡോ. എം. ലളിതാംബിക, ജി. രാമവർമ്മ, പ്രൊഫ. രഘുനാഥ വർമ്മ എന്നിവർ വിശിഷ്ടാതിഥികളെ സദസ്സിന് പരിചയപ്പെടുത്തുകയും ഉപഹാരവും പൊന്നാടയും നൽകി ആദരിക്കുകയും ചെയ്തു. കലാ സാംസ്കാരികവേദി കൺവീനർ ശ്രീകല വർമ്മ സ്വാഗതമാശംസിച്ചു. തിരുവിതാംകൂർ രാജകുടുംബാംഗം അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിബായി തമ്പുരാട്ടി, സഭാ സെക്രട്ടറി അജയവർമ്മ രാജ, വനിതാവിഭാഗം പ്രസിഡന്റ് ഉഷാരാമവർമ്മ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. രമണിവർമ്മ കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് സഭാംഗം കൃഷ്ണകുമാർ വർമ്മയുടെ കർണ്ണാടക സംഗീത കച്ചേരി നടന്നു. ഉഡുപ്പി എസ്. ബാലസുബ്രഹ്മണ്യൻ വയലിനിലും ചാലക്കുടി രാംകുമാർ വർമ്മ മൃദംഗത്തിലും പക്കമേളം വായിച്ചു. കോവിഡ് കാലത്തിനുശേഷം നടന്ന ഈ പരിപാടി വൻവിജയമായിരുന്നു.

**ഭരണസമിതി യോഗങ്ങൾ/ തീരുമാനങ്ങൾ**

ജൂൺ 5ന് ഭരണസമിതി യോഗം ചേർന്നു. പ്രതിമാസ പരിപാടികൾ നടത്തുമ്പോൾ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുക്കണമെന്ന് പി.ജി.ശശികുമാർ വർമ്മ അഭിപ്രായപ്പെട്ടു. സ്പോൺസർഷിപ്പ് വഴി പരിപാടികൾ നടത്താനുള്ള സംവിധാനം വേണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സഭാംഗങ്ങളോ ബന്ധുജനങ്ങളോ നിര്യാതരാകുന്ന അവസരത്തിൽ മൃതദേഹത്തിൽ റീത്തിനു പകരം കസവ് നേര്യത് വയ്ക്കണം എന്ന തീരുമാനമെടുത്തു.

സഭയുടെ പരിപാടികൾ കത്തു മുഖേനയോ ഫോൺ മുഖേനയോ കവടിയാർ കൊട്ടാരത്തിൽ അറിയിക്കുവാനുള്ള തീരുമാനമെടുത്തു.

**ചരിത്രം വർത്തമാനം**

സഭയുടെ ഓൺലൈൻ പരിപാടിയായ 'ചരിത്രം വർത്തമാന'ത്തിന്റെ ഏഴാം എപ്പിസോഡിൽ തിരുവിതാംകൂറിന്റെ അവസാന മഹാരാജാവായിരുന്ന ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മയെക്കുറിച്ച് മുതിർന്ന അംഗം ആർ. സുരേന്ദ്രൻ വിശദമായ പരിപാടി അവതരിപ്പിച്ചു. ജയകുമാർ വർമ്മ മോഡറേറ്ററായിരുന്നു.

**അനുമോദനങ്ങൾ**

കാലടി സംസ്കൃത സർവ്വകലാശാല പ്രോ-വൈസ് ചാൻസലറായി സ്ഥാനമേറ്റ സഭാംഗം ഡോ. കെ. മുത്തുലക്ഷ്മിയെ അഭിനന്ദനങ്ങൾ അറിയിച്ചു. 'ചരിത്രം വർത്തമാന'ത്തിൽ മൺമറഞ്ഞ മഹാരഥന്മാരെ അനുസ്മരിച്ച് ചർച്ചകൾ അവതരിപ്പിച്ച മുതിർന്ന അംഗം ആർ. സുരേന്ദ്രന് സഭയുടെ അനുമോദനം അറിയിച്ച് കത്തയച്ചു.

**ഭക്ഷ്യമേള/കുടുംബസംഗമം**

ജൂലൈ 24 ഞായറാഴ്ചസഭയുടെ വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തിയ ഭക്ഷ്യമേള സ്വാദേറിയ ഒരു അനുഭവമായിരുന്നു. പതിനഞ്ചോളം മെമ്പർമാർ അവരുടെ ഭവനങ്ങളിൽ തയ്യാറാക്കികൊണ്ടുവന്ന 60ൽ കൂടുതൽ വിഭവങ്ങൾ ആയിരുന്നു മേളയിൽ ഒരുക്കിയത്. രാവിലെ





ഭക്ഷ്യമേളയിൽ നിന്ന്

പത്തര മണിയോടെ കേന്ദ്ര സഭാ പ്രസിഡന്റ് ഡോ. എം. ലളിതാംബിക നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. സഭാ പ്രസിഡന്റ് ഡോ. അജയ കുമാർ വർമ്മ ആദ്ധ്യക്ഷം വഹിച്ചു. സെക്രട്ടറി അജയവർമ്മ രാജ സ്വാഗതവും കലാ സാംസ്കാരിക വേദി കൺവീനർ ശ്രീകല വർമ്മ കൃതജ്ഞതയും രേഖപ്പെടുത്തി. ദേവിവർമ്മ ഈശ്വര പ്രാർത്ഥന ചൊല്ലി. എല്ലാ അംഗങ്ങളെയും നേരിട്ടു വിളിച്ച് പറയുകയും അറിയിപ്പ് നൽകുകയുമുണ്ടായി. അതുകൊണ്ടുതന്നെ ധാരാളം സഭാംഗങ്ങൾ മേളയിൽ പങ്കെടുക്കുകയുണ്ടായി.

## കോട്ടയം

പുതിയ ഭരണസമിതി യോഗം ജൂൺ 19 ന് ചേർന്നു. അതിൽ എടുത്ത പ്രധാന തീരുമാനങ്ങൾ: റിയാക്റ്റിലേക്ക് യൂണിറ്റിന്റെ വക സംഭാവന നൽകുവാൻ തീരുമാനിച്ചു. യൂണിറ്റ് അംഗങ്ങൾക്ക് റിയാക്റ്റ് നൽകുന്ന സഹായങ്ങൾക്ക് പ്രത്യേകം നന്ദിയും കടപ്പാടും യോഗം രേഖപ്പെടുത്തി.

പത്താംക്ലാസ്സിൽ ഉന്നതവിജയം കൈവരിച്ച ലക്ഷ്മി പാർവതിയെ (വയസ്ക്കര കണ്ണൻ-പ്രിയ ദമ്പതിമാരുടെ മകൾ) അനുമോദിച്ചു. *(ചിത്രം)* യൂണിറ്റ് വാർഷികത്തോടനുബന്ധിച്ച് വിദ്യാഭ്യാസ പുരസ്കാര വിതരണം കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച് നടത്തും.



ഇത്തവണത്തെ ഓണാഘോഷം ഓണ സദ്യയോടു കൂടി നടത്താനും തീരുമാനിച്ചു.

യൂണിറ്റിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുവാൻ കഴിവതും എല്ലാ മാസവും കമ്മിറ്റി ചേരും. കമ്മിറ്റി ഏതെങ്കിലും ഒരു അംഗത്തിന്റെ വസതിയിൽ കൂടുവാനും തീരുമാനിച്ചു.

മാസവരി കുടിശിക പിരിവ് ഊർജ്ജിതപ്പെടുത്തും.

കഴിഞ്ഞ കമ്മിറ്റി അവതരിപ്പിച്ച പ്രമേയവും 'ക്ഷാത്രസ്പന്ദനം' നേരിട്ട് അയക്കേണ്ടവരുടെ വിലാസവും കേന്ദ്രകമ്മിറ്റിക്ക് അയച്ചു കൊടുക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

പുതിയ കമ്മിറ്റി അംഗങ്ങളുടെ പൂർണ പട്ടിക ചുവടെ കൊടുക്കുന്നു.

പ്രസിഡന്റ് : യു. അജിത്ത് വർമ്മ

സെക്രട്ടറി : ആത്മജ വർമ്മ തമ്പുരാൻ

വൈസ്പ്രസിഡന്റ്: വിജയവർമ്മ (ഏറ്റുമാനൂർ), ബിന്ദു പ്രശാന്ത്.

ജോ. സെക്രട്ടറി: ദീപേഷ് വർമ്മ, ശ്രീരാജ് വർമ്മ,

ട്രഷറർ: വിനോദ് വർമ്മ

കേന്ദ്ര കമ്മറ്റി നോമിനികൾ: റാംജി വർമ്മ, അനൂപ് വർമ്മ.

കമ്മിറ്റി അംഗങ്ങൾ: അംബിക വർമ്മ, ഉഷ കേരളവർമ്മ (കാരാപ്പുഴ), CNRV രാജ , മധു കുമാർ വർമ്മ (ശ്രീനിലയം), പ്രസാദ് വർമ്മ (കടനാട്), സോമ വർമ്മ രാജ (കടനാട്), മഹേഷ് വർമ്മ (ഏറ്റുമാനൂർ ), മുരളീധര വർമ്മ (പള്ളം)

## നീലേശ്വരം

31.5.2022ന് വടക്കേ കോവിലകത്തു വെച്ച് ക്ഷത്രിയക്ഷേമസഭ നീലേശ്വരം യൂണിറ്റിന്റെ കുടുംബസംഗമം നടന്നു. യൂണിറ്റ് പ്രസിഡന്റ് വി.സി.കൃഷ്ണവർമ്മ രാജ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി രാകേഷ് സ്വാഗതവും പറഞ്ഞു. തുടർന്ന് 34 വർഷത്തെ സേവനത്തിനുശേഷം നീലേശ്വരം രാജാസ് ഹയർ സെക്കന്ററി സ്ക്കൂളിൽ നിന്നും വിരമിച്ച ഭാഗീരഥി തമ്പുരാട്ടിയെ ആദരിച്ചു. കെ.സി. മാനവർമ്മരാജ, ടി.സി. കൃഷ്ണവർമ്മ രാജ, എം.സി. മഹാപ്രഭ തമ്പുരാട്ടി, ടി.സി. മനോരമ തമ്പുരാട്ടി തുടങ്ങിയവർ സംസാരിച്ചു. യൂണിറ്റ് ട്രഷറർ ടി.സി. വിജയകൃഷ്ണൻ നന്ദിയും പറഞ്ഞു.

**അനുശോചനം:**

നീലേശ്വരം കക്കാട്ട് മഠത്തിൽ കോവിലകത്ത് എം.സി. കേരളവർമ്മരാജായുടെ ദേഹവിയോഗത്തിൽ ക്ഷത്രിയക്ഷേമസഭ നീലേശ്വരം യൂണിറ്റ് അനുശോചിച്ചു. ചടങ്ങിൽ യൂണിറ്റ് പ്രസിഡന്റ് വി.സി. കൃഷ്ണവർമ്മ രാജ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി രാകേഷ് സ്വാഗതവും പറഞ്ഞു. കെ.സി. മാനവർമ്മരാജ, ടി.സി. വിജയകൃഷ്ണൻ, ടി.സി. കൃഷ്ണവർമ്മ രാജ, ടി.സി. മനോരമ തമ്പുരാട്ടി തുടങ്ങിയവർ അനുശോചനമർപ്പിച്ചു സംസാരിച്ചു.

**ചികിത്സാസഹായം**

ക്ഷത്രിയക്ഷേമസഭ നീലേശ്വരം യൂണിറ്റിലെ ജീവ കാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി കുടുംബാംഗങ്ങളുടെ സംഭാവനയായ രൂ.1,25,000/- ഹൃദയസംബന്ധമായും വൃക്ക സംബന്ധമായും അസുഖത്തെ തുടർന്ന് ചികിത്സയിൽ കഴിയുന്ന



ഷീബക്ക് നൽകി. പരേതനായ വി.സി. രവിവർമ്മ രാജയുടെ മകൻ രത്നകുമാറിന്റെ ഭാര്യയാണ്.

## കൊരട്ടി

24.4.2022 ഞായറാഴ്ച വാളൂർ മഹേശ്വരി മെമ്മോറിയൽ ഹാളിൽ കൂടിയ കൊരട്ടി സ്വരൂപം ട്രസ്റ്റിന്റെയും കൊരട്ടി ക്ഷത്രിയ ക്ഷേമസഭയുടേയും സംയുക്ത പൊതുയോഗത്തിൽ സഭാപ്രസിഡന്റ് റ്റി.കെ. ആദിത്യവർമ്മ രാജ അദ്ധ്യക്ഷനായിരുന്നു.

കോവിഡ് മഹാമാരി അകറ്റി നിർത്തിയ രണ്ടു വർഷത്തിനുശേഷം കൂടിയ യോഗത്തിൽ ഇത്രയും അംഗങ്ങൾ പങ്കെടുത്തതിന് അദ്ധ്യക്ഷൻ ആദ്യമേ അഭിനന്ദനം അറിയിച്ചു. എങ്കിലും സഭയുടെ പ്രവർത്തനങ്ങളിൽ പുറം തിരിഞ്ഞു നിൽക്കുന്ന വരെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഓണാഘോഷവും കുടുംബസംഗമവും നടത്തുന്നത് അംഗങ്ങൾ തമ്മിലുള്ള ഐക്യം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉപകരിക്കുമെന്നും അദ്ധ്യക്ഷൻ അഭിപ്രായപ്പെട്ടു.

തുടർന്ന് സെക്രട്ടറി അവതരിപ്പിച്ച കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടും മുൻ വാർഷിക യോഗത്തിന്റെ മിനിറ്റ്സും യോഗം പാസ്സാക്കി. കൂടാതെ ട്രഷറർ ആര്യാംബ അവതരിപ്പിച്ച വരവുചെലവു കണക്കുകളും യോഗം പാസ്സാക്കി.

പിന്നീട് പി. ഗോദവർമ്മ ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു. കലാകേന്ദ്രത്തിനായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഓഡിറ്റോറിയത്തിന്റെ നിർമ്മാണഫണ്ടിലേക്ക് സംഭാവന നൽകാമെന്നേറ്റിട്ടുള്ള അംഗങ്ങൾ ആയത് എത്രയും വേഗം നൽകണമെന്നും തവണകൾ മുടക്കം വരുത്താതെ അടയ്ക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ഈ വരുന്ന മഴക്കാലം കഴിഞ്ഞാലുടൻ പണികൾ പുനരാരംഭിക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന് വിദ്യാഭ്യാസ അവാർഡ് വിതരണം നടന്നു. ഏറ്റവും ഉയർന്ന മാർക്കോടു കൂടി പത്താം ക്ലാസ് പാസ്സാകുന്ന വിദ്യാർത്ഥിക്കായി ശ്രാമ്പിക്കൽ മഠത്തിൽ സന്താനവല്ലി തമ്പുരാട്ടിയുടെ ഓർമ്മക്കായി മക്കൾ ഏർപ്പെടുത്തിയിരിക്കുന്ന എൻഡോവ്മെന്റിന് വെസ്റ്റ് കൊരട്ടി ശ്രീമൂലം ബംഗ്ലാവിലെ കെ. രാജപ്പൻ തമ്പാന്റെ ചെറുമകളും

സ്മിത രാജപ്പന്റേയും അനൂപ് ഭാസ്ക്കറിന്റേയും മകളുമായ അൻവിതാ അനൂപ് അർഹയായി. ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിച്ച പന്ത്രണ്ടാം ക്ലാസ്സുകാരനുള്ള പൂലാനി കോവിലകത്ത് കാവുതമ്പുരാന്റെ ഓർമ്മക്കായി മകൾ കനകം തമ്പുരാട്ടി ഏർപ്പെടുത്തിയിരിക്കുന്ന എൻഡോവ്മെന്റിന് വെസ്റ്റ് കൊരട്ടി ശ്രീമൂലം ബംഗ്ലാവിലെ സ്മിതാ രാജപ്പന്റേയും അനൂപ് ഭാസ്ക്കറിന്റേയും മകൾ അനന്യാ അനൂപ് അർഹയായി. പിന്നീട് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. തുടർന്ന് കുടുംബാഗങ്ങളുടെ കുട്ടികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ അരങ്ങേറി. കുട്ടികളുടെ ഒപ്പം മുതിർന്നവരും പങ്കുചേർന്നപ്പോൾ ആഘോഷം ഇരട്ടി മധുരമുള്ളതായി മാറി.

തുടർന്നുനടന്ന വിഭവസമൃദ്ധമായ സദ്യയോടെ യോഗം പര്യവസാനിച്ചു.

## പിലാത്തറ

15/5/22ന് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം പ്രസിഡന്റ് പി കെ മോഹനവർമ്മയുടെ അധ്യക്ഷതയിൽ ചേർന്നു. യൂണിറ്റ് ശ്മശാനത്തിന്റെ മേൽക്കൂര നിർമ്മാണം തുടങ്ങിയ ജോലികൾ ഉടനെ നടത്തുവാൻ തീരുമാനിച്ചു. എഴുമറ്റൂർ ഉദയവർമ്മ തമ്പുരാന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. 2020 ജനുവരിയിൽ പിലാത്തറയിൽ നടന്ന ഉത്തര മേഖലാസമ്മേളനത്തിൽ അദ്ദേഹത്തിന് അനുചിതമായ സ്വീകരണം നൽകി, സമുദായ സേവനത്തെ പ്രകീർത്തിച്ച് ആദരിച്ചത് യോഗം അനുസ്മരിച്ചു. യൂണിറ്റ് മെമ്പർഷിപ്പ് പ്രവർത്തനം ഊർജിതപ്പെടുത്താനും പരസ്പരസഹായനിധി നടത്തിപ്പ് കാര്യക്ഷമമാക്കാനും തീരുമാനിച്ചു.

10/06/22ന് ചേർന്ന പ്രതിമാസയോഗത്തിൽ പ്രവർത്തനങ്ങളുടെ അവലോകനം നടത്തി. ആകെ 91 കുടുംബങ്ങളിൽ 69 കുടുംബങ്ങളിൽ നിന്ന് വരിസംഖ്യ, പ്രവർത്തനഫണ്ട് ഇവയും 56 പേരിൽ നിന്ന് ക്ഷാത്രസ്പന്ദനം വരിസംഖ്യയും പിരിച്ചതായി ട്രഷറർ സി ജനാർദ്ദനൻ അറിയിച്ചു. മെഡിക്കൽ വിദ്യാർത്ഥി എം.എം ഹരിശങ്കറിനുള്ള മഹാറാണി സേതു പാർവതിഭായ് സ്കോളർഷിപ്പ് തുക യൂണിറ്റ് സെക്രട്ടറി എസ്.കെ മനോജ്, വി.എം സുരേന്ദ്രൻ, ജനാർദ്ദനൻ സി തുടങ്ങിയവർ



പങ്കെടുത്ത ചടങ്ങിൽ വെച്ച് ഹരിശങ്കറിന്റെ പിതാവ് ചന്ദ്രശേഖരന് നൽകി. *(ചിത്രം)* യൂണിറ്റ് അംഗവും വനിതാ യൂണിറ്റ് പ്രസിഡന്റുമായ സോമേശ്വരിയുടെ ഭർത്താവുമായ ശ്രീധരൻ ചിറ്റോത്തിടം (റിട്ട. സെൻട്രൽ ബാങ്ക്)ന്റെ നിര്യാണത്തിൽ യോഗം അഗാധമായ ദുഃഖം രേഖപ്പെടുത്തി.

ഈ വർഷത്തെ രാമായണമാസം എല്ലാ ഭവനങ്ങളിലും നിത്യപാരായണത്തോടെ ആചരിക്കുവാൻ തീരുമാനിച്ചു.

## വൈക്കം

12/4/2022ൽ കുട്ടികൾക്ക് വിഷുക്കൈനീട്ടം കൊടുക്കുന്നതിനായി ഒരു യോഗം നടന്നു. സഭാംഗങ്ങളുടെ കുട്ടികൾക്ക് വിഷുക്കൈനീട്ടം നൽകി. *(ചിത്രം)* വിഷു ഉത്സവത്തെ സംബന്ധിച്ച കാര്യങ്ങൾ തദവസരത്തിൽ വിശദീകരിക്കുകയുണ്ടായി. യോഗത്തിൽ 18 പേർ പങ്കെടുത്തു.



12/6/2022 ഞായറാഴ്ച, ആറാട്ട് കുളങ്ങര ശ്രീകൃഷ്ണസ്വാമി ക്ഷേത്രഹാളിൽ, ഉച്ചയ്ക്ക് മൂന്ന് മണിക്ക് ചേർന്ന പൊതുയോഗത്തിൽ പഴയ ഭരണസമിതി തന്നെ തുടരുന്നതിനു തീരുമാനിച്ചു. കേന്ദ്രസമിതി പ്രതിനിധി കൃഷ്ണവർമ്മ യുടെ നിര്യാണത്തിൽ വന്ന ഒഴിവിലേക്ക് മുരളീ കൃഷ്ണൻ തമ്പാനെ യോഗം തിരഞ്ഞെടുത്തു. വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള സംരംഭ ങ്ങൾ തുടങ്ങുന്ന വിഷയത്തിൽ ചർച്ച നടന്നു. ജില്ല യിലെ മറ്റൊരു യൂണിറ്റ് ആയ കോട്ടയം യൂണി റ്റുമായി കൂടുതൽ സഹകരിച്ച് പ്രവർത്തിക്കു ന്നതിനും തീരുമാനിച്ചു. ബംഗളൂരു യൂണിറ്റ് പ്രവർ ത്തകനായിരുന്ന മുരളീധരവർമ്മ വൈക്കത്തു താമസം തുടങ്ങിയതിനെ തുടർന്ന് വൈക്കം യൂണിറ്റിൽ അംഗത്വം സ്വീകരിച്ചു. ചായസൽ



ക്കാരത്തിനു ശേഷം 5.30ന് യോഗം പിരിഞ്ഞു. യോഗത്തിൽ 35 പേർ പങ്കെടുത്തു. *(ചിത്രം)*

## കരിവെള്ളൂർ

യൂണിറ്റ് ഭരണസമിതിയോഗം 03/07/2022 ൽ ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് പ്രസിഡണ്ട് പി എം സുബ്രഹ്മണ്യന്റെ വസതിയിൽ വച്ച് ചേർന്നു. യോഗത്തിൽ എൻ.കെ.കെ. ഉണിത്തിരി സ്വാഗതം പറഞ്ഞു. പ്രസിഡണ്ട് പി.എം.സുബ്രഹ്മ ണ്യൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്ര ട്ടറി ടി.എം.ശ്രീകുമാർ പ്രവർത്തന റിപ്പോർട്ടും വരവ് ചിലവ് കണക്കും അവതരിപ്പിച്ച് സംസാരിച്ചു. തുടർന്ന് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന കമ്മറ്റി നൽകിവരുന്ന മഹാറാണി സേതു പാർവ്വതിഭായി സ്മാരക സ്കോളർഷിപ്പ് വിതരണം ചെയ്തു. സ്കോളർഷിപ്പിന് എഞ്ചിനീയറിംഗ് വിഭാഗം എൻ.എം പവിത്രചന്ദ്രന്റെയും കെ ഇ ബിന്ദുവി ന്റെയും മകൻ ശ്രീഹരി കെ. ഇ. സ്കോളർഷിപ്പ് തുകയായ 10.000/- (പതിനായിരം) രൂപയുടെ ചെക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡണ്ടും കരിവള്ളൂർ യൂണിറ്റിന്റെ സെക്രട്ടറി യുമായ ടി എം ശ്രീകുമാർ ശ്രീഹരിയുടെ പിതാവ് എൻ.എം പവിത്രചന്ദ്രന് കൈമാറി. ഇതേവിഭാഗ ത്തിൽ രണ്ടാംസ്ഥാനത്തിന് അർഹയായ എൻ പി രാജശ്രീ വർമ്മയുടേയും സുഭാഷ് വർമ്മയുടേയും മകൾ ഗോപിക എൻ.പി എന്ന കുട്ടിക്ക് 5000/- (അയ്യായിരം) രൂപയുടെ ചെക്ക് യൂണിറ്റ് പ്രസി



ഡണ്ട് പി.എം സുബ്രഹ്മണ്യൻ ഗോപികയുടെ അമ്മമ്മ കാമാക്ഷിവർമ്മയ്ക്ക് കൈമാറി. *(ചിത്രം)* 2018 ൽ ഡിഗ്രി വിഭാഗത്തിൽ സ്കോളർഷിപ്പ് ലഭിച്ച സി കെ മധുവിന്റെയും എൻ കെ വിജയലക്ഷ്മി യുടേയും മകൻ വിഷ്ണുജിത്ത് എന്ന കുട്ടിക്കുള്ള സ്കോളർഷിപ്പിന്റെ മൂന്നാമത്തെ ഗഡുവായ 5000/- രൂപയുടെ ചെക്ക് കരിവള്ളൂർ യൂണിറ്റ് ട്രഷററും സംസ്ഥാന കമ്മറ്റിയംഗവുമായ എൻ.കെ.കെ ഉണിത്തിരി വിഷ്ണുജിത്തിന്റെ പിതാവ് സി.കെ. മധുവിന് കൈമാറി. *(ചിത്രം)* 2019-ൽ എൻജി



നിയറിംഗ് വിഭാഗത്തിൽ സ്കോളർഷിപ്പിനർഹയായ കെ.ഹരീന്ദ്രന്റെയും ടി എം പുഷ്പവല്ലിയുടേയും മകൾ ടി എം സുകന്യയ്ക്ക് രണ്ടാം ഗഡു സ്കോളർഷിപ്പ് 10000/- (പതിനായിരം) രൂപയുടെ ചെക്ക് ക്ഷത്രിയക്ഷേമസഭ കരിവള്ളൂർ യൂണിറ്റ് മുഖ്യ രക്ഷാധികാരി വി എം ദാമോദരൻ (അന്നൂർ) സുകന്യയുടെ പിതാവ് കെ ഹരീന്ദ്രന്ന് കൈമാറി. സ്കോളർഷിപ്പ് ലഭിച്ച കുട്ടികളെ അഭിനന്ദിച്ച് എൻ പി ബാലകൃഷ്ണൻ, ഇ എം കൃഷ്ണകുമാർ, എൻ.പി പുരുഷോത്തമൻ, സി കെ ശ്രീധര വർമ്മ, സി കെ രാഘവൻ, എൻ പി കുഞ്ഞിനാരായണൻ എന്നിവർ സംസാരിച്ചു. യോഗത്തിൽ ഇ എം കൃഷ്ണകുമാർ നന്ദി പ്രകാശിപ്പിച്ചു. യോഗം 5 മണിക്ക് അവസാനിച്ചു

## തിരുവല്ല

റിപ്പോർട്ട് കാലയളവിൽ രണ്ടു കമ്മിറ്റി മീറ്റിങ്ങുകൾ നടന്നു. ഖജാൻജിയായി തിരഞ്ഞെടുക്കപ്പെട്ട സഞ്ജയ് വർമ്മ ചുമതലയേറ്റു. ആദ്യ കമ്മിറ്റിയിൽ 31/03/2022 ൽ അവസാനിച്ച വർഷത്തെ കണക്കുകൾ പാസ്സാക്കി. ഈ കണക്കുകൾ പ്രകാരം സഭാംഗങ്ങൾ 512-ൽ നിന്ന് 579 ആയും 'ക്ഷാത്രസ്പന്ദനം' വരിക്കാർ 174-ൽ നിന്ന് 187 ആയും വർദ്ധിച്ചതായി സൂര്യകുമാർ അറിയിച്ചു. കാരുണ്യഫണ്ടിൽ 3,48,000 രൂപ വരവും 1,43,330 ചിലവും ഉണ്ടെന്നും അറിയിച്ചു കഴിഞ്ഞ വർഷം ഇവ യഥാക്രമം 2,04,400 ഉം 78,000 ഉം ആയിരുന്നു. സഭയുടെ 'യോഗക്ഷേമം വഹാമ്യഹം' പദ്ധതിയെ അംഗങ്ങൾ മഹാമനസ്കതയോടെ അംഗീകരിച്ചതിന്റെ ഫലമായാണ് ഈ വർദ്ധനവ് എന്നത് ശ്രദ്ധേയമാണ്. 31/03/2022 വരെയുള്ള സഭയുടെ രജിസ്ട്രേഷൻ പുതുക്കി ലഭിച്ച വിവരവും അറിയിച്ചു. ഈ വർഷത്തെ പൊതുയോഗം സെപ്റ്റംബർ മാസം നടത്തുന്നതിനു തീരുമാനിച്ചു. നാലു മാസങ്ങളിലായി 26,000 രൂപ പെൻഷൻ ആയി വിതരണം ചെയ്തു. കൂടാതെ മരണം സംഭവിച്ച 3 വീടുകളിൽ 5000 രൂപ വീതവും ആതുരാലയ ചിലവിലേക്ക് 10,000 രൂപയും നൽകി.

റിയാക്ടിൽ നിന്ന് അനുവദിച്ച ധനസഹായം ചേപ്പാട് താമസമാക്കിയിട്ടുള്ള സെറിബ്രൽ പാൾസിരോഗിയുടെ ബന്ധുക്കൾക്ക് അവരുടെ ഭവനത്തിൽ എത്തി വിതരണം ചെയ്തു. *(ചിത്രം)* സംസ്ഥാന ജനറൽ സെക്രട്ടറിയും സംസ്ഥാന



ട്രഷറർ കൂടിയായ തിരുവല്ല സെക്രട്ടറിയും ഒന്നിച്ചാണ് പോയത്. നാലു വർഷത്തിൽ കൂടുതലായി (54 മാസം) ആഴ്ചയിൽ മൂന്നു വീതം ഡയാലിസിസ് നടത്തിവരുന്ന വ്യക്തിക്ക് റിയാക്ടിൽ നിന്നുള്ള ധനസഹായം ഭവനത്തിൽ നേരിട്ടെത്തി നൽകി. രാധാ വർമ്മ, ജയകുമാരവർമ്മ, സഞ്ജയ് വർമ്മ എന്നിവരും സെക്രട്ടറിക്കൊപ്പം സന്നിഹിതരായിരുന്നു. ഇദ്ദേഹത്തിന്റെ മകന്റെ തൻവർഷത്തെ വിദ്യാഭ്യാസത്തിന്റെ ചിലവ് സ്പോൺസർ ചെയ്യാൻ തീരുമാനിച്ചു. തിരുവല്ല സഭയിൽ നിന്നും തുക നൽകാൻ സാങ്കേതിക തടസ്സമുള്ളതിനാൽ താല്പര്യമുള്ളവരെ സഹകരിപ്പിച്ച് സഹായിക്കാമെന്ന് വാക്ക് കൊടുക്കുകയും ആദ്യഗഡുവായി 7000 രൂപ നൽകുകയും ചെയ്തു.

റിപ്പോർട്ട് കാലയളവിൽ ഉണ്ടായ മൂന്ന് മരണാനന്തര ചടങ്ങുകൾ സ്വജനപൗരോഹിത്യ പ്രകാരം നടത്തി. രാജേന്ദ്ര വർമ്മ, ധനേഷ് വർമ്മ എന്നിവർ നേതൃത്വം നൽകി.

### വനിതാ വിഭാഗം

03/7/2022 (ഞായറാഴ്ച) ഒരു ഗൂഗിൾമീറ്റ് സംഘടിപ്പിച്ചു. സഭാ പ്രസിഡന്റ് പി.ആർ. വർമ്മ, സെക്രട്ടറി സൂര്യകുമാർ വർമ്മ, ജോയിന്റ് സെക്രട്ടറി ജയകുമാര വർമ്മ, ട്രഷറർ സഞ്ജയ് വർമ്മ എന്നിവരുടെ മഹനീയ സാന്നിധ്യം ഉണ്ടായിരുന്നു. മീറ്റിംഗ് ഭംഗിയായി നടക്കുകയും, സ്ത്രീകളുടെ ഉന്നമനത്തിനായുള്ള പല പദ്ധതികളും ചർച്ച ചെയ്യുകയും ഉണ്ടായി. വരും ദിവസങ്ങളിൽ ഓരോ പദ്ധതികളും നടപ്പിലാക്കുവാൻ തീരുമാനിച്ചു. പല വനിതകളും അവരുടെ വിലയേറിയ അഭിപ്രായങ്ങൾ പങ്കുവെച്ചു. തുടർന്നും ഇങ്ങനെയുള്ള

കൂട്ടായ്മകൾ സംഘടിപ്പിക്കണമെന്ന് തീരുമാനിച്ചു.

വനിതാവിഭാഗം വൈസ് പ്രസിഡന്റ് രാധികാ വർമ്മയുടെ നേതൃത്വത്തിലാണ് മീറ്റിംഗ് സംഘടിപ്പിച്ചത്.

## തൃശൂർ

തൃശൂർ ക്ഷത്രിയസഭ 1955ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരം TSR/TC/344/2022 15.7.2022 എന്ന ക്രമനമ്പറിൽ രജിസ്റ്റർ ചെയ്തു.

24.07.2022ൽ സെക്രട്ടറിയുടെ വസതിയായ 'ശ്യാമളാവിലാസി'ൽ കൂടിയ ഭരണസമിതി യോഗത്തിൽ 14 കമ്മിറ്റി മെമ്പർമാരും രക്ഷാധികാരി ഡോ. പി.സി. സുധീർവർമ്മയും സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർവർമ്മയും യോഗത്തിൽ പങ്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

❖ 2022 സെപ്റ്റംബർ മാസം 25-ാം തീയതി തൃശൂർ ലക്ഷ്മീ കല്യാണമണ്ഡപത്തിൽ ഓണാഘോഷവും ജനറൽബോഡിയും നടത്തുവാൻ തീരുമാനിച്ചു.

❖ 'ആസാദി കാ അമൃത് മഹോത്സവ'ത്തിന്റെ ഭാഗമായി തൃശൂർ യൂണിറ്റിൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളതും ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നതുമായ നാലു കുട്ടികളുടെ പേരുകൾ നിർദ്ദേശിക്കാൻ തീരുമാനിച്ചു.

❖ യൂണിറ്റിലെ മെമ്പർമാരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് ആഗസ്റ്റ് 31ന് മുമ്പ് വരിസംഖ്യ ലിസ്റ്റ് അപ്ഡേറ്റ് ചെയ്യുവാനും തീരുമാനിച്ചു.

❖ 'ക്ഷാത്രസ്പന്ദനം' വരിസംഖ്യകളും ഇക്കാലയളവിൽ തന്നെ ശേഖരിക്കാൻ തീരുമാനിച്ചു.

❖ Pain & Palliative Care സൊസൈറ്റിയിലേക്ക് ഉള്ള സംഭാവനകൾ ശരിയായ രീതിയിൽ ശേഖരിച്ച് സംഭാവന ചെയ്യാനും തീരുമാനിച്ചു.

## കുറ്റിലഞ്ഞി

മഹാറാണി സേതുലക്ഷ്മിഭായി തമ്പുരാട്ടിയുടെ പേരിൽ ഏർപ്പെടുത്തിയ സ്കോളർഷിപ്പ് ഈ വർഷവും സഭാംഗം രോഹിത് വർമ്മയ്ക്ക് ലഭിച്ചു. അവാർഡ് മുതിർന്ന അംഗം രാജരാജവർമ്മ യൂണിറ്റ് മീറ്റിങ്ങിൽ വിതരണം ചെയ്തു. *(ചിത്രം)* കർക്കിടക മാസത്തോടനുബന്ധിച്ച് ഓഗസ്റ്റ് ഏഴാം തീയതി




നാലമ്പല ദർശനം നടത്തുവാൻ തീരുമാനിച്ചു. 45 പേരുടെ സഹകരണം ഈയൊരു കാര്യത്തിൽ സഭയ്ക്ക് കിട്ടിയത് സഭയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഒരു ഊർജ്ജം നൽകുന്നു. ഡയറക്ടറി പ്രസിദ്ധീകരണത്തിന് തയ്യാറായി. അടുത്ത ഓണത്തോടനുബന്ധിച്ച് എല്ലാ കുടുംബങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു കൂട്ടായ്മ നടത്തുവാൻ ഭരണസമിതി തീരുമാനിച്ചു. 2020/21, 21/22 എന്നീ കാലയളവുകളിൽ എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ എല്ലാ സഭാംഗങ്ങളുടെ കുട്ടികൾക്കും അംഗീകാരം കൊടുക്കുവാൻ സഭയുടെ ഭരണസമിതി തീരുമാനിച്ചു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിന്റെ 75 -ാം വാർഷികാഘോഷങ്ങളുടെ ഭാഗമായ 'ആസാദി കാ അമൃത മഹോത്സവ'ത്തിൽ പങ്കാളികളാകുവാൻ കുറ്റിലഞ്ഞി സഭയ്ക്ക് സാധിച്ചതിൽ അഭിമാനമുണ്ട് സഭയുടെ പരിധിയിൽ പെടുന്ന ഒരു ഗവൺമെന്റ് സ്കൂളിലെ മൂന്നു വിദ്യാർഥികൾക്ക് ജാതിമതഭേദമന്യേ 1000/- രൂപ സ്കോളർഷിപ്പ് സഹായധനം കൊടുക്കുവാൻ സാധിച്ചതിൽ വളരെ അഭിമാനം. കേന്ദ്രസഭ ഏറ്റെടുത്തു നടത്തിയ ഈ സംഭവം യൂണിറ്റ് തലത്തിലും യൂണിറ്റ് പ്രതിധാനം ചെയ്യുന്ന പ്രദേശത്തും ക്ഷത്രിയസഭയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജവും കരുത്തും നൽകിയിട്ടുണ്ട് ക്ഷത്രിയ സഭയുടെ നേതൃത്വത്തിൽ ഒരു വനിത സഭ രൂപീകരിക്കുവാനും ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. മൂന്നുവർഷത്തെ ഇടവേളയ്ക്കുശേഷം യൂണിറ്റ് നടത്തുന്ന ഓണാഘോഷം കൂടുതൽ പങ്കാളിത്തത്തോടെ ആഘോഷിക്കുവാനും തീരുമാനിച്ചു.

*ശ്രീകണ്ഠാപുരം യൂണിറ്റ് വാർത്ത.. പേജ് 65ൽ*

## ചരമം

### തിരുവോണം നാൾ രാജരാജ വർമ്മ



രേവതി നാൾ രാമവർമ്മ രാജയുടെ നിര്യാണത്തെ തുടർന്ന് പന്തളം കൊട്ടാരം വലിയ തമ്പുരാനായ തിരുവോണം നാൾ രാജരാജ വർമ്മ (98) അന്തരിച്ചു. കോട്ടയം കുമ്മനം കരുവേലിൽ ഇല്ലത്ത് ദേവ ദത്തൻ നമ്പൂതിരിയുടെയും പന്തളം കൈപ്പുഴ ലക്ഷ്മിവിലാസം കൊട്ടാരത്തിൽ പൂയം നാൾ മംഗല തമ്പുരാട്ടിയുടേയും മകനാണ്. കാവാലം ചാലയിൽ കുടുംബാംഗമായ ഗൗരി വർമ്മയാണ് ഭാര്യ. മക്കൾ: രവീന്ദ്രനാഥ്, രാജ ലക്ഷ്മി നന്ദ ഗോപാൽ, സുരേന്ദ്രനാഥ്, അംബിക രവീന്ദ്രൻ. മരുമക്കൾ: ഗിരിജ രവീന്ദ്രനാഥ്, നന്ദ ഗോപാൽ, സുധാ സുരേന്ദ്രനാഥ്, രവീന്ദ്രൻ രാമചന്ദ്രൻ.

### കക്കാട് കാരണവപ്പാട് മോഹൻരാജ



കക്കാട് കാരണവപ്പാട് ചിറളയം കോവില കത്തെ മോഹൻരാജ (92) അന്തരിച്ചു.

മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ 'ഗീതാഞ്ജലി' മലയാളത്തിലേക്ക് തർജ്ജമ ചെയ്തു പുസ്തകമായി പ്രസി ദ്ധീകരിച്ച ഇദ്ദേഹത്തിന്റെ ഒട്ടേറെ കവിതകൾ ആനുകാലി കങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ചെന്നൈയിൽ സ്വകാര്യ കമ്പനിയിൽ എൻജി നീയർ ആയിരുന്നു. 2017ലാണ് തലപ്പിള്ളി സ്വരൂപം കക്കാട് കാരണവപ്പാടായി അരിയിട്ടു വാഴ്ച നട ത്തിയത്.


പന്തളം കൊച്ചുകൊട്ടാരത്തിൽ പരേതയായ മംഗല തമ്പുരാട്ടിയാണ് ഭാര്യ. മക്കൾ: പത്മിനി വർമ്മ, പരേതയായ ഇന്ദിര വർമ്മ. മരുമക്കൾ: സുരേന്ദ്ര വർമ്മ, കൃഷ്ണവർമ്മ രാജ (സീനിയർ മാനേജർ, യുബിഐ കോഴിക്കോട്)

### രമാ രാമവർമ്മ



കൊച്ചി രാജകുടുംബാംഗം തൃപ്പൂണിത്തുറ പാലസ് നം.8 ലെ രമാ രാമവർമ്മ (81) അന്തരിച്ചു. ഭർത്താവ് അഞ്ചേരി മഠത്തിലെ പരേതനായ രാമ വർമ്മ. മകൾ സുനിത. മരുമകൻ ഗോപീകൃഷ്ണൻ.

### രാമവർമ്മ




പന്തളം മുണ്ടക്കൽ കൊട്ടാരത്തിൽ രാമവർമ്മ (87-റിട്ട. ഫിനാൻസ് മാനേജർ, ട്രാക്കോ കേബിൾസ്) അന്തരി ച്ചു. കൊച്ചി രാജകുടുംബാംഗം തൃപ്പൂണിത്തുറ ഈശ്വരസേവ പാലസിൽ ഭദ്രമണി തമ്പുരാൻ ആണ് സഹധർമിണി. മക്കൾ: കലാ വർമ്മ, പ്രീത വർമ്മ, പ്രിയ വർമ്മ, പ്രവീൺ വർമ്മ. മരുമക്കൾ: ജയൻ വർമ്മ, രാമവർമ്മ, സുരേഷ് വർമ്മ, ഗോപിക വർമ്മ.

### ഏ കെ ഇന്ദിര ഭായി



കൃഷ്ണപുരം അരത്താലിൽ കോവിലകത്ത് ഏ കെ ഇന്ദിര ഭായി (തങ്കമണി -82) നിര്യാതയായി. ഭർത്താവ്: വള്ളിക്കോട് കൊടക്കനാൽ കോയിക്കൽ കുടുംബാംഗം രാജരാജ വർമ്മ. മക്കൾ: മധു വർമ്മ, മനോജ് വർമ്മ, മായാ വർമ്മ, മഹേഷ് വർമ്മ. മരു മക്കൾ: രജിത മനോജ് , സതീഷ്‌വർമ്മ, സുജിത മഹേഷ്.

### പ്രഭാകരൻ തമ്പാൻ



ചെന്നിത്തല മേനാംവിള പത്മവിലാസം കോയിക്കൽ അംഗവും റിട്ടയേഡ് അഡൽട്ട് എഡ്യൂക്കേഷൻ ഓഫീസറു മായ പ്രഭാകരൻ തമ്പാൻ (87) അന്തരിച്ചു. ഭാര്യ പഴയന്നൂർ വലവൂർ കിഴക്കേക്കര കോവി

ലകത്തെ വി.കെ. ഭാനുമതി തമ്പുരാട്ടി. മക്കൾ: സുനിതകുമാരി (BSNL റിട്ടയേർഡ്), സംസ്ഥാന ക്ഷത്രിയക്ഷേമസഭ മുൻ ജനറൽ സെക്രട്ടറി സുഭാഷ് വർമ്മ (KSEB റിട്ട.). മരുമക്കൾ: എൻ.കെ. വിജയകുമാരൻ, ചിത്രാവർമ്മ (ടീച്ചർ, കിളിമാനൂർ രാജാ രവിവർമ്മ ഹയർ സെക്കണ്ടറി സ്കൂൾ).

### ശ്രീദേവി വർമ്മ



ചേർത്തല കോപ്പുഴ കോവിലകാംഗം വാരനാട് തെക്കേമഠത്തിൽ ശ്രീദേവി വർമ്മ (65) അന്തരിച്ചു. ഭർത്താവ്: പരേതനായ മധുസൂദന വർമ്മ (മധുമഞ്ജുളാലയം-മുൻ IIS ഉദ്യോഗസ്ഥൻ). മകൾ: വിധു വർമ്മ (USA). മരുമകൻ: നിമേഷ് (USA).

### സി. കെ രവിവർമ്മ രാജ



ചിറക്കൽ കോവിലകത്ത് വലിയ തമ്പുരാട്ടി തങ്കം തമ്പുരാട്ടിയുടെയും തിരുവല്ല പാലിയക്കര കൊട്ടാരത്തിൽ പരേതനായ പി. ജി. രവിവർമ്മയുടെയും മൂത്ത മകൻ സി.കെ രവിവർമ്മ രാജ (ജയകൃഷ്ണൻ -77) അന്തരിച്ചു. ഭാര്യ: കെ. കെ വിജയലക്ഷ്മി (പിണറായി). മകൾ: അഡ്വ. ആര്യാ വർമ്മ (ചെന്നൈ).

### വി. മുരളീധരൻ



തൃശൂർ അഞ്ചേരി വടക്കൂട്ടു മഠത്തിൽ വി. മുരളീധരൻ (87) നിര്യാതനായി. ദക്ഷിണ പൂർവ്വ റെയിൽവേ റിട്ട. ഉദ്യോഗസ്ഥനാണ്. ഭാര്യ: വിജയലക്ഷ്മി (കണ്ണാടി കോവിലകം, അഞ്ചേരി).


മക്കൾ: ശ്രീജ എസ്. വർമ്മ (ബംഗളൂരു), സുധീർ വർമ്മ (മുംബൈ). മരുമക്കൾ: ശബരീഷ് ഗോദവർമ്മ, മഹിമ വർമ്മ.

### ഡോ. എം. നരേന്ദ്ര വർമ്മ



മാവേലിക്കര ഉത്യട്ടാതിപുര കൊട്ടാരത്തിൽ ഡോ. എം. നരേന്ദ്ര വർമ്മ (85) നിര്യാതനായി. കേരള ഗവൺമെന്റ് സർവീസിൽ സിവിൽ സർജൻ ആയി വിരമിച്ചശേഷം സ്വകാര്യ മേഖലയിൽ സേവനം അനുഷ്ഠിച്ചിരുന്നു. ഇരുപത് വർഷത്തിലേറെ ഇടപ്പള്ളി അമൃത ആശുപത്രിയിൽ പൊഡിയാട്രി വിഭാഗം സർജൻ ആയിരുന്നു. കിളിമാനൂർ കൊട്ടാരത്തിൽ സുലഭഭായി ആണ് പത്നി. വിജയ കൃഷ്ണ വർമ്മ, ഉമ വർമ്മ എന്നിവർ മക്കൾ. തൃപ്പൂണിത്തുറ കോവിലകത്തെ സഞ്ജയ് വർമ്മ മരുമകൻ.


### ശ്രീധരൻ



അടുത്തില ചിറ്റോത്തിടത്തിൽ ശ്രീധരൻ (74-റിട്ട. ഇന്ത്യൻ എയർഫോഴ്സ്, സെൻട്രൽ ബാങ്ക്.) അന്തരിച്ചു. പരേതരായ ചിറ്റന്നൂർ മേലെടത്തില്ലത്ത് മാധവൻ നമ്പൂതിരിയുടെയും ചിറ്റോത്തിടത്തിൽ ദേവയാനി അമ്മയുടെയും മകനാണ്.

ഭാര്യ: സോമേശ്വരി. വി.ടി. (റിട്ട. ഗ്രാമീൺ ബാങ്ക് മാനേജർ). മക്കൾ: വിനീത്, ധന്യ. മരുമക്കൾ: രാമചന്ദ്രൻ വി എം, ശ്വേത. ആർ.

### കെ. ഇന്ദുചൂഡൻ



ഇടപ്പള്ളി ബാലകൃഷ്ണ മേനോൻ റോഡിൽ 'ചൈതന്യ' യിൽ കെ. ഇന്ദുചൂഡൻ (85-എറണാകുളം മംഗളമഠം) നിര്യാതനായി. കൃഷി വകുപ്പ് റിട്ട. ഡെപ്യൂട്ടി ഡയറക്ടർ ആണ്. സഹധർമ്മിണി: ഭദ്രമണി തമ്പാൻ (നടക്കൽ കോവിലകം, എളങ്കുന്നപ്പുഴ-റിട്ട. കാലടി ശ്രീ ശങ്കരാ ആർട്സ് കോളേജ്).

## അമ്മിണി തമ്പുരാട്ടി



തിരുവല്ല പാലിയക്കര കിഴക്കെ കൊട്ടാരത്തിൽ അമ്മിണി തമ്പുരാട്ടി (90) നിര്യാതയായി. ഭർത്താവ്: മറിയപ്പള്ളി കൊട്ടാരത്തിൽ ദിവംഗതനായ എം. കേരള വർമ്മ. മക്കൾ: ഹൈമവതി തമ്പുരാട്ടി, കൃഷ്ണകുമാരി തമ്പുരാട്ടി,നന്ദിനി തമ്പുരാട്ടി, ഗീതാകുമാരി തമ്പുരാട്ടി, സത്യഭാമ തമ്പുരാട്ടി. മരുമക്കൾ: പ്രസേന വർമ്മ, സതീഷ്, മുരളി കൃഷ്ണൻ, ശങ്കർ

## ബിന്ദു വർമ്മ



തിരുവല്ല പാലിയക്കര കിഴക്കെ കൊട്ടാരത്തിൽ രതീദേവിയുടെയും ചെന്നിത്തല വല്യത്ത് കോവിലകത്ത് കുഞ്ഞിക്കുട്ടൻ തമ്പാന്റെയും മകൾ ബിന്ദു വർമ്മ (51) നിര്യാതയായി. ഗുജറാത്ത് വെൽസ്പൺ സ്കൂൾ അദ്ധ്യാപികയായിരുന്നു. ഭർത്താവ്: യശ:ശരീരനായ അനിൽ വർമ്മ (ചിറക്കൽ കോവിലകം-മുൻ ACT Shipping Ltd. ഉദ്യോഗസ്ഥൻ). മകൾ: അനാമിക.

## അനുജത്തി തമ്പുരാട്ടി

കോട്ടയ്ക്കൽ കിഴക്കേ കോവിലകം വലിയ തമ്പുരാട്ടി കെ.സി. ചെറിയ അനുജത്തി തമ്പുരാട്ടി (90) അന്തരിച്ചു. കോവിലകത്തെ ഏറ്റവും മുതിർന്ന അംഗമെന്ന നിലയിൽ കിഴക്കേ കോവിലകം ട്രസ്റ്റിന്റെയും പത്ത് ദേവസ്വം ക്ഷേത്രങ്ങളുടെയും ട്രസ്റ്റിയായിരുന്നു. ഭർത്താവ്: പരേതനായ ഉദയവർമ്മ (ബാലൻ തമ്പുരാൻ).



മക്കൾ: കെ.സി. സുനന്ദ തമ്പുരാട്ടി, കെ.സി. ഉഷ തമ്പുരാട്ടി, കെ.സി. പ്രകാശ് രാജ, കെ.സി. ദിലീപ് രാജ (കിഴക്കേ കോവിലകം ട്രസ്റ്റ് മാനേജർ). മരുമക്കൾ: കെ. സുകുമാരൻ രാജ, കെ.സി. മോഹനൻ രാജ, മഞ്ജുള തമ്പുരാട്ടി.

## ചിന്താമണി തമ്പുരാട്ടി



കൊരട്ടി സ്വരൂപത്തിൽ ചിന്താമണി തമ്പുരാട്ടി (86) അന്തരിച്ചു. ഭർത്താവ്: പരേതനായ ആർ. ഗോപിനാഥൻ നായർ (റിട്ട. റെയിൽവേ ഉദ്യോഗസ്ഥൻ) മക്കൾ: പദ്മകുമാർ (റിട്ട. റെയിൽവേ), പരേതനായ ഹരികുമാർ. മരുമക്കൾ: സുനിത, രാജശ്രീ.

## സുമതി തമ്പുരാട്ടി



മാവേലിക്കര ഉത്യട്ടാതിപുരവലിയ കൊട്ടാരത്തിൽ പൂരം നാൾ സുമതി തമ്പുരാട്ടി (92) അന്തരിച്ചു. ഭർത്താവ്: കോട്ടയം നട്ടാശ്ശേരി തെക്കുംകൂർ പാലസിൽ പരേതനായ രാമവർമ്മ രാജ.

മക്കൾ: ജയലക്ഷ്മി വർമ്മ, വേണുഗോപാല വർമ്മ.


മരുമകൻ: പ്രദീപ് വർമ്മ രാജ.

## രാജലക്ഷ്മി തമ്പുരാട്ടി



പന്തളം തോന്നല്ലൂർ പുത്തൻ കൊട്ടാരത്തിൽ അനിഴംനാൾ രാജലക്ഷ്മി തമ്പുരാട്ടി (83) അന്തരിച്ചു. കോട്ടയം കുമാരനല്ലൂർ ചെറുകാട്ട് ഇല്ലത്ത് പരേതനായ സി. എസ്. ത്രിവിക്രമൻ നമ്പൂതിരി (കെ.എസ്.ഇ.ബി. റിട്ട. ഉദ്യോഗസ്ഥൻ) യാണ് ഭർത്താവ്. മകൾ ജ്യോതിലക്ഷ്മി. മരുമകൻ: പി.കെ പ്രസാദ് വർമ്മ.

## എൻ.കേരളവർമ്മ



വൈക്കം നമ്പിവളപ്പിൽ കോവിലകത്ത് എൻ. കേരള വർമ്മ (94) അന്തരിച്ചു. റിട്ട. ദേവസ്വം സബ് ഗ്രൂപ്പ് ഓഫീസർ ആയിരുന്നു. പത്നി പരേതയായ തങ്കം തമ്പുരാട്ടി (മുട്ടത്തിൽ കോവിലകം വൈക്കം). മക്കൾ: മുരളി

കൃഷ്ണൻ തമ്പാൻ, വിമലാ ദേവി, ഗീതാദേവി, ഇന്ദിര ദേവി, ലത ദേവി, ഉഷ ദേവി, അംബിക ദേവി, ഹരീന്ദ്രവർമ്മ. മരുമക്കൾ: പരേതയായ സരസ്വതി വർമ്മ, രവിവർമ്മ, പരേതനായ രാമവർമ്മ, ഗിരിഷ് വർമ്മ, ഉദയവർമ്മ, ശശികുമാർ, ശ്രീകുമാർ, ഗായത്രി.


**എം.സി. കേരളവർമ്മ രാജ**

നീലേശ്വരം മഠത്തിൽ കോവിലകം എം.സി. കേരളവർമ്മ രാജ (77) അന്തരിച്ചു. മുൻ എസ്ബിടി സിവിൽ സ്റ്റേഷൻ ട്രഷറി ബ്രാഞ്ച് റിട്ട. ഉദ്യോഗസ്ഥനാണ്. ഭാര്യ: ഇന്ദുലേഖ വർമ്മ (നിലമ്പൂർ കോവിലകം). മക്കൾ: രാകേഷ് വർമ്മ (നൊവാർട്ടിസ് ഇന്ത്യ, മുംബൈ), രാഖി വർമ്മ. മരുമക്കൾ: വിജു വർമ്മ രാജാ, ലേഖ വർമ്മ (ദുബായ്)



**ഉണ്ണിക്കൃഷ്ണൻ രാജ**

പുന്നത്തൂർ കോവിലകം വലിയരാജ ഉണ്ണിക്കൃഷ്ണൻ രാജ (97) അന്തരിച്ചു. ഭാര്യ: നിലമ്പൂർ കോവിലകത്തെ കുമാരി തമ്പാട്ടി. മക്കൾ കൃഷ്ണകുമാരി, ഹരിദാസ്. മരുമകൻ: എണ്ണയ്ക്കാട്ട് കൊട്ടാരം രവിവർമ്മ രാജ.




**റ്റി.കെ. ഭാസ്കര വർമ്മ**

കുറ്റിലഞ്ഞി തൃക്ക -ചക്കനക്കാവ് ക്ഷേത്രങ്ങളുടെ വർഷങ്ങളായുള്ള ഭരണ പുരോഗമന നടത്തിപ്പു കാര്യങ്ങളിൽ തുടക്കം മുതൽക്കേ നേതൃത്വം നല്കിയിരുന്ന കുറ്റിലഞ്ഞി ശ്രീ മഹാദേവർ ട്രസ്റ്റ് ചെയർമാനുമായ റ്റി.കെ. ഭാസ്ക്കരവർമ്മ (86-കുറ്റിലഞ്ഞി തെക്കേമഠം) നിര്യാതനായി.



**പി. സി. കെ. രാജ**



കോഴിക്കോട് സാമൂതിരി രാജവംശം ഏറാൾപ്പാട് രാജ ആയ പി. സി. കെ.രാജ (93) അന്തരിച്ചു. കോഴിക്കോട് രാമകൃഷ്ണ മിഷൻ സ്കൂൾ പ്രധാനാധ്യാപകനായിരുന്നു.

**മീരാ റാണി**

വെള്ളാരപ്പള്ളി കോവിലകത്ത് പരേതനായ വി.കെ.കൊച്ചുണ്ണിത്തമ്പുരാന്റെയും തിരുവണ്ണൂർ പുതിയ കോവിലകത്ത് തെക്കേ കെട്ട് താവഴിയിൽ മീരാമന്ദിരത്തിൽ പരേതയായ പി.കെ. കുഞ്ഞാട്ടിത്തമ്പുരാട്ടിയുടെയും മകൾ മീരാ റാണി (66) അന്തരിച്ചു.



മകൾ: രശ്മി വർമ്മ, ജാമാതാവ്: ജിതേഷ് (KSRTC).

**ഡോ.കെ.രവിവർമ്മ**

തൃപ്പൂണിത്തുറ കണ്ണാടി കോവിലകംകുടുംബാംഗവും കൊച്ചി ക്ഷത്രിയ സമാജം മുൻ പ്രസിഡന്റ് പരേതയായ കെ. സരോജത്തിന്റെ സഹോദരനും മുൻ നിർവ്വാഹക സമിതി അംഗം വൈക്കം വടക്കേ മഠത്തിൽ രമാ വർമ്മയുടെ ഭർത്താവുമായ ഡോ. കെ.രവിവർമ്മ (85) അന്തരിച്ചു. മക്കൾ: പരേതനായ ഡോ. കെ. ദീപു വർമ്മ, കെ. ജയ് വർമ്മ (യു.എസ്.എ.)



**ഉമാദേവി**

തൃപ്പൂണിത്തുറ കോയിക്കൽ മംഗള മഠത്തിൽ ഉമാദേവി (74) അന്തരിച്ചു.

ഭർത്താവ്: കാരായികോട്ടിൽ മഠം കേശവൻപോറ്റി. മക്കൾ: ദീപ (ബാംഗ്ലൂർ), വിനോദ് (യു.എസ്.എ.)



# വധുവിനെ ആവശ്യമുണ്ട്

## BOX No. 2231

| | | | |
|---|---|---|---|
| മ | ച ശി | – | ല ബു ശു മാ |
| – | ഗ്രഹനില | | ര |
| – | | | – |
| – | ഗു | സ | കു |

| | | | |
|---|---|---|---|
| – | – | ബു ശു | ച ശി |
| ല കു | നവാംശം | | ര മ |
| മാ | | | – |
| സ | – | ഗു | – |

ശിഷ്ടദശ: 2 വർഷം 4 മാസം 22 ദിവസം കേതു ദശ

Kshatriya boy, 27 yrs (20 July 1995., 1170 Karkkidakam 3), Aswathy star, 177 cm. tall, fair, Masters in Business Administration. Working as Acquisition Executive in Dubai, UAE. Seeks suitable alliance from Qualified Career-oriented and Open Minded Kshatriya girls having Good Moral Values and Ethics. Contact No. **6282977658; 7306590898.**

## BOX No. 2232

| | | | | | |
|---|---|---|---|---|---|
| | | ശു | ര | ച | |
| | – | ച | കു ഗു | – | |
| കു ഗു | ര ബു ശു സ | ഗ്രഹനില | | – | ശി മാ |
| സ | – | | | ശി | |
| | മ മാ | – | ല | – | മ |
| | ല | ബു | | | |

ശിഷ്ടദശ: 3 വർഷം 2 മാസം 16 ദിവസം കേതു ദശ

Kshatriya boy, 33yrs. (10 March 1989., 26 Kumbham 1164), Aswathy star, 172 cms., B.Tech. (Mechanical Engg.), PGDM ( Systems Operations & Marketing).Working as E-security analyst at SIS, Cochin. Looking for alliance from Kshatriya girls preferably Graduates in any stream and hailing from respectable families.
Contact : **9562267563**

## BOX No. 2233

| | | | |
|---|---|---|---|
| – | ശി | – | – |
| ച ശ | ഗ്രഹനില | | ര ശു |
| ല | | | ബു മാ |
| – | ഗു | രാ | കു |

| | | | |
|---|---|---|---|
| ച | – | ശി | കു ശ മാ |
| ര | നവാംശം | | ബു |
| ല ശു | | | – |
| – | രാ | ഗു | – |

ശിഷ്ടദശ: രാഹുർ 02 വർഷം 0 മാസം 3 ദിവസം

Kshatriya boy 27 yrs. (12.8.1995; 27 Karkkidakam 1170) Chathayam star, 5'10", fair, vegetarian, B. Sc. in Aircraft Maintenance Engineering / Diploma in Aeronautical Engineering. Working as Systems Engineer at Safran Group (Bengaluru). Looking for suitable alliance.
Contact : **8217092293 / 9448385216.**







## കുരുമുളക് ഗവേഷണകേന്ദ്രത്തിന്റെ ഔഷധക്കാപ്പിയും പപ്പടവും വിപണിയിലേക്ക്

പന്നിയൂർ കുരുമുളക് ഗവേഷണകേന്ദ്രത്തിന്റെ ഔഷധക്കാപ്പിയും പപ്പടവും വിപണിയിലേക്ക്. വൈവിധ്യവത്കരണത്തിന്റെ ഭാഗമായി കുരുമുളകിനോടൊപ്പം പ്രതിരോധശേഷി വർധിപ്പിക്കാനുതകുന്ന ആയുർവേദ ഔഷധങ്ങളും ചേർത്താണ് കാപ്പിപ്പൊടി നിർമ്മിച്ചിരിക്കുന്നത്. ഈർപ്പം തട്ടിയാൽ പൂപ്പൽബാധയുണ്ടാകുന്നതിനാൽ ശർക്കര ചേർത്തിട്ടില്ല. കുരുമുളക് ഗവേഷണ കേന്ദ്രത്തിലെത്തുന്നവർക്ക് കുരുമുളക് കാപ്പിയും പൊടിയും വിതരണം തുടങ്ങി. ഒരു കപ്പിന് അഞ്ചു രൂപ എന് നിരക്കിലാണ് വിതരണം. ഓർഡർ ചെയ്യുന്നവർക്ക് കാപ്പിപ്പൊടി നൽകും. കാർഷിക സർവകലാശാലയുടെ വിപണനകേന്ദ്രം മുഖേനയാണ് കാപ്പിപ്പൊടിയും പപ്പടവും ആദ്യം വിൽപ്പന നടത്തുകയെന്നും ഓണത്തിന് പ്രത്യേക ബ്രാൻഡിൽ പൊതുവിപണിയിലെത്തിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഗവേഷണകേന്ദ്രം മേധാവി ഡോ. യാമിനി വർമ പറഞ്ഞു.

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha

July 2022
Annual Subscription ₹150




Printed & Published by V.K. Madhukumar Varma, General Secretary, on behalf of Kshatriya Kshema Sabha, Sundaravilasam Palace, Thiruvananthapuram - 695023. Phone : 0471 - 2467845, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org